2013


THE MALANKARA SABHA

# മലങ്കരസഭ

Rs. 15

ജനുവരി 2013

The Official Media of Malankara Orthodox Syrian Church



# ഹാപ്പി

## ന്യൂ ഇയർ...(?)





www.malankarasabha.in

മലങ്കരയുടെ അഭൗമ തേജസ്സിന്റെ മദ്ധ്യസ്ഥതയ്ക്കു മുമ്പിൽ
ഉപകാര സ്മരണകളോടെ



# പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ


Mulammoottil Melevila Family
Kundara



# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 1, പുസ്തകം 70, ജനുവരി 2013




5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
കുടുംബ കോടതി....
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

8 അനുസ്മരണം
വലിയതിരുമേനി; ലാളിതൃത്തിന്റെ മാർഗ്ഗം
- സഖറിയാ മാർ നിക്കോളാവോസ്

10 ഓർമ്മ
തടി കുരിശിട്ട സുവർണ്ണ ബിഷപ്പ്
- അലക്സിയോസ് മാർ യൗസേബിയോസ്

11 ഓർമ്മ
ഇവനിൽ കാപട്യം ഇല്ല
- ഡോ. ഡി. ബാബു പോൾ

12 പ്രഭാഷണം
തിളക്കങ്ങളിൽ ഭ്രമിക്കാത്ത...
- ഫാ. ഡോ. കെ. എം. ജോർജ്

14 സമകാലികം
വനിതാ സുരക്ഷിതത്വം നിയമങ്ങളിൽ...
- അഡ്വ. ബേബി പുഞ്ചക്കോണം

16 ഓർമ്മച്ചെപ്പ്
പകർപ്പുകളുടെ കാലം ചരിത്ര....
- ഡോ. എം. എസ്. പോൾ

27 ഗസ്റ്റ്
വെൺമയുള്ള വലിയ നോമ്പ്
- ഇമാം ബി.എച്ച്. അലി ബാഖവി

28 നമ്മിലൊരാൾ
ഭരണ നിപുണതയോടെ...
- ഏബ്രഹാം മത്തായി നൂറനാൽ

18 ലേഖനം
ദശാംശത്തിന് ഇതാ ഒരു സമ്പാദ്യം
- എലിസബത്ത് ബോബി

22 ലേഖനം
വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന..
- ഫാ. ഡോ. ബി. വർഗീസ്

President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalnkara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

# BRIEFLY

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 18-23 വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ

വലിയ നോമ്പാരംഭം ഫെബ്രു.11;
പാതിനോമ്പ് - മാർച്ച് 6,
കാതോലിക്കാ ദിനം-മാർച്ച് 17,
ദുഃഖവെള്ളി-മാർച്ച് 29,
ഈസ്റ്റർ - മാർച്ച് 31

സൺഡേസ്ക്കൂൾ ജീവകാരുണ്യ ദിനം- ജനുവരി 20 ഞായർ, ജീവകാരുണ്യ സ്തോത്ര കാഴ്ച കർണാടകയിലെ കുനിഗലിലുള്ള ദയാഭവന് നൽകും. എയിഡ്സ് രോഗികളുടെ കുട്ടികളെ വളർത്തുന്ന സ്ഥാപനമാണിത്.

കോട്ടയം പഴയ സെമിനാരി ശിലാസ്ഥാപനം - 2013 ഫെബ്രുവരി 13-ന് ഇരുന്നൂറ് വർഷം തികയുന്നു.

2013-ലെ ഒ.വി.ബി.എസ്. ചിന്താ വിഷയം കർത്താവിന്റെ സന്നിധിയിൽ താഴുവിൻ., അവൻ നമ്മെ ഉയർത്തും എന്നതാണ്.
വി. യാക്കോബ് 4:10

ഒ.വി.ബി.എസ്. കേന്ദ്ര ഗാന പരിശീലന ക്ലാസ്സുകൾ ഫെബ്രു. 8, 9 പി.എം.ജി. സെന്ററിൽ നടത്തും.

ധ്യാനപംക്തി, വനിതാസഭ, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.

മലങ്കരസഭ

1 ജനുവരി 2013

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481-2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

*Graphic Designing:-*
Jinto Kurichy at
Malankara Sabha, Devalokam.

*Cover Design & Photo:-*
Father 'N' Mayar Innovative Concepts

## വരിസംഖ്യ


ഇന്ത്യയിൽ
ഒറ്റ പ്രതി: 15 രൂപ
ഒരു വർഷം: 150 രൂപ
3 വർഷം: 450 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

# ഗുരുമൊഴി

## ഗീവർഗീസ് മാർ ഒസ്താത്തിയോസ്



ഞാൻ പലരുടേയും സഹായം കൊണ്ട് പഠിച്ചയാളാണ്. ഏഴാം ക്ലാസ്സ് കഴിഞ്ഞ് പഠിക്കാതെയും നിന്നു. ആളുകൾ സഹായിച്ചതുകൊണ്ടാണ് ഞാൻ പഠിച്ചത്. ആ സഹായമാണ് ഞാൻ തിരിച്ചു നൽകുന്നത്. മിഷൻ ദൈവിക സ്നേഹത്തിന്റേതാണ്. യേശു എന്നെ എടുത്തു. എന്നെക്കുറിച്ച് നിങ്ങൾ പറയുന്ന എല്ലാ മഹത്വവും കർത്താവിനുള്ളതാണ്, എനിക്കുള്ളതല്ല. ദൈവം നമ്മെ എടുത്താൽ ദൈവം ഉപയോഗിച്ചുകൊള്ളും. എന്റെ പേരിൽ ഒരു സെന്റ് സ്ഥലം പോലും എഴുതിവെച്ചിട്ടില്ല. എല്ലാം സഭയുടെ പേരിലാണ്. നാം ദൈവസന്നിധിയിൽ വിശ്വസ്തരായിരുന്നാൽ ദൈവം പണം തന്നുകൊള്ളും.

അമ്മയാണ് എന്നെ ദൈവസ്നേഹവും പങ്കുവെയ്ക്കലും പഠിപ്പിച്ചത്. ജീവിതത്തിന്റെ ബാലപാഠങ്ങൾ അമ്മ പകർന്നു തന്നു. അമ്മ എനിക്ക് ആദ്യം വേദപുസ്തകം തന്നു. അത് വായിക്കുവാൻ പഠിപ്പിച്ചു. വേദപുസ്തകം ചില ഭാഗങ്ങൾ എനിക്ക് മന:പാഠമാണ്. ചെറുപ്പത്തിൽ പഠിച്ചതാണ്. എന്റെ അമ്മയുടെ എല്ലാ ഫോട്ടോയും വേദപുസ്തകം കൈയ്യിൽ പിടിച്ചുള്ളതാണ്. അമ്മയുടെ ദാനസ്വഭാവം എന്നെ പങ്കിടീൽ പഠിപ്പിച്ചു. വിരുന്നുകാർക്ക് ഭക്ഷണം നൽകിയിട്ട് അമ്മ സ്വയം പട്ടിണികിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പങ്കിടീലും (sharing) കരുതലും (caring) അമ്മയിൽ നിന്നും പഠിച്ചു.

ആയിരത്തിൽപരം വൈദികരെ ഞാൻ പഠിപ്പിച്ചു. അതിൽ മുപ്പതോളം മെത്രാച്ചന്മാരുമുണ്ട്. ഇപ്പോൾ എന്റെ ഒരു ശിഷ്യൻ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായത് (പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ) കാണുവാനുള്ള ഭാഗ്യവും ലഭിച്ചു. ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഞാൻ സമ്പന്നനായി ജനിച്ച ആളല്ല, സമ്പന്നനായി മരിക്കുവാനും താല്പര്യമില്ല. എനിക്ക് പ്രശംസിക്കുവാനും മഹത്വപ്പെടുവാനും ഒന്നുമില്ല. എല്ലാം കർത്താവിനുള്ളതാണ്. എന്നെക്കുറിച്ച് എന്തെങ്കിലും പ്രകീർത്തിച്ചാൽ 'അത് കർത്താവാകുന്നു' എന്നു മാത്രം ഉത്തരം (യോഹ 21:7).

പ്രസംഗിക്കുന്ന വിഷയങ്ങൾ ജീവിതത്തിൽ പൂർണ്ണമായി പ്രായോഗികമാക്കുവാൻ സാധിക്കുന്നില്ല എന്ന പരമാർത്ഥം എന്നെ ദു:ഖിപ്പിക്കുന്നു. 'അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്കുവേണ്ടി സകലവും നിർവഹിക്കുന്ന ദൈവത്തിൽ തന്നേ' (സങ്കീ. 57:2) എന്ന ആശയം ദിവസവും രാവിലെ ഓർക്കും. അത് എനിക്ക് പ്രത്യാശ നല്കുന്നു.

ദൈവം സ്നേഹമാകുന്നതിനാൽ ലോകത്ത് സ്നേഹത്തിന്റെ നവോത്ഥാനം വരണം. ക്രിസ്തുവിന്റെ സ്നേഹമാണ് ഇതിന്റെ പ്രേരക ശക്തി. എല്ലാവരേയും ഉൾക്കൊള്ളുന്ന സ്നേഹകൂടാരം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടു. പരസ്പരം പങ്കിടുന്ന, പരസ്പരം സ്നേഹിക്കുന്ന സാഹോദര്യമാണ് ഈ കൂടാരത്തിൽ നിലനിൽക്കേണ്ടത്.

ഇന്ത്യയിൽ അധികാരം നിലനിൽക്കുന്നത് മുതലാളിമാരിലാണ്. രണ്ട് തരം ഇന്ത്യയാണുള്ളത്. പട്ടിണിക്കാരുടെ ഇന്ത്യയും, മുതലാളിമാരുടെ ഇന്ത്യയും. ദരിദ്രർക്ക് അധികാരമില്ല. ദരിദ്രരെ പ്രതിരോധിക്കുന്ന നിയമവും വ്യവസ്ഥിതികളുമാണ് ഇന്ത്യയിൽ പ്രായോഗികമാകുന്നത്. ഏത് സർക്കാർ മാറിമാറി വന്നാലും ഇതാണ് സ്ഥിതി.

**ഒന്നാം ഓർമ്മ : 2013 ഫെബ്രു. 16**

# മഹാപുരോഹിത സന്ദേശം



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മെത്രാപ്പോലീത്താമാരിൽ സന്യാസ ജീവിതനിഷ്ഠകൊണ്ടും നിഷ്കളങ്കമായ പെരുമാറ്റംകൊണ്ടും പ. സഭ മുഴുവന്റേയും അംഗീകാരം നേടിയ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗം പ. സഭയ്ക്ക് ഒരു തീരാനഷ്ടമാണ്. പ. സഭയുടെ ഇടുക്കി മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി മഹാപുരോഹിത ശുശ്രൂഷയിലേക്ക് പ്രവേശിച്ച തിരുമേനി പിന്നീട് കോട്ടയം, അങ്കമാലി മെത്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്താ എന്ന നിലയിലും നോർത്ത് ഈസ്റ്റ് അമേരിക്കൻ മെത്രാസനത്തിന്റെ ശ്രേഷ്ഠനായ ഇടയനായും മലങ്കര സഭയ്ക്ക് നൽകിയ നിസ്തുലമായ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. ഭദ്രാസനഭരണത്തോടൊപ്പം, സഭാവക കോർപ്പറേറ്റ് കോളേജുകളുടെ മാനേജർ, മർത്തമറിയം സമാജം, മദ്യവർജ്ജന സമിതി, മലങ്കര സഭാ മാസിക എഡിറ്റോറിയൽ ബോർഡ് എന്നിവയുടെ പ്രസിഡണ്ട് എന്നിങ്ങനെ അദ്ദേഹത്തെ ഭരമേൽപിച്ച എല്ലാ ചുമതലകളും ഉത്തരവാദിത്വങ്ങളും അസാധാരണ സിദ്ധിവിശേഷത്തോടെ നിർവ്വഹിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ അമേരിക്കൻ ഐക്യനാടുകളിൽ മലങ്കരസഭയ്ക്ക് മുഴുവൻ അഭിമാനിക്കത്തക്ക രീതിയിൽ ഭദ്രാസന അരമന പണിതീർത്ത അഭിവന്ദ്യ തിരുമേനി താൻ ശുശ്രൂഷിച്ച ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ പുരോഗതി ലക്ഷ്യമാക്കി നിരവധി ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽവരുത്തുകയുണ്ടായി. പ. സഭ എക്കാലവും അദ്ദേഹത്തെ സ്നേഹപൂർവ്വം നന്ദിയോടെ സ്മരിക്കും. സ്വർഗ്ഗീയ മഹോന്നതങ്ങളിൽ വിശുദ്ധ മാലാഖമാരോടും പൂർവ്വ പിതാക്കന്മാരോടുമൊപ്പം ഈ പിതാവും ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കുമെന്നതിന് സംശയമില്ല. ആ പിതാവ് കാട്ടിത്തന്ന അനുകരണീയമായ ശ്രേഷ്ഠ മാതൃകകൾ പിൻപറ്റുവാനും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട് എന്ന് നാം ഓർമ്മിപ്പിക്കുന്നു.

കർത്താവിൽ പ്രിയരെ,

ദൈവത്തിന്റെ അളവറ്റ കരുണയാൽ ഒരു പുതുവർഷംകൂടി കാണുവാൻ ദൈവം നമുക്ക് ഭാഗ്യം നൽകിയിരിക്കുന്നു. കൂടുതൽ ദൈവാശ്രയത്തോടും സമർപ്പണത്തോടുംകൂടെ പ്രവർത്തിക്കുവാൻ നാം ഏവരെയും ദൈവംതമ്പുരാൻ സഹായിക്കട്ടെ. അനുഗ്രഹകരമായ പുതുവർഷം ഏവർക്കും നാം നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.



**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

EDITORIAL

# കുടുംബ കോടതി:
## വിവാഹ മോചനത്തിന്..?

‘

അവർ വിവാഹ മോചനം നേടി.
ചെറിയ സൗന്ദര്യ പിണക്കമാണ്
കുടുംബ കോടതിയിൽ എത്തിച്ചത്.
രണ്ടു കുഞ്ഞുങ്ങൾ അനാഥരായി...
ഫലപ്രദമായ കൗൺസലിങ്ങിലൂടെ
പ്രശ്നം പരിഹരിക്കാമായിരുന്നു.
(ഒരു സംഭാഷണം)

കേരളത്തിൽ കുടുംബ കോടതികളുടെ
എണ്ണം വർദ്ധിപ്പിക്കുമെന്ന്
സർക്കാർ പ്രഖ്യാപിച്ചു. (പത്രവാർത്ത)

കുടുംബ കോടതിയിൽ എത്തുന്ന
ദാമ്പത്യകേസുകൾ വിവാഹ മോചനത്തിലെത്തുന്നു.
കുടുംബ കോടതികളുടെ വർദ്ധനവ് വിവാഹ
മോചനം വേഗത്തിലും എളുപ്പത്തിലുമാക്കും.
(നിഗമനം) ’



FAMILY COURTS
A Way to divorce...

കുടുംബ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കപ്പെടുന്ന കുടുംബ കോടതി സഭാ തലത്തിൽ അനിവാര്യമാണ്.

കേരളത്തിൽ കുടുംബ കോടതികളുടെ എണ്ണം വർദ്ധിക്കുന്നു. ഇപ്പോൾ 20-ൽ പരം കുടുംബ കോടതികൾ! കേരളത്തിൽ കുടുംബ പ്രശ്നങ്ങൾ വർദ്ധിക്കുന്നതിനാൽ കുടുംബ കോടതി ഇനിയും അനിവാര്യമാണെന്ന് സർക്കാർ. പത്ത് ലക്ഷത്തിലധികം ജനങ്ങൾ ഉള്ള പട്ടണങ്ങളിൽ ‘കുടുംബ കോടതി’ സ്ഥാപിക്കാമെന്ന് നിയമം നിർദ്ദേശിക്കുന്നു.

കുടുംബ പ്രശ്നങ്ങൾ ഒത്തുത്തീർപ്പാക്കുന്നതിന് പ്രത്യേകതരം സംവിധാനമാണ് കുടുംബ കോടതി. കുടുംബ ജീവിതവുമായി ബന്ധപ്പെട്ട ഏതു വിഷയവും കുടുംബകോടതിയുടെ പരിധിയിൽപ്പെടുന്നു. വിവാഹ പ്രശ്നങ്ങൾ, വിവാഹ സാധുത, സംരക്ഷണം, ജീവനാംശം, പിതൃത്വം, സ്വത്ത് അവകാശം തുടങ്ങി കുടുംബങ്ങളിലെ ഏത് ഹർജിയിലും വിധി കൽപ്പിക്കാനുള്ള അധികാരം കുടുംബ കോടതിക്കുണ്ട്.

കുടുംബ പ്രശ്നങ്ങൾ കൗൺസലിങ്ങിലും ലഘൂവായ നടപടികളിലും കുടുംബ കോടതിയിൽ പരിഹരിക്കപ്പെടുന്നു. അതിനാൽ നടപടിക്രമം മറ്റ് കോടതികളിൽ നിന്നും വ്യത്യസ്തമാണ്. 1974-ലെ 59-ാമത് നിയമ കമ്മീഷന്റെ ശുപാർശ പ്രകാരം 1984 സെപ്റ്റം. 14-ന് കുടുംബ കോടതി നിലവിൽ വന്നു. ഇന്ത്യൻ കുടുംബ കോടതി നിയമത്തിന്റെ ആമുഖത്തിൽ കുടുംബ പ്രശ്നങ്ങൾ ഇരുകക്ഷികളെയും അനുരഞ്ജനപ്പെടുത്തി ദ്രുതഗതിയിൽ കുടുംബ വ്യവഹാരങ്ങൾ പരിഹരിക്കുന്നതിനായി കുടുംബ കോടതികൾ സ്ഥാപിതമായി എന്ന് വ്യക്തമാക്കുന്നു.

കക്ഷികളെ പ്രതിനിധീകരിക്കാൻ വക്കീൽ ആവശ്യമില്ലാത്ത വേദിയാണ് കുടുംബ കോടതി. ജനങ്ങൾക്ക് സ്വതന്ത്രമായി കോടതിയെ സമീപിക്കുവാൻ കഴിയും. കുടുംബ കോടതിയിൽ ആഹ്ലാദകരവും ഊഷ്മളവുമായ അന്തരീക്ഷം കഴിയുന്നത്ര നിലനിർത്തണമെന്ന് നിയമത്തിൽ




## EDITORIAL

നിഷ്കർഷിക്കുന്നു. ന്യായാധിപർ ഉയർന്ന പീഠത്തിലോ സ്ഥാന വസ്ത്രങ്ങളിലോ ഉപവിഷ്ടരാകണമെന്നില്ല. കുടുംബ വ്യവഹാരങ്ങൾ കഴിവതും ഒത്തുത്തീർപ്പാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളാണ് കോടതി ഒരുക്കുന്നത്. കുടുംബ പ്രശ്നങ്ങൾ രമ്യതയിൽ എത്തിക്കുന്നതിനും കക്ഷികൾ തമ്മിൽ സ്വരച്ചേർച്ച സൃഷ്ടിക്കുന്നതിനുമായി വിദഗ്ധ ഉപദേശവും ഗുണദോഷവും നൽകാറുണ്ട്. മനഃശാസ്ത്രം, സാമൂഹിക ശാസ്ത്രം, സാമൂഹിക പ്രവർത്തനം എന്നിവയിൽ പ്രാവിണ്യം ലഭിച്ചവരെ ഇരുകക്ഷികൾക്കും കൗൺസലിങ്ങിനായി കോടതി നിയോഗിക്കും.

കുടുംബ തകർച്ചയിൽ അധികവും വൈകാരിക പ്രശ്നങ്ങളാണ്. അത് സങ്കീർണ്ണമായ നിയമ തത്വങ്ങളിൽ കീറി മുറിച്ച് അപഗ്രഥിക്കപ്പെടേണ്ടതില്ല. പ്രശ്നങ്ങൾ കഴിവതും ഒത്തുതീർപ്പിലെത്തിക്കാൻ കക്ഷികളെ സഹായിക്കണം. കുടുംബ ബന്ധം പരമാവധി സംരക്ഷിക്കപ്പെടണം. അതിനാൽ സമൂഹത്തിന്റെ പ്രാഥമിക ഘടകമായ കുടുംബത്തിന്റെ പ്രാധാന്യം അംഗീകരിച്ച് കുടുംബ വ്യവഹാരങ്ങളിൽ ഒരു മധ്യസ്ഥ നിലപാടാണ് കുടുംബ കോടതി വിഭാവനം ചെയ്യുന്നത്.

ആഗോളവൽക്കരണവും നവ സാങ്കേതികതയും സൃഷ്ടിച്ച സ്വാധീനങ്ങൾ കുടുംബ ബന്ധങ്ങളെ ജീർണ്ണതപ്പെടുത്തുന്നു. മാധ്യമങ്ങളുടെ സ്വാധീനം, കമ്പോള സംസ്ക്കാരം എന്നിവ പരമ്പരാഗത മൂല്യങ്ങളെ തകർത്തു. പാശ്ചാത്യ സംസ്ക്കാരത്തിന്റെ അധിനിവേശം കുടുംബങ്ങളെ പിടിച്ചടക്കി. അസമത്വം, അനീതി, പീഢനം, ആക്രമണം, പെരുമാറ്റ വൈകൃതം എന്നിവ കുടുംബത്തിനുള്ളിൽ ശക്തിപ്പെട്ടു. മതമൂല്യങ്ങളുടെ തിരസ്ക്കരണവും കുടുംബ ബന്ധങ്ങളിലെ പവിത്രത നശിപ്പിച്ചു. വിദേശ പണത്തിന്റെ ആധിക്യവും ബന്ധങ്ങൾ യാന്ത്രികമാക്കി.

19-ാം നൂറ്റാണ്ടു മുതൽ കുടുംബ കോടതിക്ക് സമാനമായ കോടതി നടപടികൾ ഇംഗ്ലണ്ടിലുണ്ടായിരുന്നു. അമേരിക്കയിൽ 1910-ലും ജപ്പാനിൽ 1949-ലും നിലവിൽ വന്ന 'കുടുംബ കോടതി' ഇന്ത്യയിൽ യാഥാർത്ഥ്യമായത് 1984-ലാണ്. കേരളത്തിൽ 1992 ജൂൺ 6-നാണ് കുടുംബ കോടതി ആരംഭിച്ചത്. ഇപ്പോൾ കുടുംബ കോടതികളിൽ 300 ശതമാനം കേസുകളുടെ വർദ്ധനവാണ് ഉള്ളത്.

കുടുംബ കേസുകളിൽ താളപ്പിഴകളുടെ ഇരകളാകുന്നത് സ്ത്രീകളും കുട്ടികളുമാണ്. ഭർത്താവ് ഭാര്യക്ക് ജീവിത വക നൽകുവാൻ ബാധ്യസ്ഥനാണെന്ന പ്രാഥമിക തത്വം എല്ലാ വ്യക്തി നിയമങ്ങളും അംഗീകരിക്കുന്നുണ്ട്. ഇതിനു ജാതിമത ഭേദങ്ങളില്ല. പ്രായപൂർത്തിയാകാത്ത മക്കളുടെ സംരക്ഷണത്തിനും പിതാവിന് ബാധ്യതയുണ്ട്. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള അപസ്വരവും സൗന്ദര്യ പിണക്കവും 'വിവിധ പ്രശ്നങ്ങളാക്കി' കോടതിയിൽ എത്തിക്കുന്നു. ബന്ധം ബന്ധനമാക്കി നിയമ തുലാസിൽ കുരുക്കുന്നു....!

കുടുംബ പ്രശ്നങ്ങളിൽ വിദഗ്ധോപദേശങ്ങളും അനുരഞ്ജന ശ്രമങ്ങളും അനിവാര്യമാണ്. കോടതി കയറുന്നതിനു മുമ്പ് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള കൗൺസലിങ്ങ് ആവശ്യമാണ്. ഇരുകക്ഷികളെയും വരുത്തി ഉപദേശിക്കുകയും ഗുണദോഷിക്കുകയും ചെയ്യുന്ന സമ്പ്രദായം ഫലപ്രദമാക്കണമെന്നത് കുടുംബ കോടതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ദാമ്പത്യ ബന്ധത്തിലെ ശിഥിലീകരണവും വ്യവഹാരവും രമ്യതയിലും അനുരഞ്ജനത്തിലുമെത്തിക്കുന്ന പ്രഥമ ദൗത്യം ഇന്ന് കുടുംബ കോടതികൾക്കു നഷ്ടപ്പെട്ടു. ഫയൽ ചെയ്യുന്ന ദാമ്പത്യ കേസുകളിൽ 95 ശതമാനവും വിവാഹ മോചനത്തിനുള്ള സാധ്യതകളാണ് അന്വേഷിക്കുന്നത്.

സാമ്പത്തിക പ്രശ്നം, അമിത മദ്യപാനം, പരബന്ധം, സംശയരോഗം, ലൈംഗിക രോഗം, മാനസിക രോഗം, ആത്മഹത്യാ പ്രവണത, പീഢനം, ഇന്റർനെറ്റ് ആസക്തി, ലഹരി തുടങ്ങിയവ വിവാഹ മോചനത്തിനുള്ള മുഖ്യ പ്രശ്നങ്ങളായി കുടുംബ കോടതി കേസുകളിൽ എത്തിച്ചേരുന്നു. കുടുംബ ബന്ധങ്ങളെ ശക്തീകരിക്കുവാനുള്ള കുടുംബ കോടതി, കുടുംബ ശിഥിലീകരണത്തിന്റെയും വിവാഹ മോചനത്തിന്റെയും പാതയിലാണ്. വിവാഹ മോചനം ആവശ്യപ്പെടുകയും കൗൺസലിങ്ങിലൂടെയുള്ള അനുരഞ്ജനത്തിന് വിധേയപ്പെടാത്തതുമായ സംസ്ക്കാരം വർദ്ധിക്കുന്നു. നിയമ സാക്ഷരതയും കുടുംബ ബോധനവും നൽകുവാനുള്ള ബദൽ സംവിധാനങ്ങൾ സഭയിലും സമൂഹത്തിലും ശക്തിപ്പെടുത്തണം.

> “കുടുംബ ബന്ധങ്ങളെ ശക്തീകരിക്കുവാനുള്ള കുടുംബ കോടതി കുടുംബ ശിഥിലീകരണത്തിന്റെയും വിവാഹ മോചനത്തിന്റെയും പാതയിലാണ്.”

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com

അനുസ്മരണം



# വലിയതിരുമേനി
# ലാളിത്യത്തിന്റെ മാർഗ്ഗം

**സഖറിയാ മാർ നിക്കോളാവോസ്**
(നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപൻ)

അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ ബർന്നബാസ് തിരുമേനി 'വലിയതിരുമേനി' എന്നറിയപ്പെട്ടു. വലിയ തിരുമേനി ലാളിത്യത്തിന്റെ പ്രതീകമാണെന്ന് അമേരിക്കയുടെ നോർത്ത് ഈസ്റ്റ് ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കളാവോസ് മെത്രാപ്പോലീത്താ പറഞ്ഞു.

അമേരിക്കയിൽ ദീർഘകാലം താമസിച്ച് ഭദ്രാസനഭരണം നിർവഹിച്ച മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ ഇടയശുശ്രൂഷയെക്കുറിച്ച് (1992–2011) നിക്കളാവോസ് തിരുമേനി:


“ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന ഇടയശുശ്രൂഷ ഭദ്രാസനത്തെ വിവിധതരത്തിൽ അഭിവൃദ്ധിയിലേക്ക് നയിച്ചു. പുതിയ നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ പുതിയ പ്രകാശവും ചൈതന്യവും ഇവിടെ ലഭ്യമായി. പള്ളികൾ ആദ്ധ്യാത്മികമായി ഉണർന്നു. ഇടയശുശ്രൂഷയിൽ ഒരു സംഘം യൗവനക്കാർ എത്തി. ക്രമീകൃതമായ രീതിയിൽ ഇടവക സന്ദർശനം ഉണ്ടായി. പുതിയ തലമുറയിലെ കുട്ടികളോട് പിതൃവാത്സല്യത്തോടെ ആത്മീയത പകർന്നു. അദ്ധ്യാത്മിക സംഘടനകൾ ശക്തിപ്പെട്ടു. ഒ.വി.ബി. എസ്. പാഠ്യപദ്ധതി ഇംഗ്ലീഷിൽ പുനഃക്രമീകരിച്ചു. പള്ളികളിൽ എം.ജി.ഒ.സി.എസ്.എം. സജീവമായി. ഇതിന് അമേരിക്കൻ പശ്ചാത്തലത്തിലുള്ള ബോധന രീതിശാസ്ത്രം വളർത്തി. യുവജനങ്ങളോടൊപ്പമുള്ള വലിയതിരുമേനിയുടെ ഇടപെടൽ പുതിയ അനുഭവം പകർന്നു. സഭയോടുള്ള സഹവാസത്തിൽ അവർ ആകൃഷ്ടരായി. യുവജനങ്ങളെ സ്വാധീനിക്കുവാൻ വലിയതിരുമേനിക്കു സാധിച്ചത് പ്രത്യേകം ശ്രദ്ധേയമാണ്.

12 വർഷമായി നടന്നുവരുന്ന എം.ജി. ഒ.സി.എസ്.എം. ലീഡർഷിപ്പ് ക്യാമ്പുകളും ഫാമിലി കോൺഫ്രൻസുകളും ആത്മീയമുന്നേറ്റത്തിന് വഴിയൊരുക്കി. വലിയതിരുമേനിയുടെ ഇടയത്വപരിപാലനത്തിൽ യുവജനങ്ങൾക്കും സ്ത്രീകൾക്കും പ്രാധാന്യം നൽകി. ഇടവകയിലെ ഭരണശുശ്രൂഷകളിൽ സ്ത്രീ-യുവജന നേതൃത്വം വളർന്നു വരണമെന്ന് ആഗ്രഹിച്ചു”.

*മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയോടൊപ്പമുള്ള ശുശ്രൂഷ എങ്ങനെ:*

“വലിയതിരുമേനി, വളരെ ലാളിത്യത്തിന്റെ പ്രതീകമാണ്. മുഖസ്തുതി പറയുകയോ മറ്റുള്ളവരെ തൃപ്തിപ്പെടുത്തുന്ന അഭിപ്രായം പറയുകയോ ചെയ്യാറില്ല. ഇടയത്വശുശ്രൂഷയെക്കുറിച്ച് വ്യക്തമായ സങ്കല്പം ഉണ്ടായിരുന്നു. ജീവിതത്തിൽ പഠിപ്പിക്കുന്നതും പ്രസംഗിക്കുന്നതും പ്രായോഗികമാക്കണമെന്ന് നിർബന്ധം ഉണ്ട്. സ്നേഹത്തെക്കുറിച്ച് എപ്പോഴും എഴുതുകയും പറയുകയും ചെയ്യുന്ന അദ്ദേഹം എങ്ങനെ സ്നേഹിച്ച് ജീവിക്കാം എന്ന് തെളിയിച്ചു.

അമേരിക്കയിൽ ജനിച്ചു വളർന്ന തലമുറയെ വളരെ സ്നേഹിച്ചു. സഭയുടെ വിശ്വാസത്തിൽ അവരെ ഉറപ്പിച്ചു. ഇംഗ്ലീഷിൽ പ്രസംഗിക്കു



വാനും പഠിപ്പിക്കുവാനും കർശനമായ നിർദ്ദേശങ്ങൾ നൽകി. അമേരിക്കയിലെ ആരാധനയും പ്രാർത്ഥനകളും ഇംഗ്ലീഷിലായിരിക്കണം എന്ന ബോധനം എല്ലാവരിലും എത്തിച്ചു. ജീവിതത്തിന്റെ പ്രായോഗികതലങ്ങളെ സ്പർശിച്ചു പഠിപ്പിക്കുവാനും എഴുതുവാനും പ്രത്യേകം ശ്രദ്ധിച്ചു.

അമേരിക്കയിൽ ജനിച്ചുവളർന്ന ഒരു പുതു തലമുറയെ പൗരോഹിത്യ ശുശ്രൂഷയിലേക്ക് കൊണ്ടുവന്നു. ഇടവകഭരണത്തിൽ സ്ത്രീകളുടെ നേതൃത്വം ഉണ്ടാകണം എന്നും ശക്തമായി പ്രബോധിപ്പിച്ചു.

'അമേരിക്കൻ ഭദ്രാസനത്തിന്റെ പ്രതിസന്ധികൾ പരിഹരിക്കണം' എന്ന സഭ ഏല്പിച്ച ഉത്തരവാദിത്വം നിറവേറ്റി. ഇവിടെ നല്ല ഒരു അരമനയും ഭദ്രാസന കേന്ദ്രവും ഉണ്ടാകണം എന്നത് വലിയ തിരുമേനിയുടെ ഒരു സ്വപ്നപദ്ധതിയായിരുന്നു. വളരെ മനോഹരമായ അരമനസമുച്ചയം പണിതുയർത്തി കൂദാശ ചെയ്തു. ഒരു വർഷത്തിലധികം അവിടെ താമസിച്ചു. എല്ലാം ഭദ്രം എന്ന് മനസ്സിലാക്കിയപ്പോൾ ഭദ്രാസനഭരണം പരിത്യജിച്ച് കേരളത്തിലേക്ക് മടങ്ങി. പാവപ്പെട്ടവർക്കും രോഗികൾക്കും ആശ്വാസം പകരുകയായിരുന്നു ലക്ഷ്യം.

ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ ഇനി അമേരിക്കയിലേക്ക് വരുവാൻ സാധിക്കുകയില്ല എന്നു പറഞ്ഞു. 15 വർഷവും വി. കുർബാനയ്ക്ക് ഉപയോഗിച്ചത് ഒറ്റ കുപ്പായമാണ്. വളരെ നിർബന്ധിച്ചതു കൊണ്ട് ഒരു പുതിയ കാപ്പ സ്വീകരിച്ചു. പഴയ കാപ്പ ഇവിടെ വച്ചിട്ടാണ് പോയത്. തടിക്കുരിശാണ് എപ്പോഴും ഉപയോഗിക്കുന്നത്. ആരാധനയ്ക്കായി വെള്ളി കെട്ടിയ ഒരു തടിക്കുരിശ് കൊടുത്തുവിട്ടു.

ലഭിച്ച പണവും സമ്മാനങ്ങളും എല്ലാം ഭദ്രാസനത്തിന് നൽകിയിട്ട്, രണ്ട് ചെറിയ പെട്ടികളുമായി വിമാനം കയറി. അതിൽ വസ്ത്രങ്ങളും മരുന്നുകളും മാത്രം. ഇടയത്വ ശുശ്രൂഷ പരിത്യാഗത്തിന്റെ അനുഭവമാക്കിത്തീർത്ത കർമ്മയോഗിയാണ് മാത്യൂസ് മാർ ബർന്നബാസ് തിരുമേനി - അദ്ദേഹം പറഞ്ഞു.

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ.** ■



# ജീവിതരേഖ



**പെ**രുമ്പാവൂർ, വെങ്ങോല, തോമ്പ്രാ-കല്ലറയ്ക്കപറമ്പിൽ കെ. വി. കോരുളയുടെയും മറിയാമ്മയുടെയും മകൻ. ജനനം 1924 ആഗസ്റ്റ് ഒൻപത്. കുറുപ്പുംപടി എം.ജി.എമ്മിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം സി.എം.എസ്. കോളേജിൽനിന്നും ഇന്റർമീഡിയറ്റ് പാസ്സായി (1943-45) മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബി.എസിയും ഒസ്മാനിയാ സർവ്വകലാശാലയിൽനിന്നും എം.എസ്സിയും സെറാമ്പൂർ സർവ്വകലാശാലയിൽനിന്നും ബി.ഡിയും കരസ്ഥമാക്കി. ജബൽപൂർ ലീയോനാർഡ് തിയോളജിക്കൽ കോളേജിൽ ഗ്രീക്കു ഭാഷയിൽ ഉപരിപഠനം നടത്തി.

പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവ തുരുത്തിപ്ലീ സെന്റ് തോമസ് പള്ളിയിൽവച്ച് 1943-ൽ കോറുയോ പട്ടം നൽകി. ഔഗേൻ മാർ തീമോത്തിയോസ് മൂവാറ്റുപുഴ അരമന ചാപ്പലിൽവച്ച് ശെമ്മാശുപട്ടവും 1951-ൽ കശ്ശീശ്ശാ പട്ടവും നൽകി. കടമറ്റം സെന്റ് ജോർജ് പള്ളിയിൽ പ്രഥമ ബലിയർപ്പിച്ചു. കുറുപ്പുംപടി എം.ജി.എം. ഹൈസ്കൂളിലും കോട്ടയം എം.ഡി. ഹൈസ്കൂളിലും അദ്ധ്യാപകനായിരുന്നു. സെക്കന്തരാബാദ്, വളയംചിറങ്ങര, കൽക്കട്ട, ജബൽപൂർ, വെല്ലൂർ എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷ നിർവഹിച്ചു. ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ഗ്രീക്ക്, സഭാചരിത്രം, കൗൺസിലിംഗ് വിഷയങ്ങളിൽ അദ്ധ്യാപകനായി (1967-72). തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി ചാപ്ലയിനായി പ്രവർത്തിച്ചു (1972-77).

1977 മെയ് 16-ന് മാവേലിക്കരയിൽ നടന്ന മലങ്കര അസ്സോസിയേഷൻ 54-ാം വയസ്സിൽ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1977 ആഗസ്റ്റിൽ റമ്പാനായി. 1978 മെയ് 15-ന് പഴഞ്ഞി പള്ളിയിൽ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ 'മാത്യൂസ് മാർ ബർന്നബാസ്' എന്ന നാമത്തിൽ എപ്പിസ്കോപ്പയാക്കി. 1981 ഫെബ്രുവരിയിൽ മെത്രാപ്പോലീത്തായായി ഉയർത്തി.

അങ്കമാലി (1978-92), കോട്ടയം (1980-85), അമേരിക്ക (1992) ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു. 1982 ജൂൺ ഒന്നിന് രൂപീകരിച്ച ഇടുക്കി ഭദ്രാസനത്തിന്റെയും 2009 ഏപ്രിലിൽ ആരംഭിച്ച 'നോർത്ത് ഈസ്റ്റ്' അമേരിക്കൻ ഭദ്രാസനത്തിന്റെയും പ്രഥമ മെത്രാപ്പോലീത്തായാണ്. അമേരിക്കൻ ഭദ്രാസനത്തിന്റെ (1992-2009) സമഗ്രമായ വളർച്ചയ്ക്ക് മുഖ്യപങ്കാളിത്തം വഹിച്ചു. കേരളത്തിലെ വിവിധ ഭദ്രാസനങ്ങളിലായി 14 വർഷവും (1978-92) അമേരിക്കൻ ഭദ്രാസനങ്ങളിൽ (1992-2011) 19 വർഷവും ധീരമായി നയിച്ച ശേഷം 2011 ജനുവരി 18-ന് ഭദ്രാസന ഭരണത്തിൽ നിന്നും വിരമിച്ചു.

മർത്തമറിയം വനിതാ സമാജം, ബാലികാ സമാജം, മദ്യവർജ്ജന ധാർമ്മീകോന്നത സമിതി, മലങ്കര സഭാമാസിക എന്നിവയുടെ പ്രസിഡന്റ്, ദിവ്യബോധനം പഠനപദ്ധതിയുടെ വൈസ്പ്രസിഡന്റ്, കോർപ്പറേറ്റ് കോളേജുകളുടെ മാനേജർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ഇംഗ്ലീഷിലും മലയാളത്തിലുമായി 25-ൽ അധികം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

2012 ഡിസംബർ 9-ന് പുലർച്ചെ 2.30-ന് കാലം ചെയ്തു. കബറടക്കം: ഡിസംബർ 12-ന് വളയംചിറങ്ങരയിൽ നടന്നു. ■

ഓർമ്മ



# തടി കുരിശിട്ട സുവർണ്ണ ബിഷപ്പ്


**അലക്സിയോസ് മാർ യൗസേബിയോസ്**
(സൗത്ത് വെസ്റ്റ് ഭദ്രാസനാധിപൻ)


'തടി കുരിശിട്ട സുവർണ്ണ ബിഷപ്പ്' (Golden biship with wooden cross) എന്ന മൊഴി മാത്യൂസ് മാർ ബർന്നബാസ് തിരുമേനിക്ക് വളരെ അന്വർത്ഥമാണ്. ചുവന്ന ചരടിൽ കെട്ടിയ തടിക്കുരിശും തടി സ്ലീബായും തടികൊണ്ടുള്ള വടിയും അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയാണ്.

രണ്ടു പതിറ്റാണ്ടോളം 'അമേരിക്കൻ ഭദ്രാസനത്തിൽ' ഭരണം സ്തുത്യർഹമായി നിർവ്വഹിച്ച് ഭദ്രാസന ഭരണത്തിൽ നിന്നും വിരമിച്ച് തിരികെ നാട്ടിലേക്ക് തിരിച്ചപ്പോൾ കൊണ്ടുപോകുവാൻ നിറയാത്ത രണ്ട് പെട്ടികൾ. അതിൽ ഉണ്ടായിരുന്നതോ വസ്ത്രങ്ങൾ മാത്രം. പിന്നെ കുറെ മരുന്നുകളും.

മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ അമേരിക്കയിലെ ജീവിതം വളരെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും അനുഭവപാഠങ്ങളായിരുന്നു. അമേരിക്കയിലെ വ്യത്യസ്തമായ കാലാവസ്ഥയിലും കഠിനമായ തണുപ്പും ചൂടും അതിജീവിച്ച് ധീരമായി ഇടയപരിപാലനം നിർവഹിച്ചു. എല്ലാവർക്കും സ്നേഹവും വാത്സല്യവും പ്രാർത്ഥനയും പകർന്ന് ഫലപ്രദമായി ശുശ്രൂഷ നിർവ്വഹിച്ച് നാട്ടിലേക്ക് തിരികെ പോയി. സഭ വിശ്വസ്തതയോടെ ഏല്പിച്ച ഉത്തരവാദിത്വം കൃത്യമായി നിർവഹിച്ചശേഷം സന്തോഷത്തോടെ വിരമിക്കുന്ന പുത്തൻ മാതൃക പകർന്നു നൽകുന്നു.

മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ നേതൃത്വം അതുല്യമായിരുന്നു. വിവിധ പള്ളികളിൽ അശാന്തി നിറഞ്ഞ അന്തരീക്ഷം സംജാതമായ കാലഘട്ടത്തിലാണ് അദ്ദേഹം എത്തുന്നത്. എളിയ ജീവിതവും, ദൈവാശ്രയവും ഇടയശുശ്രൂഷയിൽ കൂടി ജനങ്ങളിലേക്ക് പ്രവഹിച്ചപ്പോൾ മാറ്റങ്ങൾക്കും സമാധാനത്തിനും നാന്ദി കുറിച്ചു. 1992-ൽ അമേരിക്കയിൽ എത്തിയ തിരുമേനി ഓരോ സ്ഥലങ്ങളും പള്ളികളും സന്ദർശിച്ച് സ്നേഹത്തിന്റെയും ശാന്തിയുടെയും ദൂത് അറിയിച്ചു. ഓരോ സ്ഥലത്ത് ചെല്ലുമ്പോഴും ഭവനങ്ങളിൽ താമസിച്ച് വിശ്വാസികളെ ഓരോരുത്തരേയും കണ്ട് സഭയുടെ വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തി. വൈദികരെയും മറ്റ് അത്മായ നേതൃത്വത്തെയും ഏകോപിപ്പിക്കുന്നതിൽ അക്ഷീണം യത്നിച്ചു. സഭയുടെ ശിക്ഷണത്തിലും പൊതു അച്ചടക്കത്തിലും ഇടവകകളെയും വൈദികരെയും കുടുംബങ്ങളെയും ജനത്തെയും അണിനിരത്തുവാൻ അദ്ദേഹത്തിന് സാധിച്ചു.


വൈദികനായിരുന്നപ്പോൾ വെല്ലൂർ, കോലഞ്ചേരി ആശുപത്രികളിൽ ചാപ്ലയിനായി ശുശ്രൂഷ നിർവഹിച്ചതിൽ നിന്നുള്ള അനുഭവ പരിചയം മെത്രാപ്പോലീത്താ ആയപ്പോഴും കാത്തുസൂക്ഷിച്ചു. രോഗികളെ സന്ദർശിക്കുന്നതിനും, പ്രശ്നങ്ങൾ പറഞ്ഞു തീർക്കുന്നതിനും, സമാധാനത്തിനുള്ള സന്ധി സംഭാഷണങ്ങൾ നടത്തുന്നതിനും സ്വതസിദ്ധമായ ഒരു ശൈലി വെച്ചു പുലർത്തി. ഒരു പോളിസി പറഞ്ഞാൽ അതിൽ ഉറച്ചു നിൽക്കും എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. തന്മൂലം അനേകരുമായുള്ള വ്യക്തിബന്ധം ഉറപ്പിക്കുന്നതിന് സാധിച്ചു.

എപ്പോഴും 'ബർന്നബാസ് മെത്രാച്ചൻ' എന്ന് സ്വയം പറയാറുണ്ട്. ഇത് അദ്ദേഹം ഉയർത്തിപ്പിടിച്ച ഒരു ജീവിതശൈലിയുടെ മാതൃക വ്യക്തമാക്കുന്നതിനുള്ളതാണ്. പ്രാർത്ഥനയുടെയും ലാളിത്യത്തിന്റെയും ജീവിതശൈലി പാശ്ചാത്യരാജ്യത്തും വളരെ തനിമയോടും നിഷ്ഠയോടും അനുഷ്ഠിച്ചു. വിശ്വസിക്കുന്ന സത്യത്തിൽ ഉറച്ചു നിൽക്കും. അതിന് വിപരീതമായി ആരു നിന്നാലും ഉടൻ വിമർശിക്കുകയും തിരുത്തുകയും ചെയ്യും. ദൈവസ്നേഹത്തിന്റെ ജീവിതശൈലി ഇടയപരിപാലനത്തിൽ പരിരക്ഷിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ■



ഓർമ്മ

ഡോ. ഡി. ബാബു പോൾ



# ഇവനിൽ കാപട്യം ഇല്ല

മാത്യൂസ് മാർ ബർനബാസ് മെത്രാപ്പോലീത്തായെക്കുറിച്ചും ക്രിസ്തു ഇതു പറയുമായിരുന്നു: 'ഇവനിൽ കാപട്യം ഇല്ല'. എന്തൊക്കെ പോരായ്മകളാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്, എന്തൊക്കെ തെറ്റുകളാണ് അദ്ദേഹം ചെയ്തിട്ടുള്ളത് എന്ന് നമുക്കറിയാവതല്ല. അതൊക്കെ ഈശ്വരൻ മാത്രം അറിയുന്നു. എന്നാൽ ചിലതൊക്കെ നമുക്കും അറിയാം എല്ലാ ശുദ്ധാത്മാക്കളെയും പോലെ ക്ഷിപ്രകോപിയായിരുന്നു തിരുമേനി. പറയുമ്പോൾ പറയുന്നത് ശരിയോ എന്നല്ലാതെ ഇപ്പോൾ പറയേണ്ടതുണ്ടോ, ഇങ്ങനെ പറയേണ്ടതുണ്ടോ എന്നൊക്കെ ചിന്തിക്കുന്ന രീതി ഉണ്ടായിരുന്നില്ലി. 'സത്യം ബ്രുയാത്' എന്നല്ലാതെ 'പ്രിയം ബ്രുയാത്' എന്നോ 'നബ്രുയാത് സത്യമപ്രിയം' എന്നോ കരുതിയുമില്ല. അത് അകന്മഷതയുടെ മുദ്ര. എങ്കിലും അത് പോരായ്മതന്നെ. ആ പോരായ്മ ഉണ്ടായിരുന്ന മറ്റൊരാളുടെ പേരിൽ മലങ്കരയിൽ പള്ളികൾ സ്ഥാപിതമായിട്ടുണ്ട്. അദ്ദേഹത്തെ നാം പരുമലത്തിരുമേനി എന്നാണ് അറിയുന്നത്. കോപിക്കുന്നത്ര വേഗത്തിൽ കോപത്തെക്കുറിച്ച് ദുഃഖിക്കുമായിരുന്നു രണ്ടു പേരും. അതിനേക്കാൾ പ്രധാനം ഇരുവരിലും കാപട്യം ഒട്ടും ഉണ്ടായിരുന്നില്ല എന്നതാണ്. ഒടുവിൽ കണ്ടപ്പോൾ ഒരു പഴയ സംഭവം ഓർത്തെടുത്തു ഈ മഹാത്മാവ്. 'താൻ മെത്രാനാകുന്നത് കൊള്ളാം. മസനപ്സ ഇട്ടാൽ പോരാ. പരുമലത്തിരുമേനിയെപ്പോലെ ആകണം എന്ന് ചേട്ടൻ പണ്ട് പറഞ്ഞതാണ്. ഇപ്പോഴും ഞാൻ അതിന് ശ്രമിക്കുന്നേയുള്ളു. വഴിയേറെ കിടക്കുന്നു ഇനിയും' എൺപത് കഴിഞ്ഞ ബർനബാസ് തിരുമേനി അമേരിക്കയിൽ നിന്ന് വന്ന് കോലഞ്ചേരി ആശുപത്രിയോട് ചേർന്നുള്ള ഒരു മുറിയിൽ വിശ്രമിക്കുന്ന കാലത്ത് എന്നോട് പറഞ്ഞതാണ്. എന്തൊരു വിശുദ്ധിയാണ് ഈ വാക്കുകൾ ദ്യോതിപ്പിക്കുന്നത്! ശ്രമിക്കുന്നതേയുള്ളത്രെ!

ഈ ചേട്ടൻ എന്റെ പിതാവാണ്. കോറൂസോ ദശ്റോ പി.എ. പൗലോസ് കോറെപ്പിസ്ക്കോപ്പാ. ആ ബന്ധത്തെക്കുറിച്ച് പറയാം ആദ്യം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാതിയിൽ ഇംഗ്ലീഷ് പഠിച്ച് ഒരേ ഒരു യാക്കോബയ വൈദികൻ മാത്രമായിരുന്നു വടക്കൻ തിരുവിതാംകൂറിൽ ഉണ്ടായിരുന്നത്. പൊയ്ക്കാട്ടിൽ ചാക്കോ അബ്രഹാം മല്പാൻ. കോട്ടയത്ത് സീയെമ്മെസ് കോളജ് തുടങ്ങിയപ്പോൾ പെരുമ്പാവൂർ കുറുപ്പംപടിയിലും ഒന്നു തുടങ്ങൻ മോഹിച്ചയാൾ. യാഥാസ്ഥിതികരായ വിശ്വാസികൾ പ്രോട്ടസ്റ്റന്റ് നവീകരണത്ത ഭയപ്പെട്ടു. അവർ എതിർക്കുക മാത്രമല്ല, മൽപാനെ ഊരുവിലക്കുകയും ചെയ്തു. ഒടുവിൽ മരണമടഞ്ഞപ്പോൾ അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ കൽപനയുമായി അനന്തരവൻ മരങ്ങാട്ട് മാത്തു കത്തനാർ രംഗത്തുവന്നതിനാലാണ് കുറുപ്പുംപടിക്കാർ കബറടക്കം നടത്തിയത്.

പൊയ്ക്കാട്ടിൽ മൽപാന്റെ ദൗഹിത്രനായിരുന്നു തിരുമേനി. മൽപാന്റെ സഹോദരിയുടെ ദൗഹിത്രൻ എന്റെ പിതാവ്. ആങ്ങളപെങ്ങൽ സന്തതികൾ. സെക്കൻഡ് കസിൻസ് എന്ന് സായിപ്പ്. തിരുമേനിക്ക് രണ്ടുപേർ ആയിരുന്നു ഗുരുക്കന്മാർ. പിതൃവ്യൻ പൗലോസച്ചൻ എന്ന പ്രശസ്തവൈദികനും ജ്യേഷ്ടൻ പൗലോസ് കോറെപ്പിസ്ക്കോപ്പയും. കോറെപ്പിസ്ക്കോപ്പ സ്ക്കൂളിലും ഗുരുവായി. കുറുപ്പുംപടി എം.ജി.എം. ഹൈസ്ക്കൂളിലാണ് തിരുമേനി പഠിച്ചത്. പിന്നീട് അവിടെത്തന്നെ അധ്യാപകനുമായി കുറേക്കാലം. അന്നും സഭയിലെ രണ്ടു വിഭാഗങ്ങളിൽ ആയിരുന്നു ഈ ജ്യേഷ്ഠാനുജന്മാർ. തിരുമേനി ശെമ്മാശനായി കുറുപ്പുംപടി സ്ക്കൂളിൽ പഠിക്കുമ്പോൾ പോലും സഭക്കകത്ത് മറുകക്ഷിയിൽ ആയിരുന്നു. ഇപ്പോഴത്തെ വഴക്കിനിടയിൽ അചിന്ത്യമായ സംഗതി. നിയമനം നൽകിയ ജ്യേഷ്ഠനോ നിയമനം സ്വീകരിച്ച അനുജനോ അക്ഷരമുറ്റത്ത് കക്ഷിവഴക്ക് പ്രസക്തമാണെന്ന് കരുതിയില്ല.

പിന്നെ കുറേക്കാലം ഒരുമിച്ചായിരുന്നെങ്കിലും സഭയിൽ വഴക്ക് വീണ്ടും വന്നു. അതിനുശേഷം ആയിരുന്നു മെത്രാൻ വാഴ്ച. വീട്ടുകാരൊക്കെ പോയി. ജ്യേഷ്ഠൻ മറുകക്ഷിയിലെ വൈദികപ്രമുഖൻ ആയിരുന്നതിനാൽ പോയില്ല. മെത്രാനായ ശേഷം നേരെ പോയത് ഗുരുവും ജ്യേഷ്ഠനും ആയ പൗലോസ് കോറെപ്പിസ്ക്കോപ്പായെ കാണാനാണ്.

വികാരനിർഭരമായിരുന്നു ആ സമാഗമം. യാത്ര പറയുന്നതിനു മുമ്പ് മെത്രാപ്പോലീത്തയുടെ ഔദ്യോഗിക വസ്ത്രങ്ങൾ ധരിച്ച് കാണണം എന്ന് ജ്യേഷ്ഠൻ പറഞ്ഞപ്പോൾ അനുസരിച്ചു. കാറിൽ നിന്ന് ഒരു പെട്ടി തന്നത്താൻ എടുത്തുകൊണ്ടുവന്നു. തിരുവസ്ത്ര വിഭൂഷിതനായി. ഇടതു കൈയിൽ അംശവടി. വലതുകൈയ്യിൽ സ്ലീബാ: കുരിശ്. പിന്നെ അവർ ഒരുമിച്ച് പ്രാർത്ഥിച്ചു. ജീവിതത്തിൽ ആദ്യമായി അനുജൻ പ്രാർത്ഥന തുടങ്ങി, ജ്യേഷ്ഠൻ ഏറ്റുചൊല്ലി.

*ശേഷം 41-ാം പേജിൽ*



പ്രഭാഷണം

ഫാ. ഡോ. കെ. എം. ജോർജ്

# തിളക്കങ്ങളിൽ ഭ്രമിക്കാത്ത മഹാപുരോഹിതൻ

'ഇതാ സാക്ഷാൽ ഇസ്രായേല്യൻ, ഇവനിൽ കപടമില്ല' എന്ന് കർത്താവ് തന്റെ അടുക്കലേക്കു വന്ന ഒരു ശിഷ്യനെക്കുറിച്ച് (നഥാനിയേലിനെക്കുറിച്ച്) പറഞ്ഞു. 'ഇതാ എന്റെ വിനീതനും വിശ്വസ്തനുമായ ദാസൻ, ഇവനിൽ കളങ്കമില്ല' എന്ന് നമ്മുടെ പ്രിയപ്പെട്ട ബർണബാസ് തിരുമേനിയെക്കുറിച്ച് കർത്താവ് ഇപ്പോൾ പറയുന്നുണ്ട്. ഇവിടെ കൂടിയിരിക്കുന്നവരിൽ തിരുമേനിയുടെ അനേകം ശിഷ്യന്മാരുണ്ട്. അവരുടെയെല്ലാം ഹൃദയത്തിൽ എന്താണ് ഇപ്പോൾ തിരുമേനിയെക്കുറിച്ചുള്ള വികാരം എന്ന് എനിക്കു മനസ്സിലാക്കാൻ സാധിക്കും. ഞാനും തിരുമേനിയുടെ ഒരു എളിയ ശിഷ്യനാണ്.

അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനിക്കുശേഷം ബർണബാസ് തിരുമേനിയും കടന്നുപോകുമ്പോൾ ഹൃദയത്തിന്റെ അന്തരാളത്തിൽ എന്തൊക്കെയോ ഇടിഞ്ഞ് തകർന്നു പോകുന്നതുപോലെ തോന്നുന്നു. തിരുമേനിയുടെ ശിഷ്യനായ അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി ഇന്നലെ വൈകിട്ട് പ്രസംഗിച്ചപ്പോൾ പറഞ്ഞു, ബർണബാസ് തിരുമേനി അമേരിക്കയിൽ നിന്നു പോരുമ്പോൾ അവിടുത്തെ അനേകമനേകം യുവജനങ്ങളുടെ ഹൃദയത്തിൽ ഒരു വലിയ പ്രതിച്ഛായ അദ്ദേഹം സൃഷ്ടിച്ചു; അവർ അദ്ദേഹത്തെ ആരാധിക്കുന്നു എന്ന്. കേരളത്തിലെ ഏറ്റവും അവികസിതമായ സ്ഥലമെന്ന് വിശേഷിപ്പിക്കാവുന്ന ഇടുക്കിയിൽ നിന്ന് ലോകത്തിലെ ഏറ്റവും വികസിതമായ രാജ്യത്തിന്റെ അതിപ്രശസ്ത നഗരമായ ന്യൂയോർക്കിലേക്കാണ് തിരുമേനിയെ സഭ അയച്ചത്. ഏറ്റവും പഴഞ്ചനെന്നോ, പഴയ തലമുറയിൽ പെട്ടയാളെന്നോ ഒക്കെ പലരും വിശേഷിപ്പിക്കുന്ന അഥവാ വിശേഷിപ്പിക്കാവുന്ന ഒരാളിനെയാണ് 21-ാം നൂറ്റാണ്ടിലെ യുവജനങ്ങൾ ആരാധിക്കുന്നത് എന്ന് പറയുമ്പോൾ അതിൽ വൈരുദ്ധ്യം ഉണ്ട്. ആ വൈരുദ്ധ്യത്തിന് പുറകിലുള്ള ആദ്ധ്യാത്മിക അർത്ഥമെന്താണ് എന്ന് നാം മനസ്സിലാക്കണം.

ബർണബാസ് തിരുമേനി ഒരിക്കലും തിളക്കങ്ങളിൽ അഭിരമിച്ചിരുന്ന ആളായിരുന്നില്ല. കർത്താവിന്റെ മരക്കുരിശിന്റെ പാരുഷ്യമാണ് തന്റെ ബാഹ്യമായ രീതികളിൽ അദ്ദേഹം പ്രദർശിപ്പിച്ചത്. പക്ഷേ, അതിന്റെ ഉള്ളിൽ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ആർദ്രമായ ഒരു വലിയ പ്രപഞ്ചം ഉണ്ടായിരുന്നു. അദ്ദേഹം വടിയിലും കൊടിയിലും അതിന്റെ തിളക്കങ്ങളിലും ഒരിക്കലും വിഭ്രമിച്ചില്ല. അദ്ദേഹം കാറിന്റെ തിളക്കത്തിലും വേഷങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന വർണ്ണവൈവിധ്യത്തിലും വിഭ്രമിച്ചില്ല. അദ്ദേഹം നാണയത്തിന്റെ കിലുക്കങ്ങളിൽ വിഭ്രമിച്ചില്ല. പുതിയ നോട്ടിന്റെ സീൽക്കാരങ്ങളിൽ വിഭ്രമിച്ചില്ല. അങ്ങനെ ഒന്നിലും വിഭ്രമിക്കാതെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുകയും നല്ല മാതൃക കാണിക്കുകയും ചെയ്ത ഒരു മഹാപുരോഹിതനായിരുന്നു അദ്ദേഹം. അതുകൊണ്ട് അദ്ദേഹം സ്വർഗ്ഗത്തിൽ സ്വീകാര്യനാണ്. നന്മ ആഗ്രഹിക്കുന്നവർക്ക്, ക്രിസ്തീയ വിശ്വാസത്തിന്റെ ഭാവിയെ പ്രതീക്ഷിക്കുന്നവർക്ക് അതുല്യമായ മാതൃകയാണ്.

അദ്ദേഹം സെമിനാരിയിൽ വാർഡനായിട്ട്, ഗുരുവായിട്ട്, പിന്നീട് സഹപ്രവർത്തകനായിട്ടൊക്കെ എത്രയോ വർഷം ഞങ്ങളെ നയിച്ച ആളാണ്. ഒരിക്കൽപോലും അദ്ദേഹത്തിന്റെ മുഖത്തു നിന്നും ഒരു കലുഷമായ വാക്കുപോലും കേൾക്കുവാൻ ഇടയായിട്ടില്ല എന്നുള്ളത് വലിയൊരു ഭാഗ്യമായി, ദൈവത്തിന്റെ മഹാകൃപയായി ഈ എളിയ ശിഷ്യനായ ഞാൻ കരുതുന്നു. അദ്ദേഹമെന്നും സ്നേഹത്തിന്റെ വലിയൊരു ഉറവയായിരുന്നു. പുറമെ നോക്കുമ്പോൾ അദ്ദേഹം കോമളരൂപിയായിരുന്നില്ല. നമ്മുടെ കർത്താവിനെക്കുറിച്ച് യെശയ്യാ പ്രവാചകൻ പ്രവചിച്ചതുപോലെ, "അവന് രൂപഗുണം ഇല്ല. കോമളത്വം ഇല്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല.'' അദ്ദേഹം രോഗം ശീലിച്ചവനെപ്പോലെ ഇരുന്നു. ആജാനബാഹു ആയിരുന്നില്ല, വാഗ്‌വിലാസം ഉണ്ടായിരുന്നില്ല. ബുദ്ധിയുടെ അത്യുന്നതമായ മേഖലകളിലേക്കൊന്നും അദ്ദേഹം കടന്നില്ല. ഈ ലോകത്തിൽ നിസ്സാരനെപ്പോലെ ജീവിച്ചു, അദ്ദേഹത്തെ കാണുമ്പോഴൊക്കെ, നമ്മുടെ കർത്താവ് തന്റെ മഹത്വം വെടിഞ്ഞിട്ട് മനുഷ്യരൂപത്തിലായി ദാസവേഷം അണിഞ്ഞു എന്ന് പൗലോസ് ശ്ലീഹാ പറഞ്ഞത് ഓർക്കും. അതാണ് വാസ്തവത്തിൽ ഈ പിതാവിൽ കണ്ടുകൊണ്ടിരുന്നത്. ഇതാ ദൈവപുത്രന്റെ സാദൃശ്യത്തിൽ മഹത്വം വെടിഞ്ഞ് നമുക്കുവേണ്ടി ഒരു മഹാപുരോഹിതൻ ദാസരൂപമെടുത്തിരിക്കുന്നു. അദ്ദേഹത്തെ എത്രയോ ആളുകൾ നിന്ദിച്ചിട്ടുണ്ട്; നമ്മുടെ വലിയ പ്രമാണിമാർ, നമ്മുടെ മഹാപുരോഹിതന്മാർ, നമ്മുടെ ഈ ലോകത്തിലെ വലിയ ആളുകളൊക്കെ അദ്ദേഹത്തെ പലപ്പോഴും അവഗണിച്ചതായിട്ട് അനുഭവപ്പെട്ടിട്ടുണ്ട്. കാരണം, അത്രയധികം നിന്ദ്യമായ ഒരു ബാഹ്യരൂപവുമൊക്കെയായിരുന്നു അദ്ദേഹം അണിഞ്ഞിരുന്നത്. പക്ഷേ, അത് നമ്മുടെ കർത്താവിന്റെ രൂപമായിരുന്നു. കർത്താവിനെ ആളുകൾ അപമാനിച്ചിട്ടുണ്ട്. ദൈവത്തിന്റെ പുത്രനാണെന്നു പറയുകയും, അതേസമയം വിശന്നും ദാഹിച്ചും അലഞ്ഞും നടന്നിരുന്ന കർത്താവിനെപ്പോലെ നമ്മുടെ ഈ തിരുമേനിയും ദാസരൂപമെടുത്തു; വേഷത്തിൽ കർത്താവിനെപ്പോലെ വെറും സാധാരണ മനുഷ്യനായി എന്നു പറയുന്നതിൽ തെറ്റില്ല. മനുഷ്യത്വത്തിന്റെ എല്ലാ താണവശങ്ങളും അദ്ദേഹത്തിൽ കാണുവാനാണ് പലരും ശ്രമിച്ചത്. പക്ഷേ, ഏതാനും വർഷങ്ങൾക്കകം



നമുക്ക് മനസ്സിലാകും, ഈ മനുഷ്യൻ വിശുദ്ധിയുടെ പര്യായമായിരുന്നു, ദൈവതേജസ്സിന്റെ പ്രതിരൂപമായിരുന്നു എന്ന്. നഥാനിയേലിനെപ്പോലെ ഇതാ കപടമില്ലാത്ത ഒരു മഹാപുരോഹിതൻ, കളങ്കമില്ലാത്ത ദൈവദാസൻ എന്ന് നമുക്ക് എല്ലാവർക്കും പറയാൻ ഇടയാകും.

അദ്ദേഹത്തിന്റെ ഉള്ളിൽ ആർദ്രത ഉണ്ടായിരുന്നു. ഞാൻ നേരിട്ട് കണ്ട ഒരു സംഭവം ഓർക്കുന്നു. വൈദികസെമിനാരിയിൽ കുശിനിയിൽ ജോലി ചെയ്യുന്ന ഒരാളിന്റെ കാലൊന്നു മുറിഞ്ഞു. തിരുമേനി (കെ. കെ. മാത്യൂസച്ചൻ) പെട്ടെന്ന് അവിടെ ഓടിച്ചെന്ന് നിലത്തിരുന്ന് കാല് പരിചരിക്കുകയും മരുന്ന് വെച്ച് മുറിവ് കെട്ടുകയും ചെയ്തു. രോഗികളോടുള്ള തന്റെ വലിയ കാരുണ്യം കർത്താവിന്റെ മാതൃക തന്നെയായിരുന്നു. മാത്യൂസച്ചൻ ഒരു ലേഡീസ് സൈക്കിളിൽ ദിവസവും കോട്ടയം ജില്ലാ ആശുപത്രിയിൽ രോഗികളെ കാണാൻ നാലു മണിക്ക് പോകുകയും കൃത്യം 6 മണിക്കു മുമ്പായി വിയർത്തൊലിച്ച് സെമിനാരി ചാപ്പലിൽ വരികയും ചെയ്യുന്നത് ഞങ്ങളെല്ലാം കണ്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മാത്രം മുറിയിലെ ഫാനിൽ ചിലന്തി, വല കെട്ടുമായിരുന്നു. കാരണം, എത്ര ചൂടുണ്ടെങ്കിലും ആ ഫാൻ അദ്ദേഹം ഉപയോഗിക്കുകയില്ലായിരുന്നു. വേഷത്തിലും ഭക്ഷണത്തിലും പെരുമാറ്റത്തിലുമെല്ലാം അതീവ ലാളിത്യം പുലർത്തിയ ഈ തിരുമേനിയുടെ മാതൃക നഷ്ടപ്പെട്ടു പോകരുതേ, പോകരുതേ എന്നു മാത്രമാണ് നമ്മുടെ പ്രാർത്ഥന. കാരണം, നമ്മുടെ യുവജനങ്ങൾ കുറെപ്പേരെങ്കിലും, നമ്മുടെ വൈദിക വിദ്യാർത്ഥികളിൽ കുറെപ്പേരെങ്കിലും തിളക്കങ്ങളിൽ അഭിരമിക്കുന്നവരാകാം, ആ തിളക്കങ്ങളിലേക്ക് വശീകരിക്കുന്ന മാതൃകകളും നമ്മൾ നിത്യം കാണുന്നുണ്ട്. അതുകൊണ്ട് ദയവായി നമ്മുടെ ഈ തിരുമേനിയുടെ മാതൃക നഷ്ടപ്പെടുത്തരുത്. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോട് നമുക്കെല്ലാം അഗാധമായ നന്ദിയുണ്ട്. കാരണം, ബർണബാസ് തിരുമേനിയെ പാമ്പാടി തിരുമേനിയുടെ കബറിങ്കലേക്ക് കൊണ്ടുവരുവാൻ ഈവാനിയോസ് തിരുമേനിയെ തോന്നിപ്പിച്ചത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. പ. പാമ്പാടി തിരുമേനിയുടെ പാരമ്പര്യമാണ് നമ്മുടെ ബർണബാസ് തിരുമേനിക്കുള്ളത്. അദ്ദേഹത്തെ സ്നേഹപൂർവ്വം പരിചരിച്ച കുഞ്ഞുങ്ങളോട് ഞാൻ സംസാരിച്ചു. അവർ പറഞ്ഞു, തിരുമേനി അവിടെയിരുന്ന് നോക്കുമ്പോൾ വഴിയെ പോകുന്ന എല്ലാവരെയും വിളിച്ച് ഭക്ഷണം കൊടുക്കാൻ പറയും, കാക്കകൾക്കു പോലും ചോറു കൊടുക്കാൻ പറയും എന്നവർ പറഞ്ഞു. അതാണ് പാമ്പാടി തിരുമേനിയുടെ ആത്മാവ്. ദൈവം മനുഷ്യനായിത്തീർന്നപ്പോൾ, എന്താണ് പാപികളായ നമ്മോട് കാണിച്ചത്, ആ ആർദ്രതയുടെ, ആ സഹാനുഭൂതിയുടെ അടയാളമാണത്. അതുകൊണ്ട് അത് വലിയ ആദ്ധ്യാത്മിക അനുഭവമാണ്. കോട്ടയം ഭദ്രാസനത്തിനു മാത്രമല്ല, സഭയ്ക്കു മുഴുവനും വലിയ ധന്യമായ അനുഭവമാണ് തിരുമേനി ഇവിടെ വന്നത്. ഇപ്പോൾ തിരുമേനി നമ്മോട് യാത്ര പറയുന്നു, പക്ഷേ, നമുക്ക് നല്ല മാതൃക തിരുമേനി വച്ചിരിക്കുന്നു; ആ മാതൃക നമുക്ക് പിൻപറ്റാം. ഞങ്ങളുടെ എല്ലാം ആരാധ്യനായ ഈ ഗുരുവിനെ ഞങ്ങൾ ഹൃദയത്തിൽ കുടിയിരുത്തുന്നു. അദ്ദേഹം ബാഹ്യമായി, ഭൗതികമായി അപ്രത്യക്ഷനായാലും അദ്ദേഹം കാണിച്ച നല്ല മാതൃകയും അദ്ദേഹത്തിന്റെ നല്ല വാക്കുകളും നമുക്ക് ഓർക്കാം. എല്ലാറ്റിനുമുപരിയായി ദൈവത്തിന്റെ പുത്രൻ മനുഷ്യാവതാരം ചെയ്തതിന്റെ മാതൃകയിൽ അദ്ദേഹവും ഇവിടെ പ്രവർത്തിച്ചു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെയെല്ലാവരെയും ആശ്വസിപ്പിക്കട്ടെ. ഈ പിതാവിന്റെ ഓർമ്മ ധന്യമായിത്തീരട്ടെ. 'വിശ്വസ്തനും സത്യസന്ധനുമായ എന്റെ ദാസാ, എന്റെ പിതാവിന്റെ അവകാശത്തിലേക്കു പ്രവേശിക്കുക' എന്ന് നമ്മുടെ കർത്താവ് ഈ തന്റെ യഥാർത്ഥ ശുശ്രൂഷകനോട് പറയുന്ന ശബ്ദം നമുക്ക് കേൾക്കുകയും ചെയ്യാം.

*(മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ ഭൗതികദേഹം ഡിസം. 11-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിന്നും വിലാപയാത്രയായി കൊണ്ടുപോകുന്നതിന് മുമ്പ് ചെയ്ത അനുസ്മരണം)*

■

## അന്ത്യവിശ്രമം വളയൻചിറങ്ങരയിൽ




# മാർ ബർന്നബാസിന് യാത്രാമൊഴി...

കോട്ടയം : മലങ്കര ഓർത്തഡോക്സ് സഭ സീനിയർ മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ കബറടക്കം വളയൻചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു.

ഡിസംബർ 9-ന് പുലർച്ചെ 2.30-നായിരുന്നു അന്ത്യം. ഭൗതിക ശരീരം പാമ്പാടി ദയറായിൽ പൊതുദർശനത്ത് വച്ചു. പഴയ സെമിനാരി, കോലഞ്ചേരി വഴി മാതൃ ഇടവകയായ പെരുമ്പാവൂർ വളയംചിറങ്ങരയിൽ ഭൗതിക ശരീരം എത്തിച്ചു.

അമേരിക്കൻ ഭദ്രാസനാധിപനായി വിരമിച്ചശേഷം കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രത്യേക നിർദ്ദേശപ്രകാരം പാമ്പാടി ദയറായിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. വൈദികനായിരുന്നപ്പോൾ ബർന്നബാസ് തിരുമേനിയെ പാമ്പാടി തിരുമേനി ദയറായിൽ താമസിക്കുവാൻ ക്ഷണിച്ചിരുന്നു.

വിരമിച്ച ശേഷം ദയറായിൽ താമസിക്കുവാൻ അവസരം ലഭിച്ചത് ഭാഗ്യമായി എന്ന് മാർ ബർണബാസ് മെത്രാപ്പോലീത്താ പറഞ്ഞിരുന്നു. പ. ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ വലിയ ബാവാ പാമ്പാടിയിൽ എത്തി പ്രാർത്ഥന നടത്തി. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ദയറായിൽ എത്തി അന്ത്യോപചാരമർപ്പിച്ചു.




## സമകാലികം

**അഡ്വ. ബേബി പുഞ്ചക്കോണം**

സ്ത്രീകൾക്കുവേണ്ടി പ്രത്യേകം വ്യവസ്ഥകൾ ഉണ്ടാക്കാം എന്നൊക്കെ ഭരണഘടനയിൽ എഴുതിയിട്ടുണ്ടെങ്കിലും ഇനിയും സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ പലതും ചെയ്യേണ്ടതാണ്.

ചില പ്രത്യേക സാഹചര്യത്തിൽ നമ്മുടെ പേരും താമസ സ്ഥലവും പോലിസ് ആഫീസർ ചോദിച്ചാൽ വിസമ്മതിക്കുകയോ പറഞ്ഞത് ശരിയല്ലെന്ന് പോലീസിന് തോന്നുകയോ ചെയ്താൽ നമ്മളെ അറസ്റ്റ് ചെയ്യാൻ

# വനിതാ സുരക്ഷിതത്വം നിയമങ്ങളിൽ....?

സ്ത്രീ ഒരിക്കലും അപമാനിക്കപ്പെടുകയില്ല, അവഹേളിക്കപ്പെടുകയില്ല, ദ്രോഹിക്കപ്പെടുകയില്ല, എന്നൊരു സ്ഥിതി സംജാതമാകാതെ സ്ത്രീകൾ സുരക്ഷിതരെന്ന് പറയാൻ കഴിയുമോ?

**സ്ത്രീ** സംരക്ഷണ നിയമങ്ങൾ കൂടുതലുള്ള ഒരേയൊരു രാജ്യമാണ് നമ്മുടെ ഭാരതം. ഇന്ത്യൻ പാർലമെന്റിന്റെ മൃഗീയ പുരുഷ ഭൂരിപക്ഷം തന്നെയാകാം സ്ത്രീ സംരക്ഷണ നിയമങ്ങളുടെ ആധിക്യത്തിനു കാരണം. സ്ത്രീ ഇപ്പോഴും സുരക്ഷിതരും സ്വതന്ത്രരുമാണോ? ഒരു സ്ത്രീക്ക് സർവ്വാഭരണ ധാരിയായി റോഡിലൂടെ ഒറ്റയ്ക്കു സഞ്ചരിക്കുവാൻ കഴിയുമോ?

സ്ത്രീ ഒരിക്കലും അപമാനിക്കപ്പെടുകയില്ല, അവഹേളിക്കപ്പെടുകയില്ല, ദ്രോഹിക്കപ്പെടുകയില്ല, എന്നൊരു സ്ഥിതി സംജാതമാകാതെ സ്ത്രീകൾ സുരക്ഷിതരെന്ന് പറയാൻ കഴിയുമോ?

സ്ത്രീ പുരുഷ വ്യത്യാസത്തിന്റെ പേരിൽ വിവേചനം പാടില്ല. വരെ നിയമമുള്ള ഈ രാജ്യത്ത് എവിടെ സുരക്ഷിതത്വം.

നിയമം വനിതകൾക്കു നൽകുന്ന അവകാശങ്ങൾ:

1. വനിതകളെ പോലീസ് സ്റ്റേഷനിലേക്ക് വളിച്ചു വരുത്തി ചോദ്യം ചെയ്യാൻ പോലീസിന് അവകാശമില്ല.

2. സ്ത്രീകളെ ചോദ്യം ചെയ്യണമെങ്കിൽ സ്ത്രീകളുടെ വീട്ടിൽ അവരുടെ കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ആകണം.

3. അറസ്റ്റു ചെയ്ത വനിതയെ കൈയ്യാമം വെയ്ക്കാൻ പാടില്ല.

4. സ്ത്രീയെ അറസ്റ്റ് ചെയ്ത വിവരം അവരുടെ ബന്ധുവിന്റെ അടുത്തോ, ഏറ്റവും അടുത്ത കൂട്ടുകാരികളുടെ അടുത്തോ രേഖാമൂലം അറിയിക്കണം.

## സ്ത്രീത്വം അപമാനിക്കപ്പെടരുത് : പ. കാതോലിക്കാ ബാവാ

പുതുവർഷക്കാലത്ത് സമൂഹത്തിൽ ശാന്തിവളർത്തണമെന്ന് പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

സ്ത്രീത്വം അപമാനിക്കപ്പെടുന്ന പ്രവണത സംസ്കൃത സമൂഹത്തിന് ചേരുന്നതല്ലെന്നും മൃഗങ്ങളെക്കാൾ അധഃപതിച്ച മനുഷ്യരുടെ ഹീനപ്രവൃത്തികൾ ജീവിതം നരക തുല്യമാക്കുകയാണെന്നും പരിശുദ്ധ ബാവാ പറഞ്ഞു.

ധാർമ്മിക മൂല്യങ്ങൾ അവഗണിച്ച് ഭൗതിക നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസവും ലഹരി ആസക്തിയും ഇതിന് കാരണമാകുന്നുണ്ട്. ഇതിന് പരിഹാരമായി അടിയുറച്ച ദൈവവിശ്വാസത്തിലും മനുഷ്യസ്നേഹത്തിലും അടിസ്ഥാനമുള്ള ഉത്തമ കുടുംബ ബന്ധങ്ങൾ വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്.

കുടുംബങ്ങളിലും വിദ്യാലയങ്ങളിലും തിന്മയ്ക്കെതിരെ ബോധവത്കരണം നടത്തണം.

കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് അധികൃതർ ശക്തമായ നടപടികൾ കൈക്കൊള്ളണമെന്നും കല്പനയിൽ ആവശ്യപ്പെട്ടു.



5. വാറണ്ടില്ലാതെ സ്ത്രീകളെ അറസ്റ്റ് ചെയ്താൽ അവരെ അപ്പോൾ തന്നെ ആയതിന്റെ കാരണങ്ങളും ജാമ്യത്തിനുള്ള അവകാശവും അറിയിക്കാൻ പോലീസ് ബാദ്ധ്യസ്ഥമാണ്.

6. വനിതകളെ ദേഹപരിശോധനയ്ക്കു വിധേയമാക്കുന്നെങ്കിൽ മര്യാദയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മറ്റൊരു സ്ത്രീയെക്കൊണ്ട് ആയിരിക്കണം.

7. രാത്രി സമയത്ത് ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യേണ്ടിവരുന്നെങ്കിൽ അറസ്റ്റിനു മുൻപേ മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങിയിരിക്കണം.

8. സ്ത്രീകളുടെ മൊഴി രേഖപ്പെടുത്തുന്നുയെങ്കിൽ സ്ത്രീയെ മാന്യമായ ഇരിപ്പിടത്തിൽ ഇരുത്തികൊണ്ടായിരിക്കണം.

9. അറസ്റ്റ് മൊമ്മൊറാണ്ടം തയ്യാറാക്കി 24 മണിക്കൂറിനുള്ളിൽ മജിസ് ട്രേറ്റിന്റെ മുൻപിൽ അറസ്റ്റ് ചെയ്ത വ്യക്തിയെ ഹാജരാക്കണം.

10. മജിസ്ട്രേറ്റിന്റെ അടുത്ത് പോലീസ് എന്നെങ്കിലും അപമര്യാദയായി പെരുമാറിയിട്ടുണ്ടെങ്കിൽ പരാതിപ്പെടാൻ മടിക്കരുത്.

11. കഴിവതും വനിതാ പോലീസിന്റെ സേവനം സ്ത്രീകളെ അറസ്റ്റു ചെയ്യുന്നതിന് വിനിയോഗിക്കണം.

പല അവസരങ്ങളിലും ഭീതികൊണ്ടോ അറിവില്ലായ്മകൊണ്ടോ, ചില ഉദ്യോഗസ്ഥന്മാരുടെ നിയമ നിഷേധന പ്രവർത്തികൾ വേണ്ടവിധം പ്രതിരോധിക്കുവാൻ വിദ്യാഭ്യാസമുള്ള വനിതകൾക്കുപോലും സാധിക്കാതെ വരുന്നതായി കാണപ്പെടുന്നുണ്ട്. നിയമങ്ങൾ സജീവമാകുന്നത് ആ നിയമംകൊണ്ട് ആർക്കാണോ പ്രയോജനം അവർക്കും അറിവുണ്ടായിത്തീരുമ്പോഴാണ്. ആകയാൽ നിയമ പഠനം എല്ലാ മേഖലകളിൽപ്പെട്ടവർക്കും അനിവാര്യമാണ്.

പരമാവധി നീതി ഉറപ്പു വരുത്തേണ്ടതിന് നിലവിലുള്ള ഗാർഹിക ക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിനു പുറമേ ദേശിയ വനിതാ കമ്മീഷൻ എന്ന സ്ഥാപനം കൂടി പ്രവർത്തിക്കുന്നു. സ്ത്രീകളുടെ അവകാശ ലംഘനം അവരുടെ സംരക്ഷണം, സമത്വം, വികസനം എന്നിവ ഉറപ്പു വരുത്തുന്ന നിയമങ്ങളിലെ അപാകതകൾ പരാതികൾ, സ്വമേധയായോ, അല്ലാതെയോ പരിശോധിക്കുകയും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ച് പരിഹാരം തേടുകയും ചെയ്യുന്ന സ്ഥിരസംവിധാനവും നിലവിൽ ഉണ്ട്.

സ്ത്രീ സംരക്ഷണ നിയമങ്ങളുടെ ധാരാളിത്തത്തിനിടയിലും, സ്ത്രീകൾ കൂടുതൽ കൂടുതലായി പീഡിപ്പിക്കപ്പെടുന്നുവെന്ന് പത്രങ്ങളും ദൃശ്യമാധ്യമങ്ങളും റിപ്പോർട്ടു ചെയ്യുന്നുണ്ട്. സ്ത്രീ പീഢനം അതിഭീകരമായി രാജ്യത്ത് വർദ്ധിക്കുന്നില്ലേ?

### വാൽക്കഷണം

സ്ത്രീപക്ഷ നിയമങ്ങളുടെ ഔദാര്യം മൂലം ശിഥിലമാക്കപ്പെടുന്ന കുടുംബ ബന്ധങ്ങൾ പോലും ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കാനാവില്ല. ●

## ശതാബ്ദി ക്വിസ്

### ഉത്തരസൂചിക

1. 1912 (സെപ്റ്റംബർ 15); 2. പ. ഇഗ്നാത്യോസ് അബ്ദേദ് മശിഹാ (രണ്ടാമൻ) പാത്രിയർക്കീസ്; 3. നിരണം സെന്റ് മേരീസ് വലിയപള്ളി; 4. ബസേലിയോസ്; 5. ഓർഡർ ഓഫ് സെന്റ് തോമസ്; 6. പ. ബസേലിയോസ് പൗലോസ് I കാതോലിക്കാ; 7. വള്ളിക്കാട് ദയറാ, വാകത്താനം; 8. പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് VI മലങ്കര; മെത്രാപ്പോലീത്താ, (വട്ടശ്ശേരിൽ); 9. പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് VI മലങ്കര മെത്രാപ്പോലീത്താ, (വട്ടശ്ശേരിൽ); 10. പ. ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ (1934); 11. 1934; 12. അൽവാറീസ് മാർ യൂലിയോസ് (ഗോവ) 1923; 13. പത്രോസ് മാർ ഒസ്താത്തിയോസ്; 14. 1932 (ഏപ്രിൽ 22, (പല പുസ്തകങ്ങളിലും 1931 എന്നു കാണുന്നത് ശരിയല്ല); 15. 1934 – 35 (1934 ഡിസംബർ 26 നു തീരുമാനിച്ച് 1935 ൽ ശേഖരിച്ചു); 16. പ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, (പരുമല); 17. 2003 (ഫെബ്രുവരി 24); 18. പ. ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ (35 വർഷം); 19. 1958; 20. സെറാമ്പൂർ സർവ്വകലാശാല (സെനറ്റ് ഓഫ് സെറാമ്പൂർ); 21. പ. ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ (1964); 22. പ. ബസോലിയോസ് ഔഗേൻ I കാതോലിക്കാ (1975); 23. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I കാതോലിക്കാ; 24. 1953; 25. 1958; 26. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് I കാതോലിക്കാ (2010); 27. പാമ്പാക്കുട (സെന്റ് തോമസ് ചെറിയപള്ളി); 28. സി.എം. സ്റ്റീഫൻ; 29. പ. ഇഗ്നാത്യോസ് ഏലിയാസ് III പാത്രിയർക്കീസ്; 30. 1961 (ന്യൂഡൽഹി); 31. പ. ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ (1912 – 64); 32. 1964; 33. ഹെയ്‌ലി സെലാസി ചക്രവർത്തി; 34. സാറാ ചാക്കോ; 35. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് I കാതോലിക്കാ (14); 36. 2011; 37. ഗീവർഗീസ് മാർ ഒസ്താത്തിയോസ്; 38. കോട്ടയം (എം.ഡി.സെമിനാരി); 39. ഒ.പി. ശോശാമ്മ; 40. 1972

**ശതാബ്ദി ക്വിസ്:** പങ്കെടുത്തവർ – 174, എല്ലാം ശരിയാക്കിയവർ – 24, ഒരെണ്ണം തെറ്റിയവർ – 38, ആകെ = 62

**വിജയികൾ : 1. സൂസൻ റെജി, ഉലകംപറമ്പിൽ, മെഴുവേലി 2. സിനു സൂസൻ ജേക്കബ്, കുന്നത്ത്, കൊട്ടാരക്കര 3. ജോ. റ്റി. ജോർജ്, പണിവിള, കുണ്ടറ.**

### എല്ലാ ചോദ്യത്തിനും ശരി ഉത്തരം അയച്ചവർ:

1. എൻ.പി. എബ്രഹാം, നടുവിലേക്കര, അയ്മനം, 2. ജോ. റ്റി. ജോർജ്, പണിവിള, കുണ്ടറ, 3. ഹന്ന പുന്നൂസ്, അയ്മനം, 4. അന്നക്കുട്ടി എബ്രഹാം അയ്മനം, 5. ആഷാ ജേക്കബ്, പൂവത്തൂർ കടമ്മനേത്ത്, ചെങ്ങന്നൂർ, 6. (പേരില്ല) 7. എബിൻ വിനോദ്, നടുവിലേക്കര, അയ്മനം, 8. സൂസൻ റെജി, ഉലകംപറമ്പിൽ, മെഴുവേലി, 9. ഓമന ജോൺ, മടയ്ക്കൽ, ആലുവ, 10. ഡോ. ഏലിയാമ്മ ഐസക്, കിണറ്റുംകര കിഴക്കേതിൽ, പുത്തൂർ, 11. ആനി ലാൽ, കെ.വി. പറമ്പിൽ, എരുമേലി, 12. സഞ്ചോ വർഗീസ് കുര്യൻ, കരിപ്പോളിൽ, ഇരവിപേരൂർ, 13. ഐറിൻ അന്നാ വർഗീസ്, കൊട്ടയ്ക്കാട്ട് പുല്ലടിയിൽ, ഇരവിപേരൂർ, 14. ജൂലിയൻ ജേക്കബ്, ഹിൽവ്യൂ, അടുതല, 15. മിനി ജോൺസൺ, ജോ ഭവൻ, കിടങ്ങന്നൂർ, 16. മേരി കുര്യൻ, പുത്തൻപറമ്പിൽ, തിരുവല്ല, 17. മിനി ജേക്കബ്, കുന്നത്ത്, കോട്ടാരക്കര, 18. സിനു സൂസൻ ജേക്കബ്, കുന്നത്ത്, കോട്ടാരക്കര, 19. പി.വി. ഫിലിപ്പ്, പുല്ലങ്കേരിൽ, വാളക്കുഴി, 20. ബിനു പാപ്പച്ചൻ, വടക്കേ ആലയ്ക്കൽ, പുത്തൂർ, 21. റവ. സിസ്റ്റർ ഹെലൻ, നസ്രേത്ത് കോൺവെന്റ്, കടമ്പനാട്, 22. അന്നമ്മ ഈപ്പൻ, വേങ്കടത്ത് ചിറയ്ക്കൽ, പുതുപ്പള്ളി.

**ഒരെണ്ണം ഒഴികെ എല്ലാം ശരിയാക്കിയവർ:** 1. ഷോളി എലിസബത്ത് കുരുവിള, പത്തിപ്പറമ്പിൽ, പീച്ചി, 2. ജോസി ജോൺ, വിളയിൽ ജോസി ഭവൻ, നല്ലില, 3. എബിൻ എൻ.വി., നടുവിലേക്കര, അയ്മനം, 4. തോമസ് പുന്നൻ, നടുവിലേക്കര, ആർപ്പൂക്കര 5. ബെറ്റി എബ്രഹാം, മുടയംകുളം, കുറിച്ചി, 6. ജാനെറ്റ് എലിസബത്ത് കുര്യൻ, അഴകംതാനത്ത് ജോ ഭവൻ, കുന്നന്താനം. 7. മാത്യു ചെറിയാൻ, തോപ്പിൽ പീടികയിൽ, പുറമറ്റം 8. അനിൽ പുന്നൂസ്, നടുവിലേക്കര, അയ്മനം, 9. ഷൈലമ്മ തോമസ്, മണക്കുളത്തിൽ, ആനിക്കാട്, 10. സൂസൻ ബാബു, ചിറക്കടവിൽ, തൃശൂർ, 11. ശൈനോ സൂസൻ ബേബി, പൊടിപ്പാറയ്ക്കൽ, പാമ്പാടി, 12. പുന്നൻ എബ്രഹാം, അയ്മനം, 13. എം.വി. വർഗീസ്, റാഞ്ചി, 14. ബിബിത കെ. ബേബി, കാഞ്ഞിരത്തുംവീട്ടിൽ, തൃശൂർ, 15. ലില്ലിക്കുട്ടി മാത്യു, കെ.വി. പറമ്പിൽ, എരുമേലി, 16. മനു തങ്കച്ചൻ, കല്ലടവിളയിൽ, അടൂർ, 17. ലയ എൽസാ സന്തോഷ്, ചിറയിൽ ഗ്രേസ് കോട്ടേജ്, ചേപ്പാട്, 18. റവ. സിസ്റ്റർ എസ്ഥേർ, നസ്രേത്ത് കോൺവെന്റ്, കടമ്പനാട്, 19. ലെയ് ജോർജ്, ഹിൽ ഗാർഡൻസ്, തൃശൂർ, 20. മിസിസ്സ്. ജോൺ മാത്യു, കൂടാരത്തിൽ, കോട്ടയം, 21. അച്ചാമ്മ ചെറിയാൻ, തെക്കേപ്പുറത്ത് വെട്ടിയിൽ, വാകത്താനം, 22. ശേബാ എലിസബത്ത് സഖറിയ, പള്ളിയ്ക്കാപറമ്പിൽ, വാകത്താനം, 23. ശൈനോ സൂസൻ സഖറിയാ, പള്ളിയ്ക്കാപറമ്പിൽ, വാകത്താനം, 24. ഷൈനി പോൾ, താഴത്തേടത്ത്, മലപ്പുറം, 25. സൂസമ്മ രാജൻ, കൊൽക്കത്ത, 26. റിയാ ജോസഫ്, വടക്കേടത്ത്, മുക്കൂട്ടുതറ, 27. പ്രിൻസി പ്രിൻസ്, മഠത്തറമ്പിൽ, വാകത്താനം, 28. ജോർജ് എബ്രഹാം, പവായ്, മുംബൈ, 29. ജെസി മാത്യു, കിതൊവില്ല, ചോറ്റാനിക്കര, 30. സാലി മാത്യു, മലാഡ്, മുംബൈ, 31. ജെനു ജോസഫ്, സെന്റ്. മേരീസ് ചർച്ച്, എർണാവൂർ, ചെന്നൈ, 32. എബി മാത്യു എബ്രഹാം, മണക്കാലാകിഴക്കേതിൽ, കുളനട, പന്തളം, 33. ഗ്രേസിക്കുട്ടി ജോൺ, കുഴിക്കാട്ടിൽ, പൂജപ്പുര, 34. മേരി ജോർജ്, പവായ്, മുംബൈ, 35. ആലീസ് എബ്രഹാം, കോയമ്പത്തൂർ, 36. സൂസൻ ജോർജ്, കാട്ടുപറമ്പിൽ, നിരണം, 37. പി.ജെ. എബ്രഹാം, പടിഞ്ഞാറ്റേടത്ത് അനീഷ് വില്ല, തിരുവല്ല., 38. മെൽവിൽ തോമസ്, മുല്ലരിക്കോന്നത്ത്, തൃശൂർ.

ഓർമ്മച്ചെപ്പ്

ഡോ. എം. എസ്. പോൾ

ചരിത്ര ബോധത്തിന്റെ പകൽ വെളിച്ചത്തിൽ മാത്രമേ ചരിത്രനിഷേധങ്ങളെ പ്രതിരോധിക്കുവാൻ കഴിയുകയുള്ളൂ പൗരസ്ത്യ പ്രബുദ്ധതയുടെ ആഴവും സമഗ്രതയും ഉൾക്കൊള്ളുന്നതാണ് ഭാരതീയ പാരമ്പര്യം.



# പകർപ്പുകളുടെ കാലം ചരിത്ര നിരാസത്തിന്റെയും



ഉത്തരാധുനിക വർത്തമാന കാലം വ്യാജ പകർപ്പുകളുടെയും ചരിത്ര നിരാസത്തിന്റേതുമാണ്. യഥാർത്ഥ്യത്തെ പലതരം വ്യാജയാഥാർത്ഥ്യങ്ങളായി അവതരിപ്പിക്കുന്നതിനെയാണ് ഫ്രഞ്ച് ഉത്തരാധുനിക ചിന്തകനായി ജീൻ ബോദ്രിയാർ Simulacra എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. വ്യാജ പകർപ്പുകളുടെ വർത്തമാന കാലം നമ്മുടെ ചരിത്രബോധത്തെയും തിരിച്ചറിവുകളെയും കീഴ്മേൽ മറിക്കുകയും ശിഥിലമാക്കുകയും ചെയ്യുന്നു. വിപണിയുടെ ആസൂത്രിതമായ പ്രവർത്തനം ഇതിനു പിന്നിലുണ്ട്. ഇത്തരം പകർപ്പുകളും വ്യാജ നിർമ്മിതികളും ഇന്ന് നമുക്ക് ചുറ്റുമുണ്ട്. യഥാർത്ഥ ചരിത്രം നിഷേധിച്ചുകൊണ്ടും സ്ഥാപിത താല്പര്യങ്ങളെ പകരം പ്രതിഷ്ഠിച്ചുകൊണ്ടും നടത്തുന്ന ചരിത്ര നിഹിതികളും വ്യാജ നിർമ്മിതികളും അക്ഷന്തവ്യമായ കുറ്റകൃത്യമാണ്. ഏതെങ്കിലും സഭയെയോ സമുദായത്തെയോ പ്രതിസ്ഥാനത്തു നിർത്തുകയല്ല. മറിച്ച ചില വസ്തുതകൾ ചൂണ്ടിക്കാട്ടുക മാത്രമാണിവിടെ ചെയ്യുന്നത്.

സഭകൾ വിശ്വാസ സംബന്ധിയായ കാര്യങ്ങൾ സ്ഥാനസൂചകമായ നാമപദങ്ങൾ എന്നിവയിലെല്ലാം ഈ വ്യാജ പകർപ്പുകൾ ഇന്ന് കടന്നു കൂടിയിട്ടുണ്ട്. ഇത്തരം വ്യാജയാഥാർത്ഥ്യങ്ങളുടെ സൃഷ്ടി ഇൻഡ്യൻ ഓർത്തഡോക്സ് സഭയുടെ പാരമ്പര്യത്തെയും ചരിത്രത്തെയും വളരെയേറെ തെറ്റിദ്ധരിപ്പിക്കപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. ഭാരതീയ പാരമ്പര്യത്തിലധിഷ്ഠിതവും അതിപുരാതനവുമായി മലങ്കര ഓർത്തഡോക്സ് സഭയുടെ പേരിലുള്ള 'മലങ്കര' മറ്റുപല സഭകളും ഉപയോഗിക്കുകയും മലങ്കര എന്ന പേരിന് ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യബന്ധത്തെ അത് ശിഥിലമാക്കുകയും ചെയ്തിട്ടുണ്ട്. കാതോലിക്ക, കാതോലിക്കോസ്, കാതോലിക്കാ ബാവ എന്ന സ്ഥാനപ്പേര് സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കുക ബസേലിയോസ് എന്ന പ്രഥമ സ്ഥാനം സൗകര്യപ്രദമായ തരത്തിൽ അനുക

രിക്കുക എന്നതും ഇതിന്റെ തുടർച്ച യാണ്. കേരളത്തിന്റെ വിവിധ സ്ഥല ങ്ങളിലെ അതിപുരാതന ദേവാലയങ്ങ ളുടെ തൊട്ടടുത്ത് അതേ പേരിൽ മറ്റൊരു ആരാധനാലയം നിർവഹിക്കു ക, പെരുന്നാളുകളിലും അനുഷ്ഠാന ങ്ങളിലും നൂറ്റാണ്ടുകളായി തുടർന്നു പോരുന്ന പാരമ്പര്യങ്ങളെ വികൃതമായി അനുകരിക്കുക തുടങ്ങിയവയും വ്യാജ പകർപ്പുകൾ തന്നെ. അടുത്ത കാല ത്തായി മലങ്കര ഓർത്തഡോക്സ് സഭ യുടെ പേരിൽ മറ്റു സഭകളുണ്ടെന്ന ധാരണ പരത്തും വിധം സഭയുടെ പേര് പരാമർശിച്ചുകണ്ടു. ഇത് പുതിയ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

ക്രിസ്തു ശിഷ്യന്മാരുടെ ശ്ലൈഹിക പാരമ്പര്യത്തിലും സിംഹാസനങ്ങളിലു മാണ് ലോകത്തെ പ്രധാന സഭക ളെല്ലാം യാഥാർത്ഥ്യമായിട്ടുള്ളത്. അവ യാണ് യഥാർത്ഥ സഭകൾ. പിൽക്കാ ലത്ത് അധിനിവേശം, സാമ്പത്തിക ലാഭം, സ്ഥാനലബ്ധി തുടങ്ങിയ സങ്കുചിത പ്രേരണകളുടെ പേരിൽ സൃഷ്ടിക്കപ്പെടുകയും മൾട്ടി കോർപ്പ റേറ്റ് കമ്പനികളെപ്പോലെ വളരുകയും ചെയ്യുന്ന നിരവധി സഭകളുണ്ട്. പെയ്മെന്റ് സീറ്റുകൾ വഴി മേലധ്യ ക്ഷൻമാരെ നിശ്ചയിക്കുക, വിശ്വാസി കളെ പ്രലോഭിപ്പിച്ച് സ്വന്തം സഭയി ലേക്ക് ചേർക്കുക, പാരമ്പര്യ വിശ്വാ സങ്ങളെ അന്ധവിശ്വാസങ്ങളാക്കി മാറ്റി നിർത്തുക, ദേശീയതയ്ക്കും സാമൂ ഹിക നീതിക്കും വിരുദ്ധമായ നിലപാ ടുകൾ സ്വീകരിക്കുക എന്നിവ യൊക്കെ ഇത്തരം സഭകളുടെ സവി ശേഷതകളാണ്. വിദ്യാഭ്യാസം ആതുര സേവനം എന്നീ മേഖലകളിൽ കൊള്ള ക്കച്ചവടം നടത്തി സർക്കാരുകളുടെയും ഭരണകൂടത്തെയും വെല്ലുവിളിക്കുന്നത് സഭയുടെ ദൗത്യമല്ല എന്ന തിരിച്ചറിവ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ ചരിത്രം തിരുത്തുകയും വസ്തുതകളെ വളച്ചൊടിക്കുകയും ചെയ്യുന്നതാണ് മറ്റൊന്ന്. ഭാരതസഭയുടെ ചരിത്രം എ. ഡി. 52 മുതൽ ആരംഭിക്കുന്നതാ വൈദേശിക മേല്ക്കോയ്മകളെയും പല കാലങ്ങളിലുണ്ടായിട്ടുള്ള കൊഴി ഞ്ഞുപോക്കുകളെയും അതിജീവിച്ച് ഇന്നും നിലനിൽക്കുന്നതുമാണ്. ചരി ത്രബോധം പൊതുവെ സമൂഹത്തിന്റെ എല്ലാ മേഖലകളിലും നഷ്ടപ്പെട്ടിട്ടു ണ്ട്. സഭാ വിശ്വാസികളിലും ഇത് പ്രക ടമാണ്. വർത്തമാന കാലത്തു മാത്രം ജീവിക്കുകയും താല്ക്കാലികമായ ആത്മീയ ശാന്തി കൈവരിക്കുകയും ചെയ്യുക എന്നതല്ല ഒരു വിശ്വാസിയുടെ ദൗത്യം. മറിച്ച് മഹത്തായ ഒരു പാരമ്പ ര്യത്തിലെ കണ്ണിയാണ് താനെന്ന ബോധ മാണ് ഉണ്ടാവേണ്ടത്. അങ്ങനെയല്ലാത്ത വിശ്വാസികളൊക്കെ ഏതെങ്കിലും ഒരു ഘട്ടത്തിൽ സഭ വിട്ടു പോകുന്നവരാ ണെന്ന കാര്യത്തിൽ തർക്കമില്ല. ഇവി ടെയാണ് ചരിത്രബോധം ഒരു വിശ്വാസി യെ രൂപപ്പെടുത്തുന്നുവെന്ന് പറയാൻ കഴിയുന്നത്. സെന്റ് തോമസ് കേരള ത്തിൽ വന്ന് നാലു ബ്രാഹ്മണ കുടും ബങ്ങൾക്ക് മാമോദീസ നൽകി ക്രിസ്ത്യാനികളാക്കിയെന്ന് അബദ്ധ ജഡിലവും അടിസ്ഥാന രഹിതവുമായ വരേണ്യ ചരിത്രവാദമല്ല മറിച്ച് എ.ഡി. ഒന്നാം ശതകത്തിലെ ഭാരതജനതയുടെ ചരിത്രം മനസിലാക്കി അന്നിവിടെയു ണ്ടായിരുന്ന സകല ജാതികളിൽ നിന്നും ക്രിസ്ത്യാനികളുണ്ടായി എന്ന സമൃഗ്ദർശനമാണ് ഉണ്ടായിവരേണ്ടത്. ആദിമ നൂറ്റാണ്ടിലെ പ്രാചീന ഭാരതീയ പാരമ്പര്യത്തെക്കുറിച്ച് ഭാരതീയ പണ്ഡി തനായ ഡോ. പൗലോസ് മാർ ഗ്രീഗോ റിയോസ് പറയുന്നതിങ്ങനെ "ഭാര തീയരെ സംബന്ധിച്ചിടത്തോളം ഭാരത ത്തിൽ തന്നെയുള്ള പാരമ്പര്യ വൈവി ധ്യത്തെ വേണ്ടത്ര എടുത്തു കാണിക്കു വാൻ നമ്മുടെ എഴുത്തുകാർക്കും ദാർശ നികർക്കും വളരെ പരിമിതമായി മാത്രമേ സാധിച്ചിട്ടുള്ളൂ അവഗണിക്ക പ്പെട്ടു കിടക്കുന്ന പല പാരമ്പര്യങ്ങളും പുനരുദ്ധരിക്കേണ്ടത് ഉദാ.: ആദിവാസി പാരമ്പര്യം ജൈന ബുദ്ധ പാരമ്പര്യം, കേരളത്തിൽ ഹിന്ദുമതത്തിന്റെ വിജയ മുണ്ടാക്കുന്നതുവരെ ഈ നാലു പ്രധാ നമായി ഉണ്ടായിരുന്നത്. ബ്രാഹ്മണമതം ശങ്കരന്റെ കാലത്തിന് മുന്നൂറു വർഷം മുമ്പ് മാത്രമാണ് കുറച്ചൊക്കെ പ്രാബ ല്യത്തിൽ വന്നത്. അതിനുമുമ്പുതന്നെ യഹൂദപാരമ്പര്യവും ക്രൈസ്തവ പാര മ്പര്യവും കേരളത്തിൽ വേരൂന്നിക്കഴി ഞ്ഞിരക്കുന്നു. ശ്രീ രാമാനുജന്റെ കാല ത്തിനു മുമ്പു തന്നെ അറബി കച്ചവട ക്കാരിൽ നിന്നും ലഭിച്ച മുസ്ലീം പാരമ്പ ര്യവും കേരളത്തിന്റെ സ്വന്ത പാരമ്പര്യ ങ്ങളിലൊന്നായി കഴിഞ്ഞിരുന്നു. ഇതെല്ലാം കഴിഞ്ഞ് ഒടുവിൽ പറങ്കിക ളുടേയും ഇംഗ്ലീഷുകാരുടെയും പാശ്ചാത്യ സംസ്ക്കാരവും അതു പോലെ തന്നെ ഈ ശതാബ്ദത്തിൽ മാർക്സിസവും നമ്മുടെ രാജ്യത്ത് വളരെയധികം സ്വാധീനം ചെലുത്തി. ഈ പാരമ്പര്യങ്ങളെയെല്ലാം തന്നെ തങ്ങളുടെതായി കേരളീയരും ഭാരതീ യരും കണക്കിലെടുക്കണം" (പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും; ഡോ. പൗലോസ് മാർ ഗ്രിഗോറിയോ സ്, കറന്റ് ബുക്സ് 1995 പേജ് 39).

ചരിത്ര ബോധത്തിന്റെ പകൽ വെളിച്ചത്തിൽ മാത്രമേ ചരിത്രനിഷേ ധങ്ങളെ പ്രതിരോധിക്കുവാൻ കഴിയു കയുള്ളൂ പൗരസ്ത്യ പ്രബുദ്ധതയുടെ ആഴവും സമഗ്രതയും ഉൾക്കൊള്ളുന്ന താണ് ഭാരതീയ പാരമ്പര്യം അത്രയ ധികം വൈവിധ്യങ്ങളെ അത് പ്രതി ഫലിപ്പിക്കുനനു. സകലതിനെയും സ്വാംശീകരിക്കാനും അതേസമയം സ്വത്വം നിലനിർത്താനുമുള്ള ഭാര തീയ ദാർശനിക പാരമ്പര്യത്തിന്റെ സവിശേഷഭാവം ഭാരതത്തിലെ പുരാ തന ക്രൈസ്തവ വഴിയിലുണ്ട്. ചരിത്ര നിഷേധത്തിന്റെയും വ്യാജ പകർപ്പുകളുടെയും പുതിയകാലത്ത് തനതു പാരമ്പര്യങ്ങൾക്കും തനതു സ്വത്വങ്ങൾക്കും മാത്രമാണ് നില നിൽക്കാൻ കഴിയുക. ചരിത്രത്തെ പുനരാനയിക്കാനും സത്യസന്ധത യോടുകൂടെ അതിനെ സമീപിക്കാനും കഴിയേണ്ടതുണ്ട്. പുതിയ കാല ത്തിന്റെ പ്രതിലോമ സംസ്കൃതിയെ പ്രതിരോധിക്കുവാൻ വേണ്ട പ്രാഥമിക ജ്ഞാനമാണിത്. ■


## കെയർ ടേക്കർ/ ശുശ്രൂഷകൻ ആവശ്യമുണ്ട്

അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലി ലേക്ക് ഒരു കെയർ ടേക്കർ/ശുശ്രൂ ഷകൻ ആവശ്യമുണ്ട്. അപേക്ഷകർ 10-ാം ക്ലാസ്സ് എങ്കിലും പാസ്സായവ രും, 30-നും, 40-നും ഇടയിൽ പ്രായ മുള്ള വിവാഹിതരായ ഓർത്ത ഡോക്സ് സഭാംഗവും ആയിരിക്ക ണം. തെരഞ്ഞെടുക്കപ്പെടുന്നവരുടെ സേവനകാലാവധി രണ്ട് വർഷമാ യിരിക്കും.

താത്പര്യമുള്ളവർ വിശദമായ ബയോഡേറ്റ ഇടവക വികാരിയുടെ സാക്ഷ്യപത്രം സഹിതം താഴെകൊ ടുത്തിരിക്കുന്ന വിലാസത്തിൽ 2013 ജനുവരി 31-ാം തീയതിക്ക് മുമ്പായി കിട്ടത്തക്കവിധം അപേക്ഷിക്കുക.

**The Vicar**
**St. George Orthodox Cathedral**
**P.O. Box. 883**
**Abu Dhabi-U.A.E.**




## എലിസബത്ത് ബോബി

ഈ കാലഘട്ടത്തിൽ നാം നമ്മുടെ സമ്പാദ്യത്തെ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന ബാങ്കുകളിലും Share market, blade company കളിലും നിക്ഷേപിക്കുന്നു. എന്നാൽ ഇത് വെറും താത്ക്കാലികമായ സന്തോഷവും സമ്പാദ്യവുമാണെന്ന് വസ്തുത നമ്മൾ മറന്ന് പോവുകയാണ്. എന്നാൽ ഇതാ, ഒരു സുവർണ്ണാവസരം നിങ്ങളെ തേടി എത്തുന്നു. കൂടുൽ പലിശ നിരക്കിൽ ഇതാ ഒരു share market അതിന്റെ പേരാണ് "Maha-My Accounting in Heavenly Account".

സന്തോഷത്തോടെ ദശാംശം കൊടുക്കുക, അത്യുന്നതൻ നൽകിയതുപോലെ അവിടുത്തേക്ക് തിരികെ കൊടുക്കുക. കർത്താവ് പ്രതിഫലം നൽകുന്നവനാണ്; അവിടുന്ന് ഏഴിരട്ടി തിരികെതരും. രാജാക്കന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്ന വിധവയുടെ സംഭവകഥയിൽ, കൊടിയ വരൾച്ചയുടെ കാലത്ത് ഒരു പിടി മാവ് മാത്രമേ അവരുടെ വീട്ടിലുണ്ടായിരുന്നുള്ളു. എങ്കിൽ തന്നെയും, പ്രവാചകൻ ആവശ്യപ്പെട്ടപ്പോൾ അവർ അതുകൊണ്ട് ഒരപ്പമുണ്ടാക്കി പ്രവാചകനു കൊടുത്തു. നിന്റെ മാവുഭരണി ഒഴിയുകയില്ല എന്ന അനുഗ്രഹമാണ് അവർക്ക് കിട്ടിയത്. നമ്മൾ ഓരോരുത്തരുടെയും മനോഭാവം വ്യത്യസ്തമാണ്.

ചോദിക്കുന്നതിനനുസരിച്ച് അഥവാ ആവശ്യംപോലെ കൊടുക്കാനുള്ള മനോഭാവമാണ് നാം വളർത്തിയെടുക്കേണ്ടത്. 10 ശതമാനമെന്നത് ചിലപ്പോൾ അൻപതു ശതമാനമായൊക്കെ മാറിയെന്നു വരും. പക്ഷെ കർത്താവിന് കടം കൊടുക്കുന്നതൊന്നും വ്യർത്ഥമാവില്ല. അമർത്തിക്കുലുക്കി നിറച്ചളന്ന് അവിടുന്നു നമ്മുടെ മടിയിലേക്ക് ഇട്ടു തരും. ലൂക്കോ. 6:38.

നമ്മുടെ സ്വകാര്യസ്വത്തിന്റെ യഥാർത്ഥ ഉടമസ്ഥൻ കർത്താവാണ്. നാം അതിന്റെ കാര്യസ്ഥന്മാർ മാത്രമേ ആകുന്നുള്ളു അതിനാൽ യഥാർത്ഥ ഉടമസ്ഥന്റെ താത്പര്യങ്ങൾ അനുസരിച്ച് വേണം നാം അതിനെ കൈകാര്യം ചെയ്യാൻ. എന്നിട്ടും ദശാംശം കൊടുത്താൽ ഏഴിരട്ടിയായി പ്രതിഫലം നൽകുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്യുന്നു. ഇതാണ് ദൈവത്തിന്റെ Share Market.

നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിയതിനു ശേഷം നമുക്കൊരിക്കലും ദശാംശം കൊടുക്കാൻ സാധിക്കുകയില്ല. നമ്മുടെ ആവശ്യങ്ങളും, അത്യാവശ്യങ്ങളും നില നിൽക്കെത്തന്നെ ദശാംശം കൃത്യമായി മാറ്റിവയ്ക്കുവാൻ നമുക്ക് സാധിക്കണം. 'വിധവയുടെ ചില്ലിക്കാശ്,' നമുക്ക് തരുന്ന പാഠമാണ്.

പലയിടത്തും ദശാംശത്തിന്റെ സംഘടിതമായ ഉപയോഗങ്ങൾ കാണാം. മറ്റുള്ളവരെ നോക്കുമ്പോൾ ദൈവം നമ്മളെയും നോക്കും. പലരുടെ ദശാംശം ഒരുമിച്ച് ചേരുമ്പോൾ പാവപ്പെട്ട ഒരു പെൺകുട്ടിയുടെ വിവാഹം നടക്കുന്നു, പുതിയ ഒരു കൊച്ച് വീട് പണിയപ്പെടുന്നു. നാണയത്തിന്റെ രണ്ട് വശങ്ങൾ എന്ന നിലയിൽ, ഇതിനെ തിരിച്ചൊന്ന് നോക്കിയാൽ ഈ ഒരു സത്ക്കർമ്മം കൊണ്ട്, നമ്മുടെ പെൺമക്കളുടെ ജീവിതം സന്തോഷ പൂരിതമാവും, നമ്മുടെ വീട് അനുഗ്രഹിക്കപ്പെടും, ഒരു രോഗിയെ സഹായിക്കുപോൾ ദൈവം നമ്മളെ ആ രോഗത്തിൽ നിന്ന് കാത്ത് കൊള്ളും. 10 രൂപ നമ്മൾ സേവ് ചെയ്യുമ്പോൾ 10,000 രൂപ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കും. (eg. Hospital, accident, രോഗങ്ങൾ അങ്ങനെ പലതും). എന്നാൽ 10 രൂപ നൽകുമ്പോൾ അത് 10,000 ആയി വർദ്ധിക്കുന്നു. പലപ്പോഴും ദൈവത്തിനു നൽകേണ്ടത് പിടിച്ചു വയ്ക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിൽ പലവിധ പ്രശ്നങ്ങളും കടന്ന് വരുന്നത്. നമ്മളിലേക്കുള്ള കൃപ അതുവഴി തടയപ്പെടുന്നു. എന്നാൽ ദൈവത്തിനുള്ളത് നൽകിക്കഴിയുമ്പോൾ അവിടുന്ന് നമ്മുടെ കാര്യങ്ങളിൽ ശക്തമായി ഇടപെടും.

"എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളംനിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ" - മലാഖി 3:10.

ദശാംശം ഏറ്റവുമധികം ചെലവഴിക്കപ്പെടേണ്ടത് സഭയുടെ വളർച്ചയ്ക്കും, സുവിശേഷ പ്രഘോഷണത്തിനുമായിരിക്കണം. ദശാംശം ഏതെല്ലാം രീതിയിൽ ആവാം.

1) മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ.

2) സഭയുടെ വളർച്ചയ്ക്കും മറ്റ് ആത്മീയകാര്യങ്ങൾക്കും

3) നമ്മെ ദൈവീക വഴി കാണിച്ച് തന്നതും, തരുന്നതുമായ ആത്മീയ പുരോഹിതന്മാർക്കും, മേൽപട്ടക്കാർക്കും, ശുശ്രൂഷകർക്കും, അവർ അർപ്പിക്കുന്ന കൂദാശകളിലൂടെ നമുക്ക് നല്കപ്പെടുന്ന അനുഗ്രഹങ്ങൾക്ക് പകരമായി നൽകുന്ന ദക്ഷിണകൾ.

4) നേർച്ചകൾ, വഴിപാടുകൾ, കാഴ്ചകൾ

5) കുർബ്ബാന പണങ്ങൾ, മാസവരികൾ.... ദൈവത്തിന്റെ നാമത്തിൽ ദൈവികകാര്യങ്ങൾക്കായി നീതിനിഷ്ഠയോടെ ജീവിക്കുന്നവർക്ക് നമ്മുടെ സമ്പത്തിൽ നിന്ന് ദാനം ചെയ്യുന്നത് ദശാംശം തന്നെയാണ്.

“നിലത്തിലെ വിത്തിലും വൃക്ഷത്തിന്റെ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവക്കുള്ളതു ആകുന്നു. ലേവ്യ. 27:30”.

“എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു. അവൻ ചെയ്ത നന്മയ്ക്കു അവൻ പകരം കൊടുക്കും”. സദൃശ്യ. 19:17”.

ദശാംശം നൽകിയാൽ അനേകം ഇരട്ടിയായി തിരിച്ച് കിട്ടുമെന്ന പ്രതീക്ഷയിൽ നൽകരുത്. നമ്മെ ഏൽപ്പിച്ച ധനം വിശ്വസ്തതയോടെ കാത്ത് സൂക്ഷിക്കുകയാണ് വേണ്ടത്. ദൈവം എല്ലാവർക്കും നൽകുന്നവനാണ്. അതിനാൽ ദൈവമക്കളായ നാമും ആ വിധത്തിലുള്ള സ്വഭാവം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു.

ദശാംശം എങ്ങനെയാണ് കണക്കാക്കുന്നത്?

ദശാംശം = $^{1}/_{10}$ th of our incom

is, if your income is Rs. 10000/- the $^{1}/_{10}$ th of the account is $\frac{10000}{10}$ = Rs. 1000/-

നമുക്ക് ലഭിക്കുന്ന സമ്പാദ്യത്തിൽ നിന്നുള്ള ദശാംസത്തെ Gods Account എന്ന നിലയിൽ ബാങ്കിൽ ഡപ്പോസിറ്റ് ചെയ്യാം. തത്ഫലമായി, ദൈവീകകാര്യങ്ങൾക്ക് മാത്രമായി, അതിനെ പ്രയോജനപ്പെടത്താം. അല്ലാത്ത പക്ഷം, “ദൈവത്തിന്റെ കണക്ക് പുസ്തകം” എന്ന നിലയിൽ ഒരു ബുക്കിൽ തനിക്ക് ലഭിക്കുന്ന വരുമാനങ്ങൾ എഴുതി, അതിന്റെ ദശാംശവും എഴുതി കൃത്യമായി കണക്കുകൾ സൂക്ഷിച്ച് ഇത് ദൈവിക കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്താം. ഇങ്ങനെ, നിങ്ങളുടെ ജീവിതത്തിന്റെ സമ്പാദ്യത്തെ ആത്മാർത്ഥമായി ദൈവത്തിന് വേണ്ടി ക്രമപ്പെടുത്തിയാൽ നിങ്ങൾക്ക് നമ്മളുടെ ഭാവിയെപ്പറ്റിയോ, നമ്മളുടെ വരും തലമുറയുടെ ഭാവിക്ക് വേണ്ടിയോ നിക്ഷേപിക്കേണ്ടി വരില്ല. അത് അവിടുന്ന് സമൃദ്ധിയായി നമ്മുടെ ആവശ്യമനുസരിച്ച് 100 ഇരട്ടി പലിശ നിരക്കിൽ തിരികെ തന്നുകൊള്ളും. ഇത് ദൈവീക വാഗ്ദാനമാണ്.

മുൻ കാലങ്ങളിൽ വലിയ ധനാഢ്യരായി ജീവിച്ചിരുന്ന ചില കുടുംബങ്ങൾ ഈ തലമുറയിൽ നശിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്നതായി ചിലയിടത്ത് നാം കാണാറുണ്ട്. എന്നാൽ ദശാംശം കൊടുക്കുന്നവന്റെ 7 തലമുറ അവന്റെ ദാനം നിമിത്തം അനുഗ്രഹിക്കപ്പെടുമെന്നാണ് പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്ന്. അങ്ങനെ, ദൈവം തന്ന ധനത്തിന്റെ നല്ല കാര്യസ്ഥന്മാരായി, തത്ഫലം ഐശ്വര്യവും, സമ്പൽസമൃദ്ധിയും, സന്തോഷവുമുള്ള ജീവിതം ദൈവം പ്രധാനം ചെയ്യും. ■


6th Death Anniversary
11th January 2013

06-08-1972



11-01-2007

*In Loving Memory of*

Our JOLLYKUTTAN

**(ALEX THARAKAN K. J.)**
**KALAPURACKAL, Gurukripa 12/626**
**G.N.R.A. 82, Pazhava Veedu P.O.,**
**Alapuzha-6880 9**

By Sorrowing Family



**IST DEATH ANNIVERSARY**
**21-01-2013**

In Loving Memory of

MRS. ANNAMMA KUNJU VARUGHESE

**Kappil House,**
**Nannuvakkadu North**
**Pathanamthitta Dist**



By Sorrowing Family



പ്രതികരണം

ഫാ. സി. ജോൺ ചിറത്തലാട്ട്,

# മദ്യം വിളമ്പുന്ന വീട്ടിൽ...

■ ■

അക്രൈസ്തവനായ ഒരു മന്ത്രിയുടെ അൽപം പരിഹാസത്തോടെയാണെങ്കിലും ക്രിസ്തീയ നേതൃത്വത്തിനെതിരെ ചോദിച്ച ചോദ്യത്തിനുത്തരം കൊടുക്കണമെങ്കിൽ ഇടവക തലത്തിൽ മദ്യപാനത്തിനെതിരായി കുരിശുയുദ്ധം പ്രഖ്യാപിക്കണം.

■ ■

2012 നവംബർ മാസം 17-ാം തീയതി ശനിയാഴ്ച ഇറങ്ങിയ ദേശാഭിമാനിപ്പത്രത്തിന്റെ തലക്കെട്ട് "അന്നം മുട്ടും മദ്യം സുലഭം" എന്നായിരുന്നു. തലേ ദിവസം കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി കൊച്ചിയിൽ സംഘടിപ്പിച്ച സംസ്ഥാന ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസ്ഥാന എക്സൈസ് മന്ത്രി കെ. ബാബു നടത്തിയ പ്രസംഗത്തിൽ അവിടെ കൂടിയിരുന്ന പുരോഹിതന്മാരെ ലക്ഷ്യമാക്കിക്കൊണ്ട് ചോദിച്ച ഒരു ചോദ്യം മദ്യം വിളമ്പുന്ന വീട്ടിൽ നിങ്ങൾക്ക് വെഞ്ചെരിപ്പ് ഒഴിവാക്കുവാൻ സാധിക്കുമോ?" എന്നാണ്.

ഈ പത്രവാർത്തവായിച്ചപ്പോൾ മനസ്സിൽക്കൂടി പെട്ടെന്ന് കടന്നു പോയത് രണ്ട് ചിന്തകളാണ്. ഒന്നാമതായി ചിന്തിച്ചത് ഇത് കേരളത്തിലെ ക്രൈസ്തവ സഭാനേതൃത്വങ്ങൾക്കു നേരെ വിരൽ ചൂണ്ടുന്ന ഒരു ചോദ്യമല്ലേ? രണ്ടാമതായി വെഞ്ചെരിപ്പ് അഥവാ കൂദാശ നടത്തുവാൻ വീട്ടിലേയ്ക്കു ചെല്ലുന്ന പുരോഹിതന് ആ വീട്ടിൽ മദ്യം വിളമ്പുന്നു എന്നു മനസ്സിലാക്കുവാൻ സാധിയ്ക്കുന്നില്ലെങ്കിൽ എങ്ങനെ തന്റെ കൂദാശ നിരാകരിക്കുവാൻ സാധിക്കും. വാദത്തിനുവേണ്ടി ഇങ്ങനെ ചിന്തിച്ച് ഇതിനെ വേണമെങ്കിൽ നിസ്സാരമായി തള്ളാൻ സാധിക്കും. എന്നാൽ ഇടവക ജനങ്ങളുടെ ആത്മീയവും ശാരീരികവും സാമ്പത്തികവും ആയ വളർച്ചയെ ലക്ഷ്യമാക്കുന്ന ഒരു പുരോഹിതന് അക്രൈസ്തവനായ ഈ മന്ത്രിയുടെ ചോദ്യം അത്ര നിസ്സാരമായി തള്ളിക്കളയുവാൻ സാധിക്കുകയില്ല.

മദ്യപാനത്തിന്റെ കാര്യത്തിൽ ഭാരതത്തിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിൽ നിൽക്കുന്നത് കേരളം ആണെന്നും പറയുമ്പോൾ നമുക്ക് 'അഭിമാനം' ആണോ അഥവാ 'അപമാനം' ആണോ ഉണ്ടാവുന്നത്. മദ്യപാനത്തിന്റെ ദേശീയ ശരാശരി 4.5 ലിറ്ററാണെങ്കിൽ കേരളത്തിൽ അത് 8.33 ലിറ്ററത്രെ. സാക്ഷരതയിലും മതാത്മക ജീവിതത്തിലും മുന്നിട്ടു നില്ക്കുന്ന കേരളത്തിൽ മദ്യപാനാസക്തി ഇത്രമാത്രം വർദ്ധിക്കാനുള്ള കാരണങ്ങൾ ഗവേഷണ വിധേയമാക്കേണ്ടിയിരിക്കുന്നു. കുടിയുടെ അളവിന്റെ കാര്യത്തിൽ മാത്രമല്ലാ, കുടി ആരംഭിക്കുന്ന പ്രായത്തിന്റെ കാര്യത്തിലും കേരളീയർ ഒന്നാം സ്ഥാനത്തു തന്നെ. 1950-ൽ മദ്യപാനം ആരംഭിച്ചവരുടെ ശരാശരി പ്രായം 28 വയസ്സായിരുന്നു. 1970 ൽ അത് 21 വയസ്സായി കുറഞ്ഞു. 1990-ൽ 17 വയസ്സുകാരൻ കൂടി ആരംഭിച്ചു. 2000-ാം വർഷത്തിൽ കൂടി തുടങ്ങിയവരുടെ പ്രായം 14 വയസ്സും 10 വർഷങ്ങൾക്കു ശേഷം ഇപ്പോൾ അത് 11 വയസ്സുമായി താഴ്ന്നിരിക്കുന്നു. കുട്ടികൾക്കിടയിലെ ഈ മദ്യപാ

നശീലം തികച്ചും ഉത്ക്കണ്ഠയോടെ മാത്രമെ വീക്ഷിക്കാൻ സാധിക്കയൊള്ളു.

എന്താണ് ഈ കൊച്ചു കേരളത്തിനു ഇങ്ങനെ സംഭവിച്ചിരിക്കുന്നത്? എന്തുകൊണ്ടാണ് കേരളം മദ്യപരുടെ നാടായിമാറിക്കൊണ്ടിരിക്കുന്നത്? ഒന്നാമത്തെ കാരണം മാറിമാറിക്കൊണ്ടിരിക്കുന്നത്? ഒന്നാമത്തെ കാരണം മാറി മാറി വരുന്ന സർക്കാരുകളുടെ മദ്യനയമാണ്. മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികളും സ്വീകരിച്ചിരിക്കുന്നത്. അതാതു കാലത്തു ഭരിക്കുന്ന ഗവണ്മെന്റുകളുടെ ഭണ്ഡാരം ശക്തമായി കാത്തുസൂക്ഷിക്കുവാൻ മദ്യക്കച്ചവടം ആവശ്യമാണെന്നു ഭരണക്കാർ ചിന്തിയ്ക്കുന്ന സാഹചര്യത്തിൽ നിയമം കൊണ്ട് മദ്യവർജ്ജനം ഗവണ്മെന്റുകൾ നടപ്പാക്കുക എന്നത് ഒരു വിദൂര സ്വപ്നം ആയി മാറിക്കൊണ്ടിരിക്കുന്നു. ഏകദേശം 6000 കോടി രൂപയോളം വരുമാനമായി പ്രതിവർഷം സർക്കാരിനു ലഭിക്കുമ്പോൾ മദ്യവർജ്ജനം നടപ്പാക്കുന്നതിൽ അവർ എത്രമാത്രം ശുഷ്ക്കാന്തി കാണിക്കും എന്നു നമുക്കു ചിന്തിക്കാവുന്നതേയുള്ളൂ. സർക്കാരിനു ലഭിക്കുന്ന ഈ പണം കേവലം കുടിയന്മാരുടെ കാശായി കരുതാതെ വേദനിക്കുന്ന അനേകം അമ്മമാരുടെയും പെങ്ങന്മാരുടെയും കണ്ണുനീരിന്റെ വിലയാണ് എന്ന് ഭരണാധികാരികൾ ചിന്തിച്ചു തുടങ്ങുമ്പോൾ മാത്രമേ മദ്യവർജ്ജനം എന്ന ആശയം സജീവമാകുകയൊള്ളു.

ഇന്നു നമ്മുടെ ക്രിസ്തീയ ഭവനങ്ങളിൽ പലയിടത്തും മാമോദീസാ, വിവാഹം, ഭവനക്കൂദാശ എന്നു വേണ്ട ശവസംസ്ക്കാരം തുടങ്ങിയ ചടങ്ങുകളിൽ എല്ലാം തന്നെ മദ്യപാനം ഈ പരിപാടികളുടെ ഒരു ഭാഗമായി മാറുന്ന നിർഭാഗ്യകരമായ കാഴ്ചയാണു നാം ദർശിക്കുന്നത്. വീട്ടിൽ നിന്നെടുക്കുന്ന മൃതശരീരം വഹിക്കുവാനും ദേവാലയത്തിൽ നിന്ന് സെമിത്തേരിയിലേക്കു മൃതശരീരം കൊണ്ടുപോകുവാനും യാതൊരുളുപ്പും ഇല്ലാതെ മദ്യപാനികൾ മുന്നോട്ടു വരുന്നതു കാണുമ്പോൾ പലപ്പോഴും ദുഃഖം തോന്നാറുണ്ട്.

മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന മറ്റൊരു ഭയാനകമായ സംഗതിയാണ് വർദ്ധിച്ചുവരുന്ന ക്ലബ്ബ് സംസ്ക്കാരം. ഇന്നു പല ക്ലബ്ബുകളുടെയും അംഗങ്ങളുടെ ഒത്തുചേരലിൽ അവസാനം മദ്യപാനം ഒരു അവിഭാജ്യഘടകമായി മാറിക്കൊണ്ടിരിക്കുന്നു എന്നു പറയുമ്പോൾ എല്ലാ ക്ലബ്ബുകളും അങ്ങനെയാണെന്നു കരുതരുത്. ചില ക്ലബ്ബ് മീറ്റിംഗുകളുടെ പിറ്റെ ദിവസം ചില ഓഫീസുകളിലും വ്യവസായ ശാലകളിലും ഒക്കെ തലേന്നടിച്ച "പെഗുകളുടെ" കണക്ക് വാതോരാതെ ആശയവിനിമയം നടത്തുന്നവരെക്കുറിച്ച് കേൾക്കാറുണ്ട്. ഈ സംസ്ക്കാരത്തിൽ ആകൃഷ്ടരാകുന്ന പലരും ഇടവക തലത്തിൽ നടത്തുന്ന പ്രാർത്ഥനായോഗങ്ങളിലും വൈ.എം.സി.എ. തുടങ്ങിയ ആത്മീയ സംഘടനാ പ്രവർത്തനങ്ങളിലും ഒക്കെ ഒട്ടും താൽപര്യം കാണിക്കുന്നുമില്ല. ഇതൊക്കെ അവരുടെ ജീവിതത്തെ തന്നെ സാരമായി ബാധിക്കും എന്ന് അവർ മനസ്സിലാക്കുന്നത് പലപ്പോഴും തിരിച്ചടികൾ ഉണ്ടാകുമ്പോൾ മാത്രമാണ്.

നമ്മുടെ കുടുംബം, സഭ, സമൂഹം ഇവയൊക്കെ നന്നാവണമെങ്കിൽ മദ്യപാനികളുടെ സംഖ്യ കുറഞ്ഞു കുറഞ്ഞു വരണം. മദ്യപാനം ഒരു വിപത്താണെന്നു മനസ്സിലാക്കി അതിനെതിരെ പ്രവർത്തിക്കുവാനും ശബ്ദിക്കുവാനുമുള്ള ചങ്കൂറ്റം ആത്മീയ നേതൃത്വം നൽകുന്നവർക്കുണ്ടാകണം. ഇടവക തലങ്ങളിൽ അതിനു വേണ്ട കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കത്തക്കവിധം ക്ലാസ്സുകൾ സംഘടിപ്പിക്കുക ഇതൊരു രോഗം ആണെന്ന് മനസ്സിലാക്കി ചികിത്സ ആവശ്യമുള്ളവർക്ക് അതിനവസരം ഉണ്ടാക്കിക്കൊടുക്കുക, ഈ ദുരന്തത്തിനെതിരായി പ്രത്യേകം പ്രാർത്ഥന നടത്തുക തുടങ്ങിയ കർമ്മപരിപാടികൾ നടപ്പിലാക്കുവാൻ വൈദികരും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും കൈകോർത്തു പ്രവർത്തിച്ചാൽ കുറച്ചൊക്കെ ഫലം ഉണ്ടാകും.

അങ്ങനെ അക്രൈസ്തവനായ ഒരു മന്ത്രിയുടെ അൽപം പരിഹാസത്തോടെയാണെങ്കിലും ക്രിസ്തീയ നേതൃത്വത്തിനെതിരെ ചോദിച്ച ചോദ്യത്തിനുത്തരം കൊടുക്കണമെങ്കിൽ ഇടവക തലത്തിൽ മദ്യപാനത്തിനെതിരായി കുരിശുയുദ്ധം പ്രഖ്യാപിക്കുവാൻ ആത്മീയ സംഘടനാ പ്രവർത്തകർക്കു സാധിച്ചാൽ അതൊരു വലിയ സുവിശേഷമായി പരിണമിക്കും എന്നു പ്രത്യാശിക്കുന്നു.

*ജോയിന്റ് സെക്രട്ടറി, ഓൾ കേരളാ സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി)*

■


# മലങ്കരസഭയുടെ സമുന്നത സാരഥികൾ

## മാർത്തോമ്മാ ശ്ലീഹാ മുതൽ മാർത്തോമ്മാ പൗലോസ് II വരെ

ഏ.ഡി. 52–2012 വരെയുള്ള സമ്പൂർണ്ണ ചരിത്രം
കൊച്ചി സംഗമം കളർ പേജുകളിൽ

*ഗ്രന്ഥകർത്താക്കൾ* :
**ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ, കോട്ടയ്ക്കൽ**
**പ. കാതോലിക്കാ ബാവായുടെ ആശംസ,**
*അവതാരിക:*
**ജസ്റ്റിസ് കെ. ജോൺ മാത്യു**
**1080 പേജ്, വില 700 രൂപ, 2013 ഫെബ്രു. 23 വരെ,**
**500 രൂപ (പോസ്റ്റേജ് 50 രൂപ പുറമേ)**

*പുസ്തകം കിട്ടുന്ന സ്ഥലങ്ങൾ:* എം.ഒ.സി. കോട്ടയം, പരുമല ഡിപ്പോകൾ– സതേൺ ബുക്ക് ഡിപ്പോ (തിരുവല്ല), കോട്ടയം ഓർത്തഡോക്സ് ബുക്കു സെന്റർ (എം.ഡി. കൊമേഴ്സ്യൽ സെന്റർ) മാവേലിക്കര സെന്റ് പോൾസ് പുതുപ്പള്ളി സെന്റ് ജോർജ് ബുക്കുഡിപ്പോകൾ നേരിട്ടും തപാലിലും പുസ്തകം ലഭിക്കാൻ ആവശ്യപ്പെടുക.

**കെ.വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്,**
**പി.ബി. 10–മാങ്ങാനം, കോട്ടയം 686018,**
**ഫോൺ: 0481–2578936**
E-mail: mohanmammen@yahoo.com

ഫാ. ഡോ. ബി. വർഗീസ്

# വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന: ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ



മരണത്തോടുകൂടി ജീവിതം ഇല്ലാതാവുന്നുവെന്ന് യഹൂദന്മാർ ചിന്തിച്ചിരുന്നില്ല. പഴയനിയമത്തിലെ ചില പ്രധാന വ്യക്തികളുടെ മരണത്തെപ്പറ്റി "പിതാക്കന്മോരോടു ചേർന്ന്," "തന്റെ ജനത്തോടു ചേർന്ന് എന്നിങ്ങനെ പരാമർശിക്കുന്നത് ശ്രദ്ധേയമാണ്.

ക്രിസ്തീയ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഉൾപ്പെടുന്നവയാണ് മരണാനന്തര ജീവിതവും, മരിച്ചവരുടെ പുനരുത്ഥാനവും. 'നിദ്രപ്രാപിച്ചവർ' എന്നാണ് മരിച്ചവരെ വി. പൗലോസ് വിശേഷിപ്പിക്കുന്നത് (1 കൊരി. 15, 1 തെസ. 4:13-18), ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെയുള്ള നീണ്ട നിദ്രയിലാണ് വാങ്ങിപ്പോയവർ. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉറക്കത്തിൽ നിന്ന് എന്ന പോലെ അവർ ജീവിച്ചെഴുന്നേൽക്കും (1 തെസ. 4:16).

ജീവിച്ചിരിക്കുന്നവരുടെ മേൽ, ഉറക്കത്തിലും, അധ്വാനത്തിലും ദൈവത്തിന്റെ കൃപയും കാവലും ഉണ്ടാകുവാൻ പ്രാർത്ഥിക്കാറുണ്ടല്ലോ? അതുപോലെ മരണമെന്ന നിദ്രയിലും ദൈവം വിശ്വാസികളെ കാത്തുസൂക്ഷിക്കണമെന്നാണ് നാം പ്രാർത്ഥിക്കുന്നത്. ജീവനുള്ളവരും മരിച്ചവരും ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളാണ്. വി. മാമോദീസായിൽ നാം ക്രിസ്തുവിനോട് കൂട്ടിച്ചേർക്കപ്പെടുന്നു. (ഗലാ. 3:27). മരണം മൂലം നാം ക്രിസ്തുവിൽ നിന്നും അന്യമായി പോകുന്നില്ല. മരിച്ചവർ ക്രിസ്തുവിന്റെ ശരീരത്തിലെ അദൃശ്യരായ രംഗങ്ങളാണ് വി. പൗലൂസ് പറയുന്നു: "നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും" (കൊലോ. 3:3-4).

"മരണത്തിനോ, ജീവനോ... ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ... നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു" (റോമ. 8:38-39).

ഒരു വ്യക്തിയോടുള്ള സ്നേഹത്തിൽ ഉദാത്തമായ പ്രകടനമാണ് അയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് യഥാർത്ഥ പ്രാർത്ഥനയിൽ മറ്റുള്ളവർക്ക് നന്മ ഉണ്ടാകുവാനാണല്ലോ നാം യാചിക്കുന്നത്. മരണം മൂലം നമ്മെ വേർപിരിഞ്ഞ-എന്നാൽ ക്രിസ്തുവിൽ നമ്മോട് ഐക്യതയിൽ കഴിയുന്ന-'നിദ്രപ്രാപിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് അവരോടുള്ള സ്നേഹത്തിന്റെ അടയാളമാണ്. അവരുടെ ജീവിതകാലത്ത് ദൈവം നൽകിയ കാവലും, കരുണയും, മരണമെന്ന നിദ്രയിലും അവർക്ക് ഉണ്ടാകണമെന്നാണ് പ്രാർത്ഥിക്കുന്നത്.

**മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന പഴയനിയമത്തിൽ:** ഓർത്തഡോക്സ് സഭയും, റോമൻ കത്തോലിക്കാ സഭയും കാനോനികമായി കണക്കാക്കുന്ന ഒരു പഴയ നിയമഗ്രന്ഥമാണ് 'വി. മക്കാബിയർ' (പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഇതിനെ 'അപ്പോക്രീഫാ' അഥവാ കാനോനിക ലിസ്റ്റിൽ പെടാത്ത പുസ്തകമായി കണക്കാക്കുന്നു, പ്രസ്തുത പുസ്തകത്തിൽ യൂദാമക്കാബി മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതായി കാണാം. യഹൂദന്മാരും എദോമ്യരും തമ്മിലുള്ള യുദ്ധത്തിൽ അനേകർ മരണമടഞ്ഞു. യൂദാമക്കാബി, മൂവായിരം വെള്ളി പിരിച്ചെടുത്ത് അവർക്കുവേണ്ടി പാപപരിഹാരബലി അർപ്പിക്കുവാനായി യെരുശലേമിലേക്ക് അയച്ചുകൊടുത്തു. (2 മക്കാബിയർ. 12:43), ഇതെപ്പറ്റി മക്കാബിയരുടെ പുസ്തകത്തിൽ എഴുതുന്നു:

മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രത്യാശ മൂലം യുക്തമായും നീതിയായും അദ്ദേഹം ഇങ്ങനെ പ്രവർത്തിച്ചു, മരിച്ചവർ ഉയിർക്കും എന്ന് അദ്ദേഹത്തിന് പ്രതീക്ഷയും പ്രത്യാശയുമില്ലായിരുന്നെങ്കിൽ-മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതും ബലിയർപ്പിക്കുന്നും വ്യർത്ഥവും ഭോഷത്വവുമാകുമായിരുന്നു. പുണ്യത്തോടെ നിദ്രപ്രാപിക്കുന്നവർക്ക് ഉണ്ടാകാനിരിക്കുന്ന പ്രതിഫലത്തേയും, ആശ്വാസത്തേയും അദ്ദേഹം നോക്കിക്കണ്ടു. അതുമൂലമാണ് മരിച്ചവർക്കു പാപമോചനം ലഭിപ്പാൻ അവർക്കു

വേണ്ടി പാപപരിഹാരകർമ്മം നടത്തുവാൻ അദ്ദേഹം പണമയച്ചു കൊടുത്തത്" (2 മക്കാബി 12:44-45).

ക്രിസ്തുവിന് ഏകദേശം 165 വർഷം മുമ്പാണ് ഈ സംഭവം നടന്നത്. അന്ന് യഹൂദന്മാർ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നിന്റെ തെളിവാണിത്. അതിനുമുമ്പ് ഇത്തരം ചടങ്ങുകൾ നടന്നതിനെപ്പറ്റി പഴയനിയമത്തിൽ സൂചനകളൊന്നുമില്ല. എന്നാൽ യഹൂദന്മാർ മരിച്ചവർക്കുവേണ്ടി വിലാപം, ഉപവാസം എന്നിവ നടത്തിയിരുന്നായി തെളിവുകളുണ്ട്. മോശെ മരിച്ചപ്പോൾ "യിസ്രായേൽ മക്കൾ മോശയെക്കുറിച്ച് മോവാബ് സമഭൂമിയിൽ മുപ്പതു ദിവസം കരഞ്ഞുകൊണ്ടിരുന്നു" (ആവ. 34:8). ഗോത്രപിതാവായ യാക്കോബിന്റെ മരണശേഷമുള്ള വിലാപം എഴുപതു ദിവസം നീണ്ടുനിന്നു (ഉല്പ. 50:3), ഗോത്രപിതാവായ യാക്കോബിന്റെ മരണശേഷമുള്ള വിലാപം എഴുപതു ദിവസം നീണ്ടുനിന്നു (ഉല്പ. 50:3). ഈ വിലാപം തീർച്ചയായും പ്രാർത്ഥനയോടുകൂടിയാണ് നടത്തിയിരുന്നത്. കാരണം ജീവിതത്തിലെ ഓരോ സംഭവവും പ്രാർത്ഥനയോടുകൂടിയാണ് യഹൂദന്മാർ ആഘോഷിച്ചിരുന്നത്.

വിലാപത്തിന്റെ ഭാഗമായി ഉപവാസവും ഉണ്ടായിരുന്നു. ശൗലിന്റെയും പുത്രന്മാരുടെയും മൃതദേഹങ്ങൾ സംസ്കരിച്ച ശേഷം ഗിലെയാദിലെ യാക്കോബ് നിവാസികൾ ഏഴുദിവസം ഉപവസിച്ചു. (1 ശമു. 31:13).

മരണത്തോടുകൂടി ജീവിതം ഇല്ലാതാവുന്നുവെന്ന് യഹൂദന്മാർ ചിന്തിച്ചിരുന്നില്ല. പഴയനിയമത്തിലെ ചില പ്രധാന വ്യക്തികളുടെ മരണത്തെപ്പറ്റി "പിതാക്കന്മോരോടു ചേർന്ന്," "തന്റെ ജനത്തോടു ചേർന്ന് എന്നിങ്ങനെ പരാമർശിക്കുന്നത് ശ്രദ്ധേയമാണ്. (അബ്രഹാം, ഉല്പ. 15:15, 25:8, യാക്കോബ്: ഉല്പ. 49:33. ന്യായാ. 2:10, സങ്കീ. 49:19). ദൈവജനത്തിന്റെ ഭാഗമാണ് താനെന്ന് ഓരോ യഹൂദനും വിശ്വസിച്ചിരുന്നു (പുറ. 19:6). മരണത്തിനുശേഷം ആ പദവി നഷ്ടമാകുന്നില്ല, മരിച്ചവർ ഈ ലോക ജീവിതം അവസാനിപ്പിച്ച് വിശ്രമിക്കുന്ന ദൈവജനത്തിന്റെ സമൂഹത്തോടുചേരുന്നു. 'പിതാക്കന്മാരോടു ചേർന്നു' എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ (ലൂക്കോ. 16:19-31) മരണാനന്തരം ലാസർ അബ്രഹാമിന്റെ മടിയിൽ ഇരിക്കുന്നതായി പറഞ്ഞിരിക്കുന്നത് മേൽപ്പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ.

വാങ്ങിപ്പോയവർ പിതാക്കന്മാരുടെ സംഘത്തോട് ചേരുകയും, ദൈവസന്നിധിയിൽ സജീവരായി സ്ഥിതി ചെയ്യുകയും ചെയ്യുന്നു എന്നുള്ള യഹൂദവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് യൂദാ മക്കാബി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ബലിയർപ്പിക്കുകയും ചെയ്തത്.

**പുതിയ നിയമത്തിൽ:**

വി. ലൂക്കോസ് വാങ്ങിപ്പോയ ഒനേസിഫോറസിനു വേണ്ടി പ്രാർത്ഥിക്കുന്നു. "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവനു സംഗതി വരുത്തട്ടെ (2 തീമോ. 1:18).

അപ്പോസ്തോലിക സഭകൾ മരിച്ചവർക്കുവേണ്ടി ഇതുതന്നെയാണ് പ്രാർത്ഥിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ദൈവജനം ഒരുമിച്ചു കൂടുമ്പോൾ മരിച്ചവരെയും ആകൂട്ടത്തിൽ കാണുവാൻ ഇടയാകണം, ഈ പ്രാർത്ഥന കർത്താവിന്റെ രണ്ടാമത്തെ വരവിലും, മരിച്ചവരുടെ ഉത്ഥാനത്തിലും, വരുവാനിരിക്കുന്ന രാജ്യത്തിലെ നിത്യജീവനിലും ഉള്ള പ്രത്യാശയുടെ പ്രഖ്യാപനമാണ്.

മരിച്ചവർ ദൈവസന്നിധിയിൽ സീജവരായി സ്ഥിതി ചെയ്യുന്നതായും, ദൈവത്തോട് പ്രാർത്ഥിക്കുന്നതായും യോഹന്നാൻ വെളിപാടിൽ ദർശിച്ചു. ഇരുപത്തിനാലു മൂപ്പന്മാർ (പന്ത്രണ്ട് ഗോത്രപിതാക്കന്മാരും പന്ത്രണ്ട് അപ്പോസ്തലന്മാരും) ദൈവമുമ്പാകെ നിന്ന് ദൈവത്തെ പാടിസ്തുതിക്കുന്നു (വെളി. 5:10).

"ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിന്റെ കീഴിൽ കണ്ടു എന്ന് വി. യോഹന്നാൻ എഴുതുന്നു (വെളി. 6:9). 'അറുക്കപ്പെട്ടവർ' എന്ന പദം കൊണ്ട് പരാമർശിക്കുന്നത് രക്തസാക്ഷികളെയാണ്. പഴയനിയമ ചിന്തയനുസരിച്ച് യാഗപീഠം ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. അവർ ദൈവത്തോട് സംസാരിക്കുകയും, ദൈവം അവൾക്ക് മറുപടി നൽകുകയും ചെയ്യുന്നു: "വിശുദ്ധനും സത്യവാനും ആയനാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതെയിരിക്കും എന്ന്



Your word is a lamp to my feet, and a light to my path. Psalm

രക്തസാക്ഷികളുടെയും, വി ശുദ്ധന്മാരുടെയും വിശ്വാസികളായ വാങ്ങിപ്പോയവരുടെയും സംഘത്തെ "സ്വർഗ്ഗത്തിൽ പേരഴുതിയിരിക്കുന്ന ആദ്യ ജാതന്മാരുടെ സഭ" എന്നാണ് എബ്രായ ലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്ന് (എബ്രാ. 12:24).

അവർ ഉറക്കെ നിലവിളിച്ചു" "അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്ന് അവർക്ക് അരുളപ്പാടുണ്ടായി" (വെളി. 6:10-11). തുടർന്ന് യിസ്രായേൽ മക്കളുടെ സകല ഗോത്രങ്ങളിൽ നിന്നും നൂറ്റിനാല്പത്തിനാലായിരം ദൈവമുമ്പാകെ നിൽക്കുന്നത് യോഹന്നാൻ കണ്ടു. യോഹന്നാൻ തുടർന്ന് എഴുതുന്നു: "ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നതു ഞാൻ കണ്ടു, രക്ഷ എന്നുള്ളതു" സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്ത് കൊണ്ടിരുന്നു (വെളി. 7:9-10).

"കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചവർ" (രക്തസാക്ഷികൾ) "ദൈവത്തിന്റെ സിംഹാസനത്തിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചവർ" (രക്തസാക്ഷികൾ) "ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു" (വെളി. 7:15) എന്നാണ് യോഹന്നാൻ എഴുതുന്നത്.

വാങ്ങിപ്പോയ വിശുദ്ധന്മാരുടെ

പ്രാർത്ഥന ഒരു സുഗന്ധധൂപം പോലെ ദൈവസന്നിധിയിലേക്ക് ഉയരുന്നതായും യോഹന്നാൻ കണ്ടു (8:3-4). അതായത് ദൈവത്തിന് പ്രീതികരമാണ് വിശുദ്ധന്മാരുടെ പ്രാർത്ഥന എന്നർത്ഥം.

രക്തസാക്ഷികളുടെയും, വിശുദ്ധന്മാരുടെയും വിശ്വാസികളായ വാങ്ങിപ്പോയവരുടെയും സംഘത്തെ "സ്വർഗ്ഗത്തിൽ പേരഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ" എന്നാണ് എബ്രായ ലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്ന് (എബ്രാ. 12:24). ഈ സമൂഹത്തോട് വാങ്ങിപ്പോയവർ ചേരുന്നു എന്ന അർത്ഥത്തിലാണ് അബ്രഹാമിന്റെ മരണത്തെപ്പറ്റി 'പിതാക്കന്മാരോടു ചേർന്ന്, 'തന്റെ ജനത്തോടു ചേർന്നു' എന്നു പറയുന്നത്.

ക്രിസ്ത്യാനികൾ ആഗ്രഹിക്കേണ്ടതു പ്രാർത്ഥിക്കേണ്ടതും സകല മനുഷ്യരുടെയും രക്ഷക്കുവേണ്ടിയായിട്ടാണ്. അക്രൈസ്തവർ ക്രിസ്തുവിലേക്ക് തിരിയുന്നതിനാലും, ക്രിസ്തീയ വിശ്വാസത്തിന് അനുസൃതമായി ജീവിക്കാത്ത ക്രിസ്ത്യാനികൾക്ക് മാനസാന്തരം ഉണ്ടാകുന്നിനും, എല്ലാവരും സത്യ വിശ്വാസത്തിലും, ദൈവഭയത്തിലും ജീവിക്കുന്നതിനുമാണ് നാം പ്രാർത്ഥിക്കേണ്ടത്. അപ്പോഴാണ് ദൈവരാജ്യം അതിൽ സമ്പൂർണ്ണതയിൽ പ്രത്യക്ഷമാകുന്ന. വിശ്വാസികളായ വാങ്ങിപ്പോയവർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളായതിനാൽ പ്രാർത്ഥനയിൽ അവരെ ഓർക്കുന്നത് അവരോടുള്ള സ്നേഹത്തിന്റെ അടയാളമാണ്. "എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു" (സങ്കീ. 84:7) എന്ന് സങ്കീർത്തനക്കാരൻ എഴുതുന്നു. എല്ലാ ക്രിസ്ത്യാനികളും-പാപികളും നീതിമാന്മാരും ദൈവസന്നിധിയിൽ സന്തോഷിക്കുവാൻ ഇടയാകണമെന്നുള്ള ആഗ്രഹമാണ് മരിച്ചവരോടുള്ള പ്രാർത്ഥനയിൽ പ്രകടിപ്പിക്കുന്നത്. ആരാണ് പാപി, ആരാണ് നീതിമാൻ എന്നു നിശ്ചയിക്കുന്നത് ദൈവമാണല്ലോ! "മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമുവേൽ 16:7)

**മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ആദ്യ നൂറ്റാണ്ടുകളിൽ**

ആദിമ നൂറ്റാണ്ടുകളിലെ ആരാധനാ കർമ്മങ്ങളെപ്പറ്റിയും, പ്രാർത്ഥനകളെപ്പറ്റിയും വളരെക്കുറിച്ച് പരാമർശങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളു. ചിരപരിചിതമായ കർമ്മങ്ങളെപ്പറ്റി എഴുതേണ്ട ആവശ്യമില്ലാതിരുന്നതുകൊണ്ടായിരിക്കാം, ആദിമ ക്രിസ്തീയ എഴുത്തുകാർ അവയെപ്പറ്റി മൗനം ദീക്ഷിച്ചത്.

'വി. പോളിക്കർപ്പോസിന്റെ രക്തസാക്ഷിത്വം' എന്ന കൃതിയിൽ, ആ വിശുദ്ധന്റെ ഓർമ്മ ആചരിച്ചതിനെപ്പറ്റി എഴുതുന്നു. രണ്ടാം നൂറ്റാണ്ടിൽ പോളിക്കർപ്പോസിനെ ജീവനോടെ ദഹിപ്പിച്ചാണ് കൊലചെയ്തത്. തുടർന്ന് ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ അസ്ഥികൾ "രത്നങ്ങളെക്കാൾ അമൂല്യമായും, സ്വർണ്ണത്തെക്കാൾ വിശിഷ്ടവുമായി'' കണക്കാക്കി പ്രത്യേക സ്ഥലത്തു സംസ്ക്കരിച്ചു. "ദൈവഹിതമായാൽ അദ്ദേഹം രക്തസാക്ഷിയായതിന്റെ ജന്മദിനം ഞങ്ങൾ ആഘോഷിക്കും" എന്ന് പ്രസ്തുത കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. "ഇത് നേരത്തെ രക്തസാക്ഷി മരണം വഴി വിജയം പ്രാപിച്ചവരെ ഓർക്കുന്നതിനും, ഇനി രക്തസാക്ഷിയുടെ കിരീടം പ്രാപിക്കുവാൻ പോകുന്നവർക്ക് അതിനുള്ള ഒരുക്കത്തിന്റെ അവസരമാകുന്നതിനും ഇടയാകുമെന്ന്'' ഗ്രന്ഥകർത്താവ് കൂട്ടിച്ചേർക്കുന്ന (അധ്യായം 18), രണ്ടാം നൂറ്റാണ്ടിൽ മരിച്ചവരുടെ ഓർമ്മ ആചരിച്ചിരുന്നു എന്നതിന്റെ തെളിവാണിത്.

കർത്താവിന്റെ രണ്ടാമത്തെ വരവിൽ വാങ്ങിപ്പോയവർ പുതിയ ശരീരത്തോടെ തേജസിൽ ഉയിർത്തെഴുന്നേറ്റ് കർത്താവിനെ എതിരേൽക്കും" (1 കൊരി, 15:42-55) എന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് മൃതശരീരങ്ങൾ കല്ലറയിൽ സംസ്ക്കരിക്കുന്നത്. "ശുഭമൊടു പോവിൻ. വാതിൽ തുറന്നുതരും." എന്ന് പാടിക്കൊണ്ടാണ് സുറിയാനി സഭയിൽ കല്ലറയുടെ വാതിൽ അടക്കുന്നത്. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിനെതിരാണ്. കർത്താവിന്റെ രണ്ടാമത്തെ വരവുവരെ മരിച്ചവർ 'മണ്ണിൽ' ഉറങ്ങുകയാണ്. 'അവരുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു' (കൊലൊ. 3:3) ഈ വിശ്വാസത്തിന് അനുസൃതമായി റോമിൽ കണ്ടെത്തിയ മൂന്നാം നൂറ്റാണ്ടിലെ ചില കല്ലറകളിൽ (പേര്) വിശുദ്ധന്മാരുടെ ഇടയിൽ ജീവിക്കുന്നു" "ദൈവത്തിൽ ജീവിക്കുന്നു'' ''സമാധാനത്തിൽ ജീവിക്കുന്നു" എന്നിങ്ങനെയുള്ള ആ ലേഖനങ്ങൾ കാണാനുണ്ട്.

'മാർത്തോമ്മാ ശ്ലീഹായുടെ പ്രവർത്തികൾ' (മൂന്നാം നൂറ്റാണ്ട്) എന്ന കൃതിയിൽ, തോമാശ്ലീഹായുടെ കല്ലറക്കൽ വിശ്വാസികൾ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചതായും കുർബ്ബാന അർപ്പിച്ചാതായും പറയുന്നു (അധ്യായം 169): "യോഹന്നാൻ ശ്ലീഹായുടെ പ്രവർത്തികളിൽ" (മൂന്നം നൂറ്റാണ്ട്) ശ്ലീഹാ ഒരു വിശ്വാസിയുടെ കല്ലറക്കൽ മൂന്നാം ദിവസം വി. കുർബ്ബാന അർപ്പിക്കുന്നതിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു.

തെർത്തുല്യൻ (155-240). കിരീടം (crown) എന്ന കൃതിയിൽ മരിച്ചവരുടെ ജന്മദിനത്തിൽ (= ചരമദിനത്തിൽ) ഞങ്ങൾ അവർക്കായി വി. ബലിയർപ്പിക്കുന്നു എന്ന് എഴുതുന്നു. ചരമ വാർഷികത്തെ, സ്വർഗ്ഗത്തിലെ ജന്മദിനത്തിന്റെ വാർഷികം എന്നാണ് ആദിമ നൂറ്റാണ്ടുകളിലെ ഗ്രന്ഥകർത്താക്കൾ സാധാരണ വിശേഷിപ്പിക്കുന്നത്.

Didarcalia of the Apostles (മൂന്നാം നൂറ്റാണ്ട് ) അനുശാസിക്കുന്നത് നിദ്രപ്രാപിച്ചവർക്കുവേണ്ടി സംശയം കൂടാതെ പ്രാർത്ഥിക്കുകയും ബലി അർപ്പിക്കുകയും ചെയ്യണം എന്നാണ് (6:22). പള്ളികളിലോ, സെമിത്തേരികളിലോ മരിച്ചവർക്കുവേണ്ടി വി. കുർബ്ബാനയർപ്പിക്കുന്ന രീതിയെപ്പറ്റിയും ഈ രേഖയിൽ സൂചിപ്പിക്കുന്നുണ്ട്.

നാലാം നൂറ്റാണ്ടിൽ ഈജിപ്തിൽ ഉപയോഗിച്ചിരുന്ന പ്രാർത്ഥനകൾ ഡെറാപ്പിയോൺ എന്ന ബിഷപ്പ് സമാഹരിച്ചത് ഇന്ന് ലഭ്യമാണ്. വി. കുർബ്ബാനയിൽ മരിച്ചവരെ ഓർക്കുന്ന ഭാഗം ഇങ്ങനെയാണ്: ഞങ്ങൾ ഇപ്പോൾ പേരുകൾ ഓർക്കുന്ന നിദ്രപ്രാപിച്ച എല്ലാ മരിച്ചവർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. (പേരുകൾ ഓർത്ത ശേഷം) ഈ ആത്മാക്കളെ വിശുദ്ധീകരിക്കണമെ. കാരണം നീ അവരെ എല്ലാം അറിയുന്നുവല്ലോ.

കർത്താവിൽ നിദ്രപ്രാപിച്ച എല്ലാവരെയും വിശുദ്ധീകരിക്കണമെ. നിന്റെ മാലാഖമാരുടെ ഗണത്തിൽ അവരെ ചേർക്കണമെ. നിന്റെ രാജ്യത്തിൽ അവർക്കു സ്ഥാനവും ഒരു വാസസ്ഥലവും നൽകണമെ"

നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ യെറുശലേമിലെ ബിഷപ്പായിരുന്ന വി. കൂറിലോസ് (+342) വി. കുർബ്ബാനയെപ്പറ്റിയുള്ള പ്രസംഗത്തിൽ മരിച്ചവരെ ഓർക്കുന്നതിനെപ്പറ്റി വിശദീകരിക്കുന്നു (വി. കൂറീലോസിന്റെ പ്രസംഗത്തിൽ ഉദ്ധരിക്കുന്ന പ്രാർത്ഥനകൾ, വി. യാക്കോബിന്റെ ഗ്രീക്കിലുള്ള

കുർബ്ബാന തക്സായിൽ നിന്നുള്ളവയാണ്).

“തുടർന്ന് ഞങ്ങൾക്ക് മുമ്പ് നിദ്രപ്രാപിച്ച എല്ലാവരെയും ഞങ്ങൾ ഓർക്കുന്നു: ആദ്യപിതാക്കന്മാർ, പ്രവാചകന്മാർ, അപ്പൊസ്തലന്മാർ, രക്തസാക്ഷികൾ എന്നിവരെ അവരുടെ പ്രാർത്ഥനയാലും, മദ്ധ്യസ്ഥതയാലും ദൈവം ഞങ്ങളുടെ യാചനകൾ കൈക്കൊള്ളുവാൻ ഞങ്ങൾ ഓർക്കുന്നു. തുടർന്ന് നിദ്രപ്രാപിച്ച പ. പിതാക്കന്മാർ മേൽപ്പട്ടക്കാർ എന്നിവർക്കായി, അതായത് മുൻകാലങ്ങളിൽ നിദ്രപ്രാപിച്ച എല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു, പരിശുദ്ധനും, അത്യന്തം ഭയാനകനുമായ വി. ബലി അർപ്പിക്കുമ്പോൾ അനുസ്മരിച്ചിട്ടുള്ളവർക്ക് അപേക്ഷകൾ വളരെയധികം പ്രയോജനം ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു” (Mystagogical Catechesis 5:9).

നാലാം നൂറ്റാണ്ടു മുതൽ വി. കുർബ്ബാനയിലെ മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ (“തുബ്ദേൻ”) മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ഇന്നത്തെ രീതിയിൽ ക്രമീകരിച്ചു തുടങ്ങി.

Aposolic Constitution (നാലാം നൂറ്റാണ്ടിന്റെ അന്ത്യം) എന്ന കാനോനിക ഗ്രന്ഥത്തിൽ കൂദാശാനുഷ്ഠാനങ്ങൾ, വി. കുർബ്ബാനയർപ്പണം, യാമപ്രാർത്ഥനകൾ, നോമ്പുകൾ, പെരുന്നാളുകൾ, ശവസംസ്ക്കാരം തുടങ്ങിയവയെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നു. മൂന്ന്, ഒൻപത്, മുപ്പതു ദിവസങ്ങൾ ആചരിക്കുന്നതിനെപ്പറ്റി പരാമർശിക്കുന്ന ആദ്യത്തെ രേഖയാണിത്.

“മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ കർത്താവിനെ പ്രതി, മരിച്ചവന്റെ മൂന്നാം ദിവസം സങ്കീർത്തനങ്ങൾ, വേദവായനകൾ, പ്രാർത്ഥനകൾ എന്നിവയോടുകൂടി ആചരിക്കണം. ദുഃഖിതരായവരുടെ ആശ്വാസത്തിനും, വാങ്ങിപ്പോയവരുടെ ഓർമ്മക്കുമായി ഒമ്പതാം ദിവസവും ആചരിക്കണം, പഴയപാരമ്പര്യമനുസരിച്ച്-അതായതു മോശയെ ഓർത്ത് ഇസ്രായേൽ ജനം വിലപിച്ചതുപോലെ-മുപ്പതാം ദിവസവും തുടർന്ന് വാർഷികദിനവും ആചരിക്കണം. വാങ്ങിപ്പോയവന്റെ ഓർമ്മയ്ക്കായി, അവന്റെ വസ്തുക്കളിൽ നിന്നും സാധുക്കൾക്ക് ദാനധർമ്മം നടത്തണം. (Ap. Court. VIII, 42:1-5).

വാങ്ങിപ്പോയയാൾ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ തുടങ്ങിയ സാധുക്കൾക്ക് കൊടുക്കുന്ന രീതി, ആദിമസഭയിൽ സാധരണയായിരുന്നു. അതെപ്പറ്റിയാണ് മേൽപ്പറഞ്ഞ രേഖയിൽ സൂചിപ്പിച്ചിരിക്കുന്നത്.

‘വിശ്വാസികളായ വാങ്ങിപ്പോയവരെ കല്ലറവരെ അനുഗമിക്കുന്നത്’ ഒരു ക്രിസ്തീയ ധർമ്മമായിട്ടാണ് കണക്കാക്കിയിരുന്നത്. ഉയിർപ്പിന്റെ പ്രത്യാശയിൽ മൃതദേഹത്തിനു സമീപമിരുന്ന് രാത്രിമുഴുവൻ അഖണ്ഡ പ്രാർത്ഥന (vigi) നടത്തുന്നത് ആദിമസഭയിൽ സാധാരണയായിരുന്നു. എല്ലാ ഓർത്തഡോക്സ് സഭകളും ഈ പാരമ്പര്യം തുടരുന്നുണ്ട്. അതായത് മരിച്ച ദിവസം തന്നെ മൃതദേഹം സംസ്ക്കരിക്കുന്ന രീതി പൗരസ്ത്യ സഭകളിലില്ല.

**ഉപസംഹാരം**

പതിനാറാം നൂറ്റാണ്ടിൽ, കത്തോലിക്കാ സഭയിലെ പല അനാചാരങ്ങൾക്കുമെതിരായിട്ടാണ്. മാർട്ടിൻ ലൂഥർ നവീകരണ പ്രസ്ഥാനം ആരംഭിച്ചത്. വേദപുസ്തകത്തിൽ നേരിട്ട് പരാമർശിച്ചിട്ടില്ലാത്ത എല്ലാ ആചാരങ്ങളെയും നവീകരണക്കാർ ചോദ്യം ചെയ്തു. ഓരോ വിശുദ്ധനും ആവശ്യപ്പെട്ടതിൽ കൂടുതൽ നന്മയും വിശുദ്ധിയും ഉണ്ടെന്നും, അവ പണം കൊടുത്തു വാങ്ങാമെന്നും, വിശുദ്ധി കുറവുള്ളവർക്ക് അവ വിൽക്കാനുള്ള അധികാരം സഭക്കുണ്ടെന്നും അന്നത്തെ കത്തോലിക്കാ സഭ പഠിപ്പിച്ചു. റോമിലും മറ്റും ബൃഹത്തായ കെട്ടിടങ്ങളും മറ്റും പണിയിപ്പിക്കുവാനുള്ള പണം ശേഖരിക്കുവാനായിരുന്നു, ഇത്തരം ബാലിശ്ശമായ ഉപദേശങ്ങൾ കത്തോലിക്കാ സന്യാസിമാർ പ്രചരിപ്പിച്ചത്. ഇതിനെതിരായി ലൂഥറും പിൻഗാമികളും പ്രതികരിച്ചപ്പോൾ വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന എന്നിവ വേദാനുസൃതമല്ലെന്ന് വാദിച്ചു.

സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും, മരണം മൂലം ഒരാൾ ആ ശരീരത്തിൽ നിന്നും അന്യമാകുന്നില്ലെന്നും പുതിയ നിയമം പഠിപ്പിക്കുന്നു. അതിന് അനുസൃതമായ ഒരു ചിത്രമാണ് വി. യോഹന്നാന്റെ വെളിപാടിൽ കാണുന്നത്. ക്രിസ്തു രണ്ടാമത് വരുമെന്നും, അപ്പോൾ നിദ്രപ്രാപിച്ചവർ ഉയിർക്കുമെന്നും, എല്ലാ വിശ്വാസികളും ദൈവരാജ്യത്തിൽ ഒരുമിച്ചു ചേരുമെന്നും എന്നും വിശ്വസിക്കുന്നവർക്ക്, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയെ ചോദ്യം ചെയ്യാനാവില്ല. പ്രാർത്ഥനകൊണ്ട് ജീവിച്ചിരിക്കുന്നവർക്ക് മാത്രമേ പ്രയോജനം ഉണ്ടാകൂ എന്ന് ശഠിക്കുന്നവർ ഉയിർത്ത് ജീവിക്കുന്ന ക്രിസ്തുവിനെ നിഷേധിക്കുന്നു. രണ്ടാമത്തെ വരവിലും മരിച്ചവരെ ഉയിർപ്പിലും അവർ അവിശ്വസിക്കുന്ന ക്രിസ്തീയ സഭയുടെ അടിസ്ഥാന പ്രമാണങ്ങളെയാണ് അവർ നിഷേധിക്കുന്നത്.

വി. പൗലൂസ് പറയുന്നുപോലെ “നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടമാരത്രെ” (1 കൊരി. 15:19). ■


**ALEYAMMA JOHN**
**(KUNJAMMA)**

**(Retd. Teacher, Govt. High School for Girls-Adoor)**

**MOLETHU, ADOOR**

**6th Death Anniversary**
**Left Us On 17-01-2007**



-ALWAYS IN OUR HEARTS-

*Fondly Remembered By:-*

**Husband : John Varghese Molethu**
**(Pappachan)**
**Children £ Grand Children**



1st Death Anniversary



Thursday 27th Dec. 2012
In Loving Memory of :
**ANNIE MONCY GEORGE**
(09-09-1956 to 27-12-2012)
Remembered by : Husband - Moncy George Budhanikunnil, Children: Boney & Bini Budhanikunnil, Kannelil Families and all Relatives

Annies' Go Wealth Enterprises & Georgees, Pune - 17.

7-Dhanashree, Pimpri, Pune-17

ഓർമ്മച്ചെപ്പ്

**ഡോ. ഇലവുക്കാട്ട് ഗീവർഗീസ് റമ്പാൻ**

# വിശുദ്ധിയുടെ സൂര്യ തേജസ്സ്

**ഓർമ്മപ്പെരുന്നാൾ**

*ജനു. 25, 26 തീയതികളിൽ*



മലങ്കരസഭയുടെ ഒരു വലിയ വാഗ്ദാനമായിരുന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ. എന്നെ ഏറെ ആകർഷിച്ച മഹാപുരോഹിതനാണ് അദ്ദേഹം. കണ്ടും, കേട്ടും, തൊട്ടും, സാന്നിദ്ധ്യം കൊണ്ടും ആതിഥേയത്വം കൊണ്ടും കൂടുതൽ ആ പിതാവിനെ അറിയുവാൻ സാധിച്ചു. തിരുമേനിയുടെ മുഖതേജസ്സും, ശരീരഘടനയും ശബ്ദമാധുര്യവും, പുഞ്ചിരിയോടുള്ള നോട്ടവും നൈമർല്യ സംഭാഷണവും, ആരാധനയുടെ ശ്രേഷ്ഠതയും സ്വർഗ്ഗീയാനുഭവവും, ഹൃദയഹാരിയായ സ്നേഹപ്രകടനവും, ആഢ്യത്തമാർന്ന പെരുമാറ്റവും, ആകർഷകമായ സമീപനവും എല്ലാം ആ പ. പിതാവിന്റെ വ്യക്തി മാഹാത്മ്യതയുടെ ശ്രേഷ്ഠത തന്നെ. 20-ാം നൂറ്റാണ്ടിൽ ജീവിച്ചു കൊണ്ട് വരും നൂറ്റാണ്ടുകളിലെ സംഭവങ്ങളെ അവലോകനം ചെയ്തു പരിഹാരം പറയാൻ പരിശ്രമിച്ച മഹാശയനായിരുന്നു തിരുമേനി. പ്രകൃതി ചൂഷണത്തിനും, കച്ചവട സംസ്ക്കാരത്തിനും പരിസ്ഥിതി പ്രശ്നങ്ങൾക്കും എല്ലാം എതിരായ പ്രവാചക ശബ്ദമായിരുന്നു അദ്ദേഹത്തിന്റേത്. സഭകളുടെ വിഘടനവാദം, വ്യക്തിഗതമായ ആത്മീയ പ്രസരം, പാരമ്പര്യ ആരാധനയിൽ നിന്നും വ്യതിരിക്തമായി വ്യക്തി കേന്ദ്രീകൃതമായ ആത്മീയ താല്പര്യം എന്നിവയ്ക്ക് എതിരായി ഉത്തരം നൽകുന്ന ചിന്തകളും, സമീപനവും, ജീവിതവും, ദർശനവും, ആധ്യാത്മികതയുമായിരുന്നു തിരുമേനിയുടേത്. സഭയുടേയും, സ്ഥാപനങ്ങളുടേയും ആത്മീയ പ്രസ്ഥാനങ്ങളുടേയും മറ്റും വളർച്ച യ്ക്ക് തിരുമേനി കാട്ടിയ താല്പര്യവും ഉത്സാഹവും എക്കാലത്തും സ്മരണീയമാണ്. അദ്ദേഹത്തിന്റെ ദർശനത്തിൽ സഭ സ്വർഗ്ഗത്തെ നോക്കി തീർത്ഥാടനം ചെയ്യുന്ന തീർത്ഥാടകരുടെ സമൂഹമാണ്.

**2. പ്രാർത്ഥന**

മനുഷ്യമനസ്സ് വിശ്രമമില്ലാതെ സദാ വ്യാപാരം ചെയ്യുന്നു. അത് കേന്ദ്രീകരിക്കപ്പെടുന്നില്ല; മറിച്ച് അത് അലയുന്നു, ഉഴലുന്നു, പതറുന്നു. സാധാരണ മനുഷ്യ മനസ്സിന്റെ ലക്ഷണമിതാണ്. എന്നാൽ ദൈവമാകുന്ന ബിന്ദുവിൽ മനസ്സിനെ കേന്ദ്രീകരിക്കാനുള്ള ദൈവകൃപ നേടുവാൻ തിരുമേനിക്കു കഴിഞ്ഞു. സൃഷ്ടിയുടെ യഥാർത്ഥ കേന്ദ്രം ദൈവമാണെന്നും ആ ദൈവത്തിൽ അഭയപ്പെടുകയാണ് മനുഷ്യധർമ്മമെന്നും തിരുമേനി വിശ്വസിച്ചു. 'അനിത്യം അസുഖം ലോകം' എന്ന് ഭഗവത്ഗീത പറയുന്നു. അതായത് സർവ്വദാ സുഖം തരുന്ന ഒരേ കേന്ദ്രം ഈശ്വരൻ മാത്രമാണ്. ആഴമായ പ്രാർത്ഥനയിലും ധ്യാനത്തിലും, പഠനത്തിലും, നോമ്പിലും, ഉപവാസത്തിലും, കൗദാശികമായ കർമ്മങ്ങളിലുള്ള നിഷ്ഠയോടുകൂടിയ അനുഷ്ഠാനത്തിലും, ആതുര സേവനത്തിലും എല്ലാം മുഴുകി ആത്മാവും, ശരീരവും, മനസ്സും ഒന്നുചേർന്ന് ദൈവാത്മാവിൽ ലയിച്ചുചേർന്ന് ആത്മാനുഭൂവിത പ്രാപിച്ച ശ്രേഷ്ഠ മഹാപുരോഹിതനാണ് തിരുമേനി. വൈദികൻ ആയിരുന്നപ്പോൾ അദ്ദേഹത്തെ എയ്ഞ്ചൽ അച്ചൻ എന്നാണ് ലോകം അറിയപ്പെട്ടിരുന്നത്. മാലാഖാ ഗണങ്ങളോട് ആഭിമുഖ്യപ്പെട്ടു അവരെപ്പോലെ ആത്മീയ പ്രാഭവമുള്ളവനായി ദൈവതേജസ്സ് പ്രാപിച്ച ധന്യാചാര്യ ശ്രേഷ്ഠനായി ത്തീർന്നു.

**2. സമഗ്രവീക്ഷണം**

മാത്യൂസ് ദ്വിതീയൻ ബാവായുടെ എക്യുമെനിക്കൽ ദർശനവും വിവിധ മതവിഭാഗങ്ങളുമായിട്ടുള്ള സൗഹൃദക്കൂട്ടായ്മയും, രാഷ്ട്രീയ സാംസ്ക്കാരിക ബന്ധങ്ങളും, പരിസ്ഥിതയും ആ സംസ്ക്കാരിക ബന്ധങ്ങളും, പരിസ്ഥിതിയും ആത്മീയതും തമ്മിലുള്ള സൗഹൃദത്തിന്റെ പഠിപ്പിക്കലുകളും എല്ലാം തിരുമേനിയുടെ സമഗ്രവീക്ഷണത്തിന്റെ സാക്ഷ്യമാണ് വെളിവാക്കുന്നത്. സഭ തീർത്ഥാടകരുടെ വലിയ സമൂഹമാണ്. ദൈവരാജ്യം സമഗ്രതയുടെ പ്രതീകമാണ്.

**3. വിശുദ്ധിയുടെ ഉറവ**

വിശുദ്ധിയാണ് സൗന്ദര്യമെന്ന് അനുഭവിച്ചറിഞ്ഞ സൗന്ദര്യ ആസ്വാദകനായിരുന്നു പ. പിതാവ്. വിശുദ്ധിയാണ് സൗന്ദര്യമായിട്ടു തിരുമേനി കണ്ടത്. തിരുമേനിയുടെ ആന്തരീകവും ബാഹ്യവുമായ സൗന്ദര്യം ഈ വിശുദ്ധിയുടെ ബഹിസ്ഫുരണമായിരുന്നു. ആംഗലേയ കവി ജോൺ കീറ്റീസ് സൗന്ദര്യത്തെ ജീവിതത്തിന്റെ പരമസത്യമായിട്ട് കണ്ട്. അദ്ദേഹം എഴുതി "സത്യം സൗന്ദര്യമാണ്; സൗന്ദര്യം സത്യമാണ്. ക്രാന്തദർശിയായ ഈ ആംഗലേയകവി ബാഹ്യ സൗന്ദര്യത്തെ മാത്രമല്ല ഉന്നം വയ്ക്കുന്നത്. മാത്യൂസ് ദ്വിതീയൻ ബാവായുടെ സൗന്ദര്യദർശനവും ഈ വിശുദ്ധിയുടെ പരിമളവാസനായിരുന്നു; സുഗന്ധതൈലമായിരുന്നു. ഈ സൗന്ദര്യദർശനമാണ് അദ്ദേഹത്തെ "സൂര്യതേജസ്" എന്ന നാമത്തിന് അർഹനാക്കിയത്.

ഇത്തരത്തിൽ ആകമാനസഭയ്ക്കും ലോകത്തിനും പ. പിതാവ് മാതൃകയാണ്. സമയകാല സീമയിൽ ആവിഷ്ക്കരിക്കാതെ ഉദയസൂര്യനെപ്പോലെ എന്നും പ്രകാശിതനായി വരും തലമുറകൾക്കു പ്രത്യാശയും പ്രചോദനവുമായി പ. പിതാവ് പരിലസിക്കുന്നു. ■

# വെൺമയുള്ള വലിയ നോമ്പ്...



ഇമാം ബി.എച്ച്.അലി ബാഖവി
(ദക്ഷിണ കേരള ഇസ്ലാമിക് സ്റ്റുഡൻസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്)

വ്രത വിശുദ്ധിയുടെ നാളുകൾ ഫെബ്രുവരി, മാർച്ച്

**നോ**മ്പ് ഒരു നിർബന്ധ അനുഷ്ഠാനമായി എല്ലാ മതങ്ങളും ഉൾക്കൊള്ളുന്നുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു. "വിശ്വാസികളെ നിങ്ങളുടെ പൂർവ്വികർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു." മതം ചില നിയന്ത്രണങ്ങളാണ്. വാക്കും ചലനവും വിചാരവും കർമ്മവും സ്വാർത്ഥതയുടെ വഴിയിൽ നീങ്ങുമ്പോൾ മനുഷ്യൻ ദുർവൃത്തനായി അധഃപതിക്കുന്നു. ജീവിതം കുടിച്ചും കളിച്ചും നശിപ്പിക്കാനാണ് പുതിയ ലോകത്തിന്റെ തിടുക്കം. ഇവിടെയാണ് മതങ്ങളുടെ സജീവമായ ഇടപെടൽ ആവശ്യമായി വരുന്നത് മതസ്ഥാപനങ്ങളെല്ലാം ജീവിത വിശുദ്ധിക്ക് ആവശ്യമായ ചില നിയമങ്ങളാണ്. ത്യാഗപൂർണമായ ചില സമർപ്പണങ്ങൾ ഭാരമായി തോന്നുന്നുവെങ്കിൽ പരിശീലനങ്ങളിലെ പ്രയാസം മാത്രമാണ്.

ക്രൈസ്തവരുടെ 50 നോമ്പും മുസ്ലീങ്ങളുടെ 30 നോമ്പും ഹൈന്ദവരുടെ നോമ്പുകളും ത്യാഗപൂർണ്ണമാണ്. വ്രതാനുഷ്ഠാനം കേവലം മത്സ്യ മാംസാദികൾ മാത്രം ഒഴിവാക്കലല്ല. അന്നപാനീയങ്ങളും വികാര വിചാരങ്ങളും ദൈവ പ്രീതിക്ക് വേണ്ടി ഒഴിവാക്കലാണ്. ഒരു തുള്ളി ജലം പോലും അകത്ത് പ്രവേശിക്കാൻ പാടില്ല. മാത്രമല്ല എല്ലാ അവയവങ്ങളെയും ശക്തമായി നിയന്ത്രണ വിധേയമാക്കുകയും വേണം. ആഹാരപാനീയങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതും അമിതമാകാൻ പാടില്ല. ഈ വ്രതാനുഷ്ഠാനത്തിന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന പ്രതിഫലം സ്വർഗ്ഗമാണ്. കൂടാതെ ആരോഗ്യപരമായ നിരവധി നേട്ടങ്ങളും "നിങ്ങൾ വ്രതമെടുക്കൂ. ആരോഗ്യവാന്മാരാകും" എന്ന മുഹമ്മദ് നബിയുടെ വചനം ഇവിടെ ശ്രദ്ധേയമാണ്. പുതിയ ജീവിത സംസ്ക്കാരവും ഫാസ്റ്റ് ഫുഡിന്റെ അമിത ഉപയോഗവും മൂലം മനുഷ്യനെ പലതരം രോഗങ്ങളും മാനസിക പിരിമുറുക്കങ്ങളും നിരന്തരം വേട്ടയാടുന്നു. പല പ്രശ്നങ്ങളും ആഹാരത്തിന്റെ തെറ്റായ ഉപയോഗം നിമിത്തമാണ്. കഴിക്കുന്ന ആഹാരം ശരിയായി ദഹിക്കുന്നതും നന്നായി ആഗിരണം ചെയ്യപ്പെടുന്നതും നോമ്പുകാലത്താണ്. ശരീരത്തിന് വിശ്രമവും ദഹനവും നടക്കുന്നതിനാൽ മനസ്സിനു ശാന്തത കൈവരുകയും പിരിമുറുക്കം, ദേഷ്യം, വെറുപ്പ്, വിഷാദം ഇവയൊന്നും നോമ്പുകാലത്ത് ഉണ്ടാകുന്നുമില്ല. ആത്മീയമായ ശാന്തത മനസ്സിൽ നിറഞ്ഞു നിൽക്കുന്നതും നോമ്പുകാലത്താണ്. ഉപവാസത്തിലൂടെ ശരീരത്തിൽ അടിഞ്ഞുകൂടുന്ന ദുർമേദസ്സിനെ പുറംതള്ളാൻ കഴിയുന്നു.

നിരന്തരമായ ആത്മ സംസ്ക്കാരണമാണ് നോമ്പിന്റെ പ്രധാന താൽപര്യം. അതോടെ അഹന്തയും പാപചിന്തകളും വെറുക്കപ്പെട്ട കാര്യങ്ങളായിത്തീരുന്നു. അന്നപാനീയങ്ങളും ലൈംഗീകാവശ്യങ്ങളും നിശ്ചിതസമയത്തേക്ക് മാറ്റി വയ്ക്കാൻ കഴിവാർജിക്കുകയും, ശരീരേച്ഛേയേയും അവ പ്രതിനിധീകരിക്കുന്ന ശരീരത്തെയും വ്രതം നിയന്ത്രണ വിധേയമാക്കുന്നു. ഇരുട്ടു മായുന്നിടത്ത് വളിച്ചം പരക്കുന്നത് പോലെ പാപ ദുശ്ശീലങ്ങൾ തിരസ്ക്കരിക്കപ്പെടുന്നിടത്ത് നന്മകൾ വന്നു നിറയുന്നു. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടപ്പാടുകളിൽ ബന്ധിതമാണ്.

വിശപ്പിന്റെയും ദാഹത്തിന്റെയും രുചിയറിയുന്ന നോമ്പുകാരൻ അവശത അനുഭവിക്കുന്നവരുടെ പ്രയാസമകറ്റാൻ സ്വന്ത ദേഹ,ധനാധികൾ കൊണ്ടു പരിശ്രമിക്കണം. ദാരിദ്ര്യത്തിനും പട്ടിണിക്കും ജാതിയും മതവുമില്ല. എല്ലാവരുടെയും ഭാരങ്ങൾക്ക് അത്താണിയാകാൻ വിശ്വാസികളെ നോമ്പ് പ്രാപ്തമാക്കണം. സങ്കുചിത ചിന്തകളിൽ നിന്നും വിഭാഗീയത ചിന്താഗതികളിൽനിന്നുമുള്ളവിമോചനമാണ് നോമ്പ്. മനുഷ്യസമൂഹം ഒരേ ദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ മക്കളും ഒരൊറ്റ ജനതയുമാണെന്ന ഖുർആനിന്റെയും ബൈബിളിന്റെയും ഭഗവദ്ഗീതയുടെയുമെല്ലാം സന്ദേശത്തിന്റെ പ്രയോക്താക്കളായി വർഗ്ഗീയ ചിന്താഗതികൾക്കതീതമായി ഉയർന്നു നിൽക്കാൻ നോമ്പിലൂടെ കഴിയണം. മനുഷ്യജീവിതത്തെ ഉദാത്തമായ മാനുഷിക മൂല്യങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്ന ദൈവദത്തമായ പാഠശാലയാണ് നോമ്പ്.



## “മാവുർബോ”

‘‘മാവുർബോ’’ എന്ന വാക്കിന്റെ അർത്ഥം ‘പുകഴ്ച’ (The Magnificat) എന്നാണ്. ‘യിറേബ്’ എന്ന ക്രിയാധാതുവിൽ നിന്ന് രൂപപ്പെട്ടിട്ടുള്ള പദമാണിത്. ഇതിന് ‘ഉയർത്തപ്പെടുക’ ‘ശക്തിയിൽ വളരുക’ എന്നൊക്കെയാണ് അർത്ഥം. ആരാധന പാരമ്പര്യത്തിൽ മറിയാമിന്റെ പാട്ടിനെ, (ലൂക്കോ 1:46-55) മാവുർബോ എന്നറിയപ്പെടുന്നു. രാത്രി പ്രാർത്ഥനയിൽ മൂന്നാം കൗമാ കഴിഞ്ഞ് മറിയാമിന്റെ പാട്ട് ചൊല്ലുന്നു. ‘എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു....’ ‘പുകഴ്ത്തുന്നു’ എന്നതിന്റെ സുറിയാനി പദം മാവൂർബോ എന്നതാണ്. അങ്ങനെയാണ് ആ വാക്ക് മറിയാമിന്റെ പാട്ടിനെ മുഴുവൻ സംബോധന ചെയ്യുവാൻ ഇടയായത്. മറിയത്തെ അനുമോദിച്ച എലിസബത്തിന്, മറുപടിയായി മറിയാം പാടിയ കീർത്തനത്തെ ‘മാഗ്നിഫിക്കാത്ത്’ എന്നാണ് ലത്തിനിൽ പറയുക. അതിൽ നിന്നാണ് Magnificat എന്ന ആംഗലേയ പദം രൂപം കൊണ്ടത്. ലത്തിനിൽ ‘എന്റെ ആത്മാവ് കർത്താവിനെ പുകഴ്ത്തുന്നു.’ (Magnificat animia mea, Dominum) എന്ന സ്തുതിപ്പിലെ ആദ്യ വാക്കാണ് Magnificat. രാത്രി പ്രാർത്ഥനയിൽ ‘മറിയാമിന്റെ പാട്ട്’ കഴിഞ്ഞുള്ള കീർത്തനത്തിനും മാവുർബോ എന്ന് തന്നെയാണ് പറയുന്നത്.

**ഫാ. മാത്യു വർഗീസ്, അടൂർ**



മാവേലിക്കര ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ചുമതലയേറ്റ ഡോ. ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ. നിലയ്ക്കൽ ഭദ്രാസനാധിപനും, ബാലസമാജം പ്രസിഡന്റുമാണ്.



# നമ്മിലൊരാൾ



## ഏബ്രഹാം മത്തായി നൂറനാൽ

വയനാട്ടിലെ സുൽത്താൻബത്തേരി സെന്റ് മേരീസ് കത്തീഡ്രലിലെ മുൻ വയലിനിസ്റ്റ് ഇപ്പോൾ യു.എൻ. മനുഷ്യാവകാശ കമ്മീഷണറുടെ മുഖ്യ സുരക്ഷാ ഉപദേഷ്ടാവാണ്. 48 യു.എൻ. ഏജൻസികൾക്ക് സുരക്ഷാ മാനേജ്മെന്റ് നയവും, ഫണ്ടും, കാര്യപരിപാടികളും രൂപവൽക്കരിക്കാനുള്ള ഇന്റർ ഏജൻസി സെക്യൂരിറ്റി മാനേജ്മെന്റ് നെറ്റ്വർക്ക് സ്റ്റിയറിംഗ് കമ്മിറ്റി മെമ്പറും, സഭയുടെ കരുത്തനായ വൈദിക ട്രസ്റ്റിയായിരുന്ന പരേതനായ വന്ദ്യ മത്തായി നൂറനാലച്ചന്റെയും, ഡോ. അന്നമ്മ മത്തായിയുടെയും ദ്വിതീയ പുത്രനും, 1983 പഞ്ചാബ് കേഡർ ഐ.പി.എസ്. ഉദ്യോഗസ്ഥനുമാണ് ഏബ്രഹാം മത്തായി നൂറനാൽ. അച്ചന്റെ കൗദാശിക ജീവിതത്തിന് ദൈവം നൽകിയ പ്രതിഫലമാണെന്റെ പദവികളെന്നിദ്ദേഹമാവർത്തിക്കുമ്പോൾ അഭിമാനിയ്ക്കാൻ സഭയ്ക്കും വകയുണ്ട്. അന്താരാഷ്ട്ര നയതന്ത്രസ്ഥാനത്ത് ഇന്റർനാഷണൽ സിവിൽ സർവ്വീസിലെ ഒരംഗം കൂടിയാണിദ്ദേഹം.

“ജീവിതയാത്രയുടെ ഓരോ ഘട്ടത്തിലും ദൈവകരങ്ങൾ അദൃശ്യമായി വഴി നടത്തിയിരുന്നുവെന്നും, ഓരോ നിയമ

# ഭരണ നിപുണതയോടെ...



നങ്ങളും ദൈവനിയോഗമായാണ് ഇദ്ദേഹം പറയുന്നത്. ഇപ്പോഴത്തെ പദവിയിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടത് അമേരിക്ക, ബ്രിട്ടൺ, ഫ്രാൻസ്, കാനഡ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നാൽ മൂന്നാം ലോക രാജ്യക്കാർക്ക് പരിഗണന ലഭിക്കുന്നില്ലയെന്ന അഭിപ്രായം യു.എൻ. ജനറൽ അസംബ്ലിയിൽ ഉയർന്നപ്പോൾ ഇദ്ദേഹത്തിന്റെ പേര് ഉയർന്നുവരികയായിരുന്നു. ബത്തേരിയിലെ സാമൂഹ്യ, സാംസ് ക്കാരിക മേഖലകളിലെ വന്ദ്യ അച്ചന്റെ ശ്രേഷ്ഠ സേവനം പല ഉന്നതരുമായുള്ള സൗഹൃദത്തിന് വഴിതെളിക്കുകയും ഇങ്ങനെ ലഭിച്ച പ്രേരണ ഏബ്രഹാമിന്റെ ജീവിതദർശനങ്ങൾ മാറ്റുകൂട്ടുന്നതുമാക്കിത്തീർത്തു. കഠിനാദ്ധ്വാനം കൊണ്ട് ആർജ്ജിച്ച കഴിവുകൾക്ക് ദൈവകൃപ തുണയായപ്പോൾ ഇതിനെല്ലാം അർത്ഥമുണ്ടാവുകയായിരുന്നു.

ബത്തേരി അസംപ്ഷൻ സ്ക്കൂൾ, സർവ്വജന ഗവ. ഹൈസ്ക്കൂൾ, സെന്റ് മേരീസ് കോളജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ തൃശൂരിലെ ഡോ. ജോൺ മത്തായി സെന്റർ എന്നിവിടങ്ങളിലെ വിദ്യാഭ്യാസ ശേഷം സെന്റ് മേരീസ് കോളജ് അധ്യാപകനായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ 1982-ൽ IES സെലക്ഷൻ. സ്വപ്നമായിരുന്ന IPS നുവേണ്ടിയുള്ള പരിശ്രമങ്ങൾ യാഥാർത്ഥ്യമായത് ഹൈദരബാദിലെ IPS ട്രെയിനിംഗ് അക്കാഡമിയിൽനിന്ന് Best Turn Out അവാർഡ് ലഭിച്ചപ്പോഴാണ്. 1985-ൽ സുവർണ്ണ ക്ഷേത്രം സ്ഥിതി ചെയ്യുന്ന അമൃത്സറിൽ ASP ആയി ആദ്യ നിയമനം. 1986-ൽ ലുധിയാനയിൽ SP. പിന്നീട് പോലീസ് ആസ്ഥാനത്ത് DGP യുടെ പ്രത്യേക സുരക്ഷാചുമതലയുള്ള ഓഫീസറായി ചണ്ഡിഗറിൽ. ഇതിനകം തന്നെ ഇദ്ദേഹത്തിന്റെ കർമ്മകുശലതയും, പ്രാഗത്ഭ്യവും കേന്ദ്രത്തിലെത്തി. പഞ്ചാബിലെ സ്ഥിതിഗതികൾ സുവ്യക്തമായ ഇദ്ദേഹത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുടെ ആവശ്യപ്രകാരം 1988-ൽ അദ്ദേഹത്തിന്റെ പ്രത്യേക സുരക്ഷാ ചുമതല. പിന്നീട് മാറി വന്ന ആറ് പ്രധാനമന്ത്രിമാരുടെ വ്യക്തിഗത സുരക്ഷാ മേൽനോട്ടം. ഇവരോടൊപ്പം രാജ്യത്തിനകത്തും പുറത്തുമായി അനവധി യാത്രകൾ.

സാഹചര്യങ്ങളുമായി പെട്ടന്നിണങ്ങുന്ന ഇദ്ദേഹത്തിന്റെ വ്യക്തി പ്രഭാവം ഇതിനോടകം അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. Executive Talent Search ലൂടെ 1997-ൽ ബോസ്നിയയിലെ ചീഫ് ഓഫ് സെക്യൂരറ്റിയായി യു.എൻ. നേരിട്ട് തെരഞ്ഞെടുത്തു. 9 മാസം നീണ്ട ഈ സേവനശേഷം പിന്നീടുള്ള നിയമനം വലിയ വെല്ലുവിളിയുടേതായിരുന്നു. അബ്രഹാം പിതാവിന്റെ ജന്മനാടായ 'ഊർ' സ്ഥിതി ചെയ്യുന്ന ഇറാക്കിലെ മുഖ്യ സുരക്ഷാ ഉപദേഷ്ടാവെന്ന പദവി. ജീവിതത്തിലെ വലിയ ഭാഗ്യമായി കരുതിയ ഈ പദവി കൈകാര്യം ചെയ്യുന്നതിനിടയ്ക്ക് വധശ്രമങ്ങൾ, റാഞ്ചൽ ശ്രമങ്ങൾ എന്നിവകളിൽ നിന്ന് സാഹസികമായി രക്ഷപെട്ട അനുഭവങ്ങൾ. ഇതിനെല്ലാമിടയിൽ ഇറാക്കിൽ നടന്ന വൻ എണ്ണ കുംഭകോണത്തിനു വശപ്പെടാതെ നിലകൊണ്ടത് പ്രശംസിച്ചുകൊണ്ടുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ട് (ഇതേ റിപ്പോർട്ടടിസ്ഥാനത്തിലാണ് അന്നത്തെ വിദേശകാര്യമന്ത്രി നട്വർ സിംങ് രാജി വെച്ചത്). സ്തുത്യർഹ സേവനം പരിഗണിച്ച് 2001-ൽ യു.എൻ. സിവിൽ സർവ്വീസിൽ സ്ഥിര നിയമനം. ഈ കാലയളവിൽ ലബനോൻ പ്രധാനമന്ത്രി റഫീക്ക് ഹരീരി വധാന്വേഷണ കമ്മീഷൻ സീനിയർ അഡ്വൈസർ. 2005-ൽ യു.എൻ. ആസ്ഥാനത്ത് മദ്ധ്യേഷ്യ, വടക്കനാഫ്രിക്ക മേഖലകളുടെ ചീഫ് ആയി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണിപ്പോൾ സേവിക്കുന്ന പദവിയിലെത്തിയത്.

ജനീവയിൽ സകുടുംബം കഴിയുന്ന ഇദ്ദേഹത്തിന്റെ ഭാര്യ ഷലീബ ന്യൂയോർക്കിലെ പ്രസിദ്ധമായ ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നുള്ള Certified Landscape Designer ആണ്. മകൻ രോഹൻ മത്തായി ബിരുദ പഠന ശേഷം ഇപ്പോൾ Certified Public Accountant ഉം 12-ാം ക്ലാസ്സ് വിദ്യാർത്ഥിനി മകൾ തലീത സ്വിറ്റ്സർലണ്ടിലെ വിദ്യാർത്ഥികൾക്കായുള്ള നാഷണൽ ഹോണർ സൊസൈറ്റി പ്രസിഡന്റുമാണ്.

ഇപ്പോഴത്തെ വലിയ ബാവാ തിരുമേനിയുടെയും, പുണ്യശ്ലോകരായ മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ ബാവമാരുടേയും അനുഗ്രഹാശിസ്സുകൾ വിലയേറിയതായിക്കരുതുന്ന ഇദ്ദേഹത്തിനിവരുമായും ഭാഗ്യസ്മരണാർഹനായ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുമായും അഗാധ വ്യക്തിബന്ധമുണ്ടായിരുന്നു. ഔദ്യോഗിക യാത്രകൾക്കിടയിൽ വിവിധ പാത്രിയർക്കീസ് ബാവമാരെ സന്ദർശിച്ചിട്ടുള്ള ഇദ്ദേഹം സഭകളുടെ ദേശീയ സ്വഭാവവും, പാരമ്പര്യങ്ങളും, സ്വയം ശീർഷകത്വവും അഭംഗുരം കാത്തുസൂക്ഷിക്കേണ്ടവയാണെന്നും, എന്നാൽ യോജിക്കാവുന്ന മേഖലകളിൽ ധാർമ്മികമായി ഒന്നാവണമെന്നും പറയുന്നു. കഴിഞ്ഞ വർഷം യു.എൻ. മനുഷ്യാവകാശ കമ്മീഷൻ നടത്തിയ ഗൾഫ് സന്ദർശന വേളയിൽ തൊഴിൽ തേടിയെത്തുന്ന ഇന്ത്യാക്കാരടക്കമുള്ള വിദേശികളുടെ പാസ്പോർട്ടുകൾ തൊഴിലുടമകൾ നിർബന്ധമായി കൈയ്യിൽ വയ്ക്കുന്നത് പ്രാഥമിക മനുഷ്യാവകാശ ലംഘനമാണെന്നും, ഇതവസാനിപ്പിക്കുമെന്നുമുള്ള ഉറപ്പ് ഓരോ രാജ്യത്തിന്റെയും ഭരണാധികാരികളിൽ നിന്ന് നേടിയെടുക്കാൻ കഴിഞ്ഞത് ഗൾഫ് മലയാളികൾക്കായി ചെയ്യാൻ കഴിഞ്ഞ ഒരു സേവനമായി കരുതുന്നു.

"ജനിച്ച നാടിനെയും, ബന്ധുജനങ്ങളെയും ഉപേക്ഷിച്ച് കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോവുക"- എന്ന ദൈവവാക്യം നിവർത്തിച്ച അബ്രഹാം പിതാവിന്റെ നാമം ഇദ്ദേഹത്തിനു നൽകിയ പിതാവാണ് ജീവിതത്തിൽ മാതൃകയെന്നും, 5 മക്കളെയും ദൈവത്തിനസാദ്ധ്യമായതൊന്നുമില്ലെന്നുമുള്ള ശുഭാപ്തി വിശ്വാസം നൽകി ജീവിക്കാൻ പഠിപ്പിച്ച അച്ചന്റെ തീരുമാനങ്ങൾക്കും, ഓർമ്മകൾക്കും പ്രസക്തിയേറെയെന്നും വിശ്വസിക്കുന്നു.

**ഏബ്രഹാം ശെമ്മാശൻ, പുതുപ്പള്ളി** ■

# മലങ്കര സഭ

# സഭാ പഞ്ചാംഗം – 2013



പ. ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ കാതോലിക്കബാവാ

## കോനൂൻപ്രേഹായ്– ജനുവരി

1. ***റിശ്ശാത്തോ** (വർഷാരംഭം) നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുനാൾ, മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും സകല വിശുദ്ധ മൽപ്പാന്മാരുടെയും ഓർമ്മ (നിറം 1).
3. മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 49–ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന), കൂനൻകുരിശുസത്യ സ്മരണാദിനം (മട്ടാഞ്ചേരി സെ. ജോർജ് പള്ളി).
6. ***ദനഹാപെരുനാൾ** (നമ്മുടെ കർത്താവിന്റെ മാമോദീസാ) (നിറം 2).
7. മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ചയുടെ പെരുനാൾ.
8. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ.
13. **ദനഹായ്ക്കു ശേഷം ഒന്നാം ഞായറാഴ്ച** (നിറം 3).
15. X വിത്തുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ, താപസനായ മാർ പൗലോയുടെ ഓർമ്മ.
18. മാർ ശ്മൂയേലിന്റെയും, മാർ ശെമവൂന്റെയും, മാർ അന്തോനിയോസിന്റെയും ഓർമ്മ.
20. **ദനഹായ്ക്കു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 6). സകല വിശുദ്ധ പിതാക്കന്മാരുടെയും മൽപ്പാന്മാരുടെയും ഓർമ്മ. മൂന്നു നോമ്പിന്റെ പേത്തുർത്താ ഞായർ.
21. മൂന്നു (നിനുവാ) നോമ്പാരംഭം. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ 4–ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന).
23. സന്യാസശ്രേഷ്ഠനായ മാർ ഔഗേന്റെ ഓർമ്മ.
24. മൂന്നു നോമ്പ് വീടൽ, യോന ദീർഘദർശിയുടെ ഓർമ്മ.
26. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 7–ാം ഓർമ്മ (ശാസ്താംകോട്ട

യുടെ 122–ാം ഓർമ്മ (അങ്കമാലി ചെറിയ പള്ളി).

10. **നോമ്പിലെ അഞ്ചാം ഞായറാഴ്ച** (ക്ഫിഫ്തോ) (നിറം 5).
17. **നോമ്പിലെ ആറാം ഞായറാഴ്ച** (സമിയോ) (നിറം 6). **മലങ്കര ഓർത്തഡോക്സ് സഭാ ദിനം-കാതോലിക്കാദിനം.** പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 51–ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).
19. സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 83–ാം ഓർമ്മ (കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളി).
22. **നാല്പതാം വെള്ളിയാഴ്ച.** കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 128–ാം ഓർമ്മ (പാമ്പാക്കുട വലിയ പള്ളി).
23. ബഥാന്യയിലെ ലാസറിന്റെ ഓർമ്മ (ലാസറിന്റെ ശനി) ലാസറിനെ ഉയിർപ്പിച്ച പെരുനാൾ.
24. **ഓശാന ഞായറാഴ്ച** (നിറം 7).
25. ***ദൈവമാതാവിനോടുള്ള വചനിപ്പ്** (സൂബോറോ) പെരുനാൾ, നാലാം മാർത്തോമ്മായുടെ 284–ാം ഓർമ്മ (കണ്ടനാട് പള്ളി). (നിറം 4)
28. **പെസഹാ വ്യാഴാഴ്ച.**
29. **ദുഃഖവെള്ളിയാഴ്ച** (വലിയ വെള്ളിയാഴ്ച).
30. **ദുഃഖശനിയാഴ്ച** – പ്രകാശത്തിന്റെ ശനി.
31. **കൃംതാ പെരുനാൾ (ഉയിർപ്പ്)** (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ, നിറം 8, തുടർന്ന് 1).

## നീസോൻ– ഏപ്രിൽ

1–6. ഹേവോറോദിനങ്ങൾ (2 മുതൽ 7 വരെയുള്ള നിറങ്ങൾ).

5. മൗദ്യാനന്മാരുടെ ഓർമ്മ (ഹേവോറോ വെള്ളി) കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി) 48–ാം ഓർമ്മ (പാമ്പാടി ദയറാ).
7. **പുതുഞായറാഴ്ച** (സന്ധ്യ മുതൽ രാത്രി ഒന്നാം കൗമാ വരെ നിറം 8 തുടർന്ന് 1). വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ)യുടെ 205–ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
14. **കൃംതാ പെരുനാളിനു ശേഷം രണ്ടാം (പുതുഞായറാഴ്ചയ്ക്കു ശേഷം 1) ഞായറാഴ്ച** (നിറം 2).
16. രണ്ടാം മാർത്തോമ്മായുടെ 327–ാം ഓർമ്മ

20. താപസന്മാരിൽ പ്രധാനിയായ മാർ അഹറോന്റെ ഓർമ്മ. നാല് ഏവൻഗേലിസ്ഥന്മാരുടെയും മൂന്നു പൊതുസുന്നഹദോസുകളിലെ പിതാക്കന്മാരുടെയും ഓർമ്മ.
24. സ്വർണ്ണ വെള്ളിയാഴ്ച.
26. **പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ച** (നിറം 8).

## ഹ്സീറോൻ – ജൂൺ

2. **പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച** (നിറം 1).
5. പരിസ്ഥിതി ദിനം.
6. യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 88–ാം ഓർമ്മ. (പരുമലപള്ളി), ഔഗേൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 6–ാം ഓർമ്മ. (വള്ളിക്കാട്ടു ദയറ).
9. **പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച** (നിറം 2).
11. മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ, ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 124–ാം ഓർമ്മ (കോട്ടയം പുത്തൻപള്ളി).
15. വി. ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ച പെരുനാൾ.
16. **പെന്തിക്കോസ്തിക്കുശേഷം നാലാം ഞായറാഴ്ച** (നിറം 3) ശ്ലീഹാ നോമ്പാരംഭം.
19. കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായും ശ്ലീഹായും സഹദായും ആദ്യം വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.
23. **പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായറാഴ്ച** (നിറം 4).
24. മാർ യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഓർമ്മ.
29. ***മാർ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ,** (നിറം 5) ശ്ലീഹാനോമ്പു വീടൽ.
30. **പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായറാഴ്ച** (നിറം 5) പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

## തോമൂസ് – ജൂലൈ

3. ***മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ.**
5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 204–ാം ഓർമ്മ (കോലഞ്ചേരി പള്ളി).
7. **പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായറാഴ്ച** (നിറം 6); സഖറിയാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ

16. മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 320–ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
18. **വാങ്ങിപ്പിനു ശേഷം ഒന്നാം ഞായറാഴ്ച** (നിറം 4).
19. സകല നിബിയന്മാരുടെയും ഓർമ്മ, മാർ ലാബി ശ്ലീഹായുടെ ഓർമ്മ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 22–ാം ഓർമ്മ.
20. മാർ ശമുവേൽ നിബിയയുടെ ഓർമ്മ.
24. മാർ മത്ഥിയാസ് ശ്ലീഹായുടെ ഓർമ്മ.
25. **വാങ്ങിപ്പിനു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 5).
29. മാർ യൂഹാനോൻ മംദാനയുടെ ശിരഛേദത്തിന്റെ ഓർമ്മ.
31. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 33–ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

## ഈലൂൽ – സെപ്റ്റംബർ

1. **വാങ്ങിപ്പിനുശേഷം മൂന്നാം ഞായറാഴ്ച.** (മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം) (നിറം 6). യുയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 139–ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
8. **വാങ്ങിപ്പിനുശേഷം നാലാം ഞായറാഴ്ച.** (നിറം 7); വി. ദൈവമാതാവിന്റെ ജനനപ്പെരുനാൾ.
9. വി. ദൈവമാതാവിന്റെ മാതാപിതാക്കളായ യുയാക്കീമിന്റെയും ഹന്നായുടെയും ഓർമ്മ.
14. ***സ്ലീബാ പെരുനാൾ** (നിറം 8).
15. **സ്ലീബാ പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച** (നിറം 1). മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 101–ാം വാർഷികം.
22. **സ്ലീബാ പെരുനാളിനു ശേഷം രണ്ടാം ഞായറാഴ്ച** (നിറം 2).
23. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 90–ാം ഓർമ്മ. (പഞ്ചിം സെ. മേരീസ് പള്ളി, ഗോവ).
24. പേർഷ്യക്കാരനായ മാർ ദീമേത്തിന്റെ ഓർമ്മ.
25. അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പത്രോസ് IV പാത്രിയർക്കീസ് ബാവായുടെ 119–ാം ഓർമ്മ.



പ. ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കബാവാ

3. **കൂദോശ് ഈത്തോ ഞായറാഴ്ച** (വി. സഭയുടെ ശുദ്ധീകരണം) (നിറം 1).
5. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 6–ാം ഓർമ്മ (ഭിലായി സെ. തോമസ് ആശ്രമം).
6. വയലിപറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 47–ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
8. മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 17–ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
9. പ്രഥമ മലയാള വേദപുസ്തക വിവർത്തകൻ കായംകുളം ഫീലിപ്പോസ് റമ്പാന്റെ 202–ാം ഓർമ്മ (അടൂർ കണ്ണംകോട് കത്തീഡ്രൽ).
10. **ഹൂദോസ് ഈത്തോ ഞായറാഴ്ച** (വി. സഭയുടെ പ്രതിഷ്ഠ) (നിറം 2).
13. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ഓർമ്മ.
14. മാർ ഫീലിപ്പോസ് ശ്ലീഹായുടെ ഓർമ്മ.
17. **സഖറിയ പുരോഹിതനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച** (നിറം 3).
20. ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 2–ാം ഓർമ്മ (പത്തനാപുരം താബോർ ദയറ).
21. വി. ദൈവമാതാവിന്റെ ദേവാലയ പ്രവേശന പെരുനാൾ.
24. **വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച** (നിറം 4) പഴയസെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് II മെത്രാപ്പോലീത്തായുടെ 197–ാം ഓർമ്മയും, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 17–ാം ഓർമ്മയും (കോട്ടയം പഴയസെമിനാരി).

28 മാർ യാക്കോബ് ബുർദ്ദാന, മാർദിവന്നാ

പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 60-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).

27. **പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച** (കൊഹനേ) (നിറം. 7).

## ശ്ബോത്ത് – ഫെബ്രുവരി

2. ***മായൽത്തോ പെരുനാൾ** (കർത്താവിന്റെ ദേവാലയപ്രവേശനം) (നിറം 3). വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടേയും ഓർമ്മ (വയോധിക ദിനം). പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 45-ാം ഓർമ്മ (കണ്ടനാട് കർമ്മേൽ ദയറാ).
3. **സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ കഴിക്കുന്ന ഞായറാഴ്ച** (ആനീദേ) (നിറം 8) വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ, താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
8. അന്ത്യോഖ്യായുടെ മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ.
9. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ (കൊല്ലം സെ.തോമസ് കത്തീഡ്രൽ).
10. **കൊത്തിനേ ഞായറാഴ്ച,** പേത്തുർത്താ (നിറം 1).
11. **വലിയ നോമ്പാരംഭം.**
13. മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 81-ാം ഓർമ്മ (മഞ്ഞനിക്കര ദയറാ).
16. മാർ അപ്രേം മല്പാന്റെയും തേവോദോറോസ് സഹദായുടേയും ഓർമ്മ. (നോമ്പിലെ ആദ്യ ശനി), സഭാരത്നം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 1-ാം ഓർമ്മ (മാവേലിക്കര സെ. പോൾസ് ചാപ്പൽ).
17. **നോമ്പിലെ രണ്ടാം ഞായറാഴ്ച** (ഗർബോ) (നിറം 2).
23. സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ, മലങ്കരസഭാ ഭാസുരൻ വിശുദ്ധ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) 79-ാം ഓർമ്മ (കോട്ടയം പഴയ സെമിനാരി ചാപ്പൽ), തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 5-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
24. **നോമ്പിലെ മൂന്നാം ഞായറാഴ്ച** (മ്ശറിയോ) (നിറം 3). ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.

## ഓദോർ – മാർച്ച്

3. **നോമ്പിലെ നാലാം ഞായറാഴ്ച** (ക്നാനൈത്തോ) (നിറം 4).
6. **പാതിനോമ്പ്;** ഉറഹായിലെ അബ്ഗാർ രാജാവിന്റെ ഓർമ്മ.
9. സെബസ്ത്യായിലെ നാല്പതു സഹദേൻമാരുടെ ഓർമ്മ. അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

(നിരണം വലിയപള്ളി), എട്ടാം മാർത്തോമ്മായുടെ 197-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).

17. ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 62-ാം ഓർമ്മ (പുത്തൻകാവ് കത്തീഡ്രൽ).
21. **കൃംതാ പെരുനാളിനുശേഷം മൂന്നാം (പുതു ഞായറാഴ്ചയ്ക്കു ശേഷം 2) ഞായറാഴ്ച** (നിറം 3). യൂഹാനോൻ മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ 219-ാം ഓർമ്മ (ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി).
22. മൂന്നാം മാർത്തോമ്മായുടെ 325-ാം ഓർമ്മ (കടമ്പനാട് കത്തീഡ്രൽ).
23. മാർ ഗീവർഗീസ് സഹദായുടെ ഓർമ്മ.
25. ഏവൻഗേലിസ്ഥനായ മാർ മർക്കോസ് മ്സബ്രോനോയുടെ ഓർമ്മ; ഒന്നാം മാർത്തോമ്മായുടെ 343-ാം ഓർമ്മ (അങ്കമാലി ചെറിയപള്ളി).
27. മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ മെത്രാപ്പോലീത്തായുടെ 342-ാം ഓർമ്മ (വടക്കൻ പറവൂർ പള്ളി).
28. **കൃംതാ പെരുനാളിനുശേഷം നാലാം (പുതു ഞായറാഴ്ചയ്ക്കു ശേഷം 3) ഞായറാഴ്ച** (നിറം 4).
29. മാർ ശാബോർ, മാർ അപ്രോത്ത് പിതാക്കന്മാരുടെ ഓർമ്മ.

## ഈയോർ – മേയ്

1. സെബദി പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
3. മാർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവായുടെ 100-ാം ഓർമ്മ (പാമ്പാക്കുട ചെറിയ പള്ളി).
5. **കൃംതാ പെരുനാളിനു ശേഷം അഞ്ചാം (പുതു ഞായറാഴ്ചയ്ക്കു ശേഷം 4) ഞായറാഴ്ച** (നിറം 5).
8. ഏവൻഗേലിസ്ഥനായ മാർ യൂഹാനോൻ ശ്ലീഹായുടെ ഓർമ്മ.
9. ***കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുനാൾ** (സൂലോക്കോ); (നിറം 5).

10–18 കാത്തിരിപ്പു നാളുകൾ

10. വൈരാഗ്യക്കാരനായ മാർ ശെമവൂൻ ശ്ലീഹായുടെ ഓർമ്മ. അഞ്ചാം മാർത്തോമ്മായുടെ 248-ാം ഓർമ്മ (നിരണം വലിയ പള്ളി).
12. **കൃംതാ പെരുനാളിനു ശേഷം ആറാം (പുതു ഞായറാഴ്ചയ്ക്കു ശേഷം 5, പെന്തിക്കൊസ്തിക്കു മുൻപുള്ള) ഞായറാഴ്ച** (നിറം 6) സൺഡേസ്കൂൾ ദിനം.
15. X കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുനാൾ. മാർ ഇസഹാക്കിന്റെ ഓർമ്മ.
16. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 23-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
19. **പെന്തിക്കോസ്തി ഞായറാഴ്ച** (നിറം 7). മാർ ദിവന്നാസ്യോസ് III (പുന്നത്ര) മെത്രാപ്പോലീത്തായുടെ 188-ാം ഓർമ്മ (കോട്ടയം ചെറിയപള്ളി).

16-ാം ഓർമ്മ. (പത്തനാപുരം താബോർ ദയറാ). മിഷൻ സൺഡേ.

10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 240-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
12. കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് V മെത്രാപ്പോലിത്തായുടെ 104-ാം ഓർമ്മ (കോട്ടയം പഴയസെമിനാരി).
14. **പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായറാഴ്ച** (നിറം 7).
15. മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് യൂലിത്തിയുടെയും നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
21. **പെന്തിക്കോസ്തിക്കു ശേഷം ഒൻപതാം ഞായറാഴ്ച** (നിറം 8).
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 14-ാം ഓർമ്മ (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രൊസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. മാർ ശെമവൂൻ ദെസ്തുനോയുടെ ഓർമ്മ.
28. **പെന്തിക്കോസ്തിക്കു ശേഷം പത്താം ഞായറാഴ്ച** (നിറം 1).
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 727-ാം ഓർമ്മ.

## ഓബ് – ഓഗസ്റ്റ്

1. ശൂനോയോ (പതിനഞ്ചു) നോമ്പാരംഭം; രക്തസാക്ഷികളായ മർത്ത്ശ്മൂനിയുടെയും ഏഴുമക്കളുടെയും ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 1-ാം ഓർമ്മ (റാന്നി പെരുനാട് ബഥനി ആശ്രമം).
4. **പെന്തിക്കോസ്തിക്കുശേഷം 11-ാം ഞായറാഴ്ച** (നിറം 2).
6. ***കൂടാരപ്പെരുനാൾ** (കർത്താവിന്റെ മറുരൂപപെരുന്നാൾ), അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 48-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം). (നിറം-6).
7. തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ.
11. **കൂടാരപ്പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച** (നിറം 3).
12. മാർ അസ്സാസായേൽ സഹദായുടെ ഓർമ്മ.
14. മീഖാ നിബിയുടെ ഓർമ്മ.
15. ***വി. ദൈവമാതാവിന്റെ വാങ്ങിപ്പ്** (ശൂനോയോ) പെരുനാൾ (നിറം 7); പതിനഞ്ചു നോമ്പുവീടൽ; മർത്തമറിയം വനിതാസമാജ ദിനം; അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 98-ാം ഓർമ്മ (കുർക്കുമാ ദയറാ), കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുനാൾ.

28. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 15-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).
29. **സ്ലീബാ പെരുനാളിനു മൂന്നാം ഞായറാഴ്ച** (നിറം 3).

## തെശ്രീൻകദീം – ഒക്ടോബർ

1. അറിയിപ്പുകാരനായ മാർ ആദായി (ശ്ലീഹാ)യുടെയും മ്ഹിർശാബോർ എന്ന മാർ അബഹായി സഹദായുടെയും മാർ മൽക്കേയുടെയും ഓർമ്മ.
2. കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 125-ാം ഓർമ്മ (കടുംഗമംഗലം പള്ളി).
3. വി. ബസേലിയോസ് യൽദോ കാതോലിക്കാ ബാവായുടെ 328-ാം ഓർമ്മ (കോതമംഗലം ചെറിയപള്ളി).
6. **സ്ലീബാ പെരുനാളിനുശേഷം നാലാം ഞായറാഴ്ച** (നിറം 4); വൈദിക സെമിനാരി ദിനം.
7. മാർ സർഗീസ്, മാർ ബാക്കോസ് സഹദേന്മാരുടെ ഓർമ്മ.
12. ഫീലിപ്പോസ് മാർ ദിവന്നാസ്യോസ് IV മെത്രാപ്പോലീത്തായുടെ 158-ാം ഓർമ്മ (ചേപ്പാട് പള്ളി); യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 33-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
13. **സ്ലീബാ പെരുനാളിനു ശേഷം അഞ്ചാം ഞായറാഴ്ച** (നിറം 5).
14. അലക്സാന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ ഓർമ്മ.
15. താപസനായ മാർ ഓസിയോയുടെ ഓർമ്മ.
18. മാർ ലൂക്കോസ് ഏവൻഗേലിസ്ഥായുടെ ഓർമ്മ.
20. **സ്ലീബാ പെരുനാളിനു ശേഷം ആറാം ഞായറാഴ്ച** (നിറം 6).
22. മാർ ബസേലിയോസ് ശക്രള്ളാ കാതോലിക്കാബാവായുടെ 249-ാം ഓർമ്മ (കണ്ടനാടു പള്ളി).
23. അല്ഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
27. **സ്ലീബാ പെരുനാളിനു ശേഷം ഏഴാം ഞായറാഴ്ച** (നിറം 7).

## തെശ്രീൻ ഹ്രോയി – നവംബർ

1. സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും സഹദേന്മാരുടെയും രക്തസാക്ഷിണികളുടെയും ഓർമ്മ. മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 3-ാം സ്ഥാനാരോഹണ വാർഷികം.
2. **വിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ (പരുമലതിരുമേനി)** 111-ാം ഓർമ്മ (പരുമല പള്ളി), കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 106-ാം ഓർമ്മ (ആലുവാ തൃക്കുന്നത്തു സെമിനാരി).

സ്യോസ ബരസ്ലിബാ എന്നിവരുടെ ഓർമ്മ.

29. സ്രൂഗിലെ മാർ യാക്കോബിന്റെ ഓർമ്മ.
30. മാർ അന്ത്രയോസ് ശ്ലീഹായുടെ ഓർമ്മ.

## കോനൂൻകദീം – ഡിസംബർ

1. **ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച.** (വനിതാദിനം) (നിറം 5)യൽദോ (ഇരുപത്തഞ്ചു) നോമ്പാരംഭം.
3. തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 41-ാം ഓർമ്മ (പത്തനാപുരം താബോർദയറാ).
4. സഹദാ സ്ത്രീകളായ മർത്ത് ബർബാറായുടേയും, മർത്ത് യൂലിയാനയുടേയും ഓർമ്മ.
6. മൂറായുടെ എപ്പിസ്ക്കോപ്പായായ നിക്കലാവോസ് എന്ന മാർസോഖേയുടെ ഓർമ്മ.
8. **മാർ യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച** (ബാലദിനം) (നിറം 6). മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 38-ാം ഓർമ്മ (ദേവലോകം കാതോലിക്കേറ്റ് അരമന).
9. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ 1-ാം ഓർമ്മ. (വളയംചിറങ്ങര സെന്റ്. പീറ്റേഴ്സ്& സെ.പോൾസ് പള്ളി.)
10. മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും കൂട്ടു സഹദേന്മാരുടെയും മാബൂഗിലെ മാർ പീലക്സീനോസിന്റെയും ഓർമ്മ.
13. ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 23-ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന).
15. **മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച** (നിറം 7).
17. മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 85-ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടുദയറാ).
18. വി. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മ.
20. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. **വി. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷി മരണം പ്രാപിച്ചതിന്റെ ഓർമ്മ.**
22. **ജനനപ്പെരുനാളിനു മുൻപുള്ള ഞായറാഴ്ച** (വംശാവലി ഞായർ) (നിറം 8).
25. ***യെൽദോ-ക്രിസ്മസ് (നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ)** ഇരുപത്തഞ്ചു നോമ്പു വീടൽ (നിറം 1).
26. X വി. ദൈവമാതാവിന്റെ പുകഴ്ചപെരുനാൾ. യാക്കോബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്തായുടെ 27-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി).
27. ശിശുവധപ്പെരുനാൾ, ശിശു സഹദേന്മാരുടെ ഓർമ്മ.
29. **ജനനപെരുനാളിനു ശേഷം ഒന്നാം ഞായറാഴ്ച (നിറം 1).**

കഥ

കൈപ്പട്ടൂർ തങ്കച്ചൻ

# വെള്ളിയാഴ്ചയും കഴിഞ്ഞ് ശനിയാഴ്ച പുലർച്ചെ

ദുഃഖവെള്ളിയുടെ ശോകമൂകതയല്ല; ഒരൊഴിവുദിവസത്തിന്റെ ആഹ്ലാദമായിരുന്നു പള്ളിപ്പറമ്പിൽ.

ഹാളിനുള്ളിലെ കുന്തിരിക്കപുക കാഴ്ചയെയും മറയ്ക്കാൻ പോന്നതായിരുന്നു. കുന്തിരക്ക പുകയുടെ ഗന്ധത്തോടൊപ്പം തിങ്ങി നിറഞ്ഞു നില്ക്കുന്നവരുടെ വിയർപ്പിലലിഞ്ഞ വ്യത്യസ്ത സുഗന്ധ ലേപനങ്ങളുടെ മടുപ്പിക്കുന്ന ഗന്ധവും, വിലാപസ്വരത്തിലുള്ള വാക്യങ്ങളുടെയും പ്രതിവാക്യങ്ങളുടെയും പ്രതിധ്വനിയുമായിരുന്നു ഹാളിൽ

കുരിശുമുത്താനുള്ള സമയമായി. തിരക്കുമായി.

കുരിശിലേറ്റി പാപമോചിതരാകാനുള്ള ധൃതിയായിരുന്നു കുമ്പിടാൻ തിക്കിത്തിരക്കുണ്ടാക്കുന്ന വിശ്വാസക്കൂട്ടത്തിന്! തങ്ങളുടെ ഊഴമെത്തുന്നതിനു മുമ്പേ കുരിശിലെ യേശുവിനെയും കൊണ്ട് കാർമ്മികൻ ഓടിപ്പോയ്ക്കളയുമോ എന്നുള്ള സംശയമായിരിക്കണം തിരക്കിന്റെ കാരണം. തിക്കിത്തിരക്കുന്നവരെ ശാസിക്കുന്ന അച്ചന് ക്ഷമകെട്ടെങ്കിലും, ആളുകളുടെ ആവേശത്തിന് കുറവുണ്ടായില്ല.

കത്തിക്കയറുന്ന വെയിലായിരുന്നു.

ഒരു മരത്തിന്റെ തണലിലേക്ക് ജോർജ് ചെറിയാൻ എന്നെ പിടിച്ചു മാറ്റി നിർത്തി. സന്തോഷവാനായിരുന്നു അയാൾ.

'ഞങ്ങള് എറണാകുളത്തേക്ക് താമസം മാറ്റുവാ...'

എലിമുഖമുള്ള ജോർജ് ചെറിയാന്റെ മുഖത്ത് കുരിശുമരണ വെള്ളിയാഴ്ചയുടെ ശോകമോ ആ വലിയ ത്യാഗത്തെ ഓർത്തുള്ള സഹതാപമോ ഇല്ല. പൈസഹായുടെ ആഹ്ലാദമുണ്ടായിരുന്നു താനും. പണസഞ്ചി നിറയുന്ന തൃപ്തിയായിരുന്നു. മുപ്പതു വെള്ളിക്കാശിന്റെ സന്തോഷമായിരുന്നു.

ഏതോ ഒരുൾനാട്ടിലാണെന്നതല്ലാതെ, ജോർജ് ചെറിയാന്റെ വീടെവിടെയാണെന്ന് കൃത്യമായി എനിക്ക് അറിയില്ലായിരുന്നു.

അങ്ങനെ വീടോ വീട്ടുകാരെപ്പറ്റിയോ വിശദമായി അറിയാനുള്ള അടുപ്പവും തമ്മിലില്ലായിരുന്നു താനും. ഒരു സാധാരണ പരിചയത്തിനപ്പുറമുള്ള ബന്ധം ജോർജ് ചെറിയാനുമായി ഇല്ലയെന്നുള്ളതായിരുന്നു വാസ്തവം. ഏരിയാ പ്രാർത്ഥനയ്ക്കായി ഒന്നോ രണ്ടോ പ്രാവശ്യം അയാളുടെ ഫ്ളാറ്റിലേക്ക് പോയിട്ടുള്ളതേയുള്ളു താനും.

ഇടക്കെപ്പോഴൊക്കെയോ, മകളുടെ നിർബന്ധത്തിനു വഴങ്ങി ഭാര്യയെയും മകളെയും കൊണ്ടുവന്നപ്പോഴാണ് ജോർജ് ചെറിയാന് ഫ്ളാറ്റെടുക്കേണ്ടി വന്നതും.

'മോക്ക്, അവിടേക്കു മാറ്റം വാങ്ങി. പൂനയിലേക്കായിരുന്നു നിയമനം... ചില്ലറ ചെലവാക്കേണ്ടി വന്നു...'

ചില്ലറ ചെലവാക്കേണ്ടി വന്ന വിഷമവും നഷ്ടവും മോൾക്കു വേണ്ടിയായതു കൊണ്ടാണ് ജോർജ് ചെറിയാൻ സഹിക്കുന്നതെന്ന് ഞാനോർത്തു.

ജോർജ് ചെറിയാന്റെ ഒറ്റ മോളാണ് അനിത.

ജോർജ് ചെറിയാന്റെ സ്വഭാവമല്ല. ആധുനികതയുടെ ഭാവാദികളോടെ അടിച്ചുപൊളിയുടെ ആഹ്ലാദം അനുഭവിക്കുന്ന പെൺകുട്ടി. സ്വന്തം വീട്ടിൽ നടന്ന പ്രാർത്ഥനയിൽ പങ്കുകൊള്ളാതെ, ഇയർഫോണിലൂടെ അടിപൊളി സംഗീതത്തിന്റെ ത്രസിപ്പ് ആസ്വദിക്കും സ്വപ്ന ലഹരിയിലാണ്ടും മുറിയിൽ നിന്ന് പുറത്തേക്ക് ഇറങ്ങാതെ കിടക്കുകയായിരുന്നു അവൾ!

പള്ളിയിൽ വന്നു കണ്ടിട്ടേയില്ല.

മസിൽപെരുപ്പിച്ച അല്പവസ്ത്രധാരികളായ കാപ്പിരികളുടെ ചിത്രങ്ങൾ കൊണ്ട് മോടിപിടിപ്പിച്ചിരുന്ന അവളുടെ മുറിയുടെ ചുവരുകൾ കണ്ട് അഭിപ്രായം പറഞ്ഞപ്പോൾ ജോർജ് ചെറിയാൻ താക്കീതു ചെയ്തു:

'ശ്.....മോളു കേക്കണ്ടാ... അവൾക്കങ്ങനെ പറയുന്നതൊന്നും ഇഷ്ടമല്ല....'

അപ്പോഴേ മനസ്സിൽ കുറിച്ചിട്ടതാണ് നിഷേധിയും തന്നിഷ്ടക്കാരിയുമെന്ന്!

ഐറ്റിക്കു പഠിക്കുകയായിരുന്നു. കാമ്പസ് സെലക്ഷൻ കിട്ടിയെന്ന് പിന്നീടറിഞ്ഞു. ഇപ്പോൾ ഒരു പക്ഷേ, വളർന്ന് പാകതയും പക്വതയുമൊക്കെയായി നല്ല കുട്ടിയായിക്കാണും.

'കാക്കനാട്ട് ഒരു വീടും വാങ്ങി...

നല്ല കാര്യം.

'മോളിപ്പം ഫ്ളാറ്റില്ലാ താമസിക്കുന്നേ...'

പത്തുമിനിട്ടുകൊണ്ട് നടന്നെത്താവുന്ന ദൂരത്തിലാണ് ജോലി സ്ഥലം. സൗകര്യമായി. മുപ്പത്തഞ്ചു ലക്ഷമായിരുന്ന ഫ്ളാറ്റിന്, സമാർട്ട് സിറ്റി വന്നതോടെ ഇരട്ടിയായി വില. ഒരാൾ വില പറഞ്ഞു. കൊടുത്തില്ല. അവിടെ കിടക്കട്ടെ. ഇനിയും വില കൂടും. ജോർജ് ചെറിയാൻ അമിതാഹ്ലാദത്തിലാണ്.

'മക്കൾക്ക് താമസിക്കാനാണെന്നു പറഞ്ഞപ്പോൾ, വാടകക്കാർ വിസമ്മതം പറയാതെ ഒഴിഞ്ഞു....'

അപ്പോൾ, എറണാകുളത്ത് ഫ്ളാറ്റും വീടുമുണ്ട്. തല്ലത്. പ്രയാസപ്പെടുത്താതെ വാടകക്കാർ ഒഴിയുകയും ചെയ്തു. വളരെ നല്ലത്.

എലിയുടെ സ്വഭാവമാണ് ജോർജ് ചെറിയാനാണെന്നു പറഞ്ഞത്, അയാളുടെ പ്രിയ സുഹൃത്തു തന്നെയായിരുന്നു.

പെരുപ്പിച്ച് പൈസയുണ്ടാക്കുന്നു.

ശേഷം 46-ാം പേജിൽ






# ഇന്റർനെറ്റ് കാഴ്ചകൾ?

**ഫാ. സി.സി. ചെറിയാൻ**

'ഇന്റർനെറ്റ്' അശ്ലീലകാഴ്ചകളിലേയ്ക്ക് വഴുതി വീഴ്ത്തുന്നു എന്നത് ഒരു വലിയ യാഥാർത്ഥ്യമാണ്. ആ വലയിൽനിന്നും കുതറിമാറുവാൻ ശ്രമിക്കുന്നവരും അതിൽ കുടുങ്ങിപ്പോകുന്നു. പ്രായവ്യത്യാസമോ ലിംഗഭേദമോ ഇക്കാര്യത്തിൽ ഒഴിവാക്കാവുന്ന ഘടകങ്ങളല്ല. ലൈംഗികത ആസ്വദിക്കാൻ മാത്രം 'വല' തുറക്കുന്നവർ നിരവധിയാണ്. ഒറ്റയ്ക്കും, കൂട്ടായും ലൈംഗികത ആസ്വദിച്ച് അതിന് അടിമയാകുന്നവരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. ഒരുപാട് ബന്ധങ്ങളും, ജീവിതങ്ങളും ഈ വലയിൽപെട്ട് നശിച്ചുകൊണ്ടിരിക്കുന്നു എന്നത് ഇന്നത്തെ "നെറ്റ് യുഗ"ത്തിലെ ഒരു വലിയ പ്രശ്നമാണ്.

വഷളന്മാരെന്നും സാമൂഹ്യദ്രോഹികളെന്നുമൊക്കെ മുദ്രകുത്തപ്പെട്ടവരാണ് ഇത്തരത്തിൽ നശിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറയാനാവില്ല. സമൂഹത്തിൽ "മാന്യത" പുലർത്തുന്നവരാണ് ഈ "വല"യുടെ അടിമകളായി മാറിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിലെ ലൈംഗിക അരാജകത്വത്തിന്റെയും അതിക്രമങ്ങളുടെയും, പീഡനങ്ങളുടെയുമെല്ലാം അടിസ്ഥാന കാരണം "നെറ്റിന്റെ" ദുസ്വാധീനമാണ്. പല വിവാഹബന്ധങ്ങളും വേർപിരിയലിൽ കലാശിക്കുന്നതിലും ഈ 'നെറ്റ്' വില്ലന്റെ സ്വാധീനം നിഷേധിക്കാനാവില്ല. പല കുടുംബങ്ങളിലും വഴിപിഴച്ചുപോകുന്ന മക്കളെ ഉപദേശിക്കാൻ ധാർമ്മികധൈര്യം ഇല്ലാത്ത മാതാപിതാക്കളും ഉണ്ട്. "ആത്മീയ"രെന്ന് അറിയപ്പെടുന്ന പല വരേണ്യവർഗ്ഗവും ഈ "വല"യുടെ പിടിയിലാകുന്നു എന്നതും "വല"യുടെ അപകടകരമായ ദുസ്വാധീനത്തെ കാണിക്കുന്നു.

ഇത്തരം പ്രവണതയ്ക്ക് എന്തെങ്കിലും പരിഹാരം കാണാനാകുമോ? ദൈവവചനത്തിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ ചില പ്രകാശരശ്മികൾ കണ്ടെത്താനാകും.

ഹബകൂക്ക് പ്രവാചകൻ എഴുതുന്നത് കാണുക:

''ദോഷം കണ്ടുകൂടാത്തവണ്ണം നിർമ്മലദൃഷ്ടിയുള്ളവനും, പീഡനം കാൺമാൻ കഴിയാത്തവനുമായുള്ളോവേ........ മനുഷ്യരെ സമുദ്രത്തിലെ മത്സ്യങ്ങളെപോലെയും........ ആക്കുന്നത് എന്ത്? അവൻ (ദുഷ്ടൻ) അവയെഒക്കെയും ചൂണ്ടൽകൊണ്ട് പിടിച്ചെടുക്കുന്നു. അവൻ ''വല''കൊണ്ട് അവയെ വലിച്ചെടുക്കുന്നു, "കോരുവല"യിൽ ചേർത്തുകൊള്ളുന്നു. അതുകൊണ്ട് അവൻ സന്തോഷിച്ച് ആനന്ദിക്കുന്നു. അതുഹേതുവായി അവൻ തന്റെ 'വല'യ്ക്ക് ബലി കഴിക്കുന്നു. കോരുവലയ്ക്ക് ധൂപം കാട്ടുന്നു. അവയാലല്ലോ അവന്റെ ഓഹരി പുഷ്ടിയുള്ളതും അവന്റെ ആഹാരം പൂർത്തിയുള്ളതുമായിത്തീരുന്നത്. അതുനിമിത്തം അവൻ തന്റെ വല കുടഞ്ഞു ജാതികളെ ആദരിക്കാതെ നിത്യം കൊല്ലുവാൻ പോകുമോ?'' (ഹബക്കൂക്ക് 1:13-17)

ഈ വേദഭാഗം പ്രവചനമായി നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ടതാണ്. യിസ്രായേൽ ജനത്തെപ്പറ്റിയുള്ള ഭാരം മനസ്സിൽ പേറി ബാബിലോൺ ആധിപത്യത്തിനെതിരായി യഹോവയോട് സംവദിക്കുന്നതാണ് സന്ദർഭം. ദുഷ്ടശക്തിയുടെ അടിമത്വത്തെ "വല"യുടെ രൂപത്തിൽ അന്ന് പ്രവാചകൻ വിശേഷിപ്പിച്ചപ്പോൾ "ഇന്റർനെറ്റ്" എന്ന വലയെപ്പറ്റി അറിഞ്ഞുകൊണ്ടല്ല. എന്നാലും ഇന്നത്തെ സാഹചര്യത്തിൽ ഈ പ്രവചനത്തിന്റെ പ്രസക്തിവളരെ വലുതാണ്.

ഈ വേദഭാഗത്ത് മനുഷ്യൻ വലയിലകപ്പെട്ട മത്സ്യത്തെപ്പോലെയാണ് എന്നും, മത്സ്യത്തെ വലയിൽ പിടിക്കുന്നവർ "സന്തോഷിക്കുന്നു" എന്നും നാം കാണുന്നു. അശ്ലീലവെബ്സൈറ്റുകളുടെ ഉടമസ്ഥർ വളരെയേറെ സന്തോഷിക്കുകയും വലയുടെ വിസ്തൃതിയും ബലവും ഉറപ്പാക്കുവാൻ കൂടുതലായി പരിശ്രമിച്ച്, രാജ്യങ്ങളേയും ജാതികളെയും വംശനാശം വരുത്തുവാൻ പരിപാടികൾ വളരെ ആകർഷകമായും സൗജന്യമായും അവതരിപ്പിച്ച് മുന്നേറുന്നു. ഇത് "ദുഷ്ടന്റെ" പ്രവർത്തനമായിത്തന്നെ ദൈവവിശ്വാസികൾ കാണേണ്ടിയിരിക്കുന്നു.

ഇത് താളം തെറ്റിയ മനസ്സിന്റെ പ്രശ്നമാണെങ്കിലും വികലമായ കാഴ്ചയുടെ പ്രശ്നമായിട്ടാണ് അനുഭവപ്പെടുന്നത്. യാദൃശ്ചികമായി കാണുക എന്നതും മനഃപൂർവ്വമായി നോക്കുക എന്നതും അതിൽ ആനന്ദം കണ്ടെത്തുമാറ് ആസ്വദിക്കുന്ന ശീലം വളർത്തുക എന്നതും അതിന് അടിമയായിത്തീരുക എന്നതും പടിപടിയായി ഉണ്ടാകുന്ന വീഴ്ചയുടെ അടയാളമായി പരിഗണിക്കണം. യേശുക്രിസ്തു അരുളിചെയ്തു. "ഞാനോ നിങ്ങളോട് പറയുന്നു: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. എന്നാൽ വലങ്കണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ

*ശേഷം 42-ാം പേജിൽ*



Republic day

# രാഷ്ട്രീയക്കാർ അറിയാത്ത എത്രയോ രഹസ്യങ്ങൾ



**ഡോ.** എ.പി.ജെ. അബ്ദുൽ കലാമിനെ ഏതു കുറ്റത്തിനാണിപ്പോൾ പ്രതിക്കൂട്ടിൽ നിർത്തേണ്ടത്? അല്ലെങ്കിൽ ആളൊഴിഞ്ഞ ആ പ്രതിക്കൂട് അങ്ങനെതന്നെ ചരിത്രത്തിന്റെ മുമ്പിൽ നിർക്കട്ടെ. അതിൽ കയറ്റി നിർത്തേണ്ടത് അബ്ദുൾ കലാമിനെ യാണോ സോണിയാഗാന്ധിയെയാണോ അല്ലെങ്കിൽ പാർലമെന്ററി ജനാധിപത്യത്തെച്ചൊല്ലി ഇപ്പോൾ മുതലക്കണ്ണീർ ഒഴുക്കിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ മറ്റു പ്രമുഖ പ്രതീക്ഷ നേതാക്കളെയാണോ എന്നു കാലം തീരുമാനിക്കട്ടെ.

ഇന്ത്യയുടെ മുൻ രാഷ്ട്രപതി അബ്ദുൾ കലാം ഈയിടെ പ്രസിദ്ധീകരിച്ച 'ടേണിംഗ് പോയിന്റ്,' എ ജേർണി ത്രു ചലഞ്ചസ്' എന്ന പുസ്തകമാണിപ്പോൾ വിവാദ വിഷയമായി മാറിയിരിക്കുന്നത്. അതിൽ കലാം പറഞ്ഞിരിക്കുന്നത്.

2004 മെയിൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനും സഖ്യകക്ഷികൾക്കും കൂടി ഭൂരിപക്ഷം ലഭിച്ചപ്പോൾ കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ നേതാവെന്ന നിലയിൽ സോണിയാ ഗാന്ധിയെ പ്രധാനമന്ത്രിയായി നിയമിക്കുന്നതിനു താൻ തയ്യാറായി വച്ചിരുന്ന ഉത്തരവു തന്നെ മാറ്റി വേറെ തയ്യാറാക്കേണ്ടി വന്നുവെന്നും അബ്ദുൾകലാം തന്റെ പുതിയ പുസ്തക രൂപത്തിൽ വ്യക്തമാക്കിയിരുന്നു.

സോണിയാ ഗാന്ധി ഇന്ത്യയുടെ പുതിയ പ്രധാനമന്ത്രി എന്ന വലിയ തലക്കെട്ടിൽ 2004 മെയ് പതിനെട്ട് ടൈംസ് ഓഫ് ഇന്ത്യ പോലുള്ള ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു എന്നതു മറ്റൊരു വസ്തുത. അതിനു കാരണം സോണിയാ ഗാന്ധിയെ പ്രധാനമന്ത്രിയാക്കാൻ രാഷ്ട്രപതി അബ്ദുൾ കലാം തീരുമാനിച്ചിരിക്കുന്നു. എന്നു രാഷ്ട്രപതി ഭവനിൽ നിന്നു ലഭിച്ച വിവരങ്ങളായിരുന്നു.

തന്റെ പുതിയ പുസ്തകത്തിൽ അബ്ദുൾകലാം പറയുന്നതു സോണിയയെ പ്രധാനമന്ത്രിയാക്കാനുള്ള തന്റെ തീരുമാനം ഭരണഘടനാനുസൃതമായി നൂറുശതമാനവും ശരിയായിരുന്നു എന്നാണ്. ഭരണഘടനയനുസരിച്ചു ഭൂരിപക്ഷം കിട്ടുന്ന പാർട്ടി ആരെയാണോ നേതാവായി തെരഞ്ഞെടുക്കുന്നത് ആ വ്യക്തിയാണു പ്രധാനമന്ത്രിയാകേണ്ടത്. അതനുസരിച്ചു തന്നെയാണു താൻ സോണിയയെ പ്രധാനമന്ത്രിയാക്കാൻ തീരുമാനിച്ചത്. അബ്ദുൾ കലാമിന്റെ വാക്കുകൾ.

ഈ വെളിപ്പെടുത്തലാണു ഭാരതീയ ജനതാ പാർട്ടിയേയും സംയുക്ത ജനതാദൾ അധ്യക്ഷൻ ശരത് യാദവ്, ശിവസേനാ മേധാവി ബാൽതാക്കറെയോ പോലുള്ള പല നേതാക്കളേയും ക്ഷുഭിതരാക്കിയിരിക്കുന്നത്. എട്ടുവർഷം മുമ്പു നടന്ന ഇക്കാര്യങ്ങൾ എന്തുകൊണ്ട് ഇതേവരെ അബ്ദുൾ കലാം വെളിപ്പെടുത്താതിരുന്നതെന്നാണു ശരദ് യാദവ് ഒരു പരസ്യ പ്രസ്താവനയിലൂടെ ചോദിച്ചിരുന്നത്.

താൻ എന്തിനുവേണ്ടി, ആർക്കുവേണ്ടി ഇതു വെളിപ്പെടുത്തണമെന്നായിരുന്നു എന്ന് അബുൾ കലാം ഇപ്പോൾ ചോദിച്ചാൽ ബി.ജെ.പി. നേതാക്കൾക്കോ മറ്റ് എതിപ്പുകാർക്കോ ഒരു മറുപടിയുമുണ്ടാവുകയില്ല എന്നതല്ലേ വസ്തുത?

ഇവിടെയാണു ഭാരതം കണ്ട ഏറ്റവും രാഷ്ട്രീയ അന്തസുള്ള വ്യക്തിയാണു മുൻ രാഷ്ട്രപതി കലാം എന്നു തെളിയിക്കപ്പെട്ടിരക്കുന്നത്. എന്നു മാത്രമല്ല രാജ്യത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രം പ്രവർത്തിക്കാൻ ബാധ്യതപ്പെട്ട വ്യക്തിയാണു രാഷ്ട്പതിയെന്നും ഭരണഘടന വിട്ടുള്ള ഒരു രാഷ്ട്രീയക്കളി നടത്താനും രാഷ്ട്രപതിക്കു യാതൊരു അവകാശവുമില്ലെന്നു തനിക്കു പരിപൂർണ്ണ ബോധ്യ

മുണ്ടെന്നും അദ്ദേഹം വിശ്വസിക്കുന്നു.

ഇവിടെയാണു സുപ്രീം കോടതി മുൻ ജഡ്ജി വി.ആർ. കൃഷ്ണയ്യർ എന്നോടു പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നത്. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് കേന്ദ്ര മന്ത്രി സഭയിൽ കടുത്ത അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ മന്ത്രി സഭ പിരിച്ചുവിട്ട് രാജ്യഭരണം ഏറ്റെടുക്കാൻ ഭരണഘടനാപരമായി തനിക്ക് അധികാരമുണ്ടോ എന്ന കാര്യത്തിൽ ഒരു ദിവസം ജസ്റ്റീസ് കൃഷ്ണയ്യരെ രാഷ്ട്രപതി ഭവനിലേക്കു വിളിപ്പിച്ചു രാഷ്ട്രപതി സെയിൽ സിംഗ് അഭിപ്രായം ആരാഞ്ഞുവത്രേ! യാതൊരു അധികാരവുമില്ലെന്ന് സിംഗിനെ ജസ്റ്റീസ് കൃഷ്ണയ്യർ ഉപദേശിക്കുകയും ചെയ്തു.

സെയിൽ സിംഗിനെപ്പോലെ കാര്യമായ വിദ്യാഭ്യാസമില്ലാത്തവരും ഇന്ത്യയുടെ രാഷ്ട്രപതിയായിട്ടുണ്ടെന്നത് ഒരു നഗ്ന യാഥാർത്ഥ്യം. അടിയന്തരാവസ്ഥക്കാലത്ത് പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന സെയിൽസിംഗ് അക്കാലത്ത് പഞ്ചാബ് സന്ദർശിക്കാനെത്തിയ സഞ്ജയ് ഗാന്ധിയുടെ ചെരുപ്പുകൾ കയ്യിലെടുത്തു വണങ്ങിയെന്നു ചരിത്രത്തിലെ ഏറ്റവും അപമാനകരമായ സംഭവം. അതുമായി താരതമ്യപ്പെടുത്തുമ്പോഴാണു അബ്ദുൾകലാം എവിടെ നിൽക്കുന്നു. സെയിൽസിംഗ് എവിടെ കിടക്കുന്നു എന്നു രാജ്യത്തിനു ബോധ്യമാവുക?

ഇറ്റലിയിൽ ജനിച്ച സോണിയ ഗാന്ധിയുടെ ഇന്ത്യൻ പൗരത്വം രാഷ്ട്രീയ വൃത്തങ്ങളിൽ ഏറെക്കാലം വിവാദമായിരുന്ന ഒന്നാണ്. ഇന്നു രാഷ്ട്രപതി സ്ഥാനത്തേക്കു മത്സരിക്കുന്ന പി.എ. സംഗ്മയും ശരത്പവാറുമെല്ലാം കോൺഗ്രസിൽ നിന്നു പിരിഞ്ഞ് നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി രൂപീകരിച്ചത് ഇറ്റലിയിൽ ജനിച്ച സോണിയാ ഗാന്ധിയെ പ്രധാനമന്ത്രിപദം സോണിയ മോഹിച്ചിരുന്നില്ല എന്നാണ് ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്. പക്ഷേ കോൺഗ്രസിന്റെ അധ്യക്ഷഎന്ന നിലയിൽ ഇന്ത്യയിപ്പോൾ ഒരു സൂപ്പർ പ്രധാനമന്ത്രിയുടെ പദവിയാണ് സോണിയയ്ക്കുള്ളതെന്നതു മറ്റൊരു യാഥാർത്ഥ്യം.

ഇത്തവണ പുതിയ രാഷ്ട്രപതിയെ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ ആ പദവിയിലേക്ക് അബ്ദുൾകലാമിന്റേയും പേര് ഉയർന്നുകേട്ടതാണ്. പക്ഷേ ഏകകണ്ഠമായി തന്നെ തെരഞ്ഞെടുക്കുമെങ്കിൽ മാത്രമേ താൻ ആ പദവിയിലേക്കുള്ളു എന്ന വ്യക്തമായ നിലപാടാണ് കലാം സ്വീകരിച്ചത്.

അതിനു കളമൊരുക്കാനായി സോണിയയുടെ പ്രധാനമന്ത്രിപദം 2004-ൽ തനിക്കു സ്വീകാര്യമായിരുന്നു എന്ന് പുതിയ രാഷ്ട്രപതിയെ തേടിക്കൊണ്ടിരിക്കുന്നപ്പോൾ കോൺഗ്രസിന്റെ പിന്തുണ ലക്ഷ്യം വച്ചുകൊണ്ട് അബ്ദുൾ കലാമിന് നേരത്തേ തന്നെ തന്റെ പുതിയ പുസ്തകം പ്രസിദ്ധീകരിക്കാമായിരുന്നു.

ആ അവസരവാദ നിലപാട് സ്വീകരിക്കാതെ രാഷ്ട്രപതി സ്ഥാനാർത്ഥി നിർണയവും നാമനിർദേശ പത്രികാ സമർപ്പണവും കഴിഞ്ഞതിനു ശേഷം മാത്രം തന്റെ പുസ്തകം പ്രസിദ്ധീകരിക്കാൻ തയാറായി എന്നതിലാണു കലാം എന്ന രാഷ്ട്രീയക്കാരനല്ലാത്ത ശാസ്ത്രജ്ഞന്റെ മഹത്വം ഇന്നു കാണുന്നത്. അതു കാണാത്തവർ ഇന്ത്യയിലെ ചില രാഷ്ട്രീയ പാർട്ടികളും നേതാക്കളുമാണെന്നതാണു ലജ്ജാകരം.

ഈ രാഷ്ട്രീയ രഹസ്യങ്ങളെല്ലാം അറിയാമായിരുന്ന സോണിയ ഗാന്ധിയാണ് 2007-ൽ രാഷ്ട്രപതി എന്ന നിലയിൽ അബ്ദുൾ കലാമിന്റെ കാലാവധി അവസാനിച്ചപ്പോൾ അദ്ദേഹത്തെ ആ സ്ഥാനത്തു തുടരാൻ അനുവദിക്കാതിരുന്ന്. അതിനു ഒരു കാരണമേയുണ്ടായിരുന്നുള്ളു.

അബ്ദുൾ കലാം രാഷ്ട്രപതിയായിരുന്നാൽ 2009-ലെ തെരഞ്ഞെടുപ്പുഫലം പുറത്തു വന്നു കഴിഞ്ഞാൽ ഭരണഘടനാ വ്യവസ്ഥകളിൽ നിന്ന് അണുവിട പോലും വ്യതിചലിക്കാതെ മാത്രമേ പ്രവർത്തിക്കുകയുള്ളുവെന്ന് സോണിയയ്ക്കും കോൺഗ്രസ് നേതാക്കൾക്കും വ്യക്തമായി അറിയാമായിരുന്നു. പക്ഷേ സോണിയയ്ക്കും കോൺഗ്രസ് നേതാക്കൾക്കും വേണ്ടിയിരുന്നത് 2009-ൽ അഥവാ കോൺഗ്രസ് മുന്നണിക്കു വ്യക്തമായ ഭൂരിപക്ഷം കിട്ടാതിരുന്നാലും എങ്ങനെയെങ്കിലും ആ മുന്നണിയെ അധികാരത്തിലേക്കു കയറ്റാൻ കഴിയുന്ന ഭരണഘടനാ വ്യവസ്ഥകളെ മാനിക്കാത്ത ഒരു രാഷ്ട്രപതിയെയാണ്.

അതുകൊണ്ടു തന്നെയാണ് എന്തിനും കൈപൊക്കാൻ തയാറുള്ള രാഷ്ട്രപതിയെ സോണിയും കോൺഗ്രസും തേടിയതും പ്രതിഭാ പട്ടീലിനെ കണ്ടെത്തിയതും. ആ പ്രസിഡന്റ് എണ്ണമില്ലാത്ത വിദേശ സന്ദർശനങ്ങളെ തുടർന്ന് എന്തെല്ലാം വിമർശനം വാങ്ങിവച്ചു എന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഈയിടെ ഒരു വലിയ ഫലിതം പുറത്തു വന്നിട്ടുണ്ട്. രാഷ്ട്രപതിയായിരുന്ന അഞ്ചു വർഷം വ്യാപകമായി ലോകപര്യടനം നടത്തിയ പ്രതിഭാ പട്ടീ



ലിനോട് ഒരു പത്രലേഖകൻ ചോദിച്ചു. രാഷ്ട്രപതിയെന്ന നിലയിൽ ലോകത്തിൽ അങ്ങു സന്ദർശിക്കാത്ത ഏതെങ്കിലും രാജ്യമുണ്ടോ? ഉണ്ട്, ഇന്ത്യയാണ് അതെന്നായിരുന്നുവത്രെ മറുപടി.

എ.പി.ജെ. അബ്ദുൾകലാം തന്റെ പുതിയ പുസ്തകത്തിൽ വെളിപ്പെടുത്തിയിരുന്ന മറ്റൊരു കാര്യം 1998 മാർച്ച് പതിനഞ്ചിന് അർധരാത്രി പ്രധാനമന്ത്രി എ.ബി. വാജ്പേയി ഫോണിൽ വിളിച്ചു തന്റെ മന്ത്രിസഭയിൽ ചേരാൻ തയാറാണോ എന്നു കലാമിനോടു ചോദിച്ചു എന്നതാണ്. തനിക്ക് ആലോചിക്കാൻ സമയം വേണമെന്നാണു കാലം മറുപടി നൽകിയത്.

രണ്ടു പ്രദാന ദൗത്യങ്ങ്ൾ നിർവഹിക്കുന്ന വലിയ ചുമതലയാണു ഞാനിപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. രാജ്യത്തിനു മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കുന്ന രണ്ടു ദൗത്യങ്ങൾ. അഗ്നി മിസൈലുകൾ വിക്ഷേപിക്കുന്ന കാര്യമായിരുന്നു ഒന്നാമത്തേത്. ആണവ പരീക്ഷണം നടത്തി ഇന്ത്യയെ ആണവ രാഷ്ട്രമാക്കാനുള്ള ശ്രമങ്ങളായിരുന്നു രണ്ടാമത്തേത്.

അന്നു വെളുപ്പിന് മൂന്നുമണിവരെ ഉറ്റ ചങ്ങാതികളെ വിളിച്ചു ചർച്ച നടത്തിയ ശേഷം മന്ത്രിസഭയിലേക്ക് താനില്ല എന്നാണ് രാവിലെ അബുദൾകലാം പ്രധാനമന്ത്രിയെ അറിയിച്ചത്. കലാമിന്റെ വികാരത്തെ ഞാൻ മാനിക്കുന്നു. ധൈര്യമായി മുന്നോട്ടു പോകൂ എന്നായിരുന്നുവത്രെ അപ്പോൾ എ.ബി. വാജ്പേയി ആശംസിച്ചത്.

അങ്ങനെയുള്ള സമാനതകളില്ലാത്ത വ്യക്തി മഹത്വത്തിന്റെ ഉടമയാണ് താനെന്നു തെളിയിച്ച എ.പി.ജെ. അബ്ദുൾ കലാമിന്റെ മുമ്പിൽ നിൽക്കാൻ ആദർശ നിഷ്ഠയുടെ പേരിൽ ഏതു രാഷ്ട്രീയ നേതാവിനാണ് അർഹതയുള്ളത്?

**– കെ. എം. റോയ്**



സഖേർ

# പുനർനവം-2

## "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമേൽ പരിവർത്തിച്ചുകൊണ്ടിരുന്നു"

ആത്മാവ്, വെള്ളം, അഗ്നി. തിരുവെഴുത്ത് പലവട്ടം കോർത്തിണക്കിയിട്ടുള്ള പദങ്ങൾ. വെള്ളത്തിൻമീതെ പരിവർത്തിക്കുന്ന ആത്മാവ് വി. മാമോദീസായുടെ നിഴലാണെന്ന് വി. ജറോമിന്റെയും വി. അപ്രേമിന്റെയും വാക്ക്. ആത്മാവാലും വെള്ളത്താലുമുള്ള സ്നാനം ദൈവരാജ്യത്തിലേയ്ക്കുള്ള പ്രവേശികയെ കുറിക്കുന്നതാണ്. ദൈവം പറുദീസാ സൃഷ്ടിക്കുമ്പോൾ ഇവിടെ ആദിയിൽ നാം കണ്ടുമുട്ടുന്ന ആത്മാവും വെള്ളവും തമ്മിലുള്ള സംസർഗ്ഗം ഹൃദയത്തിൽ സൂക്ഷിച്ചു കൊണ്ടുതന്നെയാവും യേശുതമ്പുരാൻ ദൈവരാജ്യത്തിലേയ്ക്കുള്ള ഉപനയനം വെള്ളത്താലും ആത്മാവാലുമുള്ള വീണ്ടും ജനനത്തിലൂടെയാണെന്ന് നിക്കോദിമോസിനോട് പറയുക. വി. മാമോദീസയിലെ വെള്ളം വാഴ്വിന്റെ ശുശ്രൂഷയും ഇതിനെ പുരസ്കരിക്കുന്നുണ്ട്.

സൃഷ്ടികർമ്മത്തെ ദൈവാത്മാവിൽ വ്യാഖ്യാനിക്കുന്ന (Hexameron) വലിയ മാർ ബസേലിയോസ് ഇവിടെ സുറിയാനി പിതാക്കൻമാരുടെ വിശദീകരണത്തെയാണ് കൂടുതൽ ഉദാത്തമെന്ന് കരുതുന്നത്. Brood എന്നർത്ഥമുള്ള 'Rachaph'എന്ന സുറിയാനി പദം എബ്രായവേദത്തിന്റെ ഉദ്ദേശത്തോട് ഏറെ അടുത്തുനിൽക്കുന്നു. വെള്ളത്തിൻമേലുള്ള ആത്മാവിന്റെ പൊരുന്നൽ! ഒരു പക്ഷി തന്റെ മുട്ടയിൻമേൽ അടയിരുന്ന് തന്റെ ദേഹത്തിന്റെ ഇളം ചൂടിനാൽ ജീവശക്തിയെ പകരുന്നത്പോലെയെന്ന് അവർ പറയുന്നത്രെ. വി. ത്രീത്വത്തിലൊരുവനായ പരിശുദ്ധാത്മാവ് സൃഷ്ടികർമ്മത്തിൽ സജീവ പങ്കാളിയായിരുന്നതിനുള്ള ഉത്തമതെളിവാണിത് എന്ന് പറഞ്ഞ് വലിയ മാർ ബസേലിയോസ് ഈ ഭാഗം അവസാനിപ്പിക്കുന്നു.

നിയതമായ ഒരു രൂപമില്ലായ്മയുടെ (formlessness) പ്രതീകമാണ് ജലം. കാലാവസ്ഥകൾക്കും ആവാസവ്യവസ്ഥകൾക്കും എന്തിന് പാത്രങ്ങൾക്കനുസൃതമായി വരെ അതിന് രൂപവ്യതിയാനങ്ങൾ ഉണ്ടാവുന്നുണ്ട്. വെള്ളത്തിന്റെ പ്രകൃതത്തെക്കുറിച്ച് അടുത്തിടെ നടത്തിയ ചിലപരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. ഭ്രൂണത്തിന്റെ 99% വെള്ളത്തിൽ ജീവിതമാരംഭിക്കുന്ന ശിശു പിറവിയെടുക്കുമ്പോൾ അത് ശരീരത്തിന്റെ 90% ആകുന്നു. പ്രായപൂർത്തി ആകുന്നതോടെ ജലാംശം 70 ശതമാനമായി കുറയുന്നു. വാർദ്ധക്യത്തിലെത്തുമ്പോൾ 50 ശതമാനമായിരിക്കും ജലം. ഒഴുക്ക് കുറയുന്തോറും മാലിന്യങ്ങളും രോഗങ്ങളും വർദ്ധിക്കുന്നുവെന്നും ജീവിതകാലം മുഴുവനും മിക്കവാറും ജല രൂപത്തിലാണ് നാം കഴിച്ചുകൂട്ടുന്നതെന്നുമൊക്കെ പറഞ്ഞുതുടങ്ങുന്ന ഒരു പുസ്തകം. ജപ്പാൻകാരനായ മസാറുഇമോട്ടോയുടെ 'The Hidden Messeges in Water' എന്ന ചെറിയ പുസ്തകത്തിൽ അയാൾ നടത്തിയ പരീക്ഷണങ്ങളെക്കുറിച്ചാണ് വിവരിക്കുക. പാത്രങ്ങളിൽ ജലം നിറച്ച് മൂന്ന് മണിക്കൂർ 20°C ഫ്രീസറിൽ വച്ച് ഘനീഭവിപ്പിക്കുന്നു. ശുദ്ധജലവും മലിനജലവും രണ്ട് തരം പരലുകളെയാണ് സൃഷ്ടിച്ചത്. ബീഥോവന്റേത്പോലുള്ള ക്ലാസിക്കൽ സംഗീതകൃതികൾ കേൾപ്പിച്ചവയും കാതടപ്പിക്കുന്ന സംഗീതകോലാഹലങ്ങൾ കേൾപ്പിച്ചവയും യഥാക്രമം രൂപത്തികവുള്ളവയും നുറുങ്ങി വികൃതമായതുമായ പരലുകളായിട്ടാണ് കാണപ്പെട്ടത്. നന്ദി, സ്നേഹം, നമുക്കത് കഴിയും എന്നീ ധനാത്മക സന്ദേശങ്ങളും വിഡ്ഢി, അത് ചെയ്യ്! എന്നിങ്ങനെയുള്ള ഋണാത്മക സന്ദേശങ്ങളും ചെറുകടലാസ് കഷണങ്ങളിൽ എഴുതി എഴുത്ത് ജലത്തിന് നേരെവരുംവിധം കുപ്പികളിലൊട്ടിച്ച് പരീക്ഷണം നടത്തിയപ്പോഴും ഗുണപരമായ വാക്കുകൾ ഉത്തമാകൃതിയുള്ള പരലുകളെയാണ് സൃഷ്ടിച്ചത്. Existence is vibration എന്ന ക്വാണ്ടം മെക്കനിക്സ് ഇദ്ദേഹം കൂട്ടുപിടിക്കുന്നുണ്ട്. പദാർത്ഥത്തെ അതിസൂക്ഷ്മരൂപങ്ങളായി തിരിക്കുമ്പോൾ കണികകളുടെയും തരംഗങ്ങളുടെയും നവലോകത്തേയ്ക്കാണ് നാം കടക്കുക. ഈ ഉൾത്തുടിപ്പ് അതിന്റെ ബാഹ്യകാലാവസ്ഥകൾക്കനുസരിച്ച് താളവും അപതാളവും ആയി പരിണമിക്കുന്നുണ്ട്.

ദൈവാത്മാവിൽ നമ്മുടെ വാക്കുകളും ചിന്തകളും പെരുമാറ്റങ്ങളും പ്രസരിക്കുമ്പോൾ മാത്രമാവും വ്യക്തികളിലും സമൂഹത്തിലും സർഗ്ഗാത്മകമായ ചില പുതുക്കിപ്പണിയലുകൾക്ക് സാധ്യതയുണ്ടാവുക എന്ന് ഉല്പത്തി പുസ്തകം ഓർമ്മപ്പെടുത്തുന്നു. ജലരൂപങ്ങളായ മനുഷ്യനുൾപ്പെടെയുള്ള ജീവികളോടുള്ള നമ്മുടെ പ്രതികരണങ്ങൾ, അവനിലുണർത്തുന്ന കമ്പനങ്ങൾ എങ്ങനെയാവുമെന്ന് ചിന്തിച്ചു നോക്കുക. നല്ലതും തീയതുമായ സംഭവങ്ങൾ പടർത്തുന്ന തരംഗങ്ങൾ വ്യത്യസ്തമാവുന്നു. ഡൽഹി നഗരത്തിലെ ഹീനകൃത്യത്തിനെതിരെയുള്ള പ്രതിഷേധം പടർന്നത് ശ്രദ്ധിക്കുക. ഫേസ് ബുക്കും ട്വിറ്ററും കൊണ്ടുമാത്രം സാധ്യമാവുന്നവയല്ല 'മുല്ലപ്പൂസമരങ്ങൾ'. ഇവയൊന്നും ഇല്ലാതിരുന്ന കാലത്തും അർദ്ധനഗ്നനായ മഹാത്മാവ് ഒരു പിടി ഉപ്പ് വാരി രാജ്യത്തെ മുഴുവനായും ഉണർത്തിയിട്ടുണ്ട്. അതിജീവനത്തിന് വേണ്ടിയുള്ള എല്ലാ ചലനങ്ങൾക്കും ഓരേ തരംഗദൈർഘ്യമാവണം. കൂടുതൽ നന്മയ്ക്ക് വേണ്ടി ആഗ്രഹിക്കുന്ന സാമാന്യ ജനതയുടെ ചിന്തകൾ ഒരേ താളമായി പരസ്പരം തിരിച്ചറിയുന്നു. ജാതി മത വർണ്ണ വിവേചനങ്ങൾ കൊണ്ട് ഗതി മുട്ടിയ മനുഷ്യകുലത്തിന് പൊതുന

ശേഷം 40-ാം പേജിൽ

സ്ത്രൈണം

രോഹിണി വർഗീസ്, തിരുവല്ല

# ഗൃഹകാര്യം ക്രമത്തിലാക്കാം

**റോ**ഡപകടങ്ങളിലും പ്രകൃതി ദുരന്തങ്ങളിലും ഹൃദ്രോഗങ്ങളിലുമായി ധാരാളം ആളുകൾ നമ്മുടെ ഇടയിൽനിന്നു പെട്ടെന്ന് നീക്കപ്പെടുന്ന കാഴ്ച്ച ഇന്നൊരു വാർത്തയല്ലാതായിത്തീർന്നിരിക്കുന്നു. "പെട്ടെന്നുള്ള മരണത്തിൽ നിന്നു രക്ഷിക്കണമേ" എന്നു നാം പ്രാർത്ഥിക്കുന്നുണ്ട്. തിരിക്കുപിടിച്ച ജീവിതത്തിൽ പലപ്പോഴും നേരെ തിരിച്ചാണ് സംഭവിക്കുന്നത്. ഒരുക്കത്തോടെയുള്ള അന്ത്യം ഒരു ക്രിസ്ത്യാനിയുടെ സ്വപ്നമാണ്. അർത്ഥപൂർണ്ണമായ യൗവനം, പ്രസാദം നിറഞ്ഞ വാർദ്ധക്യം, ശാന്തമായ മരണം – ഇതൊക്കെ മോഹിപ്പിക്കുന്ന ഭാഗ്യാവസ്ഥ തന്നെ.

മുൻ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയുടെ സുന്ദരിയായ ഭാര്യ ജാക്വലിൻ കെന്നഡിയുടെ അന്ത്യം തികച്ചും പരിപൂർണ്ണതയുള്ള ഒരു ചടങ്ങായതെങ്ങനെ? അക്കാലത്തിറങ്ങിയ റീഡേഴ്സ് ഡയജസ്റ്റ് മാസിക അതു ഫീച്ചറാക്കിയിരുന്നു. ജീവിതത്തിൽ ഉയർച്ചകളും താഴ്ചകളും പ്രശസ്തിയും ദുഷ്ക്കീർത്തിയുമൊക്കെ അനുഭവിച്ച ഒരു വനിതയായിരുന്നല്ലോ ജാക്വലിൻ. എന്നാൽ തന്റെ അന്ത്യകാലം എത്രയും മനോഹരമായ ഒന്നാക്കാൻ അവർക്കു കഴിഞ്ഞു. താനേറ്റവും പ്രിയപ്പെട്ടിരുന്ന ബുക്ക്സ് എഡിറ്റിംഗ് ജോലിയിലേക്ക് തിരിഞ്ഞപ്പോൾ തന്നെ അവരുടെ ജീവിതം നേർരേഖ തിരികെ പിടിച്ചു. കഷ്ടപ്പാടുകളിൽ തന്നെ ചേർത്തു പിടിയ്ക്കാൻ തയ്യാറായ പുരുഷനുമൊത്തുള്ള ശാന്തമായ സൗഹൃതവും ജീവിതവും..........അപ്പോഴാണവരെ മാരകമായ കാൻസർ ബാധിച്ചത്. അന്ത്യം ഏതാണ്ട് ആസന്നമായെന്നു മനസ്സിലാക്കിയ ജാക്കി തന്റെ മരണാനന്തര ചടങ്ങുകൾ ഒരു സമ്പൂർണ്ണ സിനിമാ സ്ക്രിപ്റ്റ് പോലെ എഴുതി സൂക്ഷിച്ചു. കത്തുകളെഴുതിവച്ചു. കാണേണ്ടവരെ ഒക്കെ വരുത്തികണ്ടു. ചിലരോടു മാപ്പു പറഞ്ഞു. മരണവേളയിൽ ശ്രദ്ധിച്ചുകൊണ്ട് കടന്നുപോകുവാൻ പ്രസിദ്ധമായ ഗ്രീഗോറിയൻ ചാന്റ് തിരഞ്ഞെടുത്തു. അങ്ങിനെ ഒരു വിശ്വാസിക്കു ചേർന്ന അന്ത്യം അവർ തന്നെ ഒരുക്കി വച്ചു. മരണശേഷം ഏതു വസ്ത്രം ധരിപ്പിക്കണം, കിടക്കയിൽ ഏതു ഷീറ്റു വിരിക്കണം, പൂപ്പാത്രങ്ങളിൽ ഏതൊക്കെ പുഷ്പങ്ങൾ ഒരുക്കണം... സുഹൃത്തുക്കൾ അവരുടെ അന്ത്യാഭിലാഷം ശിരസ്സേറ്റുക തന്നെ ചെയ്തു. വേദനകൾക്കിടയിലും ശരിയ്ക്കും അഭിലഷണീയമായ ഒരു ചടങ്ങായി അതു മാറി.

എല്ലാവർക്കും ഇങ്ങനെ ഒരുങ്ങാൻ അവസരം ലഭിക്കുമോ? ഹിസ്ക്കീയാ രാജാവ് ഇക്കാര്യത്തിൽ ഭാഗ്യവാനായിരുന്നു എന്ന് യെശയ്യാ 38–ാം അദ്ധ്യായത്തിൽ നമുക്ക് വായിക്കാം. "നീ മരിച്ചു പോകും" എന്നു പ്രവാചകൻ അറിയിച്ചെങ്കിലും "നെയ്തുകാരൻ തുണി ചുരുട്ടും പോലെ ഞാൻ എന്റെ ജീവനെ ചുരുട്ടി വയ്ക്കുന്നു" എന്നു വിലപിച്ച രാജാവിന് യഹോവ ആയുസ്സിൽ പതിനഞ്ചു വർഷം നീട്ടിക്കൊടുക്കുകയാണ്. അങ്ങിനെ 'ഗൃഹകാര്യം ക്രമത്തിലാക്കുവാൻ' രാജാവിന് അവസരം ലഭിക്കുന്നു.

നീണ്ട രോഗകാലം ഉള്ളവർ ഹിസ്ക്കീയാ രാജാവിനെപ്പോലെ രണ്ടാമൂഴം ലഭിച്ചവരാണ്. ഗൃഹകാര്യങ്ങൾ ക്രമപ്പെടുത്തുവാനുള്ള നിശബ്ദ പ്രവചനമാണ് ഇത്തരം രോഗാവസ്ഥകൾ നൽകുന്നത്. സ്വയം ഒരുങ്ങുവാനും ജീവിത പങ്കാളിയേയും മക്കളെയും ബന്ധുക്കളെയും കൂട്ടി കാര്യങ്ങൾ ചർച്ച ചെയ്യുവാനും എല്ലാമൊന്ന് ക്രമത്തിലാക്കുവാനും സാധിക്കും. പക്ഷെ എത്രപേർക്ക് അതിനുള്ള മാനസികാവസ്ഥ കാണും!. ഒരു മനഷ്യനെ ജീവിക്കുവാൻ മാത്രമല്ല, മരിക്കുവാനും നാം സഹായിക്കേണ്ടതുണ്ട് എന്നു തോന്നുന്നു. പോസിറ്റീവ് ആയ ചിന്തകളും പ്രാർത്ഥനകളും പ്രവർത്തനങ്ങളും കൊണ്ട് ആ നാളുകളെ നിറയ്ക്കേണ്ടതാണ്. മരണം അടുത്തവർക്കുള്ള കൗൺസലിങ്ങ് സഭയിൽ ലഭ്യവുമാണ്. ഇതൊക്കെ ആയാലും ആഴമേറിയ ക്രിസ്തീയ അനുഭവത്തിന്റെ വെളിച്ചത്തിലേ ഇങ്ങനെ മരണത്തെ ഉറക്കം എന്നപോലെ സ്വാഗതം ചെയ്യുവാൻ



സാധ്യമാകൂ. സൗഖ്യദാനശുശ്രൂഷകൾ സ്വീകരിച്ച്, വി. കുർബ്ബാന അനുഭവിച്ച്, സ്വർഗ്ഗീയ സൈന്യം ഒരുങ്ങി നില്ക്കവേ കിഴക്കോട്ടു നോക്കി കിടന്നൊരു മടക്കയാത്ര. സങ്കീർത്തനക്കാരന്റെ വരികൾ ഉറക്കെ പാടാം, "കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാനൊരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ. നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു."

'ബക്കറ്റ് ലിസ്റ്റ്' എന്ന ഹോളിവുഡ് സിനിമ രണ്ടു കാൻസർ രോഗികളുടേതാണ്. മരണവാറന്റു ലഭിച്ചു കഴിഞ്ഞ അവർ ബാക്കിയുള്ള തങ്ങളുടെ ജീവിതം പൂർത്തിയാകാതെ മനസ്സിൽ കിടന്ന ചില ആഗ്രഹങ്ങൾ ഓരോന്നായി സാധിക്കുവാൻ ശ്രമം നടത്തിക്കൊണ്ട് ചിലവഴിക്കുന്ന സുന്ദരമായ, മനസ്സുലയ്ക്കുന്ന ചിത്രം.

മരണം കള്ളനെപ്പോലെ കടന്നു വരുന്നു. ആ സമയം കൃത്യമായി അറിയുന്നത് ജീവൻ തന്നവൻ മാത്രം. രോഗികൾ മാത്രമല്ല, വാർദ്ധക്യത്തിലേക്കു കാലൂന്നിയ ഏതൊരാളും ഗൃഹകാര്യം ക്രമപ്പെടുത്തുവാൻ ഓർക്കേണ്ടതാണ്. കുടുംബനാഥന്റെ അകാല വേർപാടിൽ എട്ടും പൊട്ടും അറിയാതെ അമ്പരന്നു നില്ക്കുന്ന ഭാര്യമാരും മക്കളും, വിൽപത്രം എഴുതാതെ അപ്പന്മാർ കടന്നുപോകുമ്പോൾ സ്വത്തിനു തല്ലുകൂടുന്ന മക്കൾ, തീരുമാനങ്ങളെടുക്കാൻ കഴിയാത്ത സ്ത്രീകൾ.......ലോകം പുരോഗമിച്ചു. പക്ഷെ മനുഷ്യജീവൻ ഇന്നും ചുരുട്ടിവയ്ക്കാവുന്ന തുണി മാത്രം.

ജീവിതകൂടാരം പൊളിച്ചു നീക്കപ്പെടുമെന്നും (2 കൊരി 5:1) നിത്യഭവനം ലഭിക്കുമെന്നും വി. പൗലോസ് ശ്ലീഹാ നമ്മെ ആശ്വസിപ്പിക്കുന്നു. പൊട്ടിച്ചിരിച്ചുകൊണ്ട് മരണത്തെ അഭിമുഖീകരിച്ച ബുദ്ധഗുരുക്കന്മാരും ഉണ്ടായിരുന്നു. ജീവിതം പരിപൂർണ്ണമായി ക്രമപ്പെടുത്തിയ നസ്രേത്തിലെ ഗുരുവാകട്ടെ നമ്മുടെ മാതൃക. മുപ്പത്തിമൂന്നു വയസ്സിലേ മരിച്ചുവെങ്കിലും "എല്ലാം പൂർത്തിയായി" എന്ന നിറഞ്ഞ തൃപ്തിയുടെ വചനങ്ങളാണ് ആ നാവിൽ ഉതിർന്നത്. കുരിശിൽ പിടയുമ്പോഴും, അവസാന ശ്വാസം വരെ അദ്ദേഹം പ്രവർത്തന നിരതനുമായിരുന്നു. - കള്ളനു പറുദീസാ നൽകി, ശതാധിപനു വിശ്വാസം, സ്ത്രീയ്ക്ക് മകനെയും മകന് അമ്മയേയും, നമുക്ക് സ്വന്ത ശരീരവും രക്തവും, പിതാവിന് ആത്മാവിനെയും അർപ്പിച്ചു. ഇതിൽപരം പൂർണ്ണമായ ഒരന്ത്യം ലോകം കണ്ടു കാണില്ല.

ഹാസ്യ സാമ്രാട്ടായ ചാർലി ചാപ്ലിന് അന്ത്യ കൂദാശ നൽകിയ വൈദികൻ അദ്ദേഹത്തോടു പറഞ്ഞു, "May the Lord have mercy on your soul." മറുപടി: "Why not? Afterall it belongs to Him". ആത്മാവ് ദൈവത്തിനു സ്വന്തമെന്നു സമ്മതിച്ച്, മരണക്കിടക്കയിലും നർമ്മം ചാലിച്ച് ചാപ്ലിൻ!

പുതുവത്സരത്തിൽ ഗൃഹകാര്യങ്ങൾ ക്രമത്തിലാക്കുവാനുള്ള തീരുമാനത്തിലേക്കു നമുക്കും നീങ്ങാം. ■

# തേവലക്കര മർത്തമറിയം പള്ളി

## പൗരാണികതയുടെ പരിമളം

ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട, (വികാരി)



മലങ്കരയിലെ അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ തേവലക്കര മർത്തമറിയം ഓർത്തഡോക്സ് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ.മാർ ആബോയുടെ ഓർമ്മപ്പെരുന്നാൾ ജനുവരി 30 മുതൽ ഫെബ്രുവരി 8 വരെ നടക്കുകയാണ്. ഏകദേശം 1500 വർഷങ്ങളുടെ പൗരാണികത്വം പറയപ്പെടുന്ന ഈ ദേവാലയം പ.മർത്തമറിയം അമ്മയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്നു. പ.മാർ ആബോ പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന ഈ ദേവാലയം വർണ്ണനാതീതമായ അദ്ദേഹത്തിന്റെ മധ്യസ്ഥതാസഹായങ്ങൾകൊണ്ട് ശോഭിക്കുന്നു. ഈ ദേവാലയത്തെ മാർ ആബോ തീർത്ഥാടനകേന്ദ്രം എന്ന പേരിൽ മലങ്കര സഭ തീർത്ഥാടന കേന്ദ്രമായി ഉയർത്തിയിട്ട് ഈ പെരുന്നാളിൽ മൂന്നു വർഷം പൂർത്തിയാകുന്നു.

സുപ്രസിദ്ധനായ കടമറ്റത്ത് കത്തനാരുടെ ഗുരുവായിട്ടാണ് പ.മാർ ആബോ അറിയപ്പെടുന്നത്. എ.ഡി.900ത്തിനുശേഷം സുവിശേഷഘോഷണാർത്ഥം മലയാളക്കരയിൽ കടന്നുവന്ന മാർ ദനഹ, മാർ റാബാൻ, മാർ യൗനാൻ മാറാവാൻ എന്നിവരെക്കുറിച്ച് ചരിത്രമുണ്ട്. ഇതിൽ മാറാവാൻ കടമറ്റം പള്ളി സ്ഥാപിച്ച് കടമറ്റത്ത് കത്തനാർക്ക് വൈദിക പദവി നൽകുകയും പള്ളിയുടെ ചുമതല അച്ചനെ ഏൽപ്പിക്കുകയും ചെയ്തിട്ടാണ് തേവലക്കരയിൽ എത്തുന്നത്. കാടും, മലയും താണ്ടി ക്രിസ്തുവിന്റെ സുവിശേഷഘോഷണം നടത്തി യാത്രാസൗകര്യം വളരെ കുറവായ അന്നത്തെ പശ്ചാത്തലത്തിൽ വെല്ലുവിളികൾ ഏറ്റെടുത്ത് വിശപ്പും ദാഹവും അലച്ചിലും വകവയ്ക്കാതെ പട്ടിണിയുടെയും കഷ്ടതയുടെയും സഹനങ്ങളെ താലോലിച്ച് അദ്ദേഹം മലങ്കരയെ ശുശ്രൂഷിച്ചു. അനേകരെ സത്യമാർഗ്ഗത്തിലേക്ക് കൊണ്ടുവന്നു. ഈ യോഗിയുടെ പ്രവർത്തനങ്ങളെ വിസ്മയത്തോടും ആദരവോടും കൂടിയാണ് തേവലക്കരയിൽ അന്നത്തെ ജനം നോക്കിക്കണ്ടതും സ്വീകരിച്ചതും. അനേകം ദുരാചാരങ്ങൾക്കെതിരെ പോരാടി അത്ഭുതപ്രവർത്തനങ്ങൾ ചെയ്തു. പല ദേശങ്ങൾ ചുറ്റി സഞ്ചരിച്ച് അദ്ദേഹം തേവലക്കരയിൽ എത്തുമ്പോൾ ഇവിടെ പ.മാതാവിന്റെ നാമത്തിൽ ഒരു ദേവാലയം ഉണ്ടായിരുന്നു. പള്ളിയുടെ സമീപത്തുള്ള ചാവടിയിൽ ഇദ്ദേഹം ധ്യാനനിരതനായി തപോനിഷ്ഠകളിലൂടെ ജീവിതം കഴിച്ചു കൂട്ടി. പരിശുദ്ധാത്മ ശക്തിയിൽ അദ്ദേഹം ചെയ്ത പല പ്രവർത്തനങ്ങളിലൂടെ അനേകമാളുകൾ ക്രിസ്തുവിലേക്കാകർഷിക്കപ്പെട്ടു. ദേശം തന്നെ ചൈതന്യമുണരുന്നതായി. തന്റെ പിൽക്കാലജീവിതം ഇവിടെ കഴിച്ചുകൂട്ടിയ പ.മാർ ആബോ ഇവിടെ വച്ച് കാലം ചെയ്യുകയും ദേവാലയത്തിന്റെ വി.മദ്ബഹായിൽ കബറടക്കപ്പെടുകയും ചെയ്തു.

മാറാബാൻ, മാറാബോ, മാറാച്ചൻ എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്ന പുണ്യജീവിതം അസ്തമിച്ചിട്ട് ഏകദേശം ആയിരത്തിൽപരം വർഷം കഴിഞ്ഞിരിക്കുന്നു. എന്നാൽ ഒരു ജനതയുടെ സൗരഭ്യവാസനയായി ഒരു ദേശത്തിന്റെ തീവ്രമായ ആത്മീയവികാരമായി ജാതി മതഭേദങ്ങൾക്കപ്പുറം മാർ ആബോ എന്ന യുഗപുരുഷന്റെ പ്രാഭവം പരിമളം പരത്തുന്നു.

2013 ജനുവരി 30 ന് ആരംഭിച്ച് ഫെബ്രുവരി 8 വരെ നീണ്ടുനിൽക്കുന്ന പെരുന്നാൾ ചടങ്ങുകൾക്ക് പ.കാതോലിക്കാബാവാ, അഭി.ഡോ.ജോസഫ് മാർ ദിവന്നാസ്യോസ്, അഭി.അലക്സിയോസ് മാർ യൗസേബിയോസ് എന്നി മെത്രാപ്പോലീത്താമാരും പ്രസിദ്ധ വചന പ്രഘോഷകരും, ശ്രേഷ്ഠ വൈദികരും നേതൃത്വം നൽകുന്നു. ഫെബ്രുവരി 7 വൈകുന്നേരവും 8 ന് രാവിലെയുമാണ് പ്രധാന പെരുന്നാൾ ശുശ്രൂഷകൾ. കൂടാതെ എല്ലാ മാസത്തിലെയും രണ്ടാം വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉപവാസ ധ്യാനത്തിലും മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷകളിലും വിവിധ ദേശങ്ങളിൽ നിന്നായി രോഗികളും അഭയയാചകരുമായി അനേകമാളുകൾ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നു.

ഈ പെരുന്നാൾ ശുശ്രൂഷകളിൽ സംബന്ധിക്കുവാനും പുണ്യപിതാവിന്റെ കബറിലെത്തി അനുഗ്രഹം പ്രാപിക്കുവാനും ഏവരെയും കർതൃനാമത്തിൽ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. ■

# വിശ്വാസപാഠം

– ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്



**വിവാഹകൂദാശയിൽ മോതിരം വാഴ്വിന്റെ ശുശ്രൂഷയിൽ ശാപമായിരുന്നത് വിശുദ്ധമായിത്തീരണമെ എന്നു പ്രാർത്ഥിക്കുന്നുണ്ട്. മോതിരം എപ്പോഴാണ് ശാപമായത്. സ്വർണ്ണം ധരിക്കുന്നത് ശാപമാണോ?**

**സാംകുട്ടി ഏഴംകുളം**

മോതിരം വാഴ്വിന്റെ ശുശ്രൂഷയിലെ പ്രാർത്ഥന വേണ്ടവിധം മനസ്സിലായി എന്നു തോന്നുന്നില്ല. വി. വേദപുസ്തകത്തിൽനിന്നോ പ്രാർത്ഥനാ പുസ്തകങ്ങളിൽനിന്നോ വാക്യങ്ങളോ ശകലങ്ങളോ അടർത്തി എടുക്കുമ്പോൾ കുറെക്കൂടി ശ്രദ്ധയോടുകൂടി അടർത്തിമാറ്റി വ്യാഖ്യാനിക്കുവാൻ ശ്രമിക്കണം.

മോതിരം വാഴ്വിന്റെ ശുശ്രൂഷയിലെ പ്രാർത്ഥനയിൽ എഴുതിയിരിക്കുന്ന് "ഈ മോതിരങ്ങളെ നീ അനുഗ്രഹിക്കുകയും ശാപമായിരുന്നത് ഇതിനാൽ വിശുദ്ധമായി തീരുവാൻ സംഗതിയാക്കുകയും ചെയ്യണമെ'' എന്നാണ്. അവിടെ മോതിരം ശാപമായിരുന്നുവെന്നോ സ്വർണ്ണം അണിയുന്ന് തെറ്റാണെന്നോ ശരിയാണെന്നോ ഒന്നും എഴുതിയിട്ടില്ല. "എഴുതാപ്പുറം വായിക്കുക"യെന്നത് ഒരു നല്ല രീതിയല്ലല്ലോ സാം കൂട്ടീ... മോതിരം വാഴ്വിന്റെ ശുശ്രൂഷയിൽ മോതിരം അനുഗ്രഹത്തിന്റെ കാരണമായിട്ടും കർത്താവിന്റെ ശരീരങ്ങളുടെ പ്രതീകമായിട്ടുമൊക്കെ വളരെ ഉന്നതാവസ്ഥയിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. സാം കുട്ടി ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രാർത്ഥനയിൽ "വാഴ്ത്തപ്പെട്ട മോതിരം അണിയുന്നതു വഴി ശാപമായിരുന്നതെന്തെങ്കിലുമുണ്ടെങ്കിൽ അത് അനുഗ്രഹമായി മാറണമേ" എന്ന പ്രാർത്ഥനയാണുള്ളത്. ഈ പ്രാർത്ഥനയിൽ മോതിരം ശാപമാണെന്നല്ലേ പറയുന്നത്. മോതിരം എന്ന വാക്കിനു കൊടുത്തിരിക്കുന്ന അർത്ഥങ്ങളും പര്യായപദങ്ങളും 51-ാം മസുമൂറാ കഴിഞ്ഞു വരുന്ന ഗീതത്തിൽ പ്രകടമാണ്. രണ്ടു പ്രധാന കാര്യങ്ങൾ പ്രത്യേകം എടുത്തു കാട്ടേണ്ടതുണ്ട്. ഒന്ന്, പ്രത്യേകം എടുത്തു കാട്ടേണ്ടതുണ്ട്. ഒന്ന്, പഴയ നിയമ പാരമ്പര്യത്തിലും പുരാതന സംസ്ക്കാരങ്ങളിലുമൊക്കെ വിവാഹം, മോതിരം അണിയുന്നതിലൂടെയും കൈമാറുന്നതിലൂടെയുമാണ്, പൂർണ്ണമാക്കപ്പെടുന്നതും നിശ്ചയിക്കപ്പെടുന്നതുമൊക്കെ. മണവാളനായ ക്രിസ്തു മണവാട്ടിയായ സഭയെ വിവാഹം കഴിച്ചത് തന്റെ തിരുശരീരരക്തങ്ങളാകുന്ന മോതിരം അണിയിച്ചുകൊണ്ടാണ്. മോതിരം ഒരു ശാപമായിരുന്നുവെങ്കിൽ ഇങ്ങനെയൊരു അലങ്കാരിക പ്രയോഗം ഈ ഗീതത്തിൽ ഉപയോഗിക്കുമായിരുന്നുവോ? അതുകൊണ്ട് മോതിരം ശാപമല്ല; കുടുംബജീവിതത്തിന്റെ ഉറപ്പും വിശുദ്ധിയും അതിനുവേണ്ടതായ അനുഗൃഹവുമാണ് മോതിരം എന്ന പദത്തിലൂടെ ദൃശ്യമാകുന്നത്.

രണ്ടാമത് ''മോതിരമതിനാൽ കൊലയീന്നും താമാർ രക്ഷിതയായ്" എന്ന ഭാഗം അതിന്റെ പശ്ചാത്ലം മനസ്സിലാക്കി ചിന്തിക്കണമെന്നുള്ളതാണ്. ഉല്പത്തി 38-ാം അദ്ധ്യായത്തിൽ യഹൂദ കൊടുത്ത മുദ്രമോതിരം കാത്തുസൂക്ഷിച്ച താമാറിന്റെ ചരിത്രം വായിക്കുക. മുദ്രമോതിരത്താൽ ശാപത്തിൽ നിന്നു രക്ഷനേടുവാൻ താമാറിന് സാധ്യമായി എന്നതാണ് വിവക്ഷ. "ശാപമായിരുന്നത് ഇതിനാൽ വിശുദ്ധമായി തീരണമെ എന്ന പ്രാർത്ഥനയുടെ പശ്ചാത്തലം താമാർ രക്ഷപ്പെട്ട ചരിത്രമാണ്. മോതിരം വാഴ്ത്തി അണിയിക്കുന്നതു വഴി ശാപമെല്ലാം മാറുവാനും വിശുദ്ധിയും അനുഗ്രഹവുമൊക്കെ ഉണ്ടാകുവാനും വേണ്ടി പ്രാർത്ഥിക്കുന്നു. പ്രാർത്ഥനകളെ വികലമാക്കാതിരിക്കാൻ ശ്രദ്ധിക്കണമെ. ■

**ഒന്നാം ചരമ വാർഷികം**
**08 – 01 – 2013**



**പി.ജെ. സാമുവേൽ**
**പാടിപ്പുറത്ത്, വകയാർ**

(OSSAE Director, Thumpamon Diocese
Manager, Mount Sion Public School, Peermade,
Retd. Forest Range Officer)

(OSSAE Former Director -
Former Manager)

*സന്തപ്ത കുടുംബാംഗങ്ങൾ, പാടിപ്പുറത്ത്*

**ഓർമ്മയുടെ ഏഴാം വർഷം**
**2013 ജനുവരി 4**



**ശ്രീ. സി. ഇ. കുരുവിള**

ചുങ്കത്തിൽപറമ്പിൽ (ഗ്രേസ് ഹൗസ്)
വാഴൂർ

ജനുവരി നാലിന് നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വി. കുർബ്ബാനയും ഓർമ്മ പ്രാർത്ഥനയും നടത്തി.

Inserted by:-
സന്തപ്ത കുടുംബാംഗങ്ങൾ

## പുനർനവം...

36-ാം പേജിൽ നിന്നു തുടർച്ച...

ന്മയ്ക്ക് ആവശ്യമെങ്കിൽ വിഭാഗീത യുടെ അതിർലംഘിച്ച് ഒരുമിച്ചു നിൽക്കാൻ ഞങ്ങൾക്ക് കഴിയും എന്നൊരു ആത്മവിശ്വാസം കൂടെ കൈമാറാൻ കഴിഞ്ഞിരിക്കുന്നു. അതി നാൽ നന്മയെക്കുറിച്ച് സംസാരിക്കുക. ഒരുമയെക്കുറിച്ച് ഓർമ്മപ്പെടുത്തുക. അതാണാവശ്യം. കവിഞ്ഞൊഴുക ലിനും വറ്റിപ്പോകലിനും ജലരൂപ ങ്ങൾക്ക് സാധ്യതയുണ്ട്. എത്രമൂർച്ചയേ റിയ കല്ലിനെയും മിനുസപ്പെടുത്താ നുള്ള ശേഷിയുണ്ട് ഇതിന്റെ ഒഴുക്കിന്. താണനിലത്ത്കൂടെ പരന്നൊഴുകാ നുള്ള വിനയവും വിവേകവുമുണ്ട്. നേതാക്കന്മാരേ, പോസറ്റീവായ പ്രചോ ദനങ്ങൾകൊണ്ട് ഉത്തമാംശങ്ങളിലേക്ക് ഇതിനെ ഉണർത്തുക. വിശുദ്ധമായ പൊരുന്നലുകൾ കൊണ്ട് അതിന് ചൂടും ജീവനും പകരുക. സ്നേഹ ശൂന്യമായ വാക്കുകൾ കൊണ്ടും സുതാര്യതയില്ലാത്ത പ്രവർത്തനങ്ങൾ കൊണ്ടും വ്യക്തികളുടെയും സമുദാ യങ്ങളുടെയും സംഘടനകളുടെയു മൊക്കെ അകം കലങ്ങുന്നുണ്ട്. ലയ മൊടുങ്ങുന്നു. പ്രളയം തുടങ്ങുന്നു. പ്രതികാരേച്ഛയുള്ള വർത്തമാനങ്ങൾ നമ്മുടേത് കെട്ട വർത്തമാനകാലമാക്കു ന്നു. മൂഢാ എന്നുവിളിക്കുന്നതു പോലും നരകത്തിലെത്തിക്കും എന്നാണ് തമ്പുരാൻ പറയുക. മൈക്ക് തൊണ്ടയിൽ കുരുങ്ങിപ്പോകാനുള്ള സാധ്യതയേറിവരുന്ന നമ്മുടെ പുതി യകാല "ആരാധനാ കോലാഹല ങ്ങളും ഭക്തിപ്രകടനങ്ങളും പൊതുസ മ്മേളനങ്ങളും അതിലെ ഗീർവാണ ങ്ങളും" എത്രമേൽ shapeless ആയ ഒരു സമൂഹത്തെയാവും രൂപപ്പെടുത്തു ക. എന്റെ തിരുമേനി പറയാറു ള്ളത്പോലെ ശരിക്കും 'പൊട്ടൻ'മാരെ തന്നെയാവും സൃഷ്ടിക്കുക! ഓളങ്ങ ളല്ല സുഹൃത്തേ താളമാണ് സൃഷ്ടിക്കേ ണ്ടത്. അത് പെരുന്നാളായാലും പ്രദ ക്ഷിണമായാലും!

സ്വർഗ്ഗം/ഏദൻ സൃഷ്ടിക്കപ്പെടുന്നി ടത്ത് പരിശുദ്ധാത്മാവിന്റെ പൊരുന്ന ലുണ്ട്. ദൈവാത്മാവിൽ ഈ ജല രൂപ ങ്ങളോട് ഇടപെടാം. 'നിങ്ങൾ ഏത് ആത്മാവിന് അധീനർ' എന്ന് തമ്പു രാൻ നമ്മെക്കുറിച്ചും ദുഃഖിക്കാതിരി ക്കേണ്ടതിന് തന്നെ. സ്നേഹം, സന്തോ ഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം എന്നിവയോടെ പര സ്പരം ഒന്നിടപെട്ടുനോക്കിയാൽ കാര്യ ങ്ങൾ ഇപ്പോഴത്തേതിലും കുറേക്കൂടി മെച്ചമാവാൻ ഇടയില്ലേ! പറുദീസ രൂപ പ്പെടുന്നത് ഇങ്ങനെയൊക്കെയാ ണെടോ!

സാന്ദർഭികമായി ഇതും കൂടി ചേർത്ത് നിർത്തട്ടെ. നാരം എന്നാൽ ജലം. നാരത്തിൽ നിന്ന് ജനിച്ചവൻ നരൻ. നരനിൽ നിന്ന് ജനിച്ചവൾ നാരി. നാരത്തിൻമേൽ അയനം ചെയ്യുന്നവൻ നാരായണൻ. നര-നാ രായണ ബന്ധത്തെക്കുറിച്ച് (ഈശ്വ ര-മനുഷ്യ) സ്മരിക്കുന്ന എല്ലാ പൈതൃകങ്ങളും ജലത്തെ ഓർത്തെ ടുക്കുന്നുണ്ട് എന്നത് കൗതുക കരമാണ്. ■




 11-ാം പേജിൽ നിന്നു തുടർച്ച...

സ്വർഗം സന്തോഷിച്ച നിമിഷം.

ഏതാനും ദിവസങ്ങൾ കഴിഞ്ഞാണ് എന്റെ സ്വർഗ്ഗസ്ഥ പത്നി നിർമലയും ഞാനും 'കണ്ട് കൈമുത്താൻ' പോയത്. അതിനിടെ മെത്രാനാണെന്ന് മറന്നിട്ടെന്നതുപോലെ കോലഞ്ചേരി ആശുപത്രിയിലെ രോഗക്കിടക്കകൾക്കരികിൽ സ്വാന്ത്വനവചസ്സ് പകരുന്ന സദാവൈദികന്റെ പഴയ റോളിലേക്ക് മാറിയിരുന്നു അദ്ദേഹം. ഞങ്ങളെ സ്വന്തം മുറിയിലേക്ക് കൊണ്ടുപോയി. ഇറങ്ങാറായപ്പോൾ ആ നിഷ്കളങ്കത മുഴുവൻ തെളിയുന്ന ഒരു സംഭവം. 'ചേട്ടന് വിശുദ്ധ വസ്ത്രങ്ങളെല്ലാം ധരിച്ച് കാണണം എന്ന് മോഹം പറഞ്ഞു. അപ്പോഴാണ് അത് ശരിയാണല്ലോ എന്ന് എനിക്ക് തോന്നിയത്. നിനക്കും കാണുമല്ലോ അങ്ങനെ കാണാൻ ആശ. 'ആ മുറി ഗ്രീൻറൂമായി. കൊച്ചപ്പൻ മെത്രാനായി. പ്രതിമ പോലെ ഒരു നിൽപ്. ഞങ്ങളെ അനുഗ്രഹിച്ചയച്ചു.

അതേ, ശിശുസഹജമായ നൈർമല്യം ആയിരുന്നു മാത്യൂസ് മാർ ബർനബാസിനെ എന്നും വ്യതിരിക്തനാക്കിയത്. ബർനബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

അങ്കമാലിയിൽ സഹായമെത്രാൻ ആയിരുന്ന കാലം അവിടെ കാതോലിക്കേറ്റ് സെന്ററുകൾ പണിയാൻ പണപ്പിരിവ്. കൊച്ചപ്പൻ തിരുവനന്തപുരത്ത് വന്നു. എന്നോടു ചോദിച്ചില്ല. ഞാൻ മറുകക്ഷിയാണല്ലോ! എന്നാൽ, എന്റെ കാറിലായിരുന്നു നഗരസഞ്ചാരങ്ങൾ. വൈകുന്നേരം വീട്ടിൽ വരും. ഒരുമിച്ചു പ്രാർത്ഥിക്കും. അത്താഴം കഴിഞ്ഞ് ഉറങ്ങാൻ പള്ളിയിലേക്ക് പോകും. അനുഗൃഹീതമായിരുന്നു ആ നാളുകൾ. ആലുവായിൽ എന്തൊക്കെയോ സമുദായസമരം നടക്കുന്നുണ്ടായിരുന്നു. അതൊന്നും ഞങ്ങളെ ബാധിച്ചില്ല. ആധ്യാത്മിക കാര്യങ്ങളും അത്യാവശ്യം വീട്ടുകാര്യങ്ങളും മാത്രം ആയിരുന്നു ചർച്ചകളിൽ. എന്നാൽ, ആലുവായിൽ ഒരു പാത്രിയർക്കാ ദിനത്തിൽ ഞാൻ ചെയ്ത പ്രസംഗത്തിലെ ഒരു വാക്യം മതിലിനപ്പുറത്തെ സ്വകാര്യതയിൽ ഇരുന്ന് കേട്ടപ്പോൾ എന്നെ ശാസിച്ചും തിരുത്തിയും കത്തെഴുതി. 'നീ പറഞ്ഞത് ശരിയല്ല. എന്തുകൊണ്ടെന്നാൽ... നാലു കാരണങ്ങൾ, അഞ്ചു വേദവാക്യങ്ങൾ! അതേ, ബർനബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

പിന്നെ ഇടുക്കിയിൽ മെത്രാനായി. അവിടെ ഒരാശുപത്രി തുടങ്ങി. വളരെ ചെറിയ ഒരേർപ്പാട്. ഉദ്ഘാടനത്തിന് എന്നെ വിളിച്ചു. മറ്റാരെങ്കിലും വിളിച്ചിരുന്നെങ്കിൽ ഞാൻ തിരുവനന്തപുരത്തു നിന്ന് അത്ര ദൂരം പോകുമായിരുന്നില്ല. ഇത് പോകാതിരിക്കാനാവുകയില്ല. പോയി. മടക്കയാത്രയുടെ തുടക്കത്തിൽ മന്ത്രിച്ചു: 'ചേട്ടന് വരാനാവുകയില്ലല്ലോ: അതാണ് നിന്നെ വിളിച്ചത്' വിളിച്ചാൽ വിളിച്ചിടത്തെത്തുന്ന അനന്തരവനാണ് ഇടുക്കിയിലെ ആദ്യത്തെ കളക്ടറായി സുദീർഘം പ്രവർത്തിച്ച ഈ ഐ.എ.എസുകാരൻ എന്ന് തെളിയിക്കുകയായിരുന്നില്ല ആ പരിവ്രാജകന്റെ ലക്ഷ്യം. ഗുരുഭക്തിയുടെയും ഭ്രാതൃസ്നേഹത്തിന്റെയും പരാവർത്തനമായിരുന്നു ആ ക്ഷണം. ബർനബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

ഇടുക്കിയിൽ നിന്ന് പോയത് അമേരിക്കയിലേക്ക്. അവിടെ മറ്റൊരു മെത്രാപ്പോലീത്തയുമായി സഭാ നേതൃത്വം ഉരസുന്ന കാലം. ഈ 'പാവ'ത്തിനെയാണ് അങ്ങോട്ടയച്ചത്. പ്രാർത്ഥനയും ഉപവാസവും കൊണ്ട് വിജയം നേടി ഈ കൃശഗാത്രൻ. പ്രശ്നങ്ങളെല്ലാം തീർന്നു. ശത്രുക്കൾ ഇല്ലാതായത് അവരെല്ലാം മിത്രങ്ങളായതിനാലാണ്. ലോകരീത്യാ യുദ്ധം ചെയ്യാൻ അറിഞ്ഞിട്ടില്ല. പ്രാർത്ഥനകൊണ്ട് തീരാത്ത പ്രശ്നങ്ങളില്ലെന്ന് തെളിയിക്കാൻ കഴിഞ്ഞതായിരുന്നു വിജയ രഹസ്യം. അവിടെയും ഒരനുഭവം പറയാനുണ്ട്. ബദൽവിഭാഗം എന്നെ ധ്യാനഗുരുവായി ക്ഷണിച്ചു. ഞാൻ അമേരിക്കയിലെത്തി. വഴക്കൊക്കെ ഒരുവിധം ഒതുങ്ങി എന്നായിരുന്നു എന്റെ ധാരണ. ഒതുങ്ങിയില്ലെന്നറിഞ്ഞ് പിറകെയാണ്. ഏതായാലും കൊച്ചപ്പനെ കണ്ട് പറയാതെ മറ്റേ കൂട്ടരുടെ യോഗത്തിന് പോകാനാവുമായിരുന്നില്ല. ഞാൻ ചെന്നു. കോപം ഒന്നും കണ്ടില്ല. എങ്കിലും ഒരു പ്രസാദക്കുറവ്. എനിക്ക് കാര്യം മനസ്സിലായി. ഞാൻ വായ്പൊത്തി വിനയത്തോടെ ചോദിച്ചു, മക്കാറിയോസ് തിരുമേനിയുടെ യോഗത്തിന് പൊയ്ക്കോട്ടെ? കൊച്ചപ്പൻ നേരിട്ട് കോപിച്ചുകണ്ടത് അന്നാണ്. എന്നോട് ചോദിക്കാതെ നീ സമ്മതിച്ചു. അവരുടെ ചെലവിൽ വന്നു. ഇനി പോകാതിരിക്കുന്നത് തെറ്റല്ലേ? നീ ചെയ്തത് ശരിയായില്ല. എങ്കിലും ഇനി പോവുക തന്നെ വേണം. ദൈവവചനം മാത്രമേ പറയാവൂ. സമുദായ രാഷ്ട്രീയം ഒന്നും പറയരുത്. അതേ, ബർനബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

ഒടുവിൽ തിരിച്ചുവന്നപ്പോൾ കോലഞ്ചേരി ആശുപത്രിയിൽ താമസിച്ചത് അത്ര ഇഷ്ടമായിട്ടായിരുന്നില്ല. എന്നോട് പറഞ്ഞു: 'ഇഷ്ടമായിട്ടല്ല, ബാവാ കൽപിച്ചു. ബാവാ എന്റെ ശിഷ്യനാണ് എങ്കിലും ഇപ്പോൾ ബാവായല്ലേ? അനുസരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്'. അതേ, ബർനബാസ് നഥാനിയേൽ ആയിരുന്നു. അവനിൽ കാപട്യം ഉണ്ടായിരുന്നില്ല.

വ്യക്തിതലത്തിലെ അനുഭവങ്ങളും കുടുംബതലത്തിലെ അറിവുകളും ഏറെയുണ്ട്. ഞാൻ പഠിച്ചതും ഏറെ പറയാനില്ലാഞ്ഞല്ല ഇവിടെ നിർത്തുന്നത്.

എന്നും ഖാദി ധരിച്ച്, സ്വന്തം വസ്ത്രങ്ങൾ സ്വയം അലക്കിയെടുത്ത്, ഭാരതീയ സന്യാസി പാരമ്പര്യവും അന്ത്യോഖ്യൻദയറാ പാരമ്പര്യവും ഗാന്ധിയൻ ലാളിത്യവും തന്റെ വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച്, വിശ്വസിച്ചതിൽ വിട്ടുവീഴ്ചയില്ലാതെയും വിശ്വസിക്കാത്തിനോട് വിരോധം പുലർത്താതെയും, ബന്ധങ്ങളെ മാനിച്ചും അവ ബന്ധനങ്ങളാകാതെ സൂക്ഷിച്ചും ഈ ഭൂമിയിലൂടെ നടന്നുപോയ മഹാനായിരുന്നു ബർനബാസ്. യഹോവയെ മുഖാമുഖമായി കണ്ട മോശയെപ്പോലെ മറ്റൊരു പ്രവാചകൻ ഇസ്രായേലിൽ ഉണ്ടായില്ല എന്ന് ബൈബിളിലുണ്ട്. 'ഞാൻ കണ്ട എറ്റവും വലിയ വിശുദ്ധൻ' എന്ന് എതിർപക്ഷത്തെ തോമസ് പ്രഥമൻ ബാവാ വിശേഷിപ്പിച്ച മാത്യൂസ് മാർ ബർന്നബാസിനെ പോലെ മറ്റൊരു മെത്രാൻ ഏതെങ്കിലും ക്രൈസ്തവ സഭയിൽ ഉണ്ടാകാനുള്ള സാധ്യതയും അതുപോലെതന്നെ ശുഷ്കമാണ്. ആ ആത്മാവിന് നിത്യശാന്തി നേരുക നാം. ■


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**

## ഇന്റർനെറ്റ് കാഴ്ചകൾ...

33-ാം പേജിൽ നിന്നു തുടർച്ച...

ചുമന്നെടുത്ത് എറിഞ്ഞുകളക. നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനേക്കാൾ നിന്റെ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് നല്ലത്. നിന്റെ വലംകൈ നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടിഎറിഞ്ഞുകളക....'' (മത്തായി 5:28-30) കണ്ണും കൈയ്യും തമ്മിലുള്ള ബന്ധം സൂചിപ്പിച്ചിരിക്കുന്നത് ഇന്റർനെറ്റിന്റെ കാര്യത്തിൽ വളരെ പ്രസക്തമല്ലോ? കണ്ണുനോക്കിക്കൊണ്ടിരിക്കുന്നു കയ്യാകട്ടെ "മൗസ്" ക്ലിക്ക് ചെയ്ത് പുതിയ കാഴ്ചകൾ തുറന്നു കൊടുക്കുന്നു. "കണ്മോഹം" ജഡമോഹത്തെ ജനിപ്പിച്ച് പാപലോകത്തിലേക്ക് നയിക്കുന്നതായി യോഹന്നാൻ ശ്ലീഹാ എഴുതുന്നു. (1 യോഹ. 2:16). മനുഷ്യന്റെ കണ്ണിന് ഒരിക്കലും തൃപ്തിവരുന്നില്ല എന്ന് സദൃശ്യവാക്യം പറയുന്നു (27:20). കണ്ണിനു ഒരിക്കലും തൃപ്തിവരാത്ത വിധം പുതിയപുതിയ ലൈംഗികദൃശ്യങ്ങൾക്കായി വലതപ്പുന്ന കൈകൾ!

ദൈവാത്മാവിന്റെ ശക്തിയാലും, ദൈവവചനത്തിന്റെ സ്വാധീനത്താലും ദൈവാശ്രയത്തിന്റെ തീഷ്ണതയാലും ഈ ബലഹീനതയെ അതിജീവിക്കാൻ ദൈവവിശ്വാസികൾക്ക് കഴിയും, കഴിയണം. മനുഷ്യനെ അശുദ്ധനാക്കുന്ന പല കാര്യങ്ങളുടെ കൂട്ടത്തിൽ വിടക്കുകണ്ണ് എന്നും കൂടി കർത്താവ് എടുത്തു പറയുന്നു. (മർക്കോ. 7:20-23). നാം ദൈവത്തിന്റെ മന്ദിരമാണെന്നും സ്വന്തശരീരമാകുന്ന ദൈവമന്ദിരത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കുമെന്നും പൗലൂസ് ശ്ലീഹാ വ്യക്തമായി മുന്നറിയിപ്പ് നൽകുന്നു (1 കൊരി 3:17) ദൈവശിക്ഷയെ വിളിച്ചുവരുത്തുന്നതാണ് നമ്മുടെ അശ്ലീലദർശനവും തുടർന്നുള്ള മാനസിക, ശാരീരിക ചേഷ്ടകളും എന്ന് വിശ്വാസികൾ തിരിച്ചറിയണം. ചീത്തക്കാഴ്ചകൾ വരുത്തുന്ന ചീത്തവിചാരങ്ങളും, ചീത്ത സംഭാഷണങ്ങളും, ചീത്ത പ്രവൃത്തികളും മൂലം ദൈവമന്ദിരമാകുന്ന നമ്മുടെ ശരീരത്തെ നശിപ്പിക്കാൻ ഇടയാകാതിരിക്കാൻ കൂടുതൽ കരുതലോടെയും തീഷ്ണതയോടെയും ദൈവത്തിങ്കലേക്ക് ദൃഷ്ടിയെത്താം. ഇന്ന് സമൂഹത്തിൽ നടമാടുന്ന പീഡനം, പിടിച്ചുപറി, കൊലപാതകം തുടങ്ങിയ ക്രൂരകൃത്യങ്ങളെല്ലാം "കണ്മോഹമെന്ന" ലഘുവായ തിന്മകളിൽനിന്നും ആരംഭിക്കുന്നു.

യേശുക്രിസ്തുവിന്റെ വാക്കുകൾ ഒന്നുകൂടി ശ്രദ്ധിക്കാം. "ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത് (മത്താ. 6:22,23) ശരീരശാസ്ത്രപ്രകാരം പലതരം രോഗങ്ങൾ കണ്ണിനെ ബാധിക്കുമ്പോൾ അതിന്റേതായ പ്രയാസങ്ങൾ ശരീരത്തിന് അനുഭവപ്പെടുന്നതുപോലെ, ആത്മീയകാഴ്ചകൾ നഷ്ടപ്പെടുമ്പോൾ ആന്തരിക മനുഷ്യനും ഇരുട്ടിന്റെ അനുഭവം ഉണ്ടാകുമെന്ന് കർത്താവ് കർശനമായി പറയുന്നത് നാം ഗൗരവമായി എടുത്തേ മതിയാകൂ. ആത്മീയമരണം പ്രാപിക്കുന്ന അവസ്ഥ ഒരു ദൈവവിശ്വാസിയെ സംബന്ധിച്ച് തികച്ചും ശൂന്യത തന്നെയാണ്. നാം ഇരുട്ടിനെയാണ് വെളിച്ചമായി കാണുന്നതെങ്കിൽ യഥാർത്ഥവെളിച്ചത്തിൽ ഒരുനാളും എത്തിച്ചേരുകയില്ല. ക്രിസ്തുവാണ് ലോകത്തിന്റെ വെളിച്ചം ആ സത്യവെളിച്ചം കാണാതെ പോകുന്നെങ്കിൽ ഈ ലോകത്തിന്റെ ദൈവമായ സാത്താൻ നമ്മുടെ കണ്ണുകൾ കുരുടാക്കിക്കളഞ്ഞു എന്ന് ഓർത്ത് ക്രിസ്തുവിങ്കലേക്ക് തിരിയുക. പൗലൂസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കുക. ദൈവപ്രതിരൂപമായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ (കണ്ണും) മനസ്സും കുരുടാക്കി (2 കോരി 4:4)

ഏദൻതോട്ടത്തിൽ ആദ്യമാതാപിതാക്കളുടെ കണ്ണുകുരുടാക്കിയ തന്ത്രം തന്നെയാണ് ഇന്റർനെറ്റിൽകൂടിയും സാത്താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആദ്യം ഒരു ആകാംക്ഷ, പിന്നെ ഒരു സംശയം, പിന്നെ ഒരു പരീക്ഷണം, പിന്നെ ഒരു ആസ്വാദനം, പിന്നീട് നാണം, പിന്നെ കുറ്റബോധം, പിന്നെ ഒളിച്ചോട്ടം, പിന്നീട് പുറത്താക്കപ്പെടൽ - ഇപ്രകാരം വിവിധ ഘട്ടങ്ങളിലൂടെ ദൈവമക്കളായ മനുഷ്യരെ ദൈവസന്നിധിയിൽനിന്നും ആട്ടിയോടിക്കപ്പെടുന്ന പ്രക്രിയ തുടർന്നുവരുന്നു. കെണിയായി ഇന്റർനെറ്റ് വലയെ വിശ്വാസികൾ തിരിച്ചറിവോടെ കൈകാര്യം ചെയ്യണം. കമ്പ്യൂട്ടറിലെ www.world wide web ലോകവ്യാപകമായ വല - എട്ടുകാലിവലപോലെ തന്നെ പ്രാണികളെ ആകർഷിച്ച് കൊന്ന് തിന്നുകയാണ്. women, wime & wealth എന്നിങ്ങനെ ആ വലയ്ക്ക് പുതിയ നിറങ്ങൾ കൊടുത്തു വരുന്നു. നല്ല പല സാധ്യതകൾ ഇന്റർനെറ്റുവഴി ഉണ്ടെന്നുള്ളതുകൊണ്ട്തന്നെയാണ് ആ വഴിയിലേയ്ക്ക് വ്യക്തികൾ ആകർഷിക്കപ്പെടുന്നത്. അതിലെ നല്ല വശങ്ങൾ തെരഞ്ഞെടുത്ത് പ്രയോജനപ്പെടുത്തുവാനുള്ള പക്വത പ്രാപിക്കുക എന്നതാണ് ഇന്നത്തെ ആവശ്യം.

വസ്തുവിലല്ല, കാഴ്ചപ്പാടിലാണ് തിന്മ കടന്നുവരുന്നത്. അങ്ങനെ തിന്മ വരാതിരിക്കണമെങ്കിൽ നമ്മുടെ നോട്ടം നന്മയിലേയ്ക്കായിരിക്കണം.

**അശ്ലീലക്കാഴ്ചകളുടെ പ്രശ്നങ്ങൾ**

1. ആത്മീയകാഴ്ചയും, ചിലപ്പോൾ ശാരീരിക കാഴ്ചയും വികലമാകുകയോ, നഷ്ടമാകുകയോ ചെയ്യും.
2. പ്രാർത്ഥന, നോമ്പ്, ഉപവാസം, ആത്മീയ അനുഷ്ഠാനങ്ങൾ, ആരാധന എന്നിവയിൽ താല്പര്യം ഇല്ലാതെയായി നിരാശയിലേക്കും, അസ്വസ്ഥതയിലേയ്ക്കും വഴുതി വീഴും.
3. ലൈംഗികതയ്ക്ക് അടിമയായി തൃപ്തിതേടി അനേകപാപങ്ങളും വഷളത്തങ്ങളും പ്രവർത്തിക്കാനിടയാകും - ആത്മനിന്ദയ്ക്കും വിഷാദരോഗത്തിനും, ചിലപ്പോൾ ആത്മഹത്യക്കും തന്നെ ഇടയാകും.
4. ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും ഒളിച്ചോടാനുള്ള ശ്രമമുണ്ടാകും. അത് കൂടുതൽ കുറ്റങ്ങളിലേയ്ക്കും ക്രൂരതയിലേയ്ക്കും തള്ളിവിടും.
5. ദൈവാത്മാവിന്റെ നിയന്ത്കണവും പ്രചോദനവും നിരസിക്കാൻ ഇടയാകും, തൽഫലമായി മാനസാന്തരാനുഭവം ഇല്ലാതെ നിത്യനാശത്തിന് വഴിയൊരുക്കും.

ഇപ്രകാരം അന്ധകാരത്തിലും തടങ്കലിലും ആയിത്തീരാതെ ദൈവത്തിങ്കലേക്ക് തിരിയാം.

**താഴെപ്പറയുന്ന വേദവചനങ്ങൾ ധ്യാനിക്കുക.**

മത്തായി. 5:28-30, സങ്കീ. 119:11, 1 തെസ്സലാ 4:7, കൊലോ 3:16, 1 പത്രോ 1:14-16, 1 തെസ്സ. 5:22, 1 കൊരി. 13:6, സങ്കീ. 119:37, യോഹ. 8:36, സങ്കീ. 16:8, യോഹ. 8:12, സങ്കീ. 25:15, മത്താ. 17:21, സങ്കീ. 101:3, 1 കൊരി. 9:27,
സങ്കീ. 119:104, 1 യോഹ. 1:9, ഗലാ. 5:16.

**താക്കോൽ വാക്യങ്ങൾ**

1) "ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു. പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതെങ്ങിനെ?'' (ഇയ്യോ. 31:1).

2) "എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങില്ലാകുകയില്ലെന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു". (മത്തായി. 17:21)

3) ''ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോട്കൂടി ക്രൂശിച്ചിരിക്കുന്നു" (ഗലാ. 5:24).

4) (ഗലാ. 5:16), 5) സങ്കീ. 119:37, 6), സങ്കീ. 101:3, 7) ഗലാ. 2:20, 8) സങ്കീ. 25:15

■

# Breaking the Word




# വേദപ്പൊരുൾ

**ഫാ. ജോജി കെ. ജോയി, അടൂർ**

*2013 ജനുവരി 13*

## *ദനഹായ്ക്കുശേഷം ഒന്നാം ഞായർ*

*(വി. മത്തായി 4:12 – 22)*

**ദൈവരാജ്യം സമീപിച്ചിരിക്കുന്നു: മാനസാന്തരപ്പെടുവിൻ**

ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ സമാരംഭം. വി. ത്രിത്വത്തിൽ ഒരുവനായ ദൈവപുത്രൻ എന്തിനു മാനുഷവേഷം ധരിച്ചു എന്നതിന് മത്തായി ശ്ലീഹാ നൽകുന്ന വ്യക്തമായ ദർശന മാണ് ഇന്നത്തെ പ്രധാന ചിന്താവിഷയം.

**പഴയനിയമ ഭാഗങ്ങൾ**

ഉല്പത്തി 25:19–34; 30. 36–31.2

ഈ ഭാഗങ്ങളിൽ പിതാക്കന്മാരായ യിസഹാക്കിന്റെയും, യാക്കോബിന്റെയും ജീവിതം ഒരു നവ സമൂഹത്തിന്റെ സൃഷ്ടിക്കായി ദൈവം എങ്ങനെ രൂപപ്പെടുത്തി എന്നുള്ളത് വ്യക്തമാക്കുന്നു.

2 രാജാ 5:1–14.

അരാം രാജാവിന്റെ സേനാപതിയായ നയമാൻ പ്രവാചക ശ്രേഷ്ഠനായ ഏലിശാമുഖാന്തിരം സൗഖ്യം പ്രാപിക്കുന്ന സംഭവം 'രിക്ഷ'തിരഞ്ഞെടുക്കപ്പെട്ടജനമായ യിസ്രായേലിനു പുറത്തുള്ളവർക്കും സംലഭ്യമാണ് എന്ന് വിശദമാക്കുന്നു.

ഏശായാ 49:7–13

യേശുക്രിസ്തുവിൽകൂടി സംഭവിക്കുന്ന രക്ഷാപദ്ധതികൾക്ക് പഴയനിയമഭാഗങ്ങളിൽ പ്രവചനവാക്കുകൾ കണ്ടെത്തുന്ന മത്തായി ശ്ലീഹായുടെ സുവിശേഷ രചനാ ശൈലിക്ക് ഏറെ സഹായകരമാണ് ഏശായാ പ്രവചനത്തിലെ ഈ ഭാഗങ്ങൾ. പ്രതീക്ഷ അറ്റ് അന്ധകാരത്തിലും മരണ നിഴലിലും കഴിഞ്ഞിരുന്ന ജനതക്ക് പ്രകാശമായി ഒരുവൻ വരും എന്ന ആശ്വാസത്തിന്റെ വാക്കുകൾ മശിഹാക്കുവേണ്ടി കാത്തിരുന്ന ജനതയ്ക്ക് സാന്ത്വനത്തിന്റെ അരുവികളായിരുന്നു. ഏശായാ 9.2;49 8 എന്നീ വാക്യങ്ങളിൽ പറയുന്നത് മത്തായി ശ്ലീഹാ 4:14,15 വാക്യങ്ങളിലും ലൂക്കോസ് ഏവൻഗേലിസ്ഥാ സഖറിയാ പുരോഹിതന്റെ പാട്ടിലും (ലൂക്കോസ് 1:78, 79) മനോഹരമായി എടുത്തു കാട്ടിയിരിക്കുന്നു.

അപ്പോസ്തോലപ്രവർത്തികൾ 2:37–47 വരെയുള്ള ഭാഗങ്ങൾ ആദിമ സഭയുടെ ആരാധനാ, സാമൂഹ്യ ജീവിതശൈലിയും സുവിശേഷീകരണതല്പരതയും വിശദമാക്കുമ്പോൾ ഏഫേസ്യർ 1:3–14 വരെയുള്ള ഭാഗങ്ങളിൽ വി. പൗലോസ് ശ്ലീഹാ ക്രിസ്തുവിന്റെ മനുഷ്യാവതാര പ്രവർത്തനങ്ങൾക്ക് വേദശാസസ്ത്രപരമായ വ്യാഖ്യാനം നൽകുന്നു.

**വി. മത്തായി 4:12–22**

മൂന്നു ചോദ്യങ്ങൾക്കുത്തരമാണ് മത്തായി ശ്ലീഹാ ഈ ഭാഗത്ത് നൽകുന്നത്. സാധാരണയായി ഒരു പ്രധാനവ്യക്തിയുടെ രംഗപ്രവേശം ഉണ്ടാകുമ്പോൾ അല്ലെങ്കിൽ ഒരു ചരിത്രപുരുഷനെകുറിച്ച് പഠിക്കുമ്പോൾ മൂന്ന് പ്രധാന കാര്യങ്ങളാണ് പ്രധാനമായും വിശകലനം ചെയ്യുന്നത്.

1. എന്തിനു വന്നു?/ എന്തായിരുന്നു?/ എന്ത് ദൗത്യമായിരുന്നു നിർവ്വഹിച്ചത്?
2. എന്തായിരുന്നു അദ്ദേഹത്തിന്റെ പ്രധാന സന്ദേശം?
3. എങ്ങനെ ആരംഭിച്ചു?/ ദൗത്യം എങ്ങനെ പ്രയോഗത്തിൽ വരുത്തി?

**എന്തിനു വന്നു?**

ദൈവപുത്രന്റെ മാനവീകരണം അന്ധകാരത്തിൽ ഇരുന്നവർക്ക് വെളിച്ചവും, മരണ നിഴലിൽ ഇരുന്നവർക്ക് സമൃദ്ധിയായി സമ്പൂർണ്ണജീവൻ നൽകുവാനും ആയിരുന്നു.

രാഷ്ട്രീയ, സാമൂഹ്യ, അടിമത്വം ഒരുവശത്തുനിന്ന് യിസ്രായേൽ ജനതയെ സത്വബോധം നഷ്ടപ്പെടുന്നവരാക്കി തീർത്തപ്പോൾ, അവരുടെതന്നെ ജീവിതക്രമീകരണമില്ലായ്മ വഴിയായി വന്ന പാപാടിമത്ത്വം ദൈവമക്കൾ എന്ന സ്ഥാനത്തുനിന്നും അവരെ നിപതിപ്പിച്ചു. ലോകപ്രകാരമുള്ള സ്വാതന്ത്ര്യത്തെക്കാൾ ദൈവസാദൃശ്യത്തിലേക്കുള്ള വളർച്ചയാണ് ദൈവപുത്രന്റെ മർത്തീകരണം വഴി സംജാതമാകുന്നത് എന്ന ആദ്ധ്യാത്മീകചിന്ത പകരുവാനാണ് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട വേദപുസ്തക രചയിതാക്കൾ ശ്രമിക്കുന്നത്.

(യോഹന്നാൻ 3:16,17; ഗലാത്യർ 4:4–6; എഫേസ്യർ 1:3–12; എബ്രായർ 2:17; 1 യോഹ. 5:20)

നിഴൽ ഉണ്ടാകുന്നത് വെളിച്ചത്തെ തടസ്സപ്പെടുത്തുമ്പോഴാണല്ലോ. യേശുക്രിസ്തുവിന്റെ തിരുജനനം മൂലം പാപമൂലമായി ഉണ്ടായിരുന്ന മരണത്തിന്റെ നിഴൽ ജീവനും സമൃദ്ധിയായ ജീവനും നൽകുന്നതായി രൂപാന്തരപ്പെട്ടു. ക്രിസ്തു ലോകത്തിൽ വന്നു എന്നത് ഭൂതകാലത്തിൽ നടന്ന ഒരു സംഭവമായി മാത്രം ഓർക്കാനല്ല, പ്രത്യുത ഇന്നും പരിശുദ്ധാത്മാവിൽകൂടി ആ ജീവൻ നമുക്കു പകർന്നു തരുന്നു എന്നും ജീവന്റെ അവകാശിത്വത്തിലേക്ക് നാം ക്രമേണ വളരുന്നു എന്ന ബോധ്യം

നമ്മിൽ ഉരുവായി, വളരേണ്ടത് അത്യാവശ്യമാണ്.

**എന്തുപറഞ്ഞു**

ജീവൻ നൽകാൻ വന്നവൻ "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെടുവീൻ" എന്നാണ് പ്രധാനമായും പറഞ്ഞത്. ക്രിസ്തുവിന്റെയും പ്രസംഗത്തിന്റെയും അത് ഏറ്റുപറഞ്ഞ് ലോകത്തിന്റെ നാനാഭാഗങ്ങളിലും കടന്നുചെന്ന അപ്പോസ്തോലന്മാരുടേയും പ്രധാനസന്ദേശം ഇതായിരുന്നു. (അപ്പോ:പ്രവ: 14.22). ക്രിസ്തുവിൽ സമാരംഭിച്ച ദൈവഭരണം (ദൈവരാജ്യം) വ്യക്തിപരമായി അനുഭവവേദ്യമാകാൻ 'മാനസാന്തരപ്പെടണം'. "നിന്നെ ഏറ്റവും അടുത്തുസമീപിപ്പിച്ചിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ സമീപിക്കുവാൻ നീ തയ്യാറാകണം" അതിന് മാറേണ്ടതലങ്ങൾ മാറ്റുവാനുള്ള ഇച്ഛാശക്തിയുണ്ടാകണം. നിന്റെ വഴികളിൽനിന്നും ദൈവത്തിന്റെ വഴിയിലേക്കുള്ള ചുവടുമാറ്റമാണ് ആദ്ധ്യാത്മീകതയുടെ കാതൽ. മത്തായി 3:1 ൽ യോഹന്നാൻ സ്നാപകൻ മുന്നോടിയായി പ്രസംഗിച്ചതും ഇതേ വചനമാണല്ലോ? മുന്നോടിയുടേയും, കർത്താവിന്റെയും വചനം ഒന്നുതന്നെ. എന്നാൽ ഇന്നോ? അടിസ്ഥാന വിശ്വാസത്തിൽനിന്നും അർത്ഥത്തിൽനിന്നും വ്യതിചലിച്ച് അവരവരുടേതായ നിലനില്പിനുവേണ്ടി വേദവ്യാഖ്യാനങ്ങൾ നടത്തുന്നു.

**എങ്ങനെ ആരംഭിച്ചു.**

'Well began half done'എന്നാണല്ലോ അധികാര വികേന്ദ്രീകരണത്തിന്റെയും, പ്രവർത്തനപങ്കുവയ്ക്കലിന്റെയും Master Mind ന്റെ ഉടമയായ കർത്താവ്, വെള്ളത്തിൽ സ്വന്തം നീരൊഴുക്കി ജീവിതം കൂട്ടിമുട്ടിക്കുന്നവരെ തന്റെ ശിഷ്യന്മാരായി കൂട്ടുത്തരവാദിത്വം ഏറ്റെടുക്കാനായി തിരഞ്ഞെടുക്കുന്നു. ശിഷ്യന്മാരിൽ ഏറെയും കാറ്റിനോടും, കടലിനോടും മല്ലടിക്കുന്ന കടലിന്റെ മക്കളാണെന്നത് യാദൃശ്ചികമായി തോന്നുന്നതെയില്ല. നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുത്തതാണെന്നുള്ളത് കർത്തൃവചനം തന്നെയാണല്ലോ. യാദൃശ്ചികതയല്ലെങ്കിൽ പിന്നെ എന്തുകൊണ്ട് കർത്താവ് മുക്കുവന്മാരെ ശിഷ്യസമൂഹത്തിലേക്ക് തിരഞ്ഞെടുത്തു. ക്ഷമയുടെയും, സംയമനത്തിന്റെയും, ധൈര്യത്തിന്റെയും പ്രവർത്തനമികവിന്റെയും മകുടോദാഹരണമാണ് മുക്കുവന്മാരുടേത് എന്നത് ഏറെ വ്യക്തമായ കാര്യങ്ങളാണ്. അതോടൊപ്പംതന്നെ മുക്കുവന്മാർ ജീവിതത്തിൽ സൂക്ഷിക്കുന്ന ചില ലിഖിതനിയമങ്ങൾ ദൈവരാജ്യസംസ്ഥാപനത്തിന് അടിസ്ഥാനമായി കർത്താവിന് തോന്നു.

**1) മുക്കുവന്മാർ പ്രവർത്തോന്മത്തൻമാർ (Workaholic)**

ഒരു പ്രത്യേക കാര്യത്തിനു വേണ്ടി ആഴമുള്ള സമർപ്പണവും, വിധേയത്വവും കാണിക്കുന്നവർ പൗലോസിന്റെ വാക്കുകൾ 2 കൊരി 11:23-28. തന്നെക്കുറിച്ച് മാത്രമല്ല ശിഷ്യസമൂഹത്തിന്റെ പൊതുവായ ദൗത്യമാണ് വിശദമാക്കുന്നത്.

**2) സത്യസന്ധന്മാർ - വിശ്വസ്തർ**

"അല്പത്തിൽ വിശ്വസ്ഥൻ അധികത്തിൽ വിചാരകർ" എന്നു കർത്താവിന്റെ വാക്കുകൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയ അപ്പോസ്തോലന്മാർ വിശ്വസ്തതയുടെ പര്യായങ്ങളാണ്.

3) ആപത്ഘട്ടത്തിൽ സ്വന്തജീവൻ മറന്നും മറ്റുള്ളവരെ സഹായിക്കുന്നവർ.

4) സ്വന്തം കുടുംബത്തോട് പ്രതിബന്ധതയുള്ളവർ

5) ഫലം കാണുന്നതുവരെ അദ്ധ്വാനിക്കുന്നവർ

6) സ്ഥിരോത്സാഹികൾ

7) ശരിയായ സമയത്ത് ഉത്തമമായ തീരുമാനമെടുക്കുന്നവർ

അതേ! കൃത്യമായ രൂപരേഖയോടും, പദ്ധതിയോടും കൂടെയാണ് കർത്താവ് തന്റെ സുവിശേഷീകരണ പ്രവർത്തനം ക്രമീകരിക്കുന്നത്. 21-ാം നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ അനുഗാമികളായ നമുക്കും അനുകരണീയമായ മാതൃകയാണിത്. യുക്തരായ വ്യക്തികളെ സഭാശുശ്രൂഷക്കുവേണ്ടി കണ്ടെത്തുന്നതിൽ നാം ഇന്ന് പരാജയപ്പെടുന്നുണ്ടെങ്കിൽ, കണ്ടെത്തലിന്റെയും (selection) രൂപീകരണത്തിന്റെയും (formation) വിധവും, മാനദണ്ഡവും പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതല്ലെ.

## *ജനുവരി 20*
## *ദനഹായ്ക്കുശേഷം രണ്ടാം ഞായർ*
*(വി. യോഹ. 1:43-51)*

**കാപട്യമില്ലായ്മ ശിഷ്യത്വത്തിന് അനിവാര്യം**

നസ്രത്തിൽനിന്നും നന്മവരുമോ എന്ന് സംശയിച്ച നഥനിയേലിന്റെ നന്മ എടുത്തുപറഞ്ഞ് ക്രിസ്തു അവനെ കൂടെക്കൂട്ടുന്നതാണ് പ്രതിപാദ്യവിഷയം. വി. യോഹന്നാൻ 1:35 മുതൽ 51 വരെയുള്ള വേദഭാഗത്ത് ക്രിസ്തുവിന്റെ ശിഷ്യഗണം രൂപപ്പെടുന്നതാണ് വിശദമാക്കുന്നത്.

**1) കേട്ടറിയുന്നതിനേക്കാൾ കണ്ടും അനുഭവിച്ചും അറിയുന്നത് കൂടുതൽ ഊഷ്മളം**

നസ്രത്തിൽനിന്നും വല്ല നന്മയും വരുമോ എന്നു ചോദിക്കുന്ന നഥനിയേലിനോട് 'വന്നു കാണുക' എന്നാണ് ഫീലിപ്പോസ് പറയുന്നത് അതായത് നീ കേട്ടതൊക്കെ സത്യമോ മിഥ്യയോ എന്നതറിയണമെങ്കിൽ വ്യക്തിയുടെ അടുക്കലേക്ക് വരണം. ക്രിസ്തു ആരെന്നറിയണമെങ്കിൽ അവനോടൊപ്പം വസിക്കണം. ആത്മബന്ധത്തിന്റെയും ആത്മീയാനുഭവത്തിന്റെയും ആഴമുള്ള അടിത്തറ ക്രിസ്തുവിനോടുകൂടി പാർക്കുന്ന അനുഭവത്തിൽനിന്നും ലഭിക്കും. ഇത്, ഏത് തരത്തിലുള്ള ബന്ധത്തിലും അനിവാര്യമായ ഒന്നാണ്. അകലെനിന്നും ഒരു വ്യക്തിയെ ശരിക്കും നമുക്കു മനസ്സിലാക്കാൻ കഴിയില്ല. ''പറഞ്ഞുകേൾക്കുന്ന സകല വാക്കിനും നീ ശ്രദ്ധ കൊടുക്കരുതെന്ന്" സഭാപ്രസംഗി 7. 21 -ൽ പറയുമ്പോൾ നീ ഒന്നും ശ്രദ്ധിക്കരുത് എന്നതിനെക്കാൾ കേൾക്കുന്നതിലും കൂടുതലായി അനുഭവത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും രൂപപ്പെടുത്തി എടുക്കുന്ന സ്ഥായിയായി നിലനിൽക്കുന്ന സഹവാസത്തിന്റെ അനുഭവം ഉണ്ടാകണം എന്നാണർത്ഥം. എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനായിരിക്കുന്നത് എനിക്ക് ഏറെ ഇഷ്ടം (സങ്കീർത്തനം 84.10) എന്നു കോരഹ് പുത്രൻമാർ പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ അനുഭവിച്ചറിയുവാനുള്ള അഭീഷ്ടമാണ് തെളിഞ്ഞുവരുന്നത്.

**2) അടുത്തറിയാൻ വരുന്നവനെ അംഗീകരിക്കുന്ന ക്രിസ്തു**

സംശയത്തോടെവന്നവനെ 'സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല' എന്ന് കർത്താവ് പറയണമോ എന്ന മാനുഷിക സംശയം നമുക്കുണ്ടാകാം എന്നാൽ നഥനിയേൽ അന്വേഷകനായി വരുന്നു എങ്കിലും ആ അന്വേഷണം അഥവാ ശാഠ്യം ആത്മാർത്ഥതയുടേതാണെന്ന് ക്രിസ്തുവിന് ബോധ്യപ്പെട്ടു. ഇവിടെ അർത്ഥവത്തായ ആത്മാർത്ഥത ക്രിസ്തു അംഗീകരിക്കുന്നു. എന്തും തൊണ്ടതൊടാതെ വിഴുങ്ങുന്ന ഇരുമനസ്സുകാരന്റെ അപക്വതയല്ല, ബോധ്യമുള്ളത് പറയുകയും പറഞ്ഞത് ശരിയല്ലെങ്കിൽ കണ്ട് ബോധ്യപ്പെടുകയും ചെയ്യാനുള്ള പക്വത. ആർജ്ജവത്വം ഇതിനാലാണ് ക്രിസ്തു സാക്ഷാൽ ഇസ്രായേല്യൻ എന്നു നഥാനിയേലിനെ അഭിസംബോധന ചെയ്യുന്നത്. ക്രിസ്തു ഉള്ളം അറിയുന്നവനാണ് എന്നത് ജീവിതത്തിലെ അനുഭവമായി മാറണം. അനാദ്യനന്മയായ ദൈവം തന്റെ സൃഷ്ടിയിലെ നന്മയെ അംഗീകരിക്കുന്നതിനാലാണ് മറിയയെ കൃപനിറഞ്ഞവളെ എന്നും നഥനിയേലിനെ സാക്ഷാൽ ഇസ്രായേല്യൻ എന്നും പറയുന്നത്. ഇന്ന്, ഒന്നുകിൽ കാര്യസാദ്ധ്യത്തിനായി ആത്മാർത്ഥതയില്ലാത്ത വാക്കുകൾ പറഞ്ഞ് അർഹതയുള്ളതിലും അധികം പുകഴ്ത്തും അല്ലെങ്കിൽ ഉള്ളതുപോലും പറയാതെയും, പ്രശംസിക്കാതെയും നന്മയെ കൊട്ടികളയുകയും ചെയ്യുന്നതാണ് മനുഷ്യന്റെ പൊതുവായ പ്രവൃത്തി എങ്കിൽ, നന്മയെ കണ്ടെത്തി അതിനെ അംഗീകരിക്കുകയും, ഉത്ഘോഷിക്കേണ്ടിടത്ത് ഉത്ഘോഷിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സ്വഭാവം നമ്മുടെ ജീവിതത്തിലുണ്ടായിരുന്നു എങ്കിൽ!

നന്മചെയ്യാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത് എന്ന് സദൃശ്യവാക്യം 3:27 ലെ ആശയം പ്രവർത്തിയിൽ മാത്രമല്ല വാക്കിലും പ്രസക്തമാണ്.

**3) കാപട്യമില്ലായ്മ കണ്ടെത്തലിനു നിദാനം**

ക്രിസ്തു പ്രശംസിക്കുന്നത് നഥനിയേലിന്റെ കാപട്യമില്ലായ്മയെ ആണ് അതു തന്നെയാണ് ക്രിസ്തുവിനെ കണ്ടെത്തുവാനും അതോടൊപ്പം "നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്" എന്ന് പറയുവാനും നഥനിയേലിന് ഇടയാക്കിയത്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്ന് തന്റെ ഗിരിപ്രഭാഷണ പരമ്പരയിൽ (മത്തായി 5.8) ക്രിസ്തു പ്രതിപാദിക്കുന്നതിനു മുമ്പെ ഹൃദയനൈർമ്മല്യത നഥനിയേലിൽ കർത്താവ് കാണുകയും, ഏറ്റുപറയുകയും ചെയ്യുന്നു. വക്രഹൃദയവും, വഞ്ചനയുള്ള നാവും ദൈവത്തിനു വെറുപ്പാണ്. 1 പത്രോസ് 3.4 ൽ ഭാര്യമാരോട് അഥവാ സ്ത്രീകളോട് പത്രോസ് ശ്ലീഹാ പ്രത്യേകിച്ച് ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ അലങ്കാരം... സൗമ്യതയും, സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയദൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. അതുദൈവസന്നിധിയിൽ വിലയേറിയതാകുന്നു. അതെ! വിലയേറിയതിനെ വിലയുള്ളവൻ വലിമപ്പെടുത്തും അതിനാൽ ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല എന്ന് നഥനിയേലിനെക്കുറിച്ച് ക്രിസ്തു സാക്ഷിക്കുന്നു. അതിനാൽ ക്രിസ്തുവിനെ നമ്മുടെ ഹൃദയങ്ങളിൽ കർത്താവായി നമുക്കു വിശുദ്ധീകരിക്കാം.

## *ജനുവരി 27*
## *വാങ്ങിപ്പോയ വൈദീകരുടെ ഞായർ*
*(വി. മത്തായി 24:42–51 )*

**പൗരോഹിത്യം ദൈവകല്പിതമായ ശുശ്രൂഷ**

പരിശുദ്ധ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള രണ്ട് ഞായറാഴ്ചകൾ വാങ്ങിപ്പോയവരെ ഓർക്കുന്നതിനായി പ്രത്യേകമായി ക്രമീകരിച്ചിരിക്കുന്നു. ഇന്ന് വാങ്ങിപ്പോയ വൈദീകരെ ഓർക്കുന്നു. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ചത് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ" എബ്രായർ 13.7 എന്ന വേദവചനത്തെ അടിസ്ഥാനമാക്കിയാണ് വാങ്ങിപ്പോയ വൈദീകരെ സഭ ഓർക്കുന്നത്. വി. നോമ്പാകുന്ന പടക്കളത്തിൽ സാത്താന്റെ പ്രലോഭനങ്ങൾക്കു വശംവദരാകാതെ സർവ്വായുധവർഗ്ഗം എടുത്തു വാഴ്ചകളോടും, അധികാരങ്ങളോടും പടവെട്ടുവാൻ, അപ്രകാരം ജീവിച്ച പുണ്യപിതാക്കളുടെ പാവന സ്മരണ നടത്തുകയാണ് സഭ.

**പൗരോഹിത്യം ദൈവകല്പിതം**

സൃഷ്ടിയുടെ ആരംഭം മുതൽ ദൈവത്താൽ സ്ഥാപിതമാക്കപ്പെട്ടതാണ് പൗരോഹിത്യം. സർവ്വസൃഷ്ടിക്കും വേണ്ടി ദൈവസന്നിധിയിൽ പുരോഹിതശുശ്രൂഷ അനുഷ്ഠിക്കുവാനുള്ള ദൗത്യമായിരുന്നു ആദാമിനുണ്ടായിരുന്നത്. 139-ാം സങ്കീർത്തനം 5-ാം വാക്യം "നിന്റെ കൈ എന്റെ മേൽ വച്ചിരിക്കുന്നു" എന്നതിന് സുറിയാനി വേദപുസ്തകമായ പെഷീത്തായിൽ "നീ എന്നെ പുരോഹിതനായി അഭിഷേകം ചെയ്തിരിക്കുന്നു" എന്നാണെഴുതിയിരിക്കുന്നത്. പുറപ്പാട് 39-ാം അധ്യായം മുതൽ ദൈവത്തിന്റെ പുരോഹിതശുശ്രൂഷക്കായി വേർതിരിക്കപ്പെട്ട അഹറോനും പുത്രന്മാരും തലമുറതലമുറയോളമുള്ള നിത്യപുരോഹിതന്മാരാണ് (40. 15,16) എന്ന് പ്രഖ്യാപിക്കപ്പെടുന്നു. ഇപ്രകാരമുള്ള പൗരോഹിത്യ വ്യവസ്ഥിതി യേശുവിന്റെ കാലമായപ്പോഴേക്കും അതിന്റെ നടപടിക്രമങ്ങളിൽ പുഴുക്കുത്തൽ വന്നു. അതിനാൽ യേശു പഴയനിയമ പൗരോഹിത്യത്തിന് നീക്കം വരുത്താതെ മാറ്റം വരുത്തി താൻ തന്നെ മൽക്കീസദേക്കിശിന്റെ ക്രമപ്രകാരം നിത്യ മഹാപുരോഹിതമായി (എബ്രായർ 6.20) യേശുക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിലെ പങ്കാളിത്വം അവിടുന്ന് തന്റെ അപ്പോസ്തോലന്മാർക്കും (യോഹ. 20:22) അതു വഴിയായി സഭമുഴുവനായും നൽകി. എന്നാൽ സഭക്കു മുഴുവനുമായി നൽകപ്പെട്ട പൊതുവായ പൗരോഹിത്യത്തിൽ നിന്നും പുരോഹിത ശുശ്രൂഷ നടത്തുവാനായി പ്രത്യേക പൗരോഹിത്യത്തെ കർത്താവ് തന്നെ നിയമിച്ചു.

ഉത്തരവാദിത്വബോധമുള്ളവനെ ഒരുങ്ങിയിരിക്കാൻ കഴിയുള്ളൂ. മണവാളനെ കാത്തിരിക്കുന്ന 5 കന്യകമാർ ഉത്തരവാദിത്വബോധമുള്ളവരായതിനാൽ വിളക്കിൽ എണ്ണകൂടി എടുത്തു അവരുമായി മണവാളൻ മണവറയിൽ പ്രവേശിച്ചു. ഇന്നിന്റെ ഏറ്റവും വലിയ അപകടമാണിത് അവകാശങ്ങളെക്കുറിച്ച് മാത്രം ചിന്തയും ഉത്തരവാദിത്വങ്ങൾ മറക്കുകയും ചെയ്യുന്ന അവസ്ഥ. ധൂർത്തപുത്രന്റെ ഒന്നാമത്തെ പരാജയം (ലൂക്കോസ് 15) ഇതായിരുന്നു അപ്പന്റെ സ്വത്തിന്മേൽ അവനുള്ള അവകാശത്തെക്കുറിച്ച് ബോധമുള്ള അവന് അപ്പനെ സംരക്ഷിക്കേണ്ടത് ഇളയവനായ താനാണെന്നുള്ള ഉത്തരവാദിത്വബോധം നഷ്ടപ്പെട്ടു.

യജമാനനോടുള്ള വിശ്വസ്തത യജമാനൻ എന്നെ ഏല്പിച്ചവരെക്കുറിച്ച് ഉള്ള റിവുണ്ടാകേണ്ട ദാസന് പ്രാഥമികമായി യജമാനനോടുള്ള പ്രതിബദ്ധത പ്രാധാന്യമുള്ളതാണ്. ആരാണ് എന്നെ ഏല്പിച്ചത് ഏല്പിച്ചവനോട് എനിക്ക് കടപ്പാടുണ്ട്, വിധേയത്വമുണ്ട് എന്നത് ഏല്പിച്ചതിനോടുള്ള സ്നേഹവും, ആത്മാർത്ഥതയും വർദ്ധിക്കുവാൻ ഇടയാക്കും.

**വിശ്വസ്തന് വർദ്ധിച്ച ഉത്തരവാദിത്വം: അവിശ്വസ്തന് നിത്യദണ്ഡനം**

ഇത് ദൈവീക നീതിയാണ്. "ഇല്ലാത്തവനിൽനിന്ന് എടുത്ത് ഉള്ളവന് കൊടുക്കും" എന്നാൽ സാമൂഹ്യവ്യവസ്ഥയല്ല. എന്നാൽ ദൈവീക പ്രവർത്തനത്തിന് ദൈവീക പ്രകടനവുമുണ്ട്. കൊടുത്തിട്ട് വർദ്ധിപ്പിക്കാൻ പറയുകയും അതിനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്തിട്ടും അത് ഉപയോഗിക്കാതെ ഇരുന്നതിനാലാണ് ഉപയോഗക്ഷമതയില്ലാത്തവനിൽനിന്നും കാര്യക്ഷമതഉള്ളവന് കൊടുക്കുന്നത്. അല്പത്തിൽ വിശ്വസ്ഥൻ അധികാരത്തിന് വിചാരകനാക്കുന്ന ദൈവീകനീതി.

തന്നത് ആരെന്നും, ലഭിച്ചത് എന്തെന്നും, എന്തുദ്ദേശത്തോടെ തന്നു എന്നും അവബോധമുള്ളവരായി അതിനനുസരിച്ചുള്ള പ്രവർത്തികൾ ക്രമീകരിച്ചാൽ ദൈവം നമ്മെ കൂടുതൽ ദൗത്യത്തിന് ക്രമീകരിക്കും. ജീവിതവിളിയെക്കുറിച്ച് ബോധ്യമില്ലാതെ, ദൈവത്തെയും, അവിടുത്തെ അനന്തമായ സ്നേഹത്തെയും ഗണ്യമാക്കാതെ അപ്പപ്പോൾ തോന്നുന്ന രീതിയിൽ ജീവിതത്തെ മുന്നോട്ട് തള്ളിവിടുന്നതരത്തിലുള്ള ജീവിതം നയിച്ചാൽ ദുഷ്ടദാസാ എന്നാകും വിളി അല്ല! പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ എന്നുവിളിക്ക് നാം യോഗ്യരാകണം. അത്തരത്തിലാകണം നമ്മുടെ പ്രവർത്തനം.

## *ഫെബ്രുവരി 3*
## *എല്ലാ മരിച്ചവരുടേയും ഞായർ*
*(വി. ലൂക്കോസ് 12:32 – 48 )*

**മരണം: അവിരാമമായ ജീവിതത്തിലെ അർദ്ധവിരാമം**

വലിയ നോമ്പിനു മുമ്പുള്ള ഞായറാഴ്ച സകല വാങ്ങിപ്പോയവരേയും പരിശുദ്ധ സഭ ഓർക്കുന്നു. സമഗ്രമായ ചിന്തകളുടെ സമാഹാരമാണ് ഇന്നത്തെ ദിവസത്തിലുള്ളത്. ഈ ലോകജീവിതത്തിന്റെ ക്ഷണികതയെ ഓർമ്മപ്പെടുത്തി ലഭ്യമായ ജീവിതം കുറെക്കൂടി പ്രധാന്യതയോടെ ജീവിക്കുവാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ ജീവിതത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും അവിടെയുള്ള ജീവിതത്തിന്റെ നിഴലാണ് ഇവിടെയുള്ളകാലം എന്നും ഉള്ള ചിന്തകൾ ദൈവം തന്ന ആയുസ്സ് കരുതലോടെ ജീവിക്കുവാനുള്ള പ്രേരണ നൽകുന്നു. വാങ്ങിപ്പോയവരും കർത്താവിന്റെ ശരീരമാകുന്ന പരിശുദ്ധസഭയിലെ അംഗങ്ങളാകയാൽ അനുതാപത്തിന്റെയും, നവീകരണത്തിന്റെയും, ഉറവിടമായ പരിശുദ്ധ നോമ്പിലേക്കുള്ള പ്രവേശനം സഭയൊന്നടങ്കമുള്ള വിശുദ്ധീകരണത്തിന് അനിവാര്യമായതിനാലാണ് പരേതാന്മാക്കളെ നാം സ്മരിക്കുന്നത്.

**1. മരണം: അവസാനമല്ല പുതുക്കമാണ് (Death is not a termination but a transition)**

മരണത്തോടെ എല്ലാം അവസാനിക്കും എന്ന പരിസ്ഥിതിയിൽ ക്രിസ്തു പഠിപ്പിച്ചു. "ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കയില്ല".

'മരണം' എന്നത് നാശത്തിന്റെയും,

*ശേഷം 47-ാം പേജിൽ*

## വെള്ളിയാഴ്ചയും കഴിഞ്ഞ്...

32-ാം പേജിൽ നിന്നു തുടർച്ച...

മകൾക്കായി സ്വരൂപിക്കുന്നു. ബാങ്കിലെ കണക്കുകളിൽ പെരുക്കം. ഞെരുക്കിയ ജീവിതം.

നിക്ഷേപത്തുകയുടെ പെരുക്കസംഖ്യയിലെ അക്കങ്ങളിൽ വിരലുകളോടിച്ച് ജോർജ് ചെറിയാൻ ആത്മസുഖമനുഭവിച്ചു.

മെസിലെ പരിമിത സൗകര്യങ്ങളിലാണ് താമസം. മെസിലെ ഭക്ഷണം മാത്രം.

ജോർജ് ചെറിയാന്റെ ഭാര്യ, സിസിലി, അവരുടെ വീട്ടിലാണ്. രോഗിണിയായ അമ്മയുടെ കട്ടിലിൽ ചുവട്ടിലാണ് കിടക്ക വിരിക്കുന്നത്. അമ്മാവിയമ്മയുടെ കാര്യങ്ങളൊക്കെ കൃത്യമായി നോക്കാനാളായതു കൊണ്ട്, നാത്തൂനും കാര്യമായ പരാതികളില്ല.

അടുക്കളപ്പണിയും വേറെ ആളുവേണ്ട.

ഭാര്യയുടെ ചെലവ് അങ്ങനെ നടന്നുപോകുന്നതിൽ ജോർജ് ചെറിയാനും സന്തോഷം.

രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ, കുറഞ്ഞ ദിവസത്തേക്ക് അവധിയിൽ പോകുന്ന ജോർജ് ചെറിയാൻ, മാതാപിതാക്കളുടെ അവസ്ഥയെപ്പറ്റിയും ചിന്തിക്കാറില്ല. അവരെ കാണുന്നതും അപൂർവ്വം. അനിയന്റെ കുടുംബത്തോടൊപ്പം മാതാപിതാക്കൾ താമസിക്കുന്ന കുടുംബവീട് ജീർണ്ണാവസ്ഥയിലാണ്. വീടിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള സാമ്പത്തിക ശേഷി അനിയനില്ലെന്നുള്ളത് ജോർജ് ചെറിയാനെ അലട്ടാറുമില്ല.

ജോർജ് ചെറിയാന് ഫ്ളാറ്റുണ്ട്. വീടുണ്ട്.

ഫ്ളാറ്റും വീടുമുൾപ്പെടെ സമ്പാദ്യങ്ങളെല്ലാം മകൾക്കാണ്. മകളുടെ പേരിലാണ്.

കാക്കനാട്ടു ഫ്ളാറ്റു വാങ്ങിയിട്ടും അവിടെ ഒരു ദിവസമെങ്കിലും താമസിക്കണമെന്ന് തോന്നിയിട്ടില്ല. നടക്കുകയില്ലെന്ന് അറിയാവുന്നതുകൊണ്ട്, തന്റെ ആഗ്രഹം സിസിലി പറഞ്ഞതുമില്ല. ഫ്ളാറ്റ് വാങ്ങിയതായി കേട്ടതല്ലാതെ കണ്ടിട്ടുമില്ല.

ജോർജ് ചെറിയാന് സർവ്വതും മകളാണ്. മകൾക്കുള്ളതാണ്.

മകളുടെ സന്തോഷമാണ്.

'അടുത്ത അവധിക്ക് കാക്കനാട്ടെ വീട്ടിലേക്കു താമസം മാറണം. മോടെ കല്യാണവും നടത്തണം. നല്ല ചെറുപ്പക്കാർ വല്ലതുമൊണ്ടേ പറേ ണെ...'

'ഐറ്റിക്കാർ പിള്ളേരൊക്കെ കൊച്ചിയിൽ തന്നെ ഉണ്ടാകും. അവി ടെ നോക്കുന്നതാ നല്ലത്...'

അവളുടെ ഇഷ്ടം. ആരായിരുന്നാലും നമുക്കു ചേരുന്ന ബന്ധമാകണമെന്നു മാത്രം. ചേരുന്ന ബന്ധത്തിന്റെ മാനദണ്ഡം സാമ്പത്തിക ശേഷി തന്നെ. സംശയിക്കാനില്ല.

ജോർജ് ചെറിയാൻ സ്വയം സമാധനിച്ചു: മോളങ്ങനെ, പപ്പയുടെ ഇഷ്ടത്തിനെതിരായി ഒന്നും ചെയ്യുകയില്ല. പരുമല പള്ളിയിൽ വച്ചു വേണം കല്യാണം. കാതോലിക്കാ ബാവയെത്തന്നെ ക്ഷണിക്കണം. ആഗ്രഹങ്ങൾ വി ശദീകരിച്ചു. ചിലവു കുറച്ചധികമാകുമെങ്കിലും, ഒരു മോളല്ലേയുള്ളൂ....

'ഇപ്പോഴത്തെ പിള്ളാർക്കെല്ലാം ഒരു തരം വട്ടാണ്. സൂക്ഷിക്കണം. ഞാൻ ഓർമ്മിപ്പിച്ചു.'

പെട്ടെന്നു തന്നെ ഞാൻ തിരുത്തി: 'വട്ടല്ല; ഭ്രമം.'

ഇല്ല. മോൾ അങ്ങനെ അവിവേകമൊന്നും ചെയ്യുകയില്ല. പപ്പക്ക് ഇഷ്ടമില്ലാത്തതൊന്നും മൊൾ ചെയ്യുകയില്ല. ജോർജ് ചെറിയാന് കടുകു മണി പോലെ തിങ്ങിനിറഞ്ഞ തികഞ്ഞ വിശ്വാസം.

വീട്ടിൽ താമസമാക്കിയിട്ട്, ഫ്ളാറ്റ് വാടകയ്ക്കു കൊടുക്കണം.

ഫ്ളാറ്റിലും സൗര്യങ്ങളെല്ലാമുണ്ട്, ത്രീ ബെഡ്റൂമാണ്. ആലോചിക്കണം. വാടകയുടെ കാര്യവുമുണ്ട്. വീടുവേണോ, ഫ്ളാറ്റു മതിയോ എന്ന് മകൾ തീരുമാനിക്കട്ടെ. പിള്ളാർക്ക് സ്വാതന്ത്ര്യമായി കഴിയണമെന്നു തോന്നിയാലെന്തു ചെയ്യും? തങ്ങളുടെ സ്വാതന്ത്ര്യത്തിനു തടസം മാതാപിതാക്കളാണെന്നുള്ള പുതുതലമുറയുടെ കാഴ്ചപ്പാടിനോട് ജോർജ് ചെറിയാനും പൊരുത്തപ്പെട്ടത്, അമേരിക്കയിലൊക്കെ അങ്ങനെയാണെന്നുള്ളതു കൊണ്ടാണ്.

'അമേരിക്കയിലോക്കെ അങ്ങനാ...'

സ്വന്തം വീട് വാടകയ്ക്കു കൊടുത്തിട്ട് വാടകവീട്ടിൽ താമസിക്കുന്നതാണ് ജോർജ് ചെറിയാന് ഇഷ്ടവും സൗകര്യവും...

മാന്യമായ ജീവിതമല്ല. മുടക്കുമുതലിന്റെ ലാഭമാണ് കണക്ക്. വാടകയാണ്, ജോർജ് ചെറിയാന്റെ ലക്ഷ്യം. ഇവിടെ കൊടുത്തു കൊണ്ടിരിക്കുന്ന വാടക, നാട്ടിലെ വീട്ടുവാടകയിൽ നിന്ന് ഈടാക്കണം.

സ്വന്തം കാര്യം ജോർജ് ചെറിയാൻ ഒഴിവാക്കി. മെസു തന്നെ ശരണം. മടങ്ങിപ്പോക്കിനെപ്പറ്റി ചിന്തിക്കാറായിട്ടില്ല.

നാട്ടിലെത്തുമ്പോൾ ഭാര്യയെ ഭക്ഷണ സമയത്തു കാണാം. പിന്നെ, എറണാകുളത്തേക്ക് താമസം മാറ്റുകയാണെന്ന് പറഞ്ഞതോ? ചോദിച്ചില്ല. ചോദ്യങ്ങളും ഉത്തരങ്ങളും എല്ലാം ജോർജ് ചെറിയാൻ മുൻകൂട്ടിത്തന്നെ തീരുമാനിച്ചിരിക്കുന്നു. കേൾക്കാനൊരാളു വേണമെന്നേയുള്ളൂ.

പള്ളിയിൽ വന്നപ്പോൾ മുതലേ പലരോടും വിസ്തരിച്ച് ആത്മരതി അനുഭവിക്കുകയായിരിക്കും.

കൃത്യമായ കണക്കുകളാണ് ജോർജ് ചെറിയാന്.

കബറടക്ക ശുശ്രൂഷകൾ തുടങ്ങിയിരിക്കുന്നു.

'കുറിയേലായിസോ'നെന്ന ഏറ്റു ചൊല്ല് ഹാളിനുള്ളിൽ ദീനസ്വരത്തിൽ നിറയുന്നു. ആലോചിച്ചു ചെയ്യണമെന്നു പറഞ്ഞ് ഞാൻ ആരാധനാഹാളിലേക്കു മടങ്ങി. കുന്തുരുക്ക ധൂപത്തിന്റെ നേർത്ത മൂടലും ഗന്ധവുമായിരുന്നു ഹാളിനുള്ളിലപ്പോഴും.

കാറ്റു കടക്കാനുള്ള സൗകര്യമില്ലാത്ത ഹാളാണ്.

ഞായറാഴ്ച അതിരാവിലെ ഉയിർപ്പു കുർബ്ബാനക്കിടയിൽ, പ്രസംഗം തുടങ്ങിയപ്പോൾ പള്ളിക്കുള്ളിൽ നിന്നും പുറത്തേക്കിറങ്ങി.

കാപ്പിയുണ്ടാക്കുന്നവരുടെ സംസാരം കേട്ടുകൊണ്ട് അങ്ങോട്ടു ചെന്നു. കുർബ്ബാനാനന്തരം കേക്കും കാപ്പിയുമുണ്ട്. അതിനുള്ള ശ്രമത്തിലായിരുന്നു കമ്മറ്റിക്കാരും ഉത്സാഹികളും. കമ്മറ്റിക്കാർക്കും ഉത്സാഹികൾക്കും ആരാധനയിൽ സംബന്ധിക്കേണ്ട. ആരാധനാസ്ഥലത്ത് അത്യാവശ്യമായും ഉണ്ടായിരിക്കേണ്ട അച്ചടക്കവും വേണ്ടാ.

ജോർജ് ചെറിയാന്റെ രോഗാവസ്ഥയെപ്പറ്റി ആയിരുന്നു അവരുടെ സംസാരം.

ദുഃഖവെള്ളിയാഴ്ച വൈകിട്ട് നാട്ടിൽ നിന്നും ഫോണിലൂടെ പറയുന്നു മുഴുവൻ കേൾക്കുന്നതിനുമുമ്പു തന്നെ ജോർജ് ചെറിയാന് ഇടനെഞ്ച് തകരുന്ന വേദന അനുഭവപ്പെടുകയായിരുന്നു.

കാക്കനാട്ടെ ഫ്ളാറ്റിൽ, കാമുകനോടൊത്തു മകൾ താമസിക്കുന്നെന്നായിരുന്നു സന്ദേശം. രജിസ്റ്റർ വിവാഹം നടത്തിയതായും ശ്രുതിയുണ്ട്. ബാംഗ്ലൂരിൽ ചെരുപ്പുകടക്കാരൻ, ബീഹാറിലെ ചെരുപ്പുകുത്തികളുടെ വംശമാണ്. ചെരുപ്പു കുത്ത് ഇപ്പോഴും അവരുടെ കുലത്തൊഴിലാണ്. പഠിക്കുന്ന സമയത്തേ ഉള്ള അടുപ്പമായിരുന്നു പോലും. ചെരുപ്പു വാങ്ങാൻ ചെന്ന് മകൾ സ്ഥാപിച്ചെടുത്ത പരിചയം.

വിശദമായി അന്വേഷിക്കുന്നുണ്ട്. അറിയിക്കാം. വിഷമിക്കാതെ....

ആശുപത്രിയിൽ ചെന്ന ജോർജ് ചെറിയാനെ നിരീക്ഷണത്തിനായി കിടത്തി. ഈസിജിയിൽ കുറച്ചെന്തോ വ്യത്യാസം. രക്തവും പരിശോധിക്കണം.

വീണ്ടും ഫോൺ വന്നു.


വിശദമായി അന്വേഷിച്ചെന്നും കേട്ടതൊക്കെ സത്യമാണെന്നുമായിരുന്നു ഫോൺ. അപ്പോൾ തന്നെ ജോർജ് ചെറിയാന്റെ ബോധം കെട്ടു. ഐസിയുവിലേക്ക് പെട്ടെന്നുമാറ്റി അടിയന്തിര ശുശ്രൂഷകൾ നല്കിയിട്ടും, പുലർച്ചെ ജോർജ് ചെറിയാൻ മരിച്ചു. ■



## പുസ്തകശാല

### അക്കപ്പോരിന്റെ ഇരുപത്...

ബെന്യാമിൻ




ക്രൈസ്തവ സമുദായത്തിലെ സഭാ വഴക്കിന്റെ പശ്ചാത്തലത്തിൽ രചിച്ച ഹൃദ്യമായ നോവൽ. കുളനട മാന്തളിർ സെന്റ് തോമസ് സുറിയാനി പള്ളി കേന്ദ്രീകരിച്ച് സഭാചരിത്ര പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന അക്കപ്പോരിന്റെ ഇതിഹാസം.

ഡി. സി. ബുക്സ്., കോട്ടയം, മൂന്നാം പതിപ്പ്, പേജ് 138, വില–80.

### കായംകുളം ഫീലിപ്പോസ് റമ്പാൻ


ഡോ. എം. കുര്യൻ തോമസ് (എഡി.)



പ്രഥമ മുദ്രിത മലയാള ബൈബിൾ വിവർത്തകൻ സുറിയാനി ഭാഷാ പണ്ഡിതനായ കായംകുളം ഫിലിപ്പോസ് റമ്പാന്റെ ജീവിതവും സാക്ഷ്യവും അപഗ്രഥിക്കുന്ന ഗ്രന്ഥം. പ്രൗഢമായ 18 പ്രബന്ധങ്ങളും അനുബന്ധ രേഖകളും. അവതാരിക: ഡോ. സഖറിയാസ് മാർ അപ്രേം, ശ്രേയസ്, അടൂർ–കടമ്പനാട്, ഭദ്രാസനം. പേജ് 152, വില. 100

### വി. സുവിശേഷങ്ങൾ ഒരു ലഘു വ്യാഖ്യാനം

മലങ്കര മല്പാൻ കോനാട്ട് എബ്രഹാം കശ്ശീശ്ശാ




സുറിയാനി പിതാക്കന്മാരുടെ രചനകളെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഏക വ്യാഖ്യാന ഗ്രന്ഥം:

"നിശ്ചയമായും ഈ കൃതി മഹത്തായ ഒരു സംഭാവന തന്നെ. സുവിശേഷങ്ങൾ പഠിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഇതു വളരെയേറെ സഹായകമാകും എന്ന് അവതാരികയിൽ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ. എം.ഒ.സി., കോട്ടയം, വില–350

### കുഞ്ഞാടുകളുടെ വലിയ ഇടയൻ

കെ. വി. മാമ്മൻ



പ്രമുഖ സൺഡേ സ്ക്കൂൾ ഡയറക്ടർ ജനറലന്മാരായ ഡീക്കൻ എൻ. എ. പീലിപ്പോസ്, ഫാ. കെ. ഡേവിഡ് കോർ എപ്പിസ്ക്കോപ്പാ, ഫാ. സി. വി. ജോർജ് കോർ–എപ്പിസ്ക്കോപ്പാ എന്നിവരുടെ ജീവിതവും സംഭാവനയും വിവരിക്കുന്നു.

ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ അവതാരിക., കോട്ടയ്ക്കൽ പബ്ലിക്കേഷൻസ്, മാങ്ങാനം, കോട്ടയം, വില –100 രൂപ, പേജ് 184

## വേദപ്പൊരുൾ

*9–ാം പേജിൽ നിന്നു തുടർച്ച...*

അസ്തമനത്തിന്റെയും പ്രതീകമായല്ല ക്രിസ്തുപഠിപ്പിക്കുന്നത്. പ്രത്യുത ഉയർപ്പിന്റെയും, പുതുജീവന്റെയും അവസ്ഥക്കുള്ള അനിവാര്യതയായിട്ടാണ്. അതായത് ഈ ലോകത്തിൽനിന്നും വേർപിരിയുന്നത് പുതുജീവന് അത്യാവശ്യമാണ്. വി. യോഹന്നാൻ 5–ാം അദ്ധ്യായം 21 മുതൽ 29 വരെയുള്ള വാക്യങ്ങളിൽ ഈ ആശയം വളരെ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. പൗലോസ് ശ്ലീഹാ 1 കൊരിന്ത്യർ 15–ാം അദ്ധ്യായം 35 മുതൽ 49 വരെയുള്ള വാക്യങ്ങളിൽ മരണത്തെ വിത്തുവിതക്കുന്നതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. വിത്ത് ചാകുമ്പോൾ മുകളം ഉണ്ടാകുന്നു. അത് പുതിയ ജീവനാണ്. ചുരുക്കത്തിൽ മരണം അവസാനമല്ല മറിച്ച് പുതിയ ജീവനിലേക്കുള്ള ആരംഭമാണ്. "വിത്തുകൾപോൽ മണ്ണിലമർന്ന"വരാണ് വാങ്ങിപ്പോയവർ എന്നാണ് സഭ പാടുന്നത്.

**2) ക്രിസ്തുവിന്റെ മരണോത്ഥാനം നമ്മുടെ ഉത്ഥാനത്തിനുറപ്പ്**

ക്രിസ്തു മരിച്ച് മൂന്നാംനാൾ ഉത്ഥാനം ചെയ്തതുപോലെ നമ്മുടെ വാങ്ങിപ്പോയവർക്കും ഉത്ഥാനമുണ്ട്.1 കോരിന്ത്യർ 15. 12 മുതൽ 28 വരെ വി. പൗലോസിന്റെ പ്രതിപാദനം ക്രിസ്തുവിന്റെ മരണതോത്ഥാനം നമ്മുടെ ഉത്ഥാനത്തിന് നാന്ദിയാണെന്നാണ്. ക്രിസ്തു ഉയർത്തു എങ്കിൽ നാമും ഉയർക്കും എന്നത് അസന്നിഗ്ദമായ സംഗതിയാണെന്ന് സംശയലേശമെന്യെ പൗലോസ് വ്യക്തമാക്കുന്നു. "യേശുമരിക്കയും ജീവിച്ചെഴുന്നേൽക്കുകയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്രകൊണ്ടവരേയും യേശുമുഖാന്തിരം അവനോടുകൂടെ വരുത്തും". (1 തെസ്സലോനി 4.14)

ക്രിസ്തു ഉയർത്തു എന്നത് വിശ്വസിക്കുന്നവർ നമ്മുടെ മരിച്ചവരും ഉയർക്കും എന്ന് വിശ്വസിക്കേണ്ടതാണ്. പരിശുദ്ധസഭ ഈ വിശ്വാസത്തിൽ അടിയുറച്ചുവിശ്വസിക്കുന്നു. അതിനാൽ തന്നെ വാങ്ങിപ്പോയവർ, നിദ്രപ്രാപിച്ചവർ എന്നവാക്കുകളാണ് പ: സഭ മരിച്ചവർക്ക് ഉപയോഗിക്കുന്നത്.

**3) ക്രിസ്തുവിലുള്ള ജീവിതം ഉയർപ്പിന് അനിവാര്യം**

ഉയർക്കും എന്നാൽ ആർക്കാണ് ഈ ഉയർപ്പ് ലഭിക്കുന്നത്? "ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ"; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നും വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവർത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു (വെളിപ്പാട് 14.13) ക്രിസ്തുവിൽ ജീവിച്ച് ക്രിസ്തുവിൽ മരിക്കുന്നവർക്കാണ് ഉത്ഥാനം വാഗ്ദാനം ചെയ്തിട്ടുള്ളത്. "നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും". ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുനേറ്റിരിക്കയാൽ ഇനി മരിക്കയില്ല (റോമർ 6.8,9). അതിനാൽ വാങ്ങിപ്പോയവരെ ഓർക്കുന്ന ഈ ദിവസം ജീവനോടിരിക്കുന്നവർ ക്രിസ്തുവിൽ ജീവിക്കുക എന്ന സുപ്രധാന ചിന്തയും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ക്രിസ്തുവിലാകുക (In christ) എന്ന ദൗത്യം നാം ഉൾക്കൊള്ളണം. ക്രിസ്തുവിലാകാനുള്ള ഒന്നാമത്തെ മാർഗ്ഗം ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ ജീവന്റെ അച്ചാരമായി സ്വീകരിക്കുക എന്നുള്ളതാണ്. "മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ അവസാനത്തെ നാളിൽ അവനെ ഉയർത്തെഴുന്നേല്പിക്കും". (വി. യോഹന്നാൻ 6. 53, 54). തുടർന്നുള്ള ഭാഗങ്ങളിലും ഇതേ ആശയത്തിന്റെ വ്യാഖ്യാനമാണ് യോഹന്നാൻ നൽകുന്നത്. ചുരുക്കത്തിൽ ക്രിസ്തുവിൽ ജീവിച്ച് മരിക്കുന്നവർക്ക് ഉത്ഥാനം വാഗ്ദത്തം ചെയ്തിരിക്കുന്നു.

**4) ഇവിടെ തുടങ്ങുന്നതേ അവിടെ തുടരാനാകൂ**

വെളിപാട് 14. 13 ൽ അവരുടെ പ്രവർത്തി അവരെ പിൻതുടരുന്നു എന്ന് പറയുന്നു. ഫിലിപ്യലേഖനം 14 ൽ "നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു". ഈ ലോകത്തിൽ ജീവിക്കുമ്പോഴാണ് ദേഹ, ദേഹി, ആത്മാക്കളുടെ സങ്കലനമായി നാം ജീവിക്കുന്നത്. അതിനാൽതന്നെ നന്മ ചിന്തിക്കുവാനും, പ്രവർത്തിക്കുവാനുമുള്ള പരിശുദ്ധാത്മകൃപ നമുക്ക് ലഭിക്കുന്നത് ഇവിടെവച്ചാണ്. ഇവിടുത്തെ പ്രവർത്തി തുടരുകയാണ് മരണാനന്തര ജീവിതത്തിൽ. പരിശുദ്ധ സഭയുടെ ശവസംസ്ക്കാരശുശ്രൂഷയ്ക്ക് 'തെശ്മെശ്ത്തോദ് ഊഫൂയോ' എന്നാണ് സുറിയാനിയിൽ പറയുന്നത്. ഊഫൂയോ എന്നാൽ ചുരുട്ടുക എന്നാണ് അർത്ഥം. ദൈവം ദാനമായി തന്ന ഈ ലോകജീവിതത്തിൽ നമ്മുടെ സ്വാതന്ത്ര്യംകൊണ്ട് (free will) നാം നേടിയെടുത്ത എല്ലാ നന്മ, തിന്മകളും പായ് ചുരുട്ടുന്നതുപോലെ ചുരുട്ടികൊണ്ടുപോകുന്നു. അതിനാലാണ് അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും, തീയതാകിലും അതിനു തക്കവണ്ണം ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5. 10) എന്ന് വി. പൗലോസ് പറയുന്നത്.

ദൈവം അനുഗ്രഹിച്ചുതന്ന ഈ ജീവിതം അതിന്റെ പൂർണ്ണതയിലും, സമഗ്രതയിലും വിശുദ്ധമായി തീരാൻ ഈ പരിശുദ്ധ നോമ്പ് സഹായിക്കട്ടെ. അതിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാം. ■



2013 ജനുവരി മലങ്കരസഭ 47

## ചുറ്റുവട്ടം

ജോയി കുളനട




## WEDDING നവദമ്പതികൾ



പൊടിയാടി ഷാലോം വില്ലയിൽ പി.പി. ചാക്കോയുടെയും (പോസ്റ്റൽ സൂപ്രണ്ട്, മാവേലിക്കര) അന്നമ്മ ചാക്കോയുടെയും മകൻ **ഷിബു ജേക്കബും** (J.P. Morgan Bangaluru) മല്ലശ്ശേരി പാറയ്ക്കു കിഴക്കേതിൽ പരേതനായ എം.ജി. ഉമ്മന്റെയും, ശോശാമ്മ ഉമ്മന്റെയും മകൾ **ഷെനി സൂസൻ ഉമ്മനും** (Sathyam Mahindra, Hyderabad) പുളിക്കീഴ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ബഥനി ആശ്രമ സുപ്പീരിയർ വെരി. റവ. തോമസ് ഒ.ഐ.സി. റമ്പാന്റെ മുഖ്യ കാർമ്മികത്വത്തിൽ വിവാഹിതരായി.

## ജോയി കുളനടയ്ക്ക് അവാർഡ്



മലയാളം ഇന്റർനെറ്റ് എഴുത്തിലെ ബൂലോകം സൂപ്പർ ബ്ലോഗർ അവാർഡിന് പ്രഗത്ഭ കാർട്ടൂണിസ്റ്റ് ജോയി കുളനട അർഹനായി. 250 ഓളം ഇന്റർനെറ്റ് എഴുത്തുകാർക്കിടയിൽ നിന്നും പതിനായിരക്കണക്കിന് വായനക്കാരും ഫെയ്സ്ബുക്ക് ഉപയോക്താക്കളും ചേർന്ന് വോട്ടിംഗിലൂടെയാണ് ജേതാവിനെ തെരഞ്ഞെടുത്തത്. വരുന്ന ഏപ്രിലിൽ കോട്ടയത്തു നടക്കുന്ന ഇന്റർനെറ്റ് എഴുത്തുകാരുടെ സംഗമത്തിൽ 25000 രൂപയും പ്രശസ്തി പത്രവും സമ്മാനിക്കും. മനോരമ, മനോരാജ്യം, മാതൃഭൂമി, ഗൾഫ് കോർണർ തുടങ്ങി ഒട്ടനവധി മാധ്യമങ്ങളിൽ കാർട്ടൂൺ പംക്തി കൈകാര്യം ചെയ്യുന്നു. ഏറ്റവുമധികം നിശബ്ദ കാർട്ടൂൺ വരച്ച മലയാളി എന്ന റിക്കാർഡിന് ഉടമ. കേരള കാർട്ടൂൺ അക്കാഡമി മുൻ വൈസ് ചെയർമാൻ. മലങ്കര സഭാ മാസികയുടെ ചുറ്റുവട്ടം എന്ന പംക്തി ഇദ്ദേഹത്തിന്റേതാണ്. മലങ്കരസഭ മാസികയുടെ അഭിനന്ദനങ്ങൾ.

## പരിശുദ്ധ കുറിച്ചി ബാവായുടെ 49–ാം ഓർമ്മപ്പെരുന്നാൾ കൊണ്ടാടി



പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 49–ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹത്തിന്റെ മാതൃ ഇടവകയായ കുറിച്ചി വലിയ പള്ളിയിൽ കൊണ്ടാടി. ജനു. 1 ന് ചെറിയപള്ളിയിൽ നിന്നും വലിയ പള്ളിയിലേക്ക് നടന്ന റാസയിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കുചേർന്നു. ജനു. 2–ാം തീയതി പെരുന്നാൾ ദിവസം, അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും, തുടർന്ന് കുവൈറ്റ് മഹാ ഇടവകയിലെ മാർ ബസ്സേലിയോസ് മൂവ്മെന്റ് സ്പോൺസർ ചെയ്ത്, ആർട്ടിസ്റ്റ് ബേബി ചെങ്ങന്നൂർ വരച്ച പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 12 അടി പൊക്കമുള്ള എണ്ണഛായാചിത്രം അഭി. തിരുമേനി അനാഛാദനം ചെയ്തു. ബസേലിയോസ് മൂവ്മെന്റിന്റെ പ്രതിനിധികൾ സാന്നിധ്യം വഹിച്ചു. അഖില മലങ്കര പ്രസംഗമത്സര വിജയികൾക്കുള്ള ക്യാഷ് പ്രൈസും സമ്മാനിച്ചു. തുടർന്ന് ശ്രാദ്ധ സദ്യയും, ദേവലോകം അരമനയിലെ പരിശുദ്ധന്റെ കബറിങ്കലേക്ക് വിവിധ ദേവാലയങ്ങളിൽ നിന്നുള്ള വിശ്വാസികൾ പദയാത്രയ്ക്ക് എത്തിച്ചേർന്നു.

### ക്രിസ്തീയ ഫിലിം പ്രദർശനം

വലിയ നോമ്പിനോടനുബന്ധിച്ച് ഇടവക തോറും ഫിലിം പ്രദർശനം നടത്തപ്പെടുന്നു. പാഷൻ ഓഫ് ക്രൈസ്റ്റ്, വഴി അറിയാതെ, വി. ഗീവർഗീസ് സഹദാ, കുട്ടികളുടെ സിനിമ എന്നിവ ലഭ്യമാകുന്നു.

**ഫാ. പി. കെ. വർഗീസ്**
**സെന്റ് തോമസ് ഫിലിം മിനിസ്ട്രി, മാവേലിക്കര**
**9446220007, 0479–2357646**




ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം



'ഒന്നു മറ്റൊന്നിനെ കൊന്നു തിന്നുന്നത്. കണ്ണാലെ കണ്ടിട്ടു മൊരുവരും കാണാതെ കണ്ണീരൊഴുക്കി നീ നിന്നു"

ഒന്ന് ഒന്നിനെ കൊല്ലുന്നത്. ഒന്ന് ഒന്നിന് മുകളിൽ ആധിപത്യം പുലർത്തുന്നത്. എല്ലാത്തിന്റെയും ആധിപത്യം എനിക്കാണ് എന്ന ചിന്തയിൽ മൃഗീയമായി ജീവിക്കാൻ മടിയില്ലാത്ത ജീവിത പരിസരമായി നാം മാറുന്നതെന്തേ? നിങ്ങളെ ദേവൻമാർ എന്ന് വിളിക്കുന്നു എന്നാണ് ഗുരു പറഞ്ഞത്. ആ ഗുരു നിങ്ങളെ അസുരന്മാരെന്ന് വിളിക്കേണ്ടിവരുമോ...? എല്ലാ ആസുരഭാവങ്ങളോടെയും ആക്രമിക്കുന്നതും, പിടിച്ചടക്കുന്നതും, വെട്ടിപ്പിടിക്കുന്നതുമെല്ലാം കണ്ട് ദൈവം മനം മടുക്കുന്നു. വെട്ടിപ്പിടിച്ചതെല്ലാം ചിതലെടുത്തതും കൂട്ടിവച്ചതെല്ലാം തുരുമ്പെടുത്തതും കണ്ട് ചിരിക്കുന്നുണ്ട് ദൈവം. എല്ലാം എനിക്ക് വേണ്ടി ചീയണം, എന്റെ വളർച്ചയ്ക്ക് വളമാകണം എന്ന് ചിന്തിക്കുന്നവർ അവരുടെ അകം ചീയുന്നതറിയാതെ പുറം മിനുക്കുന്നുണ്ടാകണം.

ആസക്തിയുടെ ഗിരിമുകളിൽ നിന്ന് തമ്പുരാന് നേരേ പല്ലിളിക്കുന്ന ഹെരോദാവ് ഭാവങ്ങളെ "കുറുക്കൻ" എന്നല്ലാതെ ദൈവം എന്ത് വിളിക്കാൻ..! നമ്മുടെ വന്യമായ മനസ്സിന്റെ മാടങ്ങളിൽ ഈ കുറുക്കന്മാർ ഓരിയിടുന്നത് കൊണ്ടല്ലേ. ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. ഇരയോട് യാതൊരു ദയാവായ്പുമില്ലാതെ വേട്ടയാടുന്ന പേ പിടിച്ച വേട്ടനായ്ക്കളെ നാം എന്നാണ് വരുതിക്ക് നിർത്തുക. അറുതിയില്ലാത്ത പുറം കാഴ്ചകളാണ് നമ്മുടെ അകകാഴ്ചകൾ നഷ്ടപ്പെടുത്തിയത്. പുറത്തെ ചേർത്ത് പിടിക്കാൻ ദാഹിക്കുന്നതാണ് അകത്തെ ചേർത്ത് വയ്ക്കാനാകാത്തത്.

നിങ്ങൾ പങ്കാളിയെ, പ്രണയിനിയെ, സുഹൃത്തിനെ, തലമുറയെ എല്ലാം നെഞ്ചോട് ചേർക്കുന്നുണ്ടാകണം ഹൃദയത്തോട് ചേർക്കുമോ...? നെഞ്ചോട് ചേർക്കുന്നതെല്ലാം നിങ്ങൾ ശരീരത്തെയാണ് അതാണ് ആ ശരീരത്തോട് നിങ്ങൾ വികലമായി പെരുമാറുന്നത്. ആ ശരീരത്തെ നിങ്ങൾ വന്യമായി പരിചയപ്പെടുന്നത്. ബലിവേദിപോലും വിട്ടിറങ്ങുന്നത് വന്യമായതുകൊണ്ടാണ് ഹാബേലിന്റെ രക്തം ഇന്നും നിലവിളിക്കുന്നത്. ബലിവേദിവിട്ടിറങ്ങുന്നവരെങ്കിലും രക്ത പങ്കിലത വിട്ട് നിൽക്കുന്നുണ്ടോ? 'ഭോഷാ' എന്ന വിളിപോലും രക്ത പാതകതുല്യമെങ്കിൽ നമ്മുടെ രക്ത പാതകത്തിന്റെ കൽക്കൂനകൾ എത്ര ഭീകരമായിരിക്കും.


ഇന്ദ്രിയങ്ങളുടെയെല്ലാം ദേവനാവുക എന്നതാണ് ദൈവത്തിന് പറയാനുള്ളത്. ഇന്ദ്രിയങ്ങളെല്ലാം ഓരോ അസുരന്മാരായി രൂപം പ്രാപിക്കുന്നതാണ് ഏറ്റം അപകടം.

"ദൈവമെ ഞാനൊരു അത്തിയെങ്കിൽ...
എന്നിലെ ഇന്ദ്രിയങ്ങളാകുന്ന
കടിഞ്ഞാണില്ലാത്ത കുതിരകളെ...
ആസക്തിയുടെ കുറുക്കൻ ഭാവങ്ങളെ...
രക്തപാതകം ചെയ്യുന്ന ഭ്രംഷ്ടകളെ...
വെട്ടിക്കളഞ്ഞ് എന്നിൽ മനുഷ്യത്വത്തിന്റെ ശാഖകൾ ഉരുവാക്കണെ..."

E-mail: fr.thirumangalam@gmail.com



# LETTERS TO THE EDITOR



മലങ്കരസഭ മാസികയുടെ കവർ ചിത്രത്തെക്കുറിച്ച് (2012 ഡിസം.) നിരവധി അഭിനന്ദന കത്തുകൾ ഞങ്ങൾക്ക് ലഭിച്ചു. പ്രസിദ്ധ ആർക്കിടെക്റ്റ് കെ. ജോസഫ് പീറ്റർ ആണ് ഈ ചിത്രം വരച്ചിരിക്കുന്നത്.

*- പത്രാധിപർ* ■

## ശതാബ്ദിയും മറ്റും

കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ സഭാംഗങ്ങളിൽ വിശ്വാസ സത്യ കാര്യത്തിൽ നാം എത്രമാത്രം വളർന്നിട്ടുണ്ടെന്ന് ചിന്തിക്കണം. സഭാദിനത്തിലും സഭാറാലികളിലും മാത്രമായി 'സഭാസ്നേഹം' ഒതുങ്ങിക്കൂടുന്നില്ലേ.

ഈ പുതുതലമുറയിൽ എല്ലാം ഞൊടിയിടയിൽ നടക്കുന്ന ശൈലി ആയതുകൊണ്ട് വിവാഹം പോലെയുള്ള കൂദാശകളും അപ്രകാരം ആകുകയാണ്. മറ്റു സഭയിലെ പ്രാർത്ഥനകളിൽ പോയിവരുന്നവർക്കും ആർഭാടമായി കല്യാണം നടത്താൻ സഭയും, അതിലെ തിരുമേനിമാരും വൈദികരും വേണം. ഇന്നലെ വരെ മറ്റു വിശ്വാസങ്ങളിൽ ഇരുന്നവർ ഇന്നുവന്ന് നമ്മുടെ പള്ളിയിൽ ആർഭാടമായി വിവാഹം കഴിക്കുന്നത് ശരിക്കും സങ്കടകരമാണ്. ഇതുമൂലം ദുഃഖിതരാകുന്നത് വർഷങ്ങളായി സഭാ വിശ്വാസം മുറുകിപ്പിടിച്ചു ജീവിക്കുന്ന പാവപ്പെട്ട സഭാവിശ്വാസികൾ ആണ്. ഇപ്രകാരം വിവാഹം നടത്താൻ വരുന്നവർ 'നിങ്ങൾ സൺഡേസ്ക്കൂൾ എത്ര ക്ലാസ്സ് വരെ പഠിച്ചിട്ടുണ്ടെന്നും വിവാഹത്തിന് വേണ്ടിയല്ലാതെ മുമ്പ് ഒരു പ്രാവശ്യം എങ്കിലും വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ചിട്ടുണ്ടോ? എന്നും ചോദിക്കുന്നത് വളരെ നല്ലതാകും. ഇടയ്ക്ക് ഓർത്തഡോക്സ് സഭയിൽ വിവാഹം നടത്തണമെങ്കിൽ സൺഡേസ്ക്കൂൾ 10-ാം ക്ലാസ്സിന്റെ സർട്ടിഫിക്കറ്റും കൗൺസലിംഗ് സെർട്ടിഫിക്കറ്റും വേണമെന്ന നിബന്ധന വെച്ചുവെങ്കിൽ ഇപ്പോൾ ഇവ ഒന്നും പ്രാവർത്തികമാകുന്നതേ ഇല്ല.

church community quota-യിലൂടെ സഭയുടെ സ്ഥാപനങ്ങളിൽ മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങി ഇതര കോഴ്സുകളിൽ പ്രവേശനം നേടി പഠനം തുടങ്ങിയതിനു ശേഷം മറ്റു സഭാ വിശ്വാസങ്ങളിലേക്ക് പോകുന്ന സഭാംഗങ്ങളും വിരളമല്ല.

**റീനു സാറാ ജോൺ, കറ്റാനം.** ■

## സ്ത്രീ പങ്കാളിത്തം

2012 ഒക്ടോ. മലങ്കര സഭയിൽ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചും സ്ത്രീ നേതൃത്വത്തെക്കുറിച്ചുമുള്ള ലേഖനങ്ങൾക്ക് എതിർപ്പു പ്രകടിപ്പിക്കാതിരിക്കാൻ നിവർത്തിയില്ല. ഓർത്തഡോക്സ് സഭയിൽ സ്ത്രീകൾക്ക് മാന്യമായ സ്ഥാനങ്ങൾ നൽകുന്നുണ്ട്. ആദ്ധ്യാത്മിക സംഘടനകളിൽ അവരുടെ സജീവ സാന്നിധ്യം പ്രശംസനീയം തന്നെ. സൺഡേസ്ക്കൂൾ അദ്ധ്യാപകരിൽ ബഹു ഭൂരിപക്ഷവും സ്ത്രീ ജനങ്ങളാണ്. പ്രാർത്ഥനായോഗങ്ങളിൽ അവർക്ക് പ്രതിനിധ്യം ഉണ്ട്. സ്ത്രീസമാജം നവജ്യോതി മുതലായവയിലെല്ലാം അവർ സജീവ പങ്കാളികളാണ്. ഇപ്പോൾ ഇടവക പൊതുയോഗത്തിൽ സംബന്ധിക്കുന്നതിനും വിവിധ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനും അവകാശമുണ്ട്. സ്ത്രീകളെ സ്വാധീനം ചെലുത്തി വോട്ടു നേടി വിവിധ സ്ഥാനങ്ങളിലേക്ക് കയറി പറ്റാനുള്ള പ്രവണത പല ഇടവകകളിലും കണ്ടു വരുന്നു.

പല ഇടവകകളിലും ധാരാളം സ്ത്രീ ജനങ്ങൾ ഇതര സഭായോഗങ്ങളിൽ സംബന്ധിക്കുകയും നമ്മുടെ സഭയിൽ നിന്നും വേർപെട്ടു പോകുന്ന തായും കാണുന്നു.

ദൈവം ദാനമായി തരുന്ന താലന്തുകളെ ശരിയായ ഓർത്തഡോക്സ് വിശ്വാസത്തിൽ വളർത്തിക്കൊണ്ടു വരുവാനുള്ള കടമ മാതാപിതാക്കൾക്കുള്ളതാണ്. അതിന് സഭയിൽ കൂടുതൽ പ്രാതിനിധ്യം വേണമെന്നില്ല.

സ്ത്രീകൾക്ക് സഭയിൽ കൂടുതൽ പങ്കാളിത്തം നൽകുന്നതിനോടെതിർപ്പില്ല. പക്ഷേ അവരുടെ പരിമിതികൾ കൂടി കണക്കാക്കി സഭയുടെ പൈതൃകത്തെ ചോദ്യം ചെയ്യാത്ത രീതിയിൽ ആവിഷ്ക്കരിക്കണമെന്നു മാത്രം. രാഷ്ട്രീയ രംഗത്തേക്കും അവർ മുൻപന്തിയിലേക്കു വരണം. അതിനുള്ള കഴിവു കൂടി അവർ ആർജിക്കണം.

**പി. പി. ഡാനിയേൽ**
(സഞ്ചാര സുവിശേഷകൻ, തുമ്പമൺ ഭദ്രാസനം) ■

## മലങ്കരസഭ മാസിക

സഭാ മാസിക ഉള്ളടക്കത്തിലും അവതരണത്തിലും മികവു പുലർത്തുന്നതിൽ സന്തോഷിക്കുന്നു. മലങ്കര സഭയിലെ എല്ലാ ഭവനങ്ങളിലും ഇതിന്റെ കോപ്പി ലഭ്യമാക്കുവാൻ പദ്ധതി ഉണ്ടാകണം.


കൂടുതൽ ലേഖനങ്ങളും, പുതിയ പംക്തികളും ആരംഭിച്ച് മികവു നിലനിർത്തണമെന്ന് താല്പ്പര്യപ്പെടുന്നു.

**ജേക്കബ് വർഗീസ്, മദ്രാസ്** ■

*For Favours Received*



മറിയാമ്മ തോമസ്, പുളിക്കൽകവല



കോട്ടയം കാതോലിക്കേറ്റ് അരമനയിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൂദാശ ചെയ്ത കൊടിമരം. കാതോലിക്കേറ്റ് ശതാബ്ദി സ്മാരക കൊടിമരമെന്ന് നാമകരണം ചെയ്തിട്ടുണ്ടെന്ന് അരമന മാനേജർ ഫാ. എം. കെ. കുര്യൻ പറഞ്ഞു. കല്ല് കൊണ്ട് മാത്രം പണിയപ്പെട്ട ഒരു കൊടിമരം എന്ന സവിശേഷതയും ഇതിനുണ്ട്.



# മലങ്കര സഭാ വാർത്തകൾ

## ഒരു മൗസ് ക്ലിക്ക് ദൂരത്തിൽ

## Church updates: one mouse click away!!

സൈബർ യുഗത്തിന്റെ ഗതിവേഗം ലോകത്തെ ഒരു ആഗോളഗ്രാമമായി മാറ്റിക്കഴിഞ്ഞു. ലോകമെമ്പാടും പടർന്നുപന്തലിച്ചു കിടക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസി ലക്ഷങ്ങൾക്ക് സഭയുടെ പ്രവർത്തനങ്ങൾ നേരിട്ടറിയാൻ ഇലക്ട്രോണിക് മാധ്യമ രംഗത്ത് ഒരു ചുവട് മുന്നോട്ട്...

മലങ്കര ഓർത്തഡോക്സ് സഭയുടെ

## ഔദ്യോഗിക

വെബ്സൈറ്റുകൾ

## www.catholicatenews.in

സഭാ വാർത്തകളും പ്രാർത്ഥനകളും ലോകത്തിന്റെ ഏതു കോണിലിരുന്നും അപ്പപ്പോൾ അറിയുന്നതിനായി എല്ലാവരുടെയും അഭിരുചികൾക്കനുസരിച്ച് മനോഹരമായി രൂപകല്പന ചെയ്ത

**ഒരു സമ്പൂർണ്ണ വാർത്താ വെബ് പോർട്ടൽ**

### സവിശേഷതകൾ

മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകം എഡിഷനുകൾ | മെത്രാസനങ്ങളിലുടനീളം ശക്തമായ നെറ്റ്‌വർക്ക് | സഭാ വാർത്തകൾ | മെത്രാസന വാർത്തകൾ | ഇടവക വാർത്തകൾ | ആദ്ധ്യാത്മിക സംഘടനാ വാർത്തകൾ | ലേഖനങ്ങൾ | പ്രതിവാര പംക്തികൾ | ധ്യാനപംക്തികൾ | കുട്ടികൾക്കായി ചിത്രങ്ങളും പാട്ടുകളും | മാട്രിമോണിയൽ (www.marry2love.com) | ഗാലറി | കൂടാതെ മറ്റ് നിരവധി സൗകര്യങ്ങളും

## www.mosc.in

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ച ആധികാരികവും സമഗ്രവുമായ അടിസ്ഥാനവിവരങ്ങൾ ഈ വെബ്സൈറ്റിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്നു.

### സവിശേഷതകൾ

പ.സഭ, വിശ്വാസം, ആരാധന, കൂദാശകൾ, മെത്രാസനങ്ങൾ, മെത്രാപ്പോലീത്തമാർ, വൈദികർ, ദേവാലയങ്ങൾ, ആദ്ധ്യാത്മികസംഘടനകൾ, സ്ഥാപനങ്ങൾ , സഭയുടെ എക്യുമെനിക്കൽ ബന്ധങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള വിവരങ്ങൾ ഒരു **മൗസ് ക്ലിക്ക്** മാത്രമകലെ...

## www.marry2love.com

സഭയുടെ മാട്രിമോണിയൽ വെബ്സൈറ്റ്

## തീർച്ചയായും സന്ദർശിക്കുക:

## www.catholicatenews.in

മലങ്കര സഭയുടെ ഔദ്യോഗിക വാർത്താ വെബ്സൈറ്റ്



നിങ്ങളുടെ ഇടവകയുടെയും ആദ്ധ്യാത്മിക സംഘടനകളുടെയും പ്രോഗ്രാമുകൾ സംബന്ധിച്ച വാർത്തകളും, ദൃശ്യങ്ങളും ഞങ്ങൾക്ക് അയച്ചുതരിക

**e-mail: webmanager@mosc.in**


**Malankara Orthodox Church**
Catholicate Palace, Devalokam,
Kottayam - 686 004
Tel : 0481 2570569, 2578500, 2574323


**സഭയുടെ വാർത്തകളറിയൂ ഔദ്യോഗിക സൈറ്റിലൂടെ**

* ഈ പോസ്റ്റർ നോട്ടീസ്ബോർഡിൽ പതിക്കുക

പുതുപ്പള്ളി നടുവത്ത് റോക്ക്ലാൻഡ്സിൽ കേണൽ അജിത് തോമസിന്റെയും, സുജ തോമസിന്റെയും മകൻ **ഡോ. താരിഖ് തോമസ് IAS** ഉം (അസി. കലക്ടർ, നോർത്ത് ഗോവ) കേന്ദ്ര റെയിൽവേ ബോർഡ് റവന്യൂ ജനറേഷൻ ഉപദേശകൻ പുത്തൻകാവ് പുതുക്കേരിൽ ഡോ. ടൈറ്റസ് പി. കോശി IRTS ന്റെയും, കേന്ദ്ര ഫിനാൻസ് വകുപ്പ് ജോയിന്റ് സെക്രട്ടറി ഡോ. ഉഷ ടൈറ്റസ് IAS ന്റെയും മകൾ **അമൃത IRS** ഉം (കസ്റ്റംസ്) പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രമായ **പുതുപ്പള്ളി വലിയ പള്ളിയിൽ** വിവാഹിതരായി. സി.എസ്.ഐ. ബിഷപ്പ് തോമസ് സാമുവേൽ, കേന്ദ്രമന്ത്രി ഇ. അഹമ്മദ്, രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാർ, എം.എൽ.എ.മാർ എന്നിവർ സംബന്ധിച്ചു.



## തെരഞ്ഞെടുത്തു



ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി യായി തെര ഞ്ഞെടുത്ത ഫാ. തോമസ് കൊക്കാപ്പറ മ്പിൽ. പെരി ശ്ശേരി സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗമാണ്.

## അവാർഡ്



ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മികച്ച വാർത്താ അവതാരകയ്ക്ക് ഏർപ്പെടു ത്തിയ അവാർഡ് നേടിയ വീണ ജോർജ് (ഇന്ത്യാ വിഷൻ) അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫിന്റെ സഹധർമ്മിണി.

## ഡോക്ട്രേറ്റ്



കൊടൈക്കനാൽ മദർ തെരേസ യൂണിവേഴ്സിറ്റി യിൽ നിന്ന് ഡോക്ട്രേറ്റ് നേടിയ ഡെയ്സി ജോസഫ് കോശി. മാമൂട്ടിൽ ചെമ്പകശ്ശേരിൽ കേണൽ C.K.K. കോശിയുടെ ഭാര്യ യും, അങ്ങാടിക്കൽ വയലി റക്കത്ത് വടക്കേടത്ത് ഫാ. വി.ജി. ജോസഫിന്റേയും, ദീനാമ്മ ജോസഫിന്റെയും മകളും അസോ. സെക്രട്ടറി ജോർജ് ജോസഫിന്റെ സഹോദരിയുമാണ്. കൈപ്പ ട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഇടവകാംഗം.

## ഡോക്ട്രേറ്റ്



മദ്രാസ് എം.ജി.ആർ. യൂണി വേഴ്സിറ്റിയിൽ കമ്പ്യൂട്ടർ സയൻസ് വഭാഗത്തിൽ പി. എച്ച്.ഡി. ബിരുദം നേടിയ പ്രസാദ് ജെ.സി.
ഡോ. പ്രസാദ് ജെ.പി. അങ്ക മാലി ഫിസാറ്റ് എഞ്ചി. കോളജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാ വിയും മദ്ബഹാ ശുശ്രൂഷ കനും അങ്കമാലി ഭദ്രാസന ത്തിൽ സണ്ടേസ്ക്കൂൾ അധ്യാപകനും യുവജനപ്ര സ്ഥാനം പ്രവർത്തകനും ഫാ. ഡോ. ജോസഫ് ചീരന്റെ മകനും ആണ്.

## ഒന്നാം റാങ്ക്



അമൃതാ യൂണിവേഴ്സി റ്റിയുടെ എം.ഫാം. പരീക്ഷ യിൽ ഫസ്റ്റ് റാങ്കും ഗോൾഡു മെഡലും നേടിയ എത്സാ വർഗീസ്, കുന്നന്താനം കുമ്പളോലിക്കൽ പ്രൊഫ. ഡോ. പി. സി. വർഗീസി ന്റെയും പ്രൊഫ. മറിയാമ്മ ജോർജിന്റെയും മകളാണ്. നിരണം ഭദ്രാസനത്തിൽ വള്ളമല സെന്റ് മേരീസ് സെഹിയോൻ ഓർത്ത ഡോക്സ് ഇടവകാംഗം ആണ്. എം.ജി. സർവ്വകലാ ശാലയുടെ ബി.ഫാം. പരീ ക്ഷയിൽ രണ്ടാം റാങ്ക് നേടി യിട്ടുണ്ട്.

## സൺഡേസ്ക്കൂൾ വിജയികൾ



അഖില മലങ്കര ബാലസ മാജം കേന്ദ്ര കലാമത്സരങ്ങളിൽ ജൂണിയർ വിഭാഗം സംഗീത ത്തിന് രണ്ടാം സ്ഥാനം നേടിയ ജീവ് കുര്യൻ മാത്യു. പാലിയേ ക്കര സെന്റ് ജോർജ് ഇടവകാം ഗവും ചാലക്കുഴിയിൽ മോൻസി മാത്യുവിന്റെ പുത്രനുമാണ്.



സൺഡേസ്ക്കൂൾ സോണൽ തലത്തിൽ വേദ വാക്യത്തിന് രണ്ടാം സ്ഥാനം ലഭിച്ച പനവളി വീട്ടിൽ ശ്രീ. ഇട്ടി ജോർജ്ജിന്റെ മകൻ ജോ ഐ. ജോർജ്. കുണ്ടറ സെന്റ് തോമസ് വലിയ പള്ളി ഇടവ കാംഗം.



സൺഡേസ്ക്കൂൾ മല ബാർ സോൺ സിംഗിൾ സോങ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അബിയാ സാറാ തോമസ്. പുതു പ്പാടി സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗം അരത്തമ്മാ മൂട്ടിൽ ഫാ. ബാബു തോമസി ന്റെയും ഡെയ്സി തോമസി ന്റെയും മകൾ.



കുറിച്ചി വലിയ പള്ളിയിൽ നടന്ന സൺഡേസ്ക്കൂൾ അഖില മലങ്കര പ്രസംഗമത്സര ത്തിൽ ഒന്നാം സ്ഥാനം നേടിയ ജീനാ സൂസൻ ജേക്കബ്. കങ്ങഴ ദേവഗിരി മാർ ഏലിയാ ചാപ്പലിൽ പുതുപ്പള്ളി പറമ്പിൽ ജേക്കബ് ജോണിന്റെയും ബീനാ ജേക്കബിന്റെയും മകൾ.



ഭാഗ്യസ്മരണാർഹനായ അഭി. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 16-ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, അഭി. തിരുമേനിയുടെ ശിഷ്യനും ചരിത്രകാരനുമായ ഫാ. ജോർജ് തോമസ് മണർകാട് സമർപ്പിച്ച തിരുമേനിയുടെ പൂർണ്ണമായ ചിത്രം പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അനാച്ഛാദനം ചെയ്യുന്നു.



പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് കൊട്ടാരക്കര കോട്ടപ്പുറം സെന്റ് ഇഗ്നാത്തിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ, കൊട്ടാരക്കര പുനലൂർ-ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ തേവോദോറോസ് പ്രതിഷ്ഠിക്കുന്നു. ഈ ദേവാലയത്തിന്റെ സ്ഥാപക പിതാവാണ് പരിശുദ്ധ പരുമല തിരുമേനി.



പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന അഖില മലങ്കര വൈദിക സമ്മേളനത്തിൽ പങ്കെടുത്തവർ, പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടൊപ്പം

## സൺഡേസ്ക്കൂൾ വിജയികൾ




സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരം അഖില മലങ്കരാതലത്തിൽ (സെൻട്രൽ സോൺ) സീനിയർ പ്രസംഗത്തിന് രണ്ടാം സ്ഥാനം ലഭിച്ച നവ്യാ ബീനാ മാത്യു. പന്തളം അറത്തിൽ സെന്റ് ജോർജ് മഹാഇടവകയിൽ കൊച്ചുവടക്കേതിൽ വർഗീസ് മാത്യുവിന്റെയും, ബീനാ മാത്യുവിന്റെയും മകളാണ്.



സൺഡേസ്ക്കൂൾ ഹയർസെക്കണ്ടറി വിഭാഗം പൊതുവിജ്ഞാനത്തിന് ഒന്നാം സ്ഥാനം നേടിയ ദിവ്യ റെജി ഫിലിപ്പ്. ചുങ്കത്തറ സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗം. കല്ലോലിക്കൽ റെജി ഫിലിപ്പിന്റെയും ജിജിയുടെയം മകൾ.



സൺഡേസ്ക്കൂൾ സൗത്ത് സോൺ സീനിയർ പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനം നേടിയ സച്ചിൻ ജോർജ് മാത്യു. മാവേലിക്കര ഭദ്രാസനത്തിൽ പുന്നമൂട് സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗം കാരിക്കോട്ടുവാടയ്ക്കൽ അഡ്വ. ഉമ്മൻ ജോർജിൻരെയും ഷൈലാ ജി. മാത്യുവിന്റെയും മകൻ.



സൺഡേസ്ക്കൂൾ സീനിയർ വിഭാഗം വേദവാക്യത്തിന് രണ്ടാം സ്ഥാനം നേടിയ ആൻ സാബു. ചുങ്കത്തറ സെന്റ് ജോർജ് വലിയ പള്ളി ഇടവകാംഗം. കണ്ണോത്തുകുടിയിൽ സാബു കുര്യാക്കോസിന്റെയും റീനയുടെയും മകൾ.



## നേതൃത്വ പരിശീലനം

അഖില മലങ്കര മർത്തമറിയം സമാജം നേതൃത്വ പരിശീലനം ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ആതിഥ്യത്തിൽ ആറ്റുവ സന്റ് ബർസൗമ പള്ളിയിൽ വച്ച് 2013 ജനുവരി 18,19 തീയതികളിൽ നടത്തുന്നതാണ്. അഭി. തോമസ് മാർ അത്താനാസിയോസ്, അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ്, അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, റവ. കെ.എൽ. മാത്യു വൈദ്യൻ കോർ എപ്പിസ്ക്കോപ്പാ, ഫാ. ഡോ. ഒ. തോമസ്, ഫാ. മാത്യൂ വർഗീസ്, ഡാനിയേൽ വർഗ്ഗീസ്, ഡോ. വത്സമ്മ സാമുവൽ, പ്രൊഫ. മേരി മാത്യു, മറിയാമ്മ ചാക്കോ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്.

## കൊട്ടാരക്കര കൺവൻ

കൊട്ടാരക്കര കൺവൻഷൻ 2013 ജനു. 20 മുതൽ 27 വരെ ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്റർ ഗ്രൗണ്ടിൽ നടത്തുന്നു. കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഫാ. കെ. ഗീവർഗീസ്, മാത്യു വർഗ്ഗീസ്, കെ. ജി. റോയി, ബാബു ഉമ്മൻ നേതൃത്വം നൽകുന്നു.

### 28-ാം വിവാഹ വാർഷികം



**ശ്രീ. എ.ജെ. വറുഗീസ് & ശ്രീമതി സാറാമ്മ വറുഗീസ്**

**എണ്ണശ്ശേരിൽ, ചിറ്റാർ**


നിലയ്ക്കൽ ഭദ്രാസന പ്രഥമ കൗൺസിൽ അംഗവും ഭദ്രാസന വികസന കേന്ദ്ര കമ്മറ്റി അംഗവുമായ ശ്രീ. ഏ.ജെ. വറുഗീസ്, ചിറ്റാർ സെന്റ് ജോർജ് വലിയപള്ളി ഇടവകാംഗമാണ്.

ആശംസകളോടെ മക്കൾ, മരുമക്കൾ:

ലിബി, ഷിബു വഞ്ചിപ്പാലം, തിരുവല്ല
ലിജി, ഷിബു ചക്കാലയിൽ, മാവേലിക്കര
ലിനി


വെങ്കലത്തിൽ (ബെൽ മെറ്റൽ)
നിർമ്മിക്കുന്ന പള്ളി മണികൾ,
പള്ളിയുടെ കൊടിമരം
(കോപ്പർ, ബ്രാസ്സ് No. 1 ക്വാളിറ്റിയിൽ)
വിളക്കുകൾ മുതലായവ...

**PHILIP VARGHESE**
**K.G. METAL STORES**
Koratty, Ambalam Jn. Mannar-689622,
Alappuzha Dist.
Ph: 0479-2312192, 2312392,
Mob. 9447463698

# 40th Day of Demise

17-01-2013



## H.G. MATHEWS MAR BARNABAS

*Venue:*
**St. Thomas Cathedral Houston**

*Holy Qurbana:* **7.30 a.m.**

**H.G. Alexios Mar Eusebios Metropolitan**

Inserted by:


**South West American Diocese**

www.ds-wa.org

dswadiocesanoffice@gmail.com

# അന്ത്യോക്യായിലെ

# ഗ്രീക്ക് പാത്രിയർക്കീസ് ഇഗ്നേഷ്യസ് നാലാമൻ കാലം ചെയ്തു; ജോൺ പത്താമൻ പിൻഗാമി





**ബെയ്റൂട്ട്:** അന്ത്യോക്യായിലെ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ് ശ്രേഷ്ഠ ഇഗ്നേഷ്യസ് IV ഹസിം (92) പക്ഷാഘാതത്തെ തുടർന്ന് ഡിസംബർ 5-ന് കാലം ചെയ്തു. 9-ന് ബെയ്റൂട്ടിലെ ശുശ്രൂഷയ്ക്കു ശേഷം ഡമാസ്കസിൽ കബറടക്കം നടന്നു. 1920-ൽ സിറിയയിലെ ഹമ പ്രവിശ്യയിലെ മഹാർദയിൽ ജനിച്ച ഇദ്ദേഹം 1961-ൽ ബിഷപ്പും 1979-ൽ പാത്രീയർക്കീസും ആയി. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോടൊപ്പം സഭകളുടെ ലോക കൗൺസിൽ പ്രസിഡന്റ് (1983-1991) ആയിരുന്നു. പ. കാതോലിക്കാ ബാവാ അനുശോചനമറിയിച്ചു. സാബാ എസ്ബെർ മെത്രാപ്പോലീത്താ ആയിരുന്നു ഇടക്കാല തലവൻ.

പുതിയ പാത്രിയർക്കീസായി മദ്ധ്യ-പശ്ചിമ യൂറോപ്പ് (പാരിസ്) മെത്രാപ്പോലീത്താ യോഹന്ന (ജോൺ) യാസിഗി (57) ഡിസംബർ 17ന് തെരഞ്ഞെടുക്കപ്പെട്ടു. ഫെബ്രുവരി 10 നാണ് സ്ഥാനാരോഹണം. സിറിയായിലെ ലടാക്യായിൽ 1955ൽ ജനിച്ച ഇദ്ദേഹം 2008ൽ മെത്രാപ്പോലീത്താ ആയി. ആകെയുള്ള 20ൽ 18 മെത്രാപ്പോലീത്താമാർ ചേർന്ന സുന്നഹദോസാണ് തെരഞ്ഞെടുപ്പു നടത്തിയത്. സാധാരണ ബിഷപ്പുമാർക്ക് വോട്ടവകാശമില്ല. ഒന്നാംഘട്ടത്തിൽ ഓരോ അംഗവും മൂന്നു പേരെ നാമനിർദേശം ചെയ്തു (സ്വന്തം പേര് നിർദേശിക്കുന്നതിനും തടസ്സമില്ല). ഏറ്റവും കൂടുതൽ നാമനിർദേശങ്ങൾ ലഭിച്ച മൂന്നുപേരെ രണ്ടാം ഘട്ടത്തിൽ സ്ഥാനാർത്ഥികളാക്കുകയും ഇവരിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിച്ച സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടുകയുമാണുണ്ടായത്. ആദ്യഘട്ടത്തിൽ തന്നെ ആർക്കെങ്കിലും മൂന്നിൽ രണ്ടിലധികം വോട്ടു ലഭിച്ചിരുന്നുവെങ്കിൽ അവരിൽ കൂടുതൽ വോട്ടു ലഭിച്ചയാൾ തെരഞ്ഞെടുക്കപ്പെടുമായിരുന്നു.

സുറിയാനി പാത്രിയർക്കീസിനെപോലെ യവനായ പാത്രിയർക്കീസും വി. പത്രോസ് ശ്ലീഹായുടെ പിൻഗാമിത്വം അവകാശപ്പെടുന്നു. ആ നിലയ്ക്ക് അന്ത്യോക്യായിലെ 158-ാമത്തെ പാത്രിയർക്കീസ് എന്ന് ജോൺ (യോഹന്ന) X കണക്കാക്കപ്പെടുന്നു. സിറിയ, ലബനൻ, ടർക്കി, ഇറാക്ക്, ഇറാൻ തുടങ്ങിയ രാജ്യങ്ങളിലെ 20 ലക്ഷത്തോളം ഗ്രീക്ക് ഓർത്തഡോക്സ് വിശ്വാസികളുടെ ആത്മീയ പിതാവാണ് ഇദ്ദേഹം. ഡമാസ്കസ് ആസ്ഥാനമായ ഈ സഭ സിറിയായിലെ ഏറ്റവും വലിയ ക്രൈസ്തവസഭാ വിഭാഗമാണ്. ലബനനിൽ മാരോണൈറ്റ് കത്തോലിക്കാ റീത്ത് കഴിഞ്ഞിട്ടുള്ള സ്ഥാനമുണ്ട്. സഭയിലെ ഭൂരിപക്ഷം പേരും അറബി ക്രൈസ്തവരാണ്. ഈ സഭയിലെ പ്രത്യേക ഭരണവിഭാഗമായ നോർത്ത് അമേരിക്കയിലെ അന്ത്യോക്യൻ ഓർത്തഡോക്സ് ആർച്ച്ഡയോസിസിലെ ബിഷപ്പ് ബാസിൽ എസ്സേ ജനുവരി 3-ന് ദേവലോകം പെരുന്നാളിൽ സംബന്ധിച്ചു.

ഒരു കാലത്ത് അന്ത്യോക്യായിൽ ആറു പാത്രിയർക്കീസുമാർ വരെ ഉണ്ടായിരുന്നു. നാലും റോമൻ കത്തോലിക്കരായിരുന്നു. എ.ഡി. 451-ലെ കാൽസിഡോൺ സിനഡിനെ തുടർന്ന് 518 ലാണ് പൗരാണികമായ അന്ത്യോക്യൻ സഭയിൽ ആദ്യത്തെ വലിയ പിളർപ്പുണ്ടായത്. അതോടെ ഗ്രീക്ക് പാത്രിയർക്കീസുമാരുടെ പ്രത്യേക പരമ്പര ആരംഭിച്ചു. എഡി 628-ൽ സ്ഥാപിക്കപ്പെട്ട മാരോണൈറ്റ് പാത്രിയർക്കേറ്റ് റോമൻ കത്തോലിക്കാ സഭയുടെ ഭാഗമായി. സുറിയാനി സഭയിൽ നിന്ന് സുറിയാനി റീത്തും ഗ്രീക്ക് സഭയിൽ നിന്ന് മെൽക്കൈറ്റ് റീത്തും രൂപീകൃതമായതോടെ 1662/1782-ൽ സിറിയൻ കത്തോലിക്കാ പാത്രിയർക്കേറ്റും 1724 ൽ മെൽക്കൈറ്റ് ഗ്രീക്ക് കത്തോലിക്കാ പാത്രിയർക്കേറ്റും സ്ഥാപിതമായി. അന്ത്യോക്യായിലെയും ജറുസലേമിലെയും അലക്സന്ത്രിയായിലെയും ഗ്രീക്ക് കത്തോലിക്കാ പാത്രിയർക്കീസാണ് മെൽക്കൈറ്റ് പാത്രിയർക്കീസ്. കുരിശു യുദ്ധകാലത്ത് 1098-ൽ സ്ഥാപിച്ച ലത്തീൻ കത്തോലിക്കാ പാത്രിയർക്കേറ്റ് 1964-ൽ നിർത്തലാക്കി. ഒരു കാലത്ത് (1354-1816) തുറബ്ദീനിലും ഒരു സുറിയാനി (യാക്കോബായ) പാത്രിയർക്കീസുണ്ടായിരുന്നു.

പ. ഇഗ്നാത്തിയോസ് സക്കാ I (സിറിയക് ഓർത്തഡോക്സ്), കർദിനാൾ ബഷാറ ബുത്രോസ് അൽ റായി (മാരോണൈറ്റ് കത്തോലിക്കാ), ഇഗ്നാത്തിയോസ് യൂസഫ് III യൗനാൻ (സിറിയൻ കത്തോലിക്കാ), ഗ്രീഗോറിയോസ് III ലഹാം (മെൽക്കൈറ്റ് ഗ്രീക്ക് കത്തോലിക്കാ) എന്നിവരാണ് അന്ത്യോക്യായിലെ മറ്റു പാത്രിയർക്കീസുമാർ.

ബൈസന്റയിൻ ഓർത്തഡോക്സ് സഭാകുടുംബത്തിൽ കോൺസ്റ്റാന്റിനോപ്പിൾ എക്യുമെനിക്കൽ പാത്രിയർക്കീസും 'പോപ്പ്' എന്നറിയപ്പെടുന്ന അലക്സന്ത്രിയാ (ഗ്രീക്ക്) പാത്രിയർക്കീസും കഴിഞ്ഞുള്ള സ്ഥാനമാണ് അന്ത്യോക്യാ (ഗ്രീക്ക്) പാത്രിയർക്കീസിനുള്ളത്. എന്നാൽ കോൺസ്റ്റാന്റിനോപ്പിൾ, റഷ്യൻ, സേർബിയൻ, ബൾഗേറിയൻ പാത്രിയർക്കീസുമാർക്കും ജോർജിയൻ കാതോലിക്കോസിനും മാത്രമേ 'പരിശുദ്ധ' (His Holiness) എന്ന വിശേഷണം ഉപയോഗിക്കുന്നുള്ളു. പൂർണ സ്വതന്ത്രരാണെങ്കിലും ശേഷിച്ച സഭാ തലവന്മാർക്ക് - അലക്സന്ത്രിയ, അന്ത്യോക്യാ, ജറുസലേം, റുമേനിയൻ പാത്രിയർക്കീസുമാർ, സൈപ്രസ്, ഗ്രീസ് തുടങ്ങിയ ആർച്ചു ബിഷപ്പുമാർ - 'ശ്രേഷ്ഠ' (His Beatitude) എന്ന വിശേഷണമാണ് ഉപയോഗിക്കുന്നത്.

*വിജെടി* ■

## പിൻമൊഴി

# ഒരു കറുത്ത പൊട്ടിന്റെ ഓർമ്മയ്ക്ക്

**ബ**സ് ഡ്രൈവർ രാംസിംഗ്, സഹോദരൻ മുകേഷ്, അക്ഷയ് ഠാക്കൂർ, പവൻ ഗുപ്ത, വിനയ് ശർമ എന്നിവരും പ്രായപൂർത്തിയാകാത്ത ഒരാളും. (പത്രവാർത്ത).

ട്രക്ക് സംസ്ക്കാരത്തിന്റെ വക്താക്കളായി ആയിരക്കണക്കിന് ദൂരം സഞ്ചരിക്കുന്ന ബസ്/ട്രക്ക് തൊഴിലാളികൾ സൃഷ്ടിക്കുന്ന സാമൂഹിക വിപത്തുകളിൽ ഏതൊക്കെ പുറം ലോകം അറിയുന്നു, എയിഡ്സ് എന്ന മാരക രോഗത്തിന്റെ വിതരണം കൂടുതൽ നടന്നതും, നടക്കുന്നതും, ദേശാന്തരികളായ ട്രക്ക് സംസ്ക്കാരത്തിൽ നിന്നാണെന്ന അറിവും നാം മറക്കുന്നില്ല.

120 കോടി ഇൻഡ്യാക്കാരിലെ ഒരു ബലഹീന വർഗ്ഗീകരണത്തിന്റെ കഥയാണ് സൂചിപ്പിച്ചത്. ഇതുപോലെ തൊഴിൽ മേഖലകളിലെ തരംതിരിവിന്റെ അടിസ്ഥാനത്തിൽ മൃഗവാസനകൾക്കായി ജാലകം തുറന്നിടുന്ന എത്രയോ ആളുകൾ ഉണ്ടാകും...

കേരളത്തിലെ സൂര്യനെല്ലിയും സൗമ്യയും രണ്ട് വയസ്സുകാരിയും അപ്പൻ വിറ്റ ഒൻപതാം ക്ലാസ്സുകൊരിയുമൊക്കെ മൃഗതൃഷ്ണകൾക്കു മുമ്പിൽ വീണുടഞ്ഞ പളുങ്കു പാത്രങ്ങൾ... കഴിഞ്ഞ വർഷം കേരളത്തിൽ ഏകദേശം 80 മാനഭംഗക്കേസ്സുകൾ. ഡൽഹിയിൽ മാത്രം 650.

ഔഷധം കൊണ്ട് പുരുഷത്വം നശിപ്പിക്കലും ടിന്റ് ഗ്ലാസ് നിരോധനവും മൂലം ഏതറ്റം വരെ ഇതിനെ പ്രതിരോധിക്കാനാവും? കൊലക്കുറ്റം ചുമത്തലും മാതൃകാപരമായ ശിക്ഷണവും എത്രവരെ?

ജനാധിപത്യത്തിന്റെ രത്ന തലപ്പാവുകൾ അണിയുന്ന 1947 മുതലുള്ള ഭരണ വർഗ്ഗത്തിന് എതിരെയുള്ള ഒരു വിരൽ ചൂണ്ടലാണിനി. ഇന്നും തിരിച്ചറിയൽ കാർഡില്ലാത്ത, നിരക്ഷരരായ ആദിവാസികളും ദളിതരും വർഗ്ഗീകരണത്തിന് വിധേയപ്പെട്ട് ജീവിക്കുവാൻ കാരണം ഈ സമത്വമില്ലായ്മ തന്നെയാണ്. ധർമ്മവും നീതിയും പഠിപ്പിക്കുന്ന പാഠശാലകളിൽ ഭാരതത്തിന്റെ മക്കൾ എല്ലാം കടന്നു വരാത്തതെന്തേ? പ്രാഥമിക വിദ്യാഭ്യാസം പോലും ഷൂസും ടൈയും അണിഞ്ഞു നിന്ന് ചില കാലിപ്പിള്ളേർക്ക് നേരേ കോക്രി കാട്ടാറില്ലേ... വിഭവങ്ങൾ കൃത്യമായി വീതം വയ്ക്കാത്തതിന്റെ ദുര്യോഗം കൂടിയാകാം ഇന്ത്യ ഇന്ന് അനുഭവിക്കുന്നത്. ധാർമ്മിക പഠനവും മൂല്യാവിഷ്ക്കാരവുമൊക്കെ ദ്രുതഗതിയിൽ നടത്തേണ്ട കാലമാണിത്. ഇതൊക്കെ ചെയ്യേണ്ട മതങ്ങളാകട്ടെ നേതാക്കന്മാരെ സൃഷ്ടിച്ച് തൃപ്തിയടയുന്നു.

ഉത്തർപ്രദേശിലെ ബലിയയിലെ പെൺകുട്ടിയുടെ കാര്യത്തിൽ വീണ്ടും വാളുയരുന്നത് ഡൽഹി സർക്കാരിനെതിരെയാണ്. ഏത് അരുംകൊല ചെയ്താലും ജാമ്യമെടുത്ത് പുറത്തിറങ്ങാനാവുന്ന വിധത്തിൽ ഭാരതത്തിലെ തലസ്ഥാന നഗരം കുത്തഴിഞ്ഞിരിക്കുന്നു. കയ്യൂക്കുള്ള വർഗ്ഗത്തിന് ആരേയും പേടിക്കേണ്ടാത്ത അവസ്ഥ. കുറ്റവാളികളും തെമ്മാടികളും നിയമ സംവിധാനത്തിന്റെ പഴുതിലൂടെ നൂർന്ന് ഇറങ്ങി സ്വൈര്യവിഹാരം നടത്തുന്ന കാഴ്ച കണ്ടു മടുത്ത ജനങ്ങളാണ്. ജന്തർ മന്ദിറിൽ 17 മുതൽ 30 വരെ ഐതിഹാസ സമരം നടത്തിയത്. മീഡിയ പോലും കൂലിയെഴുത്തിലും പെയ്ഡ് ന്യൂസിലും നിർവൃതി കൊള്ളുന്ന ഇക്കാലത്ത് സോഷ്യൽ മീഡിയ നേതൃസ്ഥാനത്തെത്തി. കുറ്റവാളികൾക്കെതിരെ സാധാരണ കൈക്കൊള്ളുന്ന അഴകൊഴമ്പൻ രീതി വെടിയാൻ ഭരണകൂടം നിർബന്ധിതരായി. ഷീലാ ദീക്ഷിതും ലെഫ്. ഗവർണറുമൊക്കെ യാത്രകൾ ചുരുക്കി തട്ടകങ്ങളിലേക്ക് ശീഘ്രം മടങ്ങി വന്നു. സ്ത്രീ സുരക്ഷയും നിയമനിർമ്മാണവുമൊക്കെ പെട്ടെന്ന് അജണ്ടയിൽ ഉൾപ്പെട്ടു. യു.പി.എ. അദ്ധ്യക്ഷയും പ്രധാനമന്ത്രിയുമൊക്കെ അഭിപ്രായങ്ങൾ പറഞ്ഞു.... ഇനിയും പൊതുജനങ്ങളുടെ നെഞ്ചിൽ നെരിപ്പോടുകൾ ബാക്കി കിടക്കുന്നുണ്ടെന്ന് ഓർത്തുകൊള്ളണം.

ഇനി, പ്രതിഷേധിച്ചവരെല്ലാം നീതിസാര വക്താക്കളാണെന്ന് കരുതാനാകില്ല; സദാചാര പോലീസുകാരുമുണ്ടായേക്കാം. നവമാധ്യമ ശൈലികളും സിനിമാ സീരിയൽ വിലക്ഷണ കോണുകളും ശരീര പ്രദർശനപരതയിൽ ലാഭം കൊയ്യുന്ന എല്ലാ കച്ചവടക്കാരും ഇതിൽ പ്രതികളാണ്. മൃഗതൃഷ്ണകളുയർത്തുന്ന എല്ലാ വേരുകളും പിഴുതെറിയപ്പെടണം. കാഴ്ചകളും വർത്തമാനങ്ങളും ആവിഷ്ക്കാരങ്ങളുമുൾപ്പെടെ.

ഉദ്ദേശശുദ്ധിയുള്ളവരും ഇല്ലാത്തവരുമായ ജനക്കൂട്ടത്തിന്റെ നിഷ്ഠൂര കരങ്ങളിൽ ജീവൻ പൊലിഞ്ഞ കോൺസ്റ്റബിൾ സുബാഷ് ചന്ദ് തോമാറിന് ആദരാഞ്ജലികൾ.

**ഗുണിതം:**

കൈകെട്ടി നില്ക്കുക ഭര
ണപ്രമത്തതേ,
മേയട്ടെ രാക്ഷസ
ക്കൂട്ടങ്ങൾ പിന്നെയും;
പെൺമക്കളൊക്കെ നശി
ക്കട്ടവരുടെ
മാനം കവർന്നാലും
പ്രാണൻ തുലഞ്ഞാലും
കാണല്ലേ കേൾക്കല്ലേ
കൈവിരൽ ചൂണ്ടല്ലേ
ഇളകാതിരിക്കുക സിംഹാ
സനങ്ങളിൽ. (രാവുണ്ണി)

*– ഫാ. മുകളിൽ*

